## V ധനകാര്യം

### 2025-26 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർഥന നമ്പർ V – ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും
ധനാഭ്യർഥന നമ്പർ VI - ഭൂനികുതി
ധനാഭ്യർഥന നമ്പർ XI - ജില്ലാഭരണവും പലവകയും
ധനാഭ്യർഥന നമ്പർ XV - പൊതുമരാമത്ത്
ധനാഭ്യർഥന നമ്പർ XXI - ഭവനനിർമ്മാണം
ധനാഭ്യർഥന നമ്പർ XXVIII - പലവക സാമ്പത്തിക സർവീസുകൾ
ധനാഭ്യർഥന നമ്പർ XLII - വിനോദസഞ്ചാരം

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെയും പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള

തുകകൾ 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത

ധനാഭ്യർഥനകൾക്കുനേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർഥന നമ്പർ | ധനാഭ്യർഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2025-2026 | | |
|---|---|---|---|---|
| | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) |
| V | ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും | 4,75,68,97,000 | --- | 4,75,68,97,000 |
| VI | ഭൂനികുതി | 9,20,40,87,000 | --- | 9,20,40,87,000 |
| XI | ജില്ലാഭരണവും പലവകയും | 9,43,43,05,000 | --- | 9,43,43,05,000 |
| XV | പൊതുമരാമത്ത് | 21,13,28,26,000 | 30,02,84,84,000 | 51,16,13,10,000 |
| XXI | ഭവനനിർമ്മാണം | 80,92,32,000 | 65,60,01,000 | 146,52,33,000 |
| XXVIII | പലവക സാമ്പത്തിക സർവീസുകൾ | 2,55,17,41,000 | 52,93,51,10,000 | 55,48,68,51,000 |
| XLII | വിനോദസഞ്ചാരം | 2,43,49,06,000 | 2,15,53,00,000 | 4,59,02,06,000 |

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും

എന്ന V-ാം നമ്പർ ധനാഭ്യർഥനയെയും പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയെയും ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയെയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയെയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഇനി പറയുന്ന ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

**ധനാഭ്യർഥന നമ്പർ V – ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും**

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നിലവിലെ സാമ്പത്തിക സൂചകങ്ങൾ പ്രകാരം സംസ്ഥാനത്ത് സാമ്പത്തിക തകർച്ച അനുഭവിക്കുന്നതായും അത്തരം പ്രതിസന്ധികൾ മറികടക്കുവാൻ ധനകാര്യ മാനേജ്മെന്റിലും മറ്റു നയങ്ങളിലും ആവശ്യമായ തിരുത്തൽ നടത്താത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (അന്തർ സംസ്ഥാന ചരക്കുനീക്കത്തിൽ വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുന്നതായും അത് തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യാജബില്ലുകൾ സൃഷ്ടിച്ച് നികുതി വെട്ടിപ്പുകൾ നടത്തുന്നത് തടയുന്നതിൽ വകുപ്പിന് വീഴ്ചവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഐ.ജി.എസ്.ടി.-യിലൂടെ ലഭിക്കുന്ന വരുമാനം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സർക്കാരിന്റെ തനത് നികുതി വരുമാനം യഥാസമയം പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാര്യക്ഷമമായ പരിശോധനകളുടെ അഭാവത്തിൽ അന്തർസംസ്ഥാന ചരക്ക് നീക്കത്തിൽ വ്യാപകമായി നികുതി വെട്ടിപ്പ് നടക്കുന്നതായും അത് തടയാൻ നടപടി സ്വീകരിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ചരക്കുസേവന നികുതി വകുപ്പ് പൂർണ്ണമായും പ്രവർത്തനസജ്ജമല്ലാത്തതിനാൽ സംസ്ഥാനത്തിനുണ്ടാകുന്ന നികുതിനഷ്ടം തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നടപ്പു സാമ്പത്തികവർഷം നികുതി കുടിശ്ശിക ഇനത്തിൽ സർക്കാരിന് ലഭിക്കേണ്ട തുക പിരിച്ചെടുക്കുന്നതിനും അധിക വിഭവസമാഹരണത്തിനും ക്രിയാത്മക പദ്ധതികൾ ആവിഷ്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ചുള്ള നികുതിവെട്ടിപ്പ് തടയുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ചുള്ള തട്ടിപ്പുകൾ തടയുവാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഐ.ജി.എസ്.ടി. ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന നികുതി വരുമാനം പൂർണ്ണമായും നേടിയെടുക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് യഥാസമയം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കാത്തതുമൂലം കേന്ദ്രഫണ്ട് നഷ്ടപ്പെടുന്നതായി പറയപ്പെടുന്ന ആക്ഷേപം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (നികുതി പിരിച്ചെടുക്കുന്നതിലെ വീഴ്ചകൾമൂലം സാമ്പത്തികപ്രതിസന്ധി നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യത്തിലും ധൂർത്തും അനാവശ്യച്ചെലവുകളും നിയന്ത്രിച്ച് ധനകാര്യ അച്ചടക്കം പാലിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,75,68,97,000 രൂപയിൽനിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

2. ശ്രീ. യു. എ. ലത്തീഫ്

3. ശ്രീ. കുറുക്കോളി മൊയ്തീൻ

4. ശ്രീ. നജീബ് കാന്തപുരം

5. ശ്രീ. പി. അബ്ദുൽ ഹമീദ്

6. ശ്രീ. അനൂപ് ജേക്കബ്

7. ശ്രീ. മഞ്ഞളാംകുഴി അലി

8. ശ്രീ. പി. ഉബൈദുള്ള

9. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

10. ശ്രീ. ടി. ജെ. വിനോദ്

11. ശ്രീ. റോജി എം. ജോൺ

12. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

13. ശ്രീ. ടി. സിദ്ദിഖ്

14. ശ്രീ. സജീവ് ജോസഫ്

## ധനാഭ്യർഥന നമ്പർ VI- ഭൂനികുതി
## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഡേറ്റ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഭൂമികൾ പോലും തരം മാറ്റത്തിന് നൽകുമ്പോൾ അത്തരം അപേക്ഷകൾ കൃഷി ഓഫീസറുടെ റിപ്പോർട്ടിനയച്ച് സമയം വൈകിപ്പിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതിരഹിതവും ആക്കുന്നതിന് പൊതുജന പങ്കാളിത്തം വർധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ ഭൂമി കൈയേറ്റം ചെയ്യുന്നത് കണ്ടെത്തുന്നതിനും കൈയേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂമി തരംമാറ്റത്തിലൂടെ ലഭിച്ച തുക കാർഷിക അഭിവൃദ്ധിക്കായി നിക്ഷേപിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ ഭൂമിയുടെ പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റീസർവെ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ തലങ്ങളിലുള്ള റവന്യൂ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതിരഹിതവും ആക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്)എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ

തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ബജറ്റിൽ അമ്പത് ശതമാനം ഭൂനികുതി വർധിപ്പിച്ച സർക്കാർ നയം പുനഃപരിശോധിക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂമി തരംമാറ്റുന്നതിനുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഫലപ്രദമായ നടപടികൾ കൈക്കൊള്ളാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു

രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭൂനികുതി 50 ശതമാനം വർധിപ്പിച്ച തീരുമാനം പിൻവലിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വയനാട് ദുരന്തബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റവന്യൂ വകുപ്പിന് കീഴിലുള്ള ഓഫീസുകൾ അഴിമതിരഹിതവും സുതാര്യവും ആക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഡിജിറ്റൽ സർവെ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,20,40,87,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. പി. അബ്ദുൽ ഹമീദ്
3. ശ്രീ. കെ. പി. എ. മജീദ്
4. ശ്രീ. കുറുക്കോളി മൊയ്തീൻ
5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

6. ശ്രീ. യു. എ. ലത്തീഫ്

7. ശ്രീ. നജീബ് കാന്തപുരം

8. ശ്രീ. മഞ്ഞളാംകുഴി അലി

9. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

10. ശ്രീ. എം. വിൻസെന്റ്

11. ശ്രീ ചാണ്ടി ഉമ്മൻ

12. ശ്രീ. പി. സി. വിഷ്ണുനാഥ്

13. ശ്രീ. സണ്ണി ജോസഫ്

14. ശ്രീ. സജീവ് ജോസഫ്

## ധനാഭ്യർഥന നമ്പർ XI- ജില്ലാഭരണവും പലവകയും നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,43,43,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,43,43,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് ജില്ലാ വികസന സമിതികളിൽ തീരുമാനമെടുക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,43,43,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അനധികൃത ഖനനങ്ങൾ തടയുന്നതിൽ ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,43,43,05,000

രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നിയമസഭാംഗങ്ങളുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായും ആയത് ഒഴിവാക്കാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,43,43,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ദുരന്ത നിവാരണ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,43,43,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അനധികൃത മണൽ കടത്ത് തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,43,43,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അനധികൃതമായി തണ്ണീർത്തടങ്ങൾ നികത്തുന്നത് തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,43,43,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (നിർഭയമായി ജോലി ചെയ്യുന്നതിനുള്ള സാഹചര്യം ഒരുക്കി നൽകാതിരുന്നതുമൂലം ഉന്നതപദവിയിൽ ജോലിചെയ്തിരുന്ന ഉദ്യോഗസ്ഥന് ആത്മഹത്യ ചെയ്യേണ്ടി വന്നതുൾപ്പടെയുള്ള വിഷയങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,43,43,05,000 രൂപ

ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ജില്ലാ ഭരണം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുവേണ്ടി മലപ്പുറം സിവിൽ സ്റ്റേഷനിൽ നിർദിഷ്ട റവന്യൂ ടവർ യാഥാർഥ്യമാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,43,43,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മതിയായ ജീവനക്കാരെ നിയമിച്ച് റീ-സർവെ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,43,43,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധനസഹായ വിതരണത്തിൽ ക്രമക്കേടുകൾ നടക്കുന്നതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,43,43,05,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (വികസന പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാര വിതരണത്തിൽ വീഴ്ച സംഭവിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 9,43,43,05,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. പി. കെ. ബഷീർ

2. ശ്രീ. പി. അബ്ദുൽ ഹമീദ്

3. ശ്രീ. കെ. പി. എ. മജീദ്

4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

5. ശ്രീ. കുറുക്കോളി മൊയ്തീൻ

6. ശ്രീ. യു. എ. ലത്തീഫ്

7. ശ്രീ. നജീബ് കാന്തപുരം

8. ശ്രീ. മഞ്ഞളാംകുഴി അലി

9. ശ്രീ. പി. ഉബൈദുള്ള

10. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

11. ശ്രീ. റോജി എം. ജോൺ

12. ശ്രീ. അൻവർ സാദത്ത്

13. ശ്രീ. ടി. ജെ. വിനോദ്

14. ശ്രീ. സണ്ണി ജോസഫ്

15. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

16. ശ്രീ. പി. സി. വിഷ്ണുനാഥ്

17. ശ്രീ. ടി. സിദ്ദിഖ്

18. ശ്രീ. ചാണ്ടി ഉമ്മൻ

## ധനാഭ്യർഥന നമ്പർ XV- പൊതുമരാമത്ത് നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തിക പ്രതിസന്ധിമൂലം 2024-2025 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50 ശതമാനം വരെ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെ തുടർന്ന് നിരവധി പ്രവർത്തനങ്ങൾ

തടസ്സപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (തിരൂർ - കടലുണ്ടി പി.ഡബ്ല്യു.ഡി. റോഡിൽ ഉൾപ്പെടുന്ന പൂരപ്പുഴ ഡ്രെയിനേജ് നിർമ്മാണത്തിന് അനുമതി നൽകണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കാസർഗോഡ് മണ്ഡലത്തിലെ കല്ലടക്ക - ചെർക്കള റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മഞ്ചേരി - ഒലിപ്പുഴ റോഡിന്റെ നിർമ്മാണപ്രവൃത്തി ആരംഭിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് കുടിശ്ശിക വിതരണം ചെയ്യാത്തതിനാൽ അവർ പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ വിസമ്മതിക്കുന്നതായും തന്മൂലം പ്രശ്നങ്ങളുണ്ടാകുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന

റോഡുകൾ മഴക്കാലത്ത് വളരെ വേഗം പൊട്ടിപ്പൊളിഞ്ഞു പോകുന്നതു തടയാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പൊതുമരാമത്ത് വകുപ്പിന്റെ വിവിധ നിർമ്മാണങ്ങളുടെ സാങ്കേതിക ഗുണമേന്മയും പ്രവൃത്തിയുടെ ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിന് ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (കേരള വാട്ടർ അതോറിറ്റി ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിനായുള്ള ജോലികളെത്തുടർന്ന് തകരാറിലായ

റോഡുകൾ നന്നാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (അശാസ്ത്രീയമായ റോഡ് നിർമ്മാണംമൂലം അപകടങ്ങൾ വർധിച്ച് വരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് എല്ലാ പൊതുമരാമത്ത് റോഡുകളും ബി. എം. ബി. സി. ചെയ്ത് ഉന്നത നിലവാരത്തിലാക്കുന്നതു സംബന്ധിച്ച സർക്കാർ നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000

രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. റോജി എം. ജോൺ: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (പൊതുമരാമത്ത് കരാറുകാർക്ക് കുടിശ്ശിക വിതരണം ചെയ്യണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ്. (മരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 51,16,13,10,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. പി. അബ്ദുൽ ഹമീദ്
3. ശ്രീ. കെ. പി. എ. മജീദ്
4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
5. ശ്രീ. യു. എ. ലത്തീഫ്
6. ശ്രീ. നജീബ് കാന്തപുരം
7. ശ്രീ. കുറുക്കോളി മൊയ്തീൻ
8. ശ്രീ. എൻ. ഷംസുദ്ദീൻ
9. ശ്രീ. മഞ്ഞളാംകുഴി അലി
10. ശ്രീ. പി. ഉബൈദുള്ള

11. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

12. ശ്രീ. അൻവർ സാദത്ത്

13. ശ്രീ. സണ്ണി ജോസഫ്

14. ശ്രീ. സനീഷ്കുമാർ ജോസഫ്

15. ശ്രീ. സജീവ് ജോസഫ്

16. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

17. ശ്രീ. ടി. ജെ. വിനോദ്

18. ശ്രീ. ടി. സിദ്ദിഖ്

19. ശ്രീ. എം. വിൻസെന്റ്

20. ശ്രീ. ചാണ്ടി ഉമ്മൻ

ധനാഭ്യർത്ഥന നമ്പർ XXI-ഭവന നിർമ്മാണം
നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവനനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന

വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഒറ്റ തവണ സെസ്സ് ഈടാക്കിക്കൊണ്ട് കെട്ടിട നികുതി നിർണ്ണയത്തിലെ അശാസ്ത്രീയത പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവനനിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായം വർധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ചെലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലൈഫ് ഭവനനിർമ്മാണ പദ്ധതിക്ക് നൽകിവരുന്ന ധനസഹായം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുറഞ്ഞ വരുമാനമുള്ളവർക്ക് പ്രത്യേക ഭവനനിർമ്മാണ പദ്ധതികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിർമ്മാണസാമഗ്രികൾ കുറഞ്ഞ വിലയിൽ ലഭ്യമാക്കുന്നതിലേക്കായി നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പ്രളയത്തിലും പ്രകൃതിദുരന്തങ്ങളിലും വീടുകൾ നഷ്ടപ്പെട്ടവർക്ക് പകരം വീടുകൾ നിർമ്മിച്ച് നൽകുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവനനിർമ്മാണ ബോർഡിന്റെ മേൽനോട്ടത്തിൽ നിർമ്മിച്ച ചോറ്റാനിക്കരയിലെ സാഫല്യാ കോംപ്ലെക്സിന്റെ നിർമ്മാണത്തിൽ പോരായ്മയുള്ളതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽപ്പെട്ട് ഭവനരഹിതരായവർക്ക് മാസങ്ങൾ പിന്നിട്ടിട്ടും വീടുകൾ നിർമ്മിച്ചുനൽകാൻ കഴിയാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന

നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ചാണ്ടി ഉമ്മൻ: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ ബോർഡിനെ ലൈഫ് ഭവന പദ്ധതിയുടെ നിർവഹണത്തിൽനിന്നും ഒഴിവാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ലൈഫ് ഭവന പദ്ധതിയുടെ നിർവഹണം കാര്യക്ഷമമായി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ഭവന നിർമ്മാണ സാമഗ്രികളുടെ വില വർധിക്കുന്ന സാഹചര്യത്തിൽ, നിർമ്മിതി കേന്ദ്രങ്ങൾ മുഖേന കുറഞ്ഞ ചെലവിൽ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

സൂചക വെട്ടിക്കുറയ്ക്കൽ

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1,46,52,33,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. പി. അബ്ദുൽ ഹമീദ്

3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

4. ശ്രീ. യു. എ. ലത്തീഫ്

5. ശ്രീ. കെ. പി. എ. മജീദ്

6. ശ്രീ. എൻ. ഷംസുദ്ദീൻ

7. ശ്രീ. കുറുക്കോളി മൊയ്തീൻ

8. ശ്രീ. നജീബ് കാന്തപുരം

9. ശ്രീ. മഞ്ഞളാംകുഴി അലി

10. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

11. ശ്രീ. റോജി എം. ജോൺ

12. ശ്രീ. സജീവ് ജോസഫ്

13. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

14. ശ്രീ. എം. വിൻസെന്റ്

15. ശ്രീ. പി. സി. വിഷ്ണുനാഥ്

16. ശ്രീ. ടി. ജെ. വിനോദ്

17. ശ്രീ. ടി. സിദ്ദിഖ്

18. ശ്രീ. സനീഷ്കുമാർ ജോസഫ്

## ധനാഭ്യർഥന നമ്പർ XXVIII- പലവക സാമ്പത്തിക സർവീസുകൾ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആശാ വർക്കർമാരുടെയും അങ്കണവാടി ജീവനക്കാരുടെയും വേതനം, പെൻഷൻ എന്നിവ നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികൾക്കായി വകയിരുത്തുന്ന തുക സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിക്കുക

വഴി അഴിമതിക്ക് സാഹചര്യമൊരുക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച റോഡുകളിൽനിന്നും പാലങ്ങളിൽനിന്നും ടോൾ പിരിക്കാൻ നീക്കം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികൾ പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കുറഞ്ഞ പലിശയ്ക്ക് പണം ലഭ്യമാക്കുന്നതിനുപകരം ഉയർന്ന പലിശ നിരക്കിലുള്ള മസാല ബോണ്ടുകൾ വഴി കിഫ്ബിക്ക് പണം സ്വരൂപിച്ചതായി പറയപ്പെടുന്ന നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബിയുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ സി. ആൻഡ് എ.ജി.-യുടെ ആക്റ്റിലെ വകുപ്പ് 20(2) അനുസരിച്ചുള്ള ഓഡിറ്റ് നടത്താൻ അനുമതി നൽകാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബിയുടെ വാർഷിക ചെലവ് കുറച്ചുകൊണ്ടുവരാൻ നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി മുഖേന നിർമ്മിക്കുന്ന റോഡുകൾക്ക് ടോൾ ഏർപ്പെടുത്താനുള്ള തീരുമാനം ജനങ്ങൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വാർഷിക പദ്ധതികൾ 50% വെട്ടിക്കുറച്ചതായും ഇത് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബിയുടെ വരവുചെലവ് കണക്കുകൾ സി. ആൻഡ് എ.ജി. ഓഡിറ്റിന് വിധേയമാക്കണമെന്നത് സംബന്ധിച്ച ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബിയുടെ വരുമാനം വർധിപ്പിക്കുന്നതിനായി യൂസർ ഫീ, ടോൾ എന്നിവ ഏർപ്പെടുത്താനുള്ള നീക്കമുള്ളതായും ഇത് പൊതുജനങ്ങൾക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കാൻ ഇടയാക്കുമെന്നും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി പദ്ധതികളുടെ പരസ്യത്തിനായി വൻതുക ചെലവഴിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (രാജ്യത്ത് കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുന്ന സാഹചര്യമുള്ളപ്പോൾ കിഫ്ബി മുഖേന മസാല ബോണ്ടുകൾ വഴി ഉയർന്ന പലിശയ്ക്ക് വിദേശത്തുനിന്നും വായ്പ എടുത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കിഫ്ബി മുഖേനയുള്ള പദ്ധതികളുടെ നിർവഹണത്തിന് ആവശ്യമായ പണം സ്വരൂപിക്കുന്നതിൽ പരാജയപ്പെട്ടതായും ആയതുമൂലം നിലവിലെ കിഫ്ബി ബാധ്യതകളുടെ തിരിച്ചടവ് സംസ്ഥാനത്തിന് വലിയ സാമ്പത്തിക പ്രതിസന്ധി ഉണ്ടാക്കുന്നതായും കിഫ്ബിക്ക് വരുമാനദായകമായ പദ്ധതികൾ ആവിഷ്കരിക്കാൻ സാധിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ചചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ ധനപ്രതിസന്ധിമൂലം പദ്ധതി വിഹിതത്തിൽ വെട്ടിക്കുറവ് വരുത്തിയതായും അതുമൂലം ഭരണാനുമതി നൽകിയ പദ്ധതികൾപോലും

പൂർത്തിയാക്കാൻ സാധിക്കാത്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 55,48,68,51,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. കെ. പി. എ. മജീദ്
3. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
4. ശ്രീ. എൻ. ഷംസുദ്ദീൻ
5. ശ്രീ. യു. എ. ലത്തീഫ്
6. ശ്രീ. കുറുക്കോളി മൊയ്തീൻ
7. ശ്രീ. നജീബ് കാന്തപുരം

8. ശ്രീ. പി. അബ്ദുൽ ഹമീദ്

9. ശ്രീ. മഞ്ഞളാംകുഴി അലി

10. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

11.. ശ്രീ. അൻവർ സാദത്ത്

12.. ശ്രീ. പി. സി. വിഷ്ണുനാഥ്

13.. ശ്രീ. സണ്ണി ജോസഫ്

14. ശ്രീ. സനീഷ്കുമാർ ജോസഫ്

15. ശ്രീ. ചാണ്ടി ഉമ്മൻ

16. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

17. ശ്രീ. റോജി എം. ജോൺ

18. ശ്രീ. സജീവ് ജോസഫ്

19. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

20. ശ്രീ. എം. വിൻസെന്റ്

21. ശ്രീ. ടി. വി. ഇബ്രാഹിം

**ധനാഭ്യർത്ഥന നമ്പർ XLII- വിനോദസഞ്ചാരം**

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

ശ്രീ. പി. കെ. ബഷീർ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാര മേഖലകളിൽ മതിയായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും വിനോദസഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിലും വേണ്ടത്ര പരിഗണന നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സ്ത്രീസൗഹൃദ വിനോദസഞ്ചാര മേഖലയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നടപടികളൊന്നുംതന്നെ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>:സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മഞ്ചേരിയിലെ ചെരണി ടൂറിസം പാർക്കിന്റെ ശോചനീയാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാരികളെ ആകർഷിക്കാൻ പുതിയ പദ്ധതികൾ ആവിഷ്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പാരാഗ്ലൈഡിംഗ്, കനോയിംഗ് തുടങ്ങിയ സാഹസിക വിനോദങ്ങൾക്കായുള്ള സൗകര്യങ്ങൾ വികസിപ്പിക്കണമെന്ന

ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കാസർഗോഡ് ജില്ലയിൽ പുതിയ ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കാൻ ഹെലിടൂറിസം പദ്ധതി നടപ്പാക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കടൽത്തീരങ്ങൾ പൂർണ്ണമായും വിനോദസഞ്ചാര കേന്ദ്രങ്ങളായി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദസഞ്ചാര മേഖലകൾ സ്ത്രീസൗഹൃദ

മേഖലകളാക്കി മാറ്റുകയെന്ന ലക്ഷ്യം നാളിതുവരെയായി കൈവരിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങളും മതിയായ സുരക്ഷാ ക്രമീകരണങ്ങളും ഉറപ്പാക്കുന്നതിൽ വീഴ്ചവരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ആഭ്യന്തര - വിദേശ വിനോദസഞ്ചാരികളെ കൂടുതലായി ആകർഷിക്കുന്നതിന് സാധ്യമാകുന്ന രീതിയിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യ വികസനവും ശുചിത്വവും ഉറപ്പാക്കേണ്ടത്

സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ടൂറിസം വികസനത്തിന്റെ മറവിൽ സംസ്ഥാനത്ത് മദ്യവ്യാപനം ത്വരിതപ്പെടുന്നതായും ഇതുമൂലം വിദ്യാർത്ഥികളും യുവാക്കളും മദ്യലഹരിയിലേക്കും പിന്നീട് മയക്കുമരുന്ന് ഉപയോഗത്തിലേക്കും എത്തുന്നതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4,59,02,06,000 രൂപയിൽനിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. പി. കെ. ബഷീർ
2. ശ്രീ. കെ. പി. എ. മജീദ്
3. ശ്രീ. കുറുക്കോളി മൊയ്തീൻ
4. ശ്രീ. നജീബ് കാന്തപുരം
5. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
6. ശ്രീ. എൻ. ഷംസുദ്ദീൻ
7. ശ്രീ. യു. എ. ലത്തീഫ്
8. ശ്രീ. പി. അബ്ദുൽ ഹമീദ്
9. ശ്രീ. മഞ്ഞളാംകുഴി അലി

10. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

11. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

12. ശ്രീ. അൻവർ സാദത്ത്

13. ശ്രീ. റോജി എം. ജോൺ

14. ശ്രീ. ടി. ജെ. വിനോദ്

15. ശ്രീ. സനീഷ്‌കുമാർ ജോസഫ്

16. ശ്രീ. സജീവ് ജോസഫ്

17. ശ്രീ. ചാണ്ടി ഉമ്മൻ

18. ശ്രീ. പി. സി. വിഷ്ണുനാഥ്

19. ശ്രീ. എം. വിൻസെന്റ്

20. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

21. ശ്രീ. ടി. വി. ഇബ്രാഹിം

**ചർച്ച**

ശ്രീ. കെ. വി. സുമേഷ്: സർ, 2025-26 വർഷത്തേക്കുള്ള ബജറ്റിലെ മേൽനിർദേശിച്ചിട്ടുള്ള ധനാഭ്യർഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുന്നു. ഉപരോധ സമാനമായ ഒരു സാഹചര്യമാണ് കേന്ദ്രസർക്കാർ കേരളത്തോട് കാണിക്കുന്നത്. ആ സാമ്പത്തിക ഉപരോധസമാനമായ സാഹചര്യങ്ങളെ മറികടന്ന് ഒരു നവകേരളത്തെ മുന്നോട്ടുനയിക്കാനുള്ള ശക്തവും സമഗ്രവും സർവതല സ്പർശിയുമായ കാര്യങ്ങളാണ് ഈ ബജറ്റിൽ മുന്നോട്ടുവയ്ക്കുന്ന ഒട്ടേറെ നിർദേശങ്ങൾ. കേരളമെന്ന നമ്മുടെ നാടിനെ രാജ്യത്തെയും ലോകത്തെയും ഏറ്റവും പ്രധാനപ്പെട്ട ഒരു സംസ്ഥാനമെന്ന നിലയിൽ, ഇന്നത്തെ കാലം ആഗ്രഹിക്കുന്ന വികസനങ്ങളെ ഏറ്റവും സമർഥമായി മുന്നോട്ടുകൊണ്ടുപോകാനുള്ള പരിശ്രമങ്ങളാണ് ഈ ബജറ്റിന്റെ ഭാഗമായും ഇന്നിവിടെ ഈ വർഷത്തെ ധനാഭ്യർഥനകളെ പിന്തുണച്ചുകൊണ്ടുള്ള വകുപ്പുകളുടെ ഭാഗത്തുനിന്നും വന്നിട്ടുള്ള നിർദേശങ്ങൾ.

റവന്യൂ മേഖലയിൽ ഈ ഗവൺമെന്റ്, ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. രാജന്റെ നേതൃത്വത്തിൽ അതിശക്തമായ ആധുനികവൽക്കരണവും സമഗ്രമായ പരിഷ്കാരങ്ങളുമാണ് ആ വകുപ്പിന്റെ ഭാഗമായി നടക്കുന്നത്. പട്ടയത്തിനുവേണ്ടി കേരളത്തിലെ സാധാരണ മനുഷ്യൻ അനുഭവിച്ചിട്ടുള്ള വലിയ ബുദ്ധിമുട്ടുകളുണ്ട്. ആ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പട്ടയവിതരണം എന്ന ചരിത്ര നേട്ടത്തിലേക്കാണ് റവന്യൂ വകുപ്പും ഈ സർക്കാരും കാലെടുത്തുവയ്ക്കുന്നത്. 180887/- പട്ടയങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞുവെന്നത് കേരളത്തിന്റെ ചരിത്രപരമായ നേട്ടമാണ്. പട്ടയത്തിന്റെ പേരിൽ സാധാരണ മനുഷ്യർ, കുടുംബങ്ങൾ, അവരുടെ ഭൂമികളുടെ അവകാശികളായി മാറാൻവേണ്ടി നടത്തിയിട്ടുള്ള പരിശ്രമങ്ങൾക്ക് വലിയ പിന്തുണയായി ആ നിലപാട് മാറി. ആധുനിക സയൻസ് ആൻഡ് ടെക്നോളജിയുടെ സഹായത്തോടുകൂടി ചിതറിക്കിടക്കുന്ന ഭൂമിയിൽ ഡിജിറ്റൽ സർവെ ശാസ്ത്രീയമായും ഫലപ്രദമായും നടപ്പാക്കുന്ന സംസ്ഥാനമായി ഇന്ത്യയിലെ ഏക സംസ്ഥാനമായി കേരളം മാറുകയാണ്. ശ്രീ. കെ. രാജൻ മിനിസ്റ്ററുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ എം.എൽ.എ.-മാരുടെ ഒരു റവന്യൂ അസംബ്ലി വിളിച്ചുചേർക്കുകയും

മണ്ഡലങ്ങളിലെ പട്ടയങ്ങളുടെയും റവന്യൂ വിഷയങ്ങളുടെയും ഓരോ വശവും കേട്ട് അതിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടാൻ നടത്തുന്ന പരിശ്രമങ്ങൾ മണ്ഡലത്തിലെ പ്രശ്നങ്ങൾ ഏറ്റെടുത്ത് അല്ലെങ്കിൽ ആ കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ കാണിക്കുന്ന ഇടപെടൽ ഏറെ മാതൃകാപരവും ഏറെ അഭിമാനമുളവാക്കുന്നതുമാണെന്ന് ഈ ഘട്ടത്തിൽ സൂചിപ്പിക്കുകയാണ്. വലിയ ഭൂമിയുള്ള ആളുകളൊന്നുമല്ല നമ്മുടെ നാട്ടിലുള്ളതെന്ന് നമുക്കറിയാം. എന്നാൽ ആ ഭൂമിയിൽ അവർക്കുള്ള അവകാശം കൃത്യമായി എസ്റ്റാബ്ലിഷ് ചെയ്യാൻ സഹായിക്കുന്ന നിലയിൽ 'എന്റെ ഭൂമി' എന്ന ആശയത്തെ സംയോജിതമാക്കികൊണ്ട് റവന്യൂ വകുപ്പിന് മുന്നോട്ടുപോകാൻ സാധിച്ചു. ഭവനനിർമ്മാണ മേഖലയിലും, ആധുനികമായ കാഴ്ചപ്പാടോടുകൂടി റവന്യൂ വകുപ്പ് ഒട്ടേറെ കാര്യങ്ങൾ നിർദേശിക്കുന്നു, റവന്യൂ വകുപ്പിൽ സാധാരണക്കാരനെ ചേർത്തുനിർത്താൻ കഴിയുന്ന നിലയിലുള്ള മികച്ച പരിഷ്കാരങ്ങളാണ് നടക്കുന്നതെന്ന് കാണാൻ കഴിയും.

കോവിഡ് കാലത്ത് ടൂറിസം മേഖലയിൽ നാം വലിയ ബുദ്ധിമുട്ടുകൾ അനുഭവിച്ചതാണ്. എന്നാൽ ശ്രീ. പി. എ. മുഹമ്മദ് റിയാസ് മിനിസ്റ്ററുടെ

നേതൃത്വത്തിൽ ടൂറിസം വകുപ്പും ഗവൺമെന്റും ചേർന്ന് നടത്തിയ വലിയ ഇടപെടൽ കാരണം കോവിഡ് കാലത്തിനുശേഷം ആഭ്യന്തര ടൂറിസം മേഖലയിലും നമ്മുടെ നാട്ടിലേക്ക് വിദേശസഞ്ചാരികൾ വരുന്ന കാര്യത്തിലും ഒരു വലിയ ഒഴുക്കാണുണ്ടായത്. ടൂറിസം രംഗത്ത് കേരളത്തിന്റെ ടൂറിസത്തിന് സമഗ്രവും ആധുനികവുമായ കാഴ്ചപ്പാടുകളെ അവതരിപ്പിക്കാൻ സാധിക്കുന്നു. 43647 കോടി രൂപയുടെ വരുമാനമുണ്ടായി എന്നത് ടൂറിസം രംഗത്ത് കേരളം ഒരു പ്രധാനപ്പെട്ട കേന്ദ്രമായി മാറുന്നുവെന്ന അഭിമാനകരമായ മുന്നേറ്റത്തിന് ഉദാഹരണമാണ്. ഡിസൈൻ പോളിസി എന്ന നിലയിൽ കാരവൻ ടൂറിസം, ഹെലിടൂറിസം, ക്രൂയിസ് ടൂറിസം, സീ പ്ലെയിൻ, അഡ്വെഞ്ചർ ടൂറിസം, സിനി ടൂറിസം, ബീച്ച് ടൂറിസം, പൈതൃക ടൂറിസം തുടങ്ങി ഒട്ടേറെ പുതിയ പദ്ധതികൾ ആരംഭിച്ചിരിക്കുന്നു. ഇപ്പോൾ ആളുകൾക്ക് ഹാളിൽവച്ച് കല്യാണം നടത്തുന്നതിനോട് വലിയ താൽപര്യമില്ല. വിവാഹത്തിനായി വെഡ്ഡിംഗ് ഡെസ്റ്റിനേഷനുകൾ എന്ന ആശയത്തോട് താൽപര്യം പ്രകടിപ്പിക്കുന്നത് നമ്മളിപ്പോൾ കാണുകയാണ്. നേരത്തെ കല്യാണങ്ങൾ നടത്തിയിരുന്നത് വീടുകളിലായിരുന്നു. അതിൽനിന്നും മാറി പുറത്തെ പ്രധാനപ്പെട്ട

സ്ഥലങ്ങളിൽവച്ച് വിവാഹം നടത്തുന്നതിനുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന നിലയിൽ മാറ്റം വന്നിട്ടുണ്ട്. ടൂറിസം മേഖലയിൽ നടത്തിയിട്ടുള്ള ഒട്ടേറെ നവീനമായ ആശയങ്ങൾ, കേരളത്തിന്റെ ആഭ്യന്തര ടൂറിസത്തിലും പൊതുവിൽ ടൂറിസം മേഖലയിലും നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഈ പരിഷ്കാരങ്ങൾ കേരളമെന്നത് ലോക ടൂറിസം ഭൂപടത്തിൽ സ്ഥാനം പിടിക്കുന്നതിന് ഇടയാക്കി. ഇപ്പോൾ ലോകത്ത് കണ്ടിരിക്കേണ്ട പത്ത് നഗരങ്ങളിലൊന്നായി തിരുവനന്തപുരം തിരഞ്ഞെടുക്കപ്പെട്ടുവെന്നത്, ടൂറിസം മേഖലയിൽ വകുപ്പും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള ഒട്ടേറെ നവീനമായ ആശയങ്ങളുടെയും ഭാഗമായി ഒരു വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു. കേരളത്തിൽ ടൂറിസം മേഖലയ്ക്ക് ധാരാളം സാധ്യതകളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഒട്ടേറെ വിദഗ്ധരുമായി ചേർന്നുകൊണ്ട്, കേരളത്തിന്റെ വൈവിധ്യപൂർണ്ണമായ ടൂറിസം മേഖലയെ ഓരോ കാലവും ആഗ്രഹിക്കുന്ന തരത്തിലുള്ള വികസന കാഴ്ചപ്പാടോടുകൂടി നോക്കികാണുകയാണ്. ടൂറിസം മേഖലയിൽ ആധുനിക കാലം ആഗ്രഹിക്കുന്ന വികസന കാഴ്ചപ്പാടിനെ ഏറ്റവും സമർത്ഥമായി

മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നുവെന്നത് നമുക്ക് ഏറ്റവും അഭിമാനിക്കാൻ കഴിയുന്ന ഒന്നാണ്.

പൊതുമരാമത്ത് മേഖലയിൽ കേരളം അടിസ്ഥാനസൗകര്യ വികസനത്തിൽ ലോകത്തിനുതന്നെ മാതൃകയായി മാറി. ഇരുപത്തിയഞ്ചോ മുപ്പതോ വർഷങ്ങൾക്കപ്പുറത്തേയ്ക്ക് നടക്കേണ്ടൊരു വികസന കാര്യത്തെ വളരെ സമർത്ഥമായി അടിസ്ഥാനസൗകര്യ വികസനത്തിൽ നമുക്ക് അവതരിപ്പിക്കാൻ കഴിഞ്ഞു; പല റോഡുകൾ, പാലങ്ങൾ അതിന്റെ ഭാഗമായിട്ടുണ്ടായ മാറ്റം. ദേശീയ പാതയ്ക്കായി 5550 കോടി രൂപ സംസ്ഥാന ഗവൺമെന്റ് നൽകി. ഇന്ത്യയിൽ ഇത്രയും സംസ്ഥാനങ്ങളുള്ളതിൽ ഒരു ഗവൺമെന്റ് എന്ന നിലയിൽ ദേശീയപാത നിർമ്മാണത്തിന് നൽകുന്ന ഏറ്റവും വലിയ തുകയാണിത്. 2026-ഓടുകൂടി കേരളത്തിന്റെ ദേശീയപാത സഞ്ചാരമേഖലയിൽ, ഗതാഗത മേഖലയിൽ ഏറ്റവും അഭിമാനകരമായ ചുവടുവയ്പായി മാറുന്നു. അതിൽ മന്ത്രിയും ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും എടുത്ത ഇൻഷ്യേറ്റീവിനെ, അത് നടത്തുന്ന മോണിറ്ററിംഗിനെ പ്രത്യേകമായി നാം അഭിനന്ദിക്കേണ്ട കാര്യമാണ്. ഹൈഡെൻസിറ്റി നഗരങ്ങളായ തിരുവനന്തപുരവും എറണാകുളവും

അഭിമുഖീകരിക്കുന്ന വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് വാഹനക്കുരുക്ക്. അത് പരിഹരിക്കാനായി പ്രത്യേകമായ പദ്ധതികൾ നടപ്പാക്കുന്നു.

വയനാട് മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട നിർമ്മാണമാണ് വയനാട് തുരങ്കപാത. അതോടൊപ്പം മലയോര ഹൈവേ, തീരദേശ ഹൈവേ..... ഏതാണ്ട് 1166 കിലോമീറ്റർ മലയോര ഹൈവേയും 507 കിലോമീറ്റർ തീരദേശ ഹൈവേയുമാണ് അതിന്റെ ഭാഗമായി വരാൻപോകുന്നത്. കൂടാതെ ലെവൽ ക്രോസില്ലാത്ത കേരളം തുടങ്ങി, കിഫ്ബി വഴി നടപ്പാക്കുന്ന 80000 കോടി രൂപയുടെ പദ്ധതികൾ, അതുണ്ടാക്കുന്ന വലിയ മുന്നേറ്റമാണ് നമുക്ക് ഇനി കാണാൻ സാധിക്കുന്നത്. കേരളമെന്നത് സർവതല സ്പർശിയായ സമഗ്ര വികസനത്തിന് ഏറ്റവും ശക്തമായ നേതൃത്വം കൊടുക്കുന്ന ഒരു സംസ്ഥാനമായി മാറുകയാണ്. അതാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വികസന കാഴ്ചപ്പാട്. 1957-ൽ ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിൽ ആരംഭിച്ച് 2025-ൽ സഖാവ് പിണറായി വിജയൻ ഈ കേരളത്തിന്റെ മുഖ്യമന്ത്രിയായി ഇരിക്കുമ്പോൾ നവംബർ ഒന്നിന് ദരിദ്രരില്ലാത്ത കേരളമെന്ന ചരിത്ര പ്രഖ്യാപനത്തിന് നാം കാതോർക്കുകയാണ്. ചരിത്രപരമായി ദരിദ്രരില്ലാത്ത

കേരളമെന്ന ഇടതുപക്ഷ ബദൽ വികസന കാഴ്ചപ്പാട് ലോകത്തിനുമുമ്പിൽ കാണിച്ചുകൊടുക്കുകയാണിവിടെ. ഇന്ത്യയിലെ ഏതെങ്കിലുമൊരു സംസ്ഥാനത്തിന് നേടിയെടുക്കാൻ സാധിച്ച ഒരു നേട്ടമല്ല ഇത്. ഇടതുപക്ഷ ബദൽ എന്നത് വലതുപക്ഷ സാമ്പത്തിക നയങ്ങൾക്കെതിരെയും കോർപ്പറേറ്റ് നവലിബറൽ നയങ്ങൾക്കെതിരെയും ഇടതുപക്ഷത്തിന്റെ ശക്തമായ ചെറുത്തുനിൽപ്പാണ്. ഞങ്ങളുടെ സംസ്ഥാന സമ്മേളനമാണ് കഴിഞ്ഞ മൂന്നുനാല് ദിവസമായി കൊല്ലത്ത് നടന്നത്. ആ സമ്മേളനം മുന്നോട്ടുവയ്ക്കുന്ന ആധുനിക കേരളത്തിന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള ഒരു നവകേരള രേഖ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിക്കുകയുണ്ടായി. ആ രേഖയിലൂടെ ലക്ഷ്യംവയ്ക്കുന്നത് മദ്ധ്യയൂറോപ്യൻ രാജ്യങ്ങൾക്ക് തുല്യമായ അടിസ്ഥാന സൗകര്യ വികസനമുള്ള പ്രധാനപ്പെട്ട ഒരു സംസ്ഥാനമായി കേരളത്തെ വളർത്തിയെടുക്കുകയെന്നതാണ്. അതിനുവേണ്ടിയുള്ള ഏറ്റവും ശക്തിയേറിയ നിലപാടുകളാണ് നാം സ്വീകരിക്കുന്നത്. സ്വകാര്യവൽക്കരണം, ഇടതുപക്ഷത്തിന്റെ നയങ്ങളിൽ എന്തോ വലിയ വ്യതിയാനമുണ്ടാക്കി, ഇടതുപക്ഷം എന്തോ വലിയ സ്വകാര്യവൽക്കരണത്തിലേക്ക്

പോകുകയാണെന്ന രീതിയിൽ അവതരിപ്പിക്കാനുള്ള വലതുപക്ഷ മാധ്യമങ്ങളിൽ ചിലരും കേരളത്തിന്റെ വലതുപക്ഷ രാഷ്ട്രീയവും ആസൂത്രിതമായി നടത്തുന്ന ഒരു പ്രചരണമുണ്ട്. ഒരു വലതുപക്ഷ വ്യതിയാനത്തിന്റെയും ഭാഗമായല്ല, കാലം ആഗ്രഹിക്കുന്ന മാറ്റം എന്ന ആശയത്തെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന പ്രത്യയ ശാസ്ത്രത്തിന്റെ വക്താക്കളാണ് ഇടതുപക്ഷം. ജനങ്ങൾക്കും നാടിനും ഗുണപ്രദമായ ചരടുകളില്ലാത്ത നാടിന്റെ വളർച്ചക്ക് ഇത് അനിവാര്യമാണ്. കേന്ദ്ര സർക്കാർ സ്വീകരിക്കുന്ന ഉപരോധസമാനമായ വൈര്യനിര്യാതന ബുദ്ധിയോടെയുള്ള സമീപനം കേരളത്തിന്റെ വികസനത്തിനുണ്ടാക്കുന്ന വലിയ പ്രയാസവും പ്രതിസന്ധിയുമുണ്ട്. ജനങ്ങളെ സർക്കാരിനെതിരാക്കി മാറ്റുകയെന്നതാണ് കേന്ദ്ര സർക്കാരിന്റെയും വലതുപക്ഷ രാഷ്ട്രീയത്തിന്റെയും ഏറ്റവും പ്രധാനപ്പെട്ട ദുഷ്ടലാക്ക്. എന്നാൽ ജനങ്ങളെ ചേർത്തുനിർത്തി കേന്ദ്ര സർക്കാരിന്റെ കുടിലതന്ത്രത്തെ മറികടക്കുക, ആധുനിക വികസന കാഴ്ചപ്പാടിനെ ഏറ്റവും ശക്തമായി അവതരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഇടതുപക്ഷ സർക്കാർ മുന്നോട്ടുപോകുന്നത്. അതിന് സഹായകരമായ നിലയിൽ അഭിമാനകരവും

സമഗ്രവുമായ വികസനത്തിന് ഏറ്റവും ശക്തമായ നേതൃത്വം നൽകാൻ സാധിക്കുന്ന വിധത്തിൽ എല്ലാ മേഖലയിലുമുള്ള അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ തുടങ്ങി നാടിന്റെ വിവിധ മേഖലയിലുള്ള ജനങ്ങളുടെ ക്ഷേമതാൽപര്യങ്ങൾ, ആധുനിക വികസന കാഴ്ചപ്പാടുകൾ എന്നിവ സമഗ്രമായി അവതരിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിന് സഹായകരമായ നിലയിൽ ഈ ധനാഭ്യർഥനകളെ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഇന്നത്തെ നമ്മുടെ നാടിനെ രൂപപ്പെടുത്തുന്നതിൽ എക്കാലത്തും നിർണ്ണായക പങ്കാണ് പി.ഡബ്ല്യൂ.ഡി. വഹിച്ചിട്ടുള്ളത്. എന്നാൽ ഈ കാലഘട്ടത്തിന്റെ മാറ്റം ഉൾക്കൊണ്ടുകൊണ്ട് നൂതനമായതും ആധുനികമായതുമായ നിലവാരത്തിലേക്ക് പി.ഡബ്ല്യൂ.ഡി. പ്രവൃത്തികളെ എത്തിക്കുന്നതിൽ നമ്മൾ പരാജയപ്പെട്ടിരിക്കുകയാണ്. ബഹുമാന്യനായ വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിൽ എല്ലാവർക്കും നല്ല പ്രതീക്ഷയുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങളും തീരുമാനങ്ങളുമൊക്കെ പ്രത്യേകിച്ച് ഒരു യുവമന്ത്രി എന്ന നിലയിൽ വലിയ പ്രതീക്ഷയോടെയാണ് ഞങ്ങളെല്ലാം നോക്കിക്കണ്ടത്. പക്ഷേ കഴിഞ്ഞ നാലുവർഷമായി പൊതുമരാമത്ത് രംഗത്ത് നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് വിജയിപ്പിക്കുന്നതിൽ വകുപ്പ് പൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. ഏറ്റവും പ്രധാനമായി ചർച്ചയിൽ വരുന്നത് റോഡുകളുടെ കാര്യമാണ്. നമുക്ക് നിരവധി റോഡുകളുടെ നിർമ്മാണവും നവീകരണവും ആവശ്യമാണ്. നിരവധി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കേണ്ടതായുണ്ട്. പക്ഷേ നാളിതുവരെയായി പുതിയ റോഡുകളൊന്നും നമുക്ക് ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. മുമ്പ് ഏറ്റെടുത്ത റോഡുകളുടെ നവീകരണം സാധ്യമാകുന്നുമില്ല. ഓരോ ബജറ്റിലും അനുവദിക്കുന്ന തുക ചെലവഴിച്ച് റോഡിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. 2022-23 ബജറ്റിൽ അനുവദിക്കപ്പെട്ട കുടിയാൻമല-വെള്ളാട് റോഡിന്റെ പദ്ധതി എന്റെ നിയോജകമണ്ഡലത്തിൽത്തന്നെയുണ്ട്. ഇന്നുവരെ ആ റോഡിന്റെ നിർമ്മാണത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടില്ല. 2024-25 ബജറ്റിൽ പ്രഖ്യാപിച്ച

മറ്റൊരു റോഡാണ് ഉദയഗിരി-അരിവിളഞ്ഞപൊയിൽ റോഡ്. ഇത് ഞാൻ ഉദാഹരണം പറഞ്ഞത് മാത്രമാണ്. വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നുവരെ ബജറ്റിൽ പ്രഖ്യാപിച്ച പ്രവൃത്തികൾ യാഥാർത്ഥ്യമാക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി വിശദീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സംസ്ഥാനത്ത് പല സ്ഥലങ്ങളിലും ഇതുപോലെയുള്ള പദ്ധതികളുണ്ട്. നിർമ്മാണം ആരംഭിച്ച പല റോഡുകളും കരാറുകാർ സമയബന്ധിതമായി പൂർത്തീകരിക്കാതെ പ്രവൃത്തി വളരെ നീണ്ടുപോകുകയാണ്. എം.എൽ.എ.-മാർ പലപ്പോഴായി ഈ വിഷയം ഉന്നയിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇടപെടാൻ ശ്രമിക്കുന്നുണ്ടെങ്കിലും ആ തീരുമാനം എന്തായെന്നും അത് നടപ്പിലായോയെന്നുമുള്ള പരിശോധന ഇവിടെ നടക്കുന്നില്ല. പല പ്രവൃത്തികളും ചെയ്ത് ദയനീയമായി പരാജയപ്പെട്ട അല്ലെങ്കിൽ പൂർത്തീകരിക്കാത്ത സർക്കാരിനെയും ജനങ്ങളെയും കബളിപ്പിച്ച കരാറുകാരെ സമയത്ത് ബ്ലാക്ക് ലിസ്റ്റ് ചെയ്യാൻ സർക്കാരിന്റെ നിലവിലുള്ള വ്യവസ്ഥകൾക്ക് സാധിക്കുന്നില്ലെന്നാണ് പലപ്പോഴും കാണാൻ സാധിക്കുന്നത്. പലപ്പോഴും അത്തരക്കാരെ പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ വളരെ നല്ല ഉദ്ദേശ്യത്തോടെ

ഉൾപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കുമ്പോൾ അവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽപ്പോയി പ്രത്യേക ഓർഡർ അവർക്ക് അനുകൂലമായി വാങ്ങി വരികയാണ്. കാരണം, അവരെ ബ്ലാക്ക് ലിസ്റ്റ് ചെയ്തിട്ടില്ലയെന്നതുകൊണ്ടാണ്. ഇങ്ങനെ ഗുരുതരമായ വീഴ്ച വരുത്തിയ പല നിർമ്മാണ പ്രവൃത്തിയും വഴിയിലാക്കിപ്പോയതിന് ഉത്തരവാദികളായ കരാറുകാരെ സമയത്തുതന്നെ ബ്ലാക്ക് ലിസ്റ്റ് ചെയ്യാനുള്ള നടപടി എന്തുകൊണ്ടാണ് സർക്കാരിന് സ്വീകരിക്കാൻ സാധിക്കാത്തത്; എവിടെയാണ് ഇതിന്റെ പോരായ്മ; ഇത് കണ്ടെത്തി പരിഹരിക്കേണ്ടതില്ലേ; ഇതിൽ രാഷ്ട്രീയമുണ്ടോ? ഇക്കാര്യത്തിലൊക്കെ നേതൃപരമായ പിഴവ് സംസ്ഥാനതലത്തിലും വകുപ്പിന്റെ എല്ലാതലങ്ങളിലും വളരെ പ്രകടമാണ്. ഇവിടെ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പി.ഡബ്ല്യു.ഡി.-യുടെ പ്രവർത്തനങ്ങൾ വിലയിരുത്താൻ വേണ്ടി ഒരു കമ്മിറ്റി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. ഞങ്ങളൊക്കെ അതിനെ സ്വാഗതം ചെയ്തു. അതിന്റെ യോഗങ്ങൾ അതത് മാസം കൃത്യമായി കൂടാറുണ്ട്. പലപ്പോഴും അത് നല്ല നിലയിൽ മുന്നോട്ടുപോകാറുമുണ്ട്. പക്ഷെ പുതിയ ആശയമെന്ന നിലയിൽ അതും 100

ശതമാനം പൂർണ്ണതയിലെത്തിക്കാനുള്ള ശ്രമമുള്ളതായി കാണുന്നില്ല. പല തീരുമാനങ്ങളും സമയത്ത് നടക്കുന്നില്ല. 140 നിയോജകമണ്ഡലങ്ങളിലെയും അവലോകനങ്ങൾ സംബന്ധിച്ച് കൃത്യമായാണോ നടക്കുന്നതെന്നും അതിന് പുരോഗതിയുണ്ടോയെന്നും അതിൽ പരിഹരിക്കപ്പെടാത്ത വിഷയങ്ങൾ എന്തൊക്കെയാണെന്നും കണ്ടെത്തി ഇക്കാര്യങ്ങളിൽ ഒരു പൂർണ്ണത കൈവരിക്കാനുള്ള നടപടി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സ്വീകരിക്കണമെന്ന് ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്? റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് മതിയായ തുക ബജറ്റിൽ വകയിരുത്തുന്നില്ല. ബജറ്റിൽ അനുവദിക്കുന്നതും മറ്റ് പ്രത്യേക പദ്ധതികൾ അനുവദിക്കുന്നതുമൊക്കെ ഇപ്പോൾ ബി.എം. ആൻഡ് ബി.സി. ടാറിങ്ങിനാണ്. അല്ലാതെയുള്ള നിർമ്മാണങ്ങളൊന്നും ഇക്കാലത്ത് അനുവദിക്കപ്പെടുന്നില്ല. അങ്ങനെയുള്ള റോഡുകളുടെ നിർമ്മാണച്ചെലവ് കൂടുതലായതുകൊണ്ട് ചെറിയ ഭാഗം മാത്രമാണ് നിർമ്മിക്കാൻ സാധിക്കുന്നത്. പി.ഡബ്ല്യൂ.ഡി. റോഡുകൾ ഏറ്റവും കൂടുതലുള്ള ഒരു നിയോജകമണ്ഡലമാണ് എന്റേത്. ആ നിയോജകമണ്ഡലത്തിൽ ബജറ്റിൽ അനുവദിക്കുന്ന ചെറിയ വർക്ക് മാത്രമാണ് ലഭിക്കുന്നത്. മറ്റ് പല നിയോജകമണ്ഡലങ്ങളിലെയും

സ്ഥിതി അതുപോലെതന്നെയാണ്. ചെലവ് കൂടിയ വർക്ക് ആയതുകൊണ്ടുതന്നെ തകർന്ന് കിടക്കുന്ന മറ്റനേകം റോഡുകൾ നവീകരിക്കേണ്ട ഈ ഘട്ടത്തിൽ ഇപ്പോൾ നിലവിലുള്ള റീടാറിങ്ങ് സംവിധാനം മാത്രം മതിയാകുമോ; ഇപ്പോൾ തുണികഷ്ണങ്ങൾകൊണ്ട് കീറിയ കോട്ട് തയ്ച്ചുപിടിപ്പിക്കുന്നത് പോലെയാണ് കേരളത്തിലെ റോഡുകളുടെ ഇന്നത്തെ അവസ്ഥ. അതിലൂടെ യാത്ര ചെയ്യാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്. ഇതുസംബന്ധിച്ച് എന്താണ് സമീപനമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി വ്യക്തമാക്കണം. കാരണം, എല്ലാ റോഡുകളും ബി.എം. ആൻഡ് ബി.സി. ആക്കാൻ സാധിക്കില്ലെന്ന് നമുക്കറിയാം. പക്ഷേ ഇതിനുള്ള രണ്ടാമത്തെ ഓപ്ഷൻ എന്താണ്? ഈ നിലവാരമില്ലാത്ത റീടാറിങ്ങ്, എല്ലാവർഷവും റീടാറിങ്ങ് നടത്തേണ്ട അവസ്ഥ, ആ റീടാറിങ്ങ് തന്നെ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിക്കാത്ത അവസ്ഥ, അതിലെ ഗുണനിലവാരക്കുറവ് എന്നിവയൊക്കെ വളരെ കൃത്യമായി ആലോചിച്ച് പ്രഖ്യാപിക്കേണ്ടതും കൃത്യമായ തീരുമാനം എടുക്കേണ്ടതും അതുസംബന്ധിച്ച് ഒരു നയം തന്നെ സർക്കാർ ഇവിടെ

പ്രഖ്യാപിക്കേണ്ടതുണ്ട്. ഇക്കാര്യങ്ങൾ വളരെ ഗൗരവമായി ആലോചിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ബജറ്റിന്റെ കാര്യത്തിലും മറ്റ് പദ്ധതികൾ പ്രഖ്യാപിക്കുന്ന രംഗത്തും വളരെയേറെ രാഷ്ട്രീയ വിവേചനമുണ്ട്. അക്കാര്യം ഇവിടെ എല്ലാവരും സൂചിപ്പിച്ചിട്ടുമുണ്ട്. അതുകൊണ്ടുതന്നെ ഞാനത് ആവർത്തിക്കുന്നില്ല. പ്രത്യേകിച്ച് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ഇക്കാര്യങ്ങളിലൊക്കെ കൂടുതൽ രാഷ്ട്രീയമനോഭാവം കാണിക്കുന്നത് ഞങ്ങൾക്കൊക്കെ അനുഭവിച്ചറിയാൻ സാധിച്ചിട്ടുണ്ട്. സർക്കാർ സി.എം.ടി. മീറ്റിങ് പ്രഖ്യാപിച്ചപ്പോൾ ഞങ്ങളെല്ലാവരും സഹകരിച്ചില്ലേ; ഞങ്ങളെല്ലാവരും യോഗം വിളിക്കുന്നില്ലേ; പക്ഷെ മർമ്മപ്രധാനമായ കാര്യങ്ങളിൽ ജനപ്രതിനിധികൾപോലും അറിയാതെയാണ് പലതും ഇവിടെ തീരുമാനിക്കപ്പെടുന്നത്. പാർട്ടി കമ്മിറ്റികളാണ് തീരുമാനങ്ങളെടുക്കുന്നത്. പാർട്ടി ഓഫീസുകളിലാണ് ഉദ്ഘാടന ചടങ്ങുകൾ സംഘടിപ്പിക്കുന്നത്. ഇതൊക്കെ വളരെ വിചിത്രമായ കാര്യങ്ങളാണ്. ഞങ്ങൾക്കെല്ലാവർക്കും പ്രതീക്ഷയുണ്ടായിരുന്ന ശ്രീ. പി. എ. മുഹമ്മദ് റിയാസിനെപ്പോലെ ഒരു മന്ത്രി ഇത്തരമൊരു നിലവാരത്തിലേക്ക് പോകുന്നത് ശരിയല്ല.

കേരളത്തെ സംബന്ധിച്ച് ഏറ്റവും സാധ്യതയുള്ള ഒരു വകുപ്പാണ് ടൂറിസം. കോവിഡിനുശേഷം വളരെ ഗുരുതരമായ പ്രതിസന്ധി ഈ രംഗത്തുണ്ടായിട്ടുണ്ട്. എല്ലാ മേഖലയ്ക്കും തുല്യമായ പരിഗണന ആവശ്യമാണ്. അറിയപ്പെടുന്ന ചില ടൂറിസം കേന്ദ്രങ്ങളെ മാത്രം പ്രൊജക്റ്റ് ചെയ്യാനുള്ള ഒരു ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. എന്നാൽ സാധ്യതയുള്ള ചില ടൂറിസം കേന്ദ്രങ്ങളെ അവഗണിക്കുകയും ചെയ്യുന്നു. അതിനുവേണ്ടിയുള്ള കൂട്ടായ പ്രവർത്തനമോ, കോ-ഓർഡിനേഷനോ, റിവ്യൂ മീറ്റിങ്ങുകളോ ഇല്ല. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം, കഴിഞ്ഞ നാല് വർഷമായി, നാളിതുവരെ കണ്ണൂർ ജില്ലയിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ഒരു റിവ്യൂ മീറ്റിങ് സംഘടിപ്പിച്ചിട്ടില്ല. ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി അക്കാര്യം അന്വേഷിച്ചിട്ടുമില്ല. ഞങ്ങൾ പലതവണ ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പ്രധാനപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ എന്താണ് നടക്കുന്നത്; അവ പഴയതിനേക്കാളും മോശം അവസ്ഥയിലാണ്. എന്റെ നിയോജകമണ്ഡലത്തിൽ, ഏകദേശം 4000 മുതൽ 5000 വരെ ആളുകൾ എത്തിച്ചേർന്നിരുന്ന പാലക്കയംതട്ട് എന്ന ടൂറിസം കേന്ദ്രത്തിൽ നിലവിൽ 1000 മുതൽ 1500 വരെ ആളുകൾ മാത്രമാണ്

എത്തുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ പോരായ്മയാണ് ഇതിന് കാരണം. ഞാനൊരു ഉദാഹരണം ചൂണ്ടിക്കാണിച്ചുവെന്നേയുള്ളൂ. സന്തുലിതമായ ഒരു വികസനമാണ് ടൂറിസം രംഗത്ത് നമ്മൾ ആഗ്രഹിക്കുന്നത്. ആ നിലയിൽ കാലഘട്ടത്തിനനുസരിച്ച് ടൂറിസം മേഖലയിൽ മാറ്റമുണ്ടാക്കാൻ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി ശ്രമിക്കണമെന്ന് സ്നേഹപൂർവം ഞാൻ അഭ്യർത്ഥിക്കുന്നു.

ഭൂനികുതിയുടെ കാര്യത്തിൽക്കൂടി ഒരു വാചകം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഭൂനികുതി വർധിപ്പിച്ചത് അടിയന്തരമായി പിൻവലിക്കണം. പഞ്ചായത്തുകളിൽ ഭൂനികുതി അടയ്ക്കുന്നവരെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. നിലവിൽ അവരുടെ കൃഷിയിടങ്ങളിൽനിന്നും ഒരു രൂപപോലും വരുമാനമില്ല. വന്യമൃഗശല്യം കാരണം അങ്ങോട്ടേക്ക് പോകാൻ പോലും കഴിയില്ല. കാലാവസ്ഥാ വ്യതിയാനംമൂലം കൃഷി അസാധ്യമായ സാഹചര്യത്തിൽ ഒരു വരുമാനവുമില്ലാത്ത കർഷകരിൽനിന്നും അൻപത് ശതമാനം ഇരട്ടി നികുതി വാങ്ങുന്നത് തികഞ്ഞ ജനവഞ്ചനയാണ്. അതുകൊണ്ട്, ചുരുങ്ങിയപക്ഷം പഞ്ചായത്തുകളിലെങ്കിലും ഭൂനികുതി

വർധിപ്പിച്ച നടപടി പിൻവലിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലെ പൊതുമരാമത്ത്, വിനോദസഞ്ചാരം, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വില്പന നികുതിയും, ജില്ലാ ഭരണവും പലവകയും, ഭവന നിർമ്മാണം തുടങ്ങിയ ധനാഭ്യർഥനകളെ പിന്തുണയ്ക്കുന്നു. എല്ലാ മേഖലയ്ക്കും തുല്യപ്രാധാന്യം നൽകുന്ന ഒരു ബജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചത്. തികഞ്ഞ അച്ചടക്കത്തിലൂടെ നടത്തിയ ധനവിനിയോഗത്തിലൂടെ, ധനഞെരുക്കത്തിന്റെ തീക്ഷ്ണത കുറയ്ക്കാൻ കഴിയുമെന്ന് അദ്ദേഹം ബജറ്റിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല വരുംവർഷങ്ങളിൽ നമ്മുടെ ധനസ്ഥിതി നന്നായി മെച്ചപ്പെടുത്താൻ കഴിയുമെന്നും അദ്ദേഹം വ്യക്തമാക്കിയിരിക്കുകയാണ്. സംസ്ഥാനം ധനപ്രതിസന്ധി നേരിട്ടപ്പോൾ അക്കാര്യം മറച്ചുപിടിക്കാതെ ജനങ്ങളോട് തുറന്നുപറഞ്ഞ് പരിഹാരം കാണാനാണ് അദ്ദേഹം ശ്രമിക്കുന്നത്. എന്നാൽ ഇപ്പോൾ ധനസ്ഥിതി മെച്ചപ്പെട്ട് നല്ലരീതിയിൽ മുന്നോട്ടുവരുമെന്ന് വിശ്വസിക്കപ്പെടുന്ന സമയം

കൂടിയാണെന്ന് ഓർക്കേണ്ടതുണ്ട്. യാഥാർത്ഥ്യബോധം നന്നായി നിഴലിക്കുന്ന ഒരു ബജറ്റാണിതെന്ന് ഏതൊരാളും സമ്മതിക്കുന്ന തരത്തിലുള്ള കാര്യങ്ങളാണ് അദ്ദേഹം പറഞ്ഞുവച്ചിരിക്കുന്നത്. സംസ്ഥാനത്തോട് രാഷ്ട്രീയപക്ഷപാതവും തുടർച്ചയായ അവഗണനയുമാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നത്. അവിടെനിന്നും ഉന്നയിക്കപ്പെടുന്ന നിരവധി വിഷയങ്ങളിൽ നാം വളരെ വ്യക്തതയോടുകൂടി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നോക്കിക്കാണേണ്ടതും അതിനെതിരെ പോരാടേണ്ടതുമുണ്ട്. കേന്ദ്ര അവഗണനയെ അതിജീവിക്കാനും സംസ്ഥാനത്തെ മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള സമീപനങ്ങളും വളരെ വ്യക്തമായി ധനകാര്യ വകുപ്പുമന്ത്രി ബജറ്റിൽ ഉയർത്തിപ്പിടിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ കടുത്ത അവഗണന സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടെന്നത് ഏതൊരു കൊച്ചുകുഞ്ഞിനും അറിയാവുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. സംസ്ഥാനത്തിന്റെ ധനപ്രതിസന്ധി ജനങ്ങളിൽ വലിയ രീതിയിലുള്ള ആശങ്ക ഉളവാക്കണം, വലിയ പ്രശ്നങ്ങളുണ്ടാക്കണം, അങ്ങനെ അവർ സർക്കാരിനെതിരായി തിരിയണം. ഇത്തരത്തിൽ രാഷ്ട്രീയ

ലാഭമുണ്ടാക്കാൻ കേന്ദ്രസർക്കാർ വളരെ ആസൂത്രിതമായി ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കേരളത്തിലെ പ്രതിപക്ഷവും ഇതിന് അനുകൂലമായ ഒരു സമീപനം സ്വീകരിക്കേണ്ടതുണ്ടോ എന്നതാണ് യഥാർഥ വിഷയം. കേന്ദ്രസർക്കാർ ഒരു അജണ്ട തയ്യാറാക്കി വലിയ രീതിയിൽ ആസൂത്രണം ചെയ്യുമ്പോൾ, അതിനുപിന്നാലെ നിൽക്കുന്ന ഒരു പ്രതിപക്ഷമായി നമ്മുടെ പ്രതിപക്ഷം മാറുന്നു എന്നതാണ് ഏറ്റവും വിഷമകരമായ സംഗതി. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ അവതരിപ്പിച്ച ബജറ്റ് നമ്മളെല്ലാവരും കണ്ടതാണ്. അതിൽ കേരളത്തോടുള്ള സമീപനം എന്തായിരുന്നു; കേരളത്തിന്റെ ന്യായമായിട്ടുള്ള ഏതെങ്കിലും ഒരാവശ്യം നിർവഹിക്കുന്നതിനുള്ള തുക കേന്ദ്ര ബജറ്റിലുണ്ടായിരുന്നോ; വയനാട് ദുരന്തത്തെ സംബന്ധിച്ച് ജനങ്ങളെ സഹായിക്കുന്നതിനായി ഏതെങ്കിലുമൊരു പാക്കേജോ നിർദേശമോ വന്നിട്ടുണ്ടോ? ഇവിടെനിന്നും 18-19 എം.പി.-മാർ അങ്ങോട്ടേക്ക് പോയിട്ടുണ്ടല്ലോ. അവിടെച്ചെന്ന് വളരെ കണിശമായ ഒരു സമീപനമെടുക്കാൻ കഴിഞ്ഞോ, ശ്രീ. രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള വ്യക്തികൾ അവിടെ പ്രതിപക്ഷ നിരയിൽ നേതാക്കളായിട്ടിരിക്കുകയാണ്.

അതിശക്തമായ നിലപാടുകൾ സ്വീകരിക്കാൻ അദ്ദേഹത്തിനോ പാർട്ടിക്കോ പ്രസ്ഥാനത്തിനോ കഴിഞ്ഞിട്ടുണ്ടോയെന്നത് വസ്തുതാപരമായി പരിശോധിക്കപ്പെടേണ്ട സമയം കൂടിയാണിത്. ബഹുമാനപ്പെട്ട പ്രധാനമന്ത്രി വയനാട് ദുരന്തസ്ഥലത്തെത്തി, അവിടം സന്ദർശിച്ചു, മടങ്ങി. ആ അവസരത്തിൽ നമ്മൾ എന്തെങ്കിലുമൊക്കെ പ്രതീക്ഷിക്കുകയും ചെയ്തു. ഇതുവരെ എന്തെങ്കിലും ലഭിച്ചോ; ഇല്ലല്ലോ. ഏറ്റവുമൊടുവിൽ വയനാടിനായി പ്രഖ്യാപിച്ച വായ്പപോലും സമയബന്ധിതമായി ലഭ്യമാക്കാതെ കെട്ടിപ്പൂട്ടി വച്ചിരിക്കുകയാണ്. അവർ അതിന് പലതരം കാരണങ്ങളാണ് പറയുന്നത്. 'പൊതിക്കാത്ത തേങ്ങ' എന്ന് നമ്മൾ സാധാരണ ഭാഷയിൽ പറയുന്ന ഒരു രീതിയിൽ കേന്ദ്രസർക്കാർ മുന്നോട്ടുപോകുകയാണ്. കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതം, ഗ്രാന്റ് എന്നിവയിലെല്ലാം വലിയ തിരിച്ചടിയാണുണ്ടായത്.

ഈ സർക്കാരിന്റെ കാലത്ത് റവന്യൂ കമ്മിയും ധനക്കമ്മിയും കടത്തിന്റെ ഭാരവും ഗണ്യമായി കുറയ്ക്കാൻ സാധിച്ചില്ലേ, അതൊന്ന് പരിശോധിക്കേണ്ടതല്ലേ. അതുമാത്രമല്ല, ഈ സർക്കാർ നന്നായി സാമ്പത്തിക അച്ചടക്കം പാലിക്കുന്നില്ലേ. തനതുനികുതി നികുതിയേതര വരുമാനം എന്നിവ

വർധിപ്പിക്കുന്നതിൽ നല്ലരീതിയിൽതന്നെ മുന്നോട്ടുപോകാൻ ഈ സർക്കാരിന് കഴിഞ്ഞു എന്നതന്നെയാണ് എല്ലാവരും വിശ്വസിക്കുന്നത്. സംസ്ഥാനത്തുണ്ടായ സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിലും ചെലവുകൾക്ക് ഏതെങ്കിലും രീതിയിലുള്ള കുറവ് വരുത്തിയിട്ടുണ്ടോ? ധനകാര്യ വകുപ്പുമന്ത്രി എല്ലായ്പ്പോഴും നിയമസഭയിൽ പറയുന്ന ഒരു കാര്യമാണിത്. എത്രയൊക്കെ പ്രശ്നങ്ങൾ വന്നപ്പോഴും കേരളത്തിന്റെ അടിസ്ഥാനപരമായ ആവശ്യങ്ങളിൽ ഒരു തരിപോലും പിന്നോട്ടുപോകാതെ ഏറ്റവും കൂടുതൽ മുന്നോട്ട് കുതിക്കാനുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചിട്ടുള്ളത്. വികസന-ക്ഷേമ പ്രവർത്തനങ്ങൾ അനുസ്യൂതം മുന്നോട്ട് കൊണ്ടുപോകുകയാണ്. സർക്കാരിനെ സംബന്ധിച്ച് ഏറെ അഭിമാനകരമായ സംഗതിയാണിത്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നുംരണ്ടും ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഏറ്റെടുക്കുകയും നടപ്പാക്കുകയും ചെയ്ത പദ്ധതികളെ സംബന്ധിച്ച്, കേരളത്തിന്റെ ചരിത്രം നന്നായി വിശകലനം ചെയ്ത ഏതൊരാൾക്കും മനസ്സിലാക്കാൻ കഴിയും. അപൂർവമായ, സമാനതകളില്ലാത്ത എന്നൊക്കെ വിശേഷിപ്പിക്കാൻ കഴിയുന്ന പദ്ധതികളാണ് അവ. നവകേരളം

സൃഷ്ടിക്കുക എന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിതമായ ലക്ഷ്യം സാക്ഷാത്കരിക്കാനുള്ള നിരവധി പരിപാടികൾ ഓരോ ദിവസവും സർക്കാർ ഏറ്റെടുത്ത് വിജയിപ്പിക്കുകയാണ്. കഴിഞ്ഞ എട്ട് വർഷംകൊണ്ട് കേരളത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിലുണ്ടായിട്ടുള്ള മാറ്റം അത്ഭുതത്തോടെയാണ് ആളുകൾ നോക്കുന്നത്. പൊതുമരാമത്ത് വകുപ്പിൽ ദേശീയപാത 66, മലയോര ഹൈവേ, തീരദേശ ഹൈവേ എന്നിവയുടെ വികസന പദ്ധതികൾക്കൊപ്പംതന്നെ പാലങ്ങൾ, ഗ്രാമീണ റോഡുകളുടെ വികസനം എന്നിവയെല്ലാം എടുത്തുപറയാൻ കഴിയുന്നതാണ്. നമ്മുടെ സാമ്പത്തിക പ്രശ്നങ്ങളെല്ലാം നിലനിൽക്കുന്ന സാഹചര്യത്തിലാണ് ഇതെല്ലാം സാധിക്കുന്നതെന്നുകൂടി മനസ്സിലാക്കേണ്ടതുണ്ട്. എറണാകുളം, അഴീക്കോട്, മുനമ്പം ഉൾപ്പെടെയുള്ള നിയോജകമണ്ഡലത്തിലെ പ്രതിനിധികൾ എത്രയോ നാളുകളായി ആഗ്രഹിച്ച പാലം നിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ഈ ഭരണകാലത്താണ് സാധ്യമാകുന്നത്. 50 ശതമാനത്തിലേറെ കാര്യങ്ങളിൽ മുന്നോട്ടുപോകാൻ കഴിഞ്ഞു. വർക്കുകൾ വളരെ ഗംഭീരമായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പ് നടത്തുന്ന

നേതൃത്വപരമായ പ്രവർത്തനങ്ങൾക്ക് ഒരിക്കൽക്കൂടി നന്ദി പറയാൻ ഈ അവസരം പ്രയോജനപ്പെടുത്തുകയാണ്. അതുപോലെ ഗ്രാമീണ റോഡുകളുടെ കാര്യമെടുത്താൽ 1000 കോടി രൂപയുടെ റോഡുകളാണ് യഥാർത്ഥ്യമാകാൻ പോകുന്നത്. കൂടാതെ ചെറുകിട പാലങ്ങൾ വേറെയും നിർമ്മിക്കുന്നുണ്ട്. ഇതിനപ്പുറത്തേക്ക് ഞങ്ങൾക്ക് വളരെയേറെ സന്തോഷം നൽകുന്ന മറ്റൊരുകാര്യം, പാലങ്ങളുടെ സമീപപ്രദേശങ്ങളിലെ സ്ഥലങ്ങൾ ഇപ്പോൾ വളരെ നല്ല രീതിയിലാണുള്ളത്. പൊതുമരാമത്തും ടൂറിസവും വകുപ്പുകൾ കൈകാര്യം ചെയ്യുന്നത് ഒരു മന്ത്രിയായതുകൊണ്ടാകാം പല പുതിയ റോഡുകളുടേയും പാലങ്ങളുടേയും ഭാഗങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ ടൂറിസത്തിന്റെ ഫീലിങ്കൂടി ഉണ്ടാകുന്നത്. അവിടെ ഒരുപക്ഷെ പാലമായിരിക്കും നിർമ്മിക്കപ്പെട്ടത്. അതിന്റെ ഭാഗമായുണ്ടായ ഉപയോഗ്യശൂന്യമായ സ്ഥലമാണ് (ഇന്നലെ വേറെ ആളുകൾ ഉപയോഗിച്ചിരുന്ന സ്ഥലമാണ്, നമ്മുടെ സമൂഹത്തിന് ഇഷ്ടപ്പെടാത്ത പലതും നടന്ന സ്ഥലമാണ്), അവിടെയൊക്കെ എത്ര വൃത്തിയിലും ഭംഗിയിലും മനോഹരവുമായാണ് ഇപ്പോൾ കാര്യങ്ങൾ സജ്ജീകരിച്ചിട്ടുള്ളത്. അവരുടെ

വിഷൻ വളരെ വലുതാണ്. ഡിസൈനിംഗ്, കളറിംഗ്, ലൈറ്റിംഗ് ഉൾപ്പെടെ പുതിയ സംവിധാനങ്ങളിലേക്ക് കടക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഇക്കാര്യങ്ങളിലൊക്കെ നമുക്കേറെ ദൂരം മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ **പ**ത്ത് സ്ലാബുകൾ പത്തുതരത്തിൽ ഇട്ടുകാണുമ്പോൾ ഇങ്ങനെയൊക്കെ സ്ലാബിടാൻ കഴിയുമോയെന്ന് അതിശയിച്ചുപോയിട്ടുണ്ട്. ഇപ്പോൾ അവരും കാര്യങ്ങൾ പഠിച്ചു തുടങ്ങിയിട്ടുണ്ട്. ഇതൊക്കെ നിർമ്മിക്കുമ്പോൾ അതിന്റെ ഭംഗി ഓരോന്നിലും സൂക്ഷിക്കപ്പെടണമെന്ന് എഞ്ചിനീയർമാരും ഉദ്യോഗസ്ഥ സുഹൃത്തുക്കളും ഉൾപ്പെടെ ചിന്തിക്കുന്ന കാലഘട്ടമാണ്. ഈ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 29522 കിലോമീറ്റർ റോഡിൽ 14883 കിലോമീറ്റർ റോഡ് BM&BC ചെയ്തുകഴിഞ്ഞു. ഇനി വളരെ കുറച്ച് കിലോമീറ്ററുകൾ മാത്രമെ BM&BC ചെയ്യാനുള്ളൂ. അധികം വൈകാതെ തന്നെ ബാക്കിയുള്ള റോഡുകളും BM&BC നിലവാരത്തിലേക്ക് ഉയർത്താൻ കഴിയുന്ന രീതിയിലുള്ള പദ്ധതി തയ്യാറാക്കുന്നുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.

കോവിഡിന്റെ ആഘാതത്തിൽ കേരള ടൂറിസം വല്ലാത്ത തിരിച്ചടി നേരിട്ടു. അന്ന് നമുക്ക് എന്നെങ്കിലും തിരിച്ചുവരാൻ കഴിയുമെന്ന് എനിക്ക് തോന്നിയിട്ടില്ല. അത്രമാത്രം പ്രത്യാഘാതങ്ങളും പ്രശ്നങ്ങളുമുണ്ടായിരുന്നു. കേരളത്തിന്റെ ടൂറിസം മേഖല ഇപ്പോൾ മത്സരിക്കുന്നത് ഇന്ത്യയിലെ സംസ്ഥാനങ്ങളോടല്ല, മറിച്ച് മറ്റുരാജ്യങ്ങളോടാണ്. കേരളത്തിന്റെ ടൂറിസം രംഗത്തിന് ഇത്തരത്തിൽ മത്സരിക്കാൻ കഴിയുന്നുയെന്നത് എത്രമാത്രം അഭിമാനകരമായ കാര്യമാണ്. അതുപോലെതന്നെ പ്രധാനപ്പെട്ടവയാണ് ഹൗസ്ബോട്ടിങ്, കാരവാൻ ടൂറിസം എന്നിവ. ജർമ്മനി, സ്വിറ്റ്സർലാന്റ് എന്നീ രാജ്യങ്ങളിൽനിന്നും പതിനാറ് കാരവനുകളിലായി മുപ്പത്തിയൊന്ന് സഞ്ചാരികൾ കേരളത്തിൽ വന്നുവെന്ന് അടുത്ത കാലത്ത് പത്രത്തിൽ വായിച്ചു. ടൂറിസത്തിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി നടപ്പാക്കുന്ന 'ഹെലി ടൂറിസം' പദ്ധതി വളരെ പ്രത്യേകതയുള്ളതാണ്. ക്രൂയിസ് ടൂറിസം, സീപ്ലെയിൻ ടൂറിസം, ലിറ്ററി സർക്യൂട്ട് ടൂറിസം പദ്ധതി, അഡ്വഞ്ചർ ടൂറിസം, സിനി ടൂറിസം, ബീച്ച് ടൂറിസം എന്നിവയുടെ അനന്തമായ സാധ്യതകൾ ഉപയോഗപ്പെടുത്തി ഓരോ സ്പേസിലും

ഓരോ കേന്ദ്രങ്ങളിലും നമുക്ക് സഞ്ചാരികളെ എത്തിക്കാൻ കഴിയണം. അത് കേരളത്തിന്റെ വികസനത്തിനും ഇപ്പോൾ ഉണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി ഉൾപ്പെടെ പരിഹരിക്കാനും എങ്ങനെ കഴിയുമെന്നുള്ളതിന് നല്ലരീതിയിലുള്ള ഫ്രെയിം വർക്കാണ് വകുപ്പും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും വളരെ ആത്മാർഥമായി ആ സമീപനങ്ങളെയെല്ലാം അഭിനന്ദിക്കാൻകൂടി ഈ അവസരം പ്രയോജനപ്പെടുത്തുകയാണ്.

അതുപോലെതന്നെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉയർത്തിപ്പിടിച്ച വലിയൊരു തലവാചകമുണ്ട്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്' അത് അക്ഷരാർഥത്തിൽ യാഥാർഥ്യമായിക്കൊണ്ടിരിക്കുകയാണ്. എത്ര അഭിമാനപൂർവമാണ് പട്ടയം ലഭിച്ച ആളുകൾ അതിന്റെ അവകാശരേഖയും കൈയ്യിൽപിടിച്ച് മന്ത്രിയെയും മറ്റ് ആളുകളെയുമൊക്കെ കെട്ടിപ്പിടിച്ച് കരയുന്നത്. ആത്മാർഥമായ കണ്ണുനീരാണ് അവരുടെ കണ്ണുകളിൽനിന്നും ഒഴുകുന്നത്. പട്ടയം ലഭിക്കുന്നതിനുവേണ്ടി അവർ ഇന്നലെവരെ എത്രയോ വാതിലുകളിൽ

മുട്ടിയിട്ടുണ്ടാകും. ഇപ്പോൾ പലവിധത്തിലുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. റവന്യൂ അസംബ്ലി, സെക്രട്ടേറിയറ്റ്, താലൂക്കിൽ കേന്ദ്രം ഇത്തരത്തിൽ പട്ടയം മിഷൻ ഉൾപ്പെടെയുള്ള പലവിധ സജ്ജീകരണങ്ങൾ ചെയ്ത് വലിയ രീതിയിലുള്ള പ്രവർത്തനങ്ങൾ കാഴ്ചവച്ച് മുന്നോട്ടുപോകാൻ റവന്യൂ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ ചരിത്രത്തിൽതന്നെ ഡിജിറ്റൽ സർവെ എന്നത് പുതിയ അധ്യായമാണ്. പല സംസ്ഥാനങ്ങളിൽനിന്നും ഇതിനെക്കുറിച്ച് പഠിക്കാൻ കേരളത്തിലേക്ക് ഉദ്യോഗസ്ഥ സുഹൃത്തുക്കൾ വരികയാണ്. ഇന്നലെവരെ ഇല്ലാത്ത പുതുമയാർന്ന മാതൃകകൾ സൃഷ്ടിക്കാൻ കേരളത്തിന് കഴിയുമെന്നതാണ് ഇതിൽനിന്നും മനസ്സിലാകുന്നത്. പ്രിയപ്പെട്ടവരെ, നമ്മുടെ സംസ്ഥാനം ചിലപ്പോൾ ചെറുതായിരിക്കാം. പക്ഷേ ചിന്തകൊണ്ട് കേരളം ഇന്ന് ഏത് സംസ്ഥാനത്തിന്റെയും മുന്നിൽ നിൽക്കുന്ന സംസ്ഥാനമായി മാറിയിട്ടുണ്ട്. നിലവിലുള്ള റിപ്പോർട്ടുപ്രകാരം ചുരുങ്ങിയ സമയത്തിനുള്ളിൽ 217 വില്ലേജുകളിൽ ഡിജിറ്റൽ സർവെ പൂർത്തിയായിട്ടുണ്ട്. 438 വില്ലേജുകളിൽ സർവെ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. സ്മാർട്ട് വില്ലേജ്, ഓൺലൈൻ സംവിധാനങ്ങൾ, വാതിൽപ്പടി സേവനങ്ങൾ എന്നിവയെല്ലാം

റവന്യൂ വകുപ്പിന്റെ മുഖച്ഛായ നന്നായി മാറ്റിയിരിക്കുന്നു. ലോക കേരള സഭയുമായി ബന്ധപ്പെട്ട് നിരവധി വിഷയങ്ങൾ ഉയർന്നുവന്നിരുന്നു. അതിൽ പ്രധാനപ്പെട്ടത് വിദേശത്തുള്ള ആളുകൾക്ക് ഇവിടെയുള്ള ഭൂമി സംബന്ധമായ കാര്യങ്ങൾ ഒന്നുംതന്നെ ചെയ്യാൻ സാധിക്കുന്നില്ലെന്നതാണ്. അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി പുതിയ പരിപാടിയായ 'പ്രവാസി മിത്രം' പോർട്ടൽ രൂപീകരിച്ചു. എത്ര നന്നായി ഓരോ വിഷയങ്ങളും കേൾക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നുയെന്നുള്ളതിന്റെ നല്ല ഉദാഹരണമായി പ്രവാസി സുഹൃത്തുക്കൾ എടുത്തുകാണിക്കുന്ന ഒന്നാണ് പ്രവാസി മിത്രം പോർട്ടൽ പദ്ധതി. ഞാൻ എല്ലാ കാര്യങ്ങളെക്കുറിച്ചും വിശദമായി പറയുന്നില്ല. നമ്മുടെ സംസ്ഥാനത്ത് ധാരാളം പദ്ധതികൾ മനോഹരമായി നടപ്പാക്കുന്നതിന് നേതൃത്വം നൽകാൻ റവന്യൂ വകുപ്പുമന്ത്രിക്ക് കഴിയുന്നുണ്ട്. കേരളം കൈവരിച്ച നേട്ടങ്ങളെയെല്ലാം ഞെരുക്കാനുള്ള സാമ്പത്തികമായ ഉപരോധം സൃഷ്ടിക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ പ്രകാരം റവന്യൂ വരുമാനത്തിന്റെ 62.3 ശതമാനം കേന്ദ്രത്തിന് ലഭിക്കുമ്പോൾ ചെലവിന്റെ 37.7 ശതമാനം സംസ്ഥാനങ്ങൾ വഹിക്കണം.

അങ്ങനെ വലിയ വിവേചനം കാണിക്കുമ്പോൾ നമുക്കൊരുമിച്ച് അതിനെതിരെ പോരാടാം. എല്ലാ കാര്യത്തിലും കേരള നിയമസഭയ്ക്ക് വലിയ പ്രാധാന്യമുണ്ട്. അതുകൊണ്ടുതന്നെ പലപ്പോഴും ഇവിടെ ചോദിക്കുന്ന ഒരു ചോദ്യം കേട്ടിട്ടുണ്ട്. ഇവിടെ എന്താണ് നിങ്ങളുടെ പ്രയോറിറ്റിയെന്നാണ് ചോദിക്കുന്നത്? അടിസ്ഥാനപരമായ എല്ലാ കാര്യങ്ങളും ലൈഫ് മിഷൻ, വിദ്യാഭ്യാസം, ആരോഗ്യം, മറ്റുമേഖലകൾ എന്നിവയിൽ വലിയ പദ്ധതികൾ നടപ്പാക്കിക്കൊണ്ട് സമസ്ത മേഖലകളുടെയും പുരോഗതിയാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഏറ്റവും പ്രയാസം അനുഭവിക്കുന്ന, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്ന് നമ്മൾ എപ്പോഴും പറയുന്ന ജനവിഭാഗത്തിന്റെ പുരോഗതി തന്നെയാണ് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നതെന്നത് വളരെ വ്യക്തമാണ്.

നമ്മുടെ റവന്യൂ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട് ചില പത്ര വാർത്തകൾ കണ്ടിരുന്നു. പരുന്തുംപാറയുമായി ബന്ധപ്പെട്ട വിഷയം എന്താണെന്ന് വിശദീകരിക്കാൻ കഴിയുമെങ്കിൽ അക്കാര്യംകൂടി പറയണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഒരു സാധാരണ പൗരൻ ആഗ്രഹിക്കുന്ന കാര്യങ്ങളെല്ലാം

നടപ്പാക്കാൻ കഴിയുന്ന ഒരു ഗവൺമെന്റും അതിന് ആവശ്യമായിട്ടുള്ള ബജറ്റും ഇവിടെ തയ്യാറാവുകയാണ്. അത് കൂടുതൽ ശക്തിയായി മുന്നോട്ടുപോകണമെന്ന് മാത്രം ആഗ്രഹിക്കുന്നു. കേന്ദ്രത്തിന്റെ സാമ്പത്തിക ഉപരോധത്തിനെതിരായും നമ്മുടെ ആവശ്യങ്ങൾ നേടിയെടുക്കാനുള്ള ശ്രമത്തിലും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ചുനിൽക്കണമെന്ന് അഭ്യർഥിക്കുന്നു. നമുക്ക് ഇനിയും ഒരുമിച്ചിരിക്കണം, ഭരണപക്ഷവും പ്രതിപക്ഷവുമായി ഇപ്പുറത്തും അപ്പുറത്തുംതന്നെ ഇനിയും ഇരിക്കേണ്ടി വരുമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർഥനകളെ എല്ലാ അർഥത്തിലും പിന്തുണയ്ക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം അസംബ്ലിയിൽ മൂന്നാം തവണയും പിണറായി സർക്കാർ അധികാരത്തിൽ വരുമെന്ന് പറയുകയുണ്ടായി. സ്വപ്നം കാണുന്നത് എല്ലാവരുടെയും അവകാശമാണ്. എന്നാൽ അതിനുമില്ലേ ഒരു പരിധി. കേരളത്തിൽ അഞ്ച് വയസ്സുള്ള ഒരു കുട്ടി ഉൾപ്പെടെ ഏതൊരാളിനോട് ചോദിച്ചാലും അടുത്ത തിരഞ്ഞെടുപ്പിൽ യു.ഡി.എഫ്. അധികാരത്തിൽ വരും കട്ടായം, എന്ന് അവർ മറുപടി പറയും. ഒരു നല്ല ഭരണത്തിന് ഏഴ്

ഘടകങ്ങളാണല്ലോ ഉള്ളത്. ഒന്ന് - നിയമവാഴ്ച ഉറപ്പുവരുത്തൽ, രണ്ട് - അഴിമതിരഹിത ഭരണം, മൂന്ന് - ഉത്തരവാദിത്വം, നാല് - സുതാര്യത, അഞ്ച് - ജനകീയ പങ്കാളിത്തം, ആറ് - ജനഹിതം മനസ്സിലാക്കൽ, ഏഴ് - കാര്യക്ഷമതയും ഫലപ്രാപ്തിയും. ഈ ഘടകങ്ങളിൽ ഏതിനാണ് ഈ സർക്കാരിന് നൂറിൽ പത്ത് മാർക്ക് ലഭിക്കുന്നതെന്ന് പറയാൻ സാധിക്കുമോ? കൊലപാതകങ്ങൾ, ബലാത്സംഗങ്ങൾ, പോക്സോ കേസുകൾ, സൈബർ തട്ടിപ്പുകൾ, റാഗിങ് എന്നിവ കൂടാതെ ഓരോ ദിവസവും പിറക്കുന്നത് ചോരയിൽ കുളിച്ച വാർത്തകളുമായിട്ടാണ്. നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർധിക്കുന്നു. റവന്യൂ വരുമാനത്തിന്റെ പേരിൽ കറന്റ് ചാർജ്, വെള്ളക്കരം എന്നിവ വർധിപ്പിച്ചു. പെട്രോൾ, ഡീസൽ സെസ്സ് തുടരുന്നു. ഭൂനികുതി കുത്തനെ കൂട്ടി. 2010-11 കാലഘട്ടത്തിൽ 55.97 കോടി രൂപയായിരുന്നു നികുതി പിരിച്ചതെങ്കിൽ 2024-25-ൽ 841.90 കോടി രൂപയാണ് പിരിച്ചത്. അടുത്ത വർഷം അത് ആയിരം കോടി രൂപയിലധികമാകും. എത്രമാത്രം നികുതി ഭാരമാണ് ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കുന്നത്. കെട്ടിടനികുതി വർധിപ്പിച്ചു, കെട്ടിടം

നിർമ്മിച്ചശേഷമുണ്ടാകുന്ന എല്ലാ സേവനങ്ങളുടെയും ഫീസും വർധിപ്പിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിവിഹിതം വെട്ടിക്കുറച്ചു. കിടപ്പുരോഗികൾക്കുള്ള ധനസഹായം വെട്ടിക്കുറച്ചു. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന സഹായങ്ങൾ കുറച്ചു. കാർഷിക ഉൽപനങ്ങളുടെ വിലയിടിടിയുകയും കർഷക ആത്മഹത്യകൾ വർധിക്കുകയും ചെയ്തു. നീതിക്കായി സ്ത്രീകൾ കോടതികളെ സമീപിക്കുന്ന അവസരത്തിൽ ഇതോടനുബന്ധിച്ച കോടതി ഫീസും വർധിപ്പിച്ചു. ക്രിമിനൽ കോടതികളിലെ നീതിക്കും നികുതി വർധിപ്പിച്ചു. ഇനിയും നികുതി വർധിപ്പിക്കുന്നതിനായി പാലക്കാട് മദ്യ ഫാക്ടറി നിർമ്മിക്കുന്നു. ഗവൺമെന്റ് ലഹരിക്കും മയക്കുമരുന്നിനും എതിരെ സംസാരിക്കും. പക്ഷെ മദ്യത്തിനെതിരെ ഒരക്ഷരം പറയില്ല. യു.ഡി.എഫ്. പൂട്ടിയ മുഴുവൻ മദ്യഷാപ്പുകളും തുറന്നു. ബിവറേജസ് കോർപ്പറേഷന്റെ കീഴിലുള്ള ഔട്ട്ലെറ്റുകളിൽ ഇഷ്ടംപോലെ മദ്യം ലഭിക്കുന്നുണ്ട്. ഹോട്ടലുകളിലും ടൂറിസ്റ്റുകേന്ദ്രങ്ങളിലും മദ്യം സുലഭമാണ്. കൊലപാതകങ്ങൾ, കുടുംബത്തകർച്ച, ആത്മഹത്യ എന്നിവ ഉണ്ടാകുന്നതിനുള്ള എഴുപതുശതമാനം കാരണവും മദ്യമാണെന്നാണ് പഠനങ്ങൾ ചൂണ്ടിക്കാണിച്ചത്.

പീഡനം, തട്ടികൊണ്ടുപോകൽ എന്നിവ ഉണ്ടാകുന്നതിന് അറുപത്തിയഞ്ച് ശതമാനവും അറുപതുശതമാനം റോഡപകടങ്ങൾക്കും കാരണം മദ്യമാണെന്ന് വിലയിരുത്തപ്പെടുന്നു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 47-ൽ, the State shall endeavour to restrain the alcoholic liquor എന്നാണ് പറയുന്നത്. (47. " the State shall endeavour to bring about prohibition of the consumption except for medicinal purposes of intoxicating drinks and of drugs which are injurious to health.). പക്ഷെ ഈ ഗവൺമെന്റോ അത് പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. എന്തൊരു സങ്കടകരമായ കാഴ്ചയാണിത്. അവർക്ക് ജനങ്ങളുടെ സ്വൈര്യജീവിതത്തിൽ യാതൊരു താൽപര്യവുമില്ല. ലഹരിവിരുദ്ധ പോരാട്ടത്തിൽനിന്നും മദ്യത്തെ ഒഴിവാക്കുകയാണ്. മദ്യം റവന്യൂ വരുമാനം വർധിപ്പിക്കുന്നുവെന്നതാണ് അതിന് കാരണം. ഇതിന് സ്ത്രീകൾ വോട്ട് ചെയ്യുമോ? കേരളത്തിലെ കലാലയങ്ങളിൽ റാഗിങ് നടക്കുകയാണ്. റാഗിങ്ങിനിടെ കൊലപാതകം നടത്തുന്നതിനും പരിക്കേൽപ്പിക്കുന്നതിനും ഉത്തരവാദികളായ എസ്.എഫ്.ഐ.-യെ ഗവൺമെന്റ് സംരക്ഷിക്കുന്നു. വിദ്യാഭ്യാസ നയം രണ്ട്

തരം പൗരന്മാരെ സൃഷ്ടിക്കുന്നു, ഇതിന് വിദ്യാർഥികൾ വോട്ട് ചെയ്യുമോ; തൊഴിലില്ലായ്മ പെരുകുന്ന സാഹചര്യത്തിൽ യുവാക്കൾ വോട്ട് ചെയ്യുമോ; സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം, ക്ഷാമബത്ത കുടിശ്ശിക എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങൾ നിലനിൽക്കുമ്പോൾ സർക്കാർ ജീവനക്കാർ വോട്ട് നൽകുമോ; പിന്നെ എങ്ങനെയാണ് മൂന്നാമത്തെ തുടർഭരണം ലഭിക്കുന്നത്? മദ്യനയവും  സ്വകാര്യ വിദ്യാഭ്യാസ നയവും മാറ്റി. ആശ വർക്കർമാരുടെ സമരത്തെപ്പോലെ തൊഴിലാളി സമരങ്ങളോടുള്ള സമീപനവും നയവും മാറ്റുകയാണ് ചെയ്തത്. വൻകിട മുതലാളിമാരോടും മൂലധനത്തോടുമുള്ള നയം മാറ്റി. ഇത് തൊഴിലാളി വർഗത്തിനുവേണ്ടിയുള്ള ഭരണമല്ല, മുതലാളിമാർക്കുവേണ്ടിയുള്ള ഭരണമാണ്. സോഷ്യലിസ്റ്റ് ആശയം കൈമോശം വന്നു. സോഷ്യലിസം എന്നാൽ, Socialism is the exaltation of the community above the individual. It is the empowerment of proletarian. It is the extinction of private enterprises. It is the eradication of competition എന്നിവയാണ്. ഇതിൽ ഏതാണ് ഇടതുപക്ഷ ഭരണത്തിലുള്ളത്? സമൂഹത്തിന് മുകളിൽ വ്യക്തിയെ പ്രതിഷ്ഠിക്കുന്നു. സ്വകാര്യ

സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. Proletariat-നെ മറക്കുന്നു. കോമ്പറ്റീഷൻ പ്രോത്സാഹിപ്പിക്കുന്നു. സോഷ്യലിസ്റ്റ് ആശയം ചോർന്നുപോയി. സഖാവ് ഇ.എം.എസ്. ജീവിച്ചിരുന്നുവെങ്കിൽ പ്രതിപക്ഷനേതാവിന്റെ കസേരയിലിരുന്ന് ഈ ഭരണത്തെ ശക്തമായി വിമർശിക്കുമായിരുന്നു എന്നാണ് ഞങ്ങൾക്ക് അഭിപ്രായപ്പെടാനുള്ളത്. ഇവിടെ എല്ലാം ശരിയാക്കാൻ വന്നവരാണ്, എല്ലാം ശരിയായികൊണ്ടിരിക്കുകയാണ്. എന്ത് പറഞ്ഞാലും യു.ഡി.എഫ്. ഭരണത്തെക്കുറിച്ചാണ് ഭരണപക്ഷത്തുനിന്ന് സംസാരിക്കുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വില വർധനവും ഇവിടത്തെ ക്രിമിനൽ കേസുകളുടെ വർധനവും തൊഴിലില്ലായ്മയും യു.ഡി.എഫ്. ഭരണകാലവുമായി താരതമ്യപ്പെടുത്താൻ നിങ്ങൾ തയ്യാറുണ്ടോ? എല്ലാ കാര്യങ്ങളും യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വളരെ നല്ലനിലയിലായിരുന്നു. നിങ്ങളുടെ ഭരണത്തിലെ മൂലധന കമ്മിയെക്കുറിച്ചും ധനക്കമ്മിയെ സംബന്ധിച്ചും റവന്യൂ വരുമാനവും കടം വാങ്ങിയത് ഉപയോഗിച്ചതിനെക്കുറിച്ചും ഇന്ത്യയിലെ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ കഴിഞ്ഞ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. അതിലെ പേജ് നം. 30-ലും 31-ലും നികുതി

പിരിക്കാതിരിക്കുന്നതിനെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്. പേജ് നം. 68-ൽ കടമെടുക്കുന്ന പണം വികസനത്തിനുവേണ്ടിയല്ല ഉപയോഗിക്കുന്നതെന്നും 97.88 ശതമാനവും കടം വീട്ടാനാണ് ഉപയോഗിച്ചതെന്നും പ്രതിപാദിക്കുന്നു. പേജ് നം. 89-ൽ ഭരണഘടനയുടെ ആർട്ടിക്കിൾ 204, 25, 205, 26 എന്നീ വകുപ്പുകൾക്ക് വിരുദ്ധമായി അധികച്ചെലവ് നടത്തിയതിനെക്കുറിച്ച് പരാമർശിക്കുന്നു. പേജ് നം. 114-ൽ സംസ്ഥാന ഗവൺമെന്റ് യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കാതെയാണ് ബജറ്റ് അവതരിപ്പിച്ചതെന്ന് പ്രതിപാദിപ്പിക്കുന്നു. പേജ് നം. 129-ൽ കിഫ്ബി അടക്കമുള്ള off budget borrowing കണക്കിൽപ്പെടുത്തണമെന്നും നിലവിൽ 41400506 കോടി രൂപയിലധികം കടമുണ്ടെന്നും പറയുന്നു. പേജ് നം. 171-ൽ സപ്ലിമെന്ററി പ്രൊവിഷനിലും കോടിക്കണക്കിന് രൂപയുടെ അധിക ചെലവ് ചൂണ്ടിക്കാണിക്കുന്നു. ഒരു പ്ലസ് പോയിന്റുപോലും പറയുന്നില്ല. സി.&എ.ജി.-യുടെ റിപ്പോർട്ട് അവഗണിക്കാൻ സാധിക്കുമോ?

ഇവിടെ പൊതുമരാമത്ത് വകുപ്പിനെക്കുറിച്ചും റവന്യൂ വകുപ്പിനെക്കുറിച്ചും ധാരാളം കാര്യങ്ങൾ പറയുകയുണ്ടായി. പ്രതിപക്ഷത്തുനിന്ന് ശ്രീ. സജീവ്

ജോസഫ് അടക്കം പറഞ്ഞ എല്ലാ കാര്യങ്ങളും അടിവരയിട്ട് അംഗീകരിക്കുകയാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും റവന്യൂ വകുപ്പുമന്ത്രിയുടെയും അടുത്ത് ചെന്നാൽ വളരെ സന്തോഷത്തോടെയും സ്നേഹത്തോടെയും സ്വീകരിക്കും. പക്ഷേ രണ്ടുപേരും ഒരു കാര്യത്തിൽ ഒന്നിച്ചുനിന്നു. ഇവിടത്തെ വികസന പ്രവൃത്തികളിൽ ഭരണപക്ഷത്തിന് നൽകുന്നതിന്റെ പകുതിമാത്രം പ്രതിപക്ഷത്തിന് നൽകിയാൽ മതിയെന്ന കാര്യത്തിൽ അവർ യോജിക്കുകയാണ്. സംസ്ഥാനത്ത് വികസനം വരണമെങ്കിൽ എൽ.ഡി.എഫ്. ഭരണം മാറണം. അവർ അത് പാർലമെന്റ് തിരഞ്ഞെടുപ്പിൽ തെളിയിച്ചു. അടുത്ത തിരഞ്ഞെടുപ്പിലും അത് തെളിയിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കഴിഞ്ഞ ദിവസം റവന്യൂ വകുപ്പുമന്ത്രി മലപ്പുറത്ത് പട്ടയമേള നടത്തിയിരുന്നു. അതിൽ എന്റെ നിയോജകമണ്ഡലത്തിലെ വർഷങ്ങളായി പട്ടയം ലഭിക്കാതിരുന്ന സത്രം ഭൂമിക്ക് പട്ടയം നൽകാൻ തയ്യാറായതിൽ മഞ്ചേരി പ്രതിനിധിയെന്ന നിലയിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്.

എന്റെ മണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. എം.എൽ.എ.-യുടെ ടേം അവസാനിക്കാൻ പോകുകയാണ്. എന്റെ മണ്ഡലത്തിലെ മഞ്ചേരി-ഒലിപ്പുഴ റോഡ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയോട് ഒരുപാട് തവണ അപേക്ഷിച്ചിട്ടുണ്ട്. അതിന്റെ നിർമ്മാണ പ്രവൃത്തികൾ പൂത്തീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. രണ്ടാമത്തെ കാര്യം, മഞ്ചേരി മെഡിക്കൽ കോളേജിൽ കാസ്പും മറ്റുപദ്ധതികളിലുമായി 30 കോടിയിലധികം രൂപ നൽകാനുണ്ട്. മെഡിക്കൽ കോളേജിന്റെ ദൈനംദിന പ്രവൃത്തികൾ അവതാളത്തിലാണ്. സേവനങ്ങൾക്ക് ചാർജ് വർധിപ്പിക്കുകയാണ്. അടിയന്തരമായി 15 കോടി രൂപയെങ്കിലും നൽകി സാധാരണക്കാരായ ജനങ്ങളെ രക്ഷിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഈ ധനാഭ്യർഥനകളെ ഞാൻ  ശക്തമായി എതിർക്കുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ഇവിടെ അവതരിപ്പിച്ച ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും, പലവക സാമ്പത്തിക സർവീസുകൾ, ഭൂനികുതി, ഭവന നിർമ്മാണം, പൊതുമരാമത്ത്, വിനോദസഞ്ചാരം എന്നീ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

ഇവിടെ എനിക്ക് മുമ്പ് പ്രസംഗിച്ച ശ്രീ. യു. എ. ലത്തീഫ്, 'നിങ്ങൾക്ക് സ്വപ്നം കാണാൻ സാധിക്കില്ലെന്ന്' പറഞ്ഞു. ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും കേരളത്തിൽ അധികാരത്തിൽ വരുമെന്നതിൽ യാതൊരു സംശയവും വേണ്ട. അങ്ങനെ പറയുന്നതിന് കാരണമുണ്ട്. ഞാൻ ഇവിടെ ലൈഫ് പദ്ധതിയെക്കുറിച്ചുള്ള പത്ര കട്ടിങ് (ഉയർത്തി കാണിക്കുന്നു) എടുത്ത് വച്ചിട്ടുണ്ട്. കഴിഞ്ഞ ഭരണത്തിന്റെ അവസാന നാളിൽ യു.ഡി.എഫ്.-ന്റെ പ്രതിപക്ഷനേതാവ് ഞങ്ങൾ അധികാരത്തിൽ വന്നാൽ ലൈഫ് പദ്ധതി നിർത്തലാക്കുമെന്ന് പറഞ്ഞു. പക്ഷേ എന്താണ് സംഭവിച്ചത്? ഇടതുപക്ഷ ജനാധിപത്യ മുന്നണി വീണ്ടും അധികാരത്തിൽവന്നു. ലൈഫ് പദ്ധതിയിലൂടെ 422000 പാവപ്പെട്ട കുടുംബങ്ങൾക്ക് വീടുകൾ നൽകിയെന്നതാണ്

ഇടതുപക്ഷത്തിന്റെ പ്രയോറിറ്റി. അല്ലാതെ നിങ്ങൾ ഇവിടെ ചോദിക്കുന്നതുപോലെ എന്താണ് പ്രയോറിറ്റിയെന്ന് ചോദിച്ചുകൊണ്ടിരിക്കുകയല്ല. ഇന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എന്താണ് നിങ്ങളുടെ പ്രയോറിറ്റിയെന്ന് ചോദിച്ചു. കേരളത്തിലെ പാവപ്പെട്ട ജനവിഭാഗങ്ങളെ വികസനത്തിന്റെ കുതിപ്പിലേക്ക് കൊണ്ടുവരികയെന്നതാണ് ഞങ്ങളുടെ പ്രയോറിറ്റി. ശ്രീ. യു. എ. ലത്തീഫ് മദ്യത്തിന്റെ കാര്യം ഇപ്പോൾ ഇവിടെ സൂചിപ്പിച്ചു. ഇന്നലെയും ഈ സഭയിൽ പറഞ്ഞു, ഭരണകക്ഷിയിലുള്ള ഒരു എം.എൽ.എ.-മാർക്കും എം.പി.-മാർക്കും മദ്യ/ബാർ ഷോപ്പുകളോ മദ്യ ഹോട്ടലുകളോ ഇല്ല. ഞാൻ പ്രതിപക്ഷത്ത് ഇരിക്കുന്ന ആളുകളോട് ചോദിക്കുന്നത് നിങ്ങളുടെ എം.പി.-മാർക്കും എം.എൽ.എ.-മാർക്കും ബാർ ഹോട്ടലുകളില്ലേ എന്നാണ്; ഞങ്ങൾക്ക് ബാർ ഹോട്ടലുകളില്ലെന്ന് നിങ്ങൾക്ക് നെഞ്ചത്ത് കൈവച്ച് പറയാൻ സാധിക്കുമോ? ഒരിക്കലും സാധിക്കില്ല. അതുകൊണ്ടാണ് കേരളത്തിലെ ജനങ്ങൾ ഈ വികസനത്തെ അനുകൂലിക്കുമെന്ന് ഞങ്ങൾ പറയുന്നത്.

ഇവിടെ മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് കാർഷികാദായ നികുതിയെക്കുറിച്ചാണ്. നിലവിൽ ഭൂമിയുടെ കരം ഉയർത്തിയിട്ടുണ്ട്. അത് സംസ്ഥാനത്തെ പാവപ്പെട്ട കൃഷികാർക്ക് വളരെ ദോഷമുണ്ടാക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് ഭൂമിയുടെ കരം വർധിപ്പിക്കാനുള്ള തീരുമാനത്തിന്റെ കാര്യത്തിൽ രണ്ടേക്കറിൽ താഴെയുള്ള പാവപ്പെട്ട കൃഷിക്കാരെ നികുതി വർധനവിൽനിന്ന് ഒഴിവാക്കണമെന്ന് അഭ്യർഥിക്കുകയാണ്. 2021-22 ബജറ്റിൽ കെ.സി. പാലം പൊളിച്ചുമാറ്റി പുതിയ പാലം നിർമ്മിക്കണമെന്ന് ആവശ്യപ്പെടുകയുണ്ടായി. അതിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി രണ്ടേമുക്കാൽ കോടി രൂപ ഭൂമി ഏറ്റെടുത്തവർക്ക് വിതരണം ചെയ്യുകയും ചെയ്തു. പക്ഷേ ഇതുവരെ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. അതിൽ അടിയന്തരമായി ഇടപെട്ടുകൊണ്ട് കെ.സി. പാലത്തിന്റെ നിർമ്മാണത്തിനുള്ള നടപടിക്രമം പൂർത്തിയാക്കുകയും പണി ആരംഭിക്കുകയും ചെയ്യണമെന്ന് പ്രത്യേകമായി പറയുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നേട്ടങ്ങളെക്കുറിച്ച് എണ്ണിയെണ്ണി ഇവിടെ ഓരോരുത്തരും പറഞ്ഞു. സി.എം.ടി. മീറ്റിങ് കേരളത്തിലെ 140

നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ.-മാർക്കും ഒരുപോലെ പ്രയോജനപ്രദമാണ്. സി.എം.ടി. മീറ്റിങ്ങിലൂടെ പൊതുമരാമത്ത് വകുപ്പിന്റെ മുന്നിലുള്ള വിഷയങ്ങൾ പഠിക്കാനും അത് കൃത്യമായി ജനപ്രതിനിധികളുമായി ചേർന്നുനിന്നുകൊണ്ട് പരിഹരിക്കാനും ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന ആ മീറ്റിങ് വളരെയധികം ഉപകാരപ്രദമാണ്. 'ജനങ്ങൾ കാഴ്ചക്കാരല്ല കാവൽക്കാരാണ്' എന്ന് മന്ത്രി പറഞ്ഞു. അത് പൊതുമരാമത്ത് വകുപ്പിന്റെ ബോർഡിൽ എഴുതിവച്ചിട്ടുണ്ട്. കൂടാതെ ചെലവായ തുക, കോൺട്രാക്ടറുടെ പേര്, എഞ്ചിനീയറുടെ പേര്, ഫോൺ നമ്പർ എന്നിവയും ബോർഡിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. കേരളത്തിലെ മിക്കവാറും എല്ലാം റോഡുകളും ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേക്ക് ഉയർന്നുകഴിഞ്ഞു. മലയോര റോഡുകളുകളുടെ കാര്യത്തിൽ 250 കിലോമീറ്റർ ദൂരം നിർമ്മാണം പൂർത്തീകരിച്ചു. 200 കിലോമീറ്റർ ദൂരംകൂടി പൂർത്തീകരിക്കാനുണ്ട്. അതിനുവേണ്ട നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. കിഫ്ബി, റീബിൽഡ് കേരള, കെ.എസ്.ടി.പി. (കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റ്) എന്നിവ മുഖേന അനവധി പദ്ധതികളിലൂടെ

25000 കോടിയിലധികം രൂപയുടെ ജോലികളാണ് 140 നിയോജകമണ്ഡലങ്ങളിലായി നടക്കുന്നത്. ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ എല്ലാ ആളുകളുടെയും റോഡുകൾ കൃത്യമായി ചെയ്തു നൽകാൻ നമ്മുടെ മന്ത്രിക്ക് സാധിക്കുന്നുണ്ടെന്ന കാര്യം ശ്രീ. യു. എ. ലത്തീഫിന് അറിയാമല്ലോ. ഞാൻ മന്ത്രിയുടെ ഇത്തരം വലിയ നേട്ടങ്ങളെ അഭിനന്ദിക്കുകയാണ്. മുളന്തുരുത്തി റെയിൽവേ പാലം മന്ത്രി ഇടപെട്ട് തുറന്ന് കൊടുത്തിട്ടുണ്ട്. എല്ലാ വിഷയങ്ങളിലും മന്ത്രി കൃത്യമായി ഇടപെടുന്നുണ്ടെന്നതിന് തെളിവാണത്. പൊതുമരാമത്ത് വകുപ്പിലും ടൂറിസം മേഖലയിലും ഉണ്ടായിരിക്കുന്ന വികസനത്തെക്കുറിച്ച് നമുക്കറിയാം. ടൂറിസം മേഖലയിൽ വന്നിരിക്കുന്ന വികസനത്തിന്റെ ഭാഗമായി ഇപ്രാവശ്യം എത്രയോ ആളുകളാണ് ഇന്ത്യയിൽനിന്നും വിദേശത്തുനിന്നും കേരളത്തിലെത്തിയത്. കേരളത്തിലേക്ക് വരുന്ന വിനോദസഞ്ചാരികളുടെ എണ്ണവും വർധിച്ചിട്ടുണ്ട്. 2023-ൽ കേരളം സന്ദർശിച്ച ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണം 2.25 കോടിയായിരുന്നു. ഭാവിയിൽ കേരളത്തിന് ഏറ്റവുമധികം വരുമാനം നേടിക്കൊടുക്കാൻ

പോകുന്നത് ടൂറിസം മേഖലയാണെന്നുള്ള കാര്യവുമായി നമുക്ക് പ്രത്യേകമായി മുന്നോട്ടുപോകാം.

റവന്യൂ വകുപ്പിനെ സംബന്ധിച്ച് പറയുമ്പോൾ, ഇത്രയുമധികം കാര്യങ്ങൾ ചെയ്തിട്ടുള്ള വകുപ്പെന്ന നിലയിലും വികസന നേട്ടങ്ങളുടെ കാര്യത്തിലും റവന്യൂ വകുപ്പ് വളരെ മുന്നിലാണ്. പട്ടയത്തിന്റെ കാര്യം പറയുമ്പോൾ നമുക്കറിയാം, ഇവിടെ എത്രയോ ലക്ഷം പട്ടയങ്ങൾ നൽകി. പ്രതിപക്ഷം ഓർക്കുന്നുണ്ടാകില്ല, എന്റെ നേതാവും 1991-96 കാലഘട്ടത്തിൽ കേരളത്തിന്റെ റവന്യൂ വകുപ്പുമന്ത്രിയുമായിരുന്ന കെ. എം. മാണി പട്ടയം നൽകാൻ ശ്രമിച്ചപ്പോൾ അതിനെ എതിർത്തത് അന്നത്തെ രണ്ട് കേന്ദ്രമന്ത്രിമാരായിരുന്നു. അവരെക്കുറിച്ച് ഞാൻ ഇവിടെ പറയേണ്ട കാര്യമില്ല. അങ്ങ് പട്ടയം നൽകാൻ രംഗത്ത് ഇറങ്ങി പ്രവർത്തിക്കുകയാണ്. 2025 നവംബർ 1-നുമുമ്പ് കേരളം വീണ്ടും ഒന്നാമതെത്തുകയാണ്. കാരണം കേരളത്തെ ദാരിദ്ര്യമില്ലാത്ത സംസ്ഥാനമാക്കി മാറ്റാൻ ശ്രമിക്കുകയാണ്. അത് ഈ ഗവൺമെന്റിന്റെ മാത്രമല്ല, കേരളത്തിലെ മൊത്തം ജനങ്ങളുടെയും വിജയമാണ്. മൂന്ന് ലക്ഷം പട്ടയങ്ങൾ വിതരണം ചെയ്യുമെന്ന ലക്ഷ്യത്തോടെയാണ് പട്ടയ മിഷനും പട്ടയ

അസംബ്ലിയും പട്ടയ ഡാഷ്ബോർഡും അദാലത്തുകളും ജനകീയമായ മുന്നേറ്റത്തിലൂടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ചെയ്യുന്നത്. നിലവിൽ റവന്യൂ വകുപ്പ് ഏറ്റെടുത്ത ഒരു പ്രധാനപ്പെട്ട ദൗത്യമായിരുന്ന വനഭൂമിയിലെ പട്ടയ വിതരണം. ഇതുമായി ബന്ധപ്പെട്ട് മൂന്ന് പതിറ്റാണ്ടായുള്ള കേരളത്തിന്റെ ആവശ്യമായിരുന്ന പുതിയ സംയുക്ത പരിശോധനയിൽക്കൂടി പരിഹരിക്കപ്പെടാൻ പോകുന്നത്. റവന്യൂ അദാലത്തുകളും ഓരോ നിയോജകമണ്ഡലത്തിലെയും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ പട്ടയ അസംബ്ലികളും ചേർന്നുകൊണ്ട് പട്ടയ ഡാഷ്ബോർഡിലൂടെ വന്നിരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള ശ്രമങ്ങളെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നതുപോലെതന്നെ 2026 ജനുവരി മാസത്തോടുകൂടി ലാൻഡ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന മുഴുവൻ അപേക്ഷകളും തീർപ്പാക്കുമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി അറിയിച്ചിട്ടുണ്ട്, അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുന്നു. എല്ലാ രീതിയിലും ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മാണി സി. കാപ്പൻ: സർ, ഈ ധനാഭ്യർഥനകളെ ഞാൻ എതിർക്കുന്നു. കേരളത്തിന്റെ ബജറ്റിൽ പ്രതിപാദിച്ചിരിക്കുന്ന നികുതി നയങ്ങൾക്കെതിരെ, പ്രത്യേകിച്ച് ചരക്ക് സേവന നികുതി, വില്പന നികുതി, ഭൂനികുതി തുടങ്ങിയ കാര്യങ്ങളിൽ ശക്തമായ ആശങ്കകളാണ് ജനങ്ങൾക്കിടയിലുള്ളത്. 2025-26-ലെ കേരള ബജറ്റിൽ ഭൂനികുതി 50 ശതമാനം വർധിപ്പിക്കാനുള്ള തീരുമാനത്തെ ഞാൻ ശക്തമായി എതിർക്കുന്നു. ഈ നയം ഒരു സാമ്പത്തിക ബാധ്യത മാത്രമല്ല, സാധാരണ ഭൂ ഉടമകളെയും കർഷകരെയും ഇടത്തരക്കാരെയും ആനുപാതികമായി ബാധിക്കുന്ന ഒരു കാര്യമാണ്. അതുകൊണ്ട് സർക്കാർ ഈ തീരുമാനം പുനഃപരിശോധിക്കാനും കേരളത്തിലെ കഠിനാധ്വാനികളായ കർഷകർക്ക് അധികം സമ്മർദം ചെലുത്താതെ വരുമാനം വർധിപ്പിക്കാനുള്ള ബദൽ മാർഗങ്ങൾ ആരായാനും ഞാൻ സർക്കാരിനോട് അഭ്യർഥിക്കുന്നു. എന്റെ നിയോജകമണ്ഡലമായ പാലായിൽ പിൽഗ്രിം ടൂറിസത്തിന് വലിയ സാധ്യതകളാണുള്ളത്. നാലമ്പലത്തിന്റെ പരിശുദ്ധിയുള്ളതും വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ശവകുടീരം സ്ഥിതി ചെയ്യുന്നതുമായ രാമപുരം, കദളിക്കാട്ടിൽ അച്ചന്റെ ശവകുടീരം സ്ഥിതി

ചെയ്യുന്ന പാലാ മുനിസിപ്പാലിറ്റി, ശബരിമല ഭക്തരുടെ ഇടത്താവളങ്ങളായ കടപ്പാട്ടൂർ മഹാദേവക്ഷേത്രം, ഇടപ്പാടി, ഇളംകുളം ക്ഷേത്രങ്ങൾ, ഇന്ത്യയിലെ ആദ്യത്തെ പുണ്യവതിയായ അൽഫോൺസാമ്മയുടെ കബറിടം സ്ഥിതി ചെയ്യുന്ന ഭരണങ്ങാനം തുടങ്ങി എല്ലാംകൊണ്ടും പാലായെ ഒരു പിൽഗ്രിം ടൂറിസ്റ്റ് ഡെസ്റ്റിനേഷനാക്കി മാറ്റാൻ സാധിക്കും. മീനച്ചിലാറിന്റെ ഉത്ഭവസ്ഥലമായ ഇല്ലിക്കൽകല്ല്, മേലുകാവ് പഞ്ചായത്തിലെ ടൂറിസം സെന്ററായ ഇലവീഴാപൂഞ്ചിറ എന്നിവയെല്ലാം പ്രകൃതിസൗന്ദര്യംകൊണ്ടും തണുത്ത കാലാവസ്ഥകൊണ്ടും ഇപ്പോൾത്തന്നെ ധാരാളം വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്. ഇവിടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പ്രകൃതി സൗഹൃദമായിത്തന്നെ നമുക്ക് സാധിക്കുമെന്നതുകൊണ്ട് വിനോദസഞ്ചാരികൾക്കുവേണ്ടി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയോട് ഞാൻ ഒരു അഭ്യർത്ഥന നടത്തിയിട്ടുണ്ട്, ഞാനും എം.പി.-മാരായ ശ്രീ. ഫ്രാൻസിസ് ജോർജ്ജും ശ്രീ. സുരേഷ് ഗോപിയും കേന്ദ്ര കാബിനറ്റ് മന്ത്രിയുമായി കൂടിക്കാഴ്ച

നടത്തിയപ്പോൾ ഈ ടൂറിസ്റ്റ് കേന്ദ്രങ്ങളെ കേന്ദ്ര ടൂറിസം മാപ്പിൽ കൊണ്ടുവരാൻ അങ്ങ് ഇവിടെനിന്നും ഒരു അപേക്ഷ നൽകിയാൽ ചെയ്യാമെന്ന് സമ്മതിക്കുകയുണ്ടായി. അതിൽ ഒരു രൂപയും മുടക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി അതുചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. പാലാ നിയോജകമണ്ഡലത്തിൽ ഞാൻ എം.എൽ.എ. ആയിട്ട് അഞ്ചരവർഷമേ ആയിട്ടുള്ളൂ. 13 വർഷം മുമ്പ് നിർമ്മാണം ആരംഭിച്ച 4 തൂണുകളിൽ നിൽക്കുന്ന ഒരു പാലമാണ് കളരിയാമ്മാക്കൽ പാലം. ഞാൻ ഇടതുപക്ഷ മുന്നണിയിലായിരുന്നപ്പോൾ ഇതിനായി 13.29 കോടി രൂപ അനുവദിച്ചിരുന്നു. പിന്നീട് അതിന് അപ്രോച്ച് റോഡ് നിർമ്മിക്കാൻ ശ്രമിച്ചപ്പോൾ രണ്ടാമത്തെ സ്ഥലത്തിന്റെ ഉടമ സ്ഥലം അനുവദിക്കാതെ വരികയും മറ്റൊരു സ്ഥലത്തുകൂടി റോഡ് നിർമ്മിക്കാമെന്ന് തീരുമാനിച്ച് അലൈൻമെന്റ് മാറ്റിയപ്പോൾ അങ്ങേയ്ക്ക് ഒരു അശരീരിയുടെ കോൾ വരികയും ചെയ്തു. ആ അശരീരി ആരാണെന്ന് ഞാൻ പറയുന്നില്ല. അലൈൻമെന്റ് മാറ്റാൻ സാധിക്കാതെ ഇപ്പോഴും അത് അങ്ങനെതന്നെ കിടക്കുകയാണ്. പാലായിലെ ബൈപാസ് റോഡും റിവർ വ്യൂ റോഡും പൂർത്തിയായിട്ടില്ല. ഇത്തരത്തിൽ നിരവധിയായ റോഡുകളും

പാലങ്ങളും പത്തും പതിമൂന്നും വർഷങ്ങളായി പാലായിൽ മുടങ്ങിക്കിടക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഇതിലേയ്ക്ക് വരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ബജറ്റിൽ വലിയ തോതിലുള്ള നഗര പദ്ധതികൾക്ക് മുൻഗണന നൽകുന്നു. അതേസമയം ഗ്രാമീണ മേഖലയിൽ മോശം കണക്ടിവിറ്റിയും അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ലാതെ ജനം ബുദ്ധിമുട്ടുകയുമാണ്. പൊതുമരാമത്ത് വകുപ്പ് എല്ലാ പൗരന്മാർക്കും ജീവിതം മെച്ചപ്പെടുത്തുന്ന നിലയിലുള്ള കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. ഈ മേഖലയിൽ കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ കേരളം ഇപ്പോഴും പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. പാലാ നിയോജകമണ്ഡലത്തിലെ ഏറ്റവും വലിയ ടൂറിസ്റ്റ് സെന്ററായ ഇലവീഴാപൂഞ്ചിറയിലേക്കുള്ള അന്തീനാട് -മേലുകാവ് റോഡ് ബി.എം.&ബി.സി നിലവാരത്തിലുള്ളതാണ്. പ്രസ്തുത റോഡ് 11 വർഷമായി ഓവർ ലേ ചെയ്തിട്ടില്ലെന്നത് ഖേദകരമാണെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇക്കാര്യം പലപ്പോഴായി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെങ്കിലും ഒരു

നടപടിയുമുണ്ടായിട്ടില്ല. 2021-ലെ വെള്ളപ്പൊക്കത്തിൽ അടിഞ്ഞുപോയ കടവൂപുഴ പാലത്തിന്റെ പുനർനിർമ്മാണത്തിനായി ചില്ലച്ചി പാലത്തിനുവേണ്ടി ബജറ്റിൽ അനുവദിച്ച തുക വകമാറ്റിക്കൊടുക്കണമെന്ന് അപേക്ഷ നൽകിയിട്ടും നടപടിയുണ്ടായില്ല. ചില്ലച്ചി പാലത്തിനുവേണ്ടി അനുവദിച്ച തുക കടവൂപുഴ പാലത്തിനായി വകമാറ്റിക്കൊടുക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നുകൂടി അഭ്യർഥിച്ചുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, ഈ ധനാഭ്യർഥനകളെയെല്ലാം ഞാൻ പിന്തുണയ്ക്കുകയാണ്. ഇന്ത്യയിലെ ശരാശരി സംസ്ഥാന പദവിയിൽനിന്നും നമ്പർ വൺ പദവിയിലേക്ക് ഓടിക്കയറിയ കേരളം രാജ്യത്തിലെ ഒന്നാം പാതയിൽനിന്ന് അന്താരാഷ്ട്രതലത്തിലെ ആകാശപാതയിലേക്ക് കുതിക്കാനുള്ള തയ്യാറെടുപ്പിലാണ്. ആ സമയത്താണ്, ഈ കേരളത്തിന്റെ ടേക്ക് ഓഫിനെ തടയുമെന്ന് പ്രതിപക്ഷ കസേരകളിലിരിക്കുന്നവർ പറയുന്നതും അതിനുവേണ്ടി പരിശ്രമിക്കുന്നതും. ഇവരുടെ ഭാവി എന്തായിരിക്കുമെന്ന് ഒരു ജ്യോത്സ്യനൊന്നുമല്ലെങ്കിലും എനിക്ക് വേണമെങ്കിൽ പറയാൻ സാധിക്കും. ഏതാണ്ട് ടോറസ് ലോറി പാഞ്ഞുവരുമ്പോൾ മസിലുപിടിച്ച് തടക്കാൻ

ശ്രമിക്കുന്ന തവളയുടെ ഗതിയായിരിക്കും ഈ യു.ഡി.എഫ്.-ന്റെ ഗതിയെന്ന് ഞാൻ പ്രവചിക്കുകയാണ്. സാമൂഹ്യമേഖലകളിലൂന്നിയാണ് കേരളം ഇന്നലെകളിലെ നേട്ടം കൈവരിച്ചതെങ്കിൽ ഭാവി മുന്നേറ്റത്തിന് അനിവാര്യമായ പശ്ചാത്തല സൗകര്യ വികസനത്തിനാണ് ഈ സർക്കാർ ഊന്നൽ നൽകിയത്. അതിനാവശ്യമായ അധിക പണം കണ്ടെത്തുകയെന്നത് ഒരു വെല്ലുവിളി തന്നെയാണ്. ഇപ്പോൾത്തന്നെ ചെലവിന്റെ 65 ശതമാനവും സ്വയം കണ്ടെത്തുന്ന ഒരു നാടാണ് കേരളം. ഈ സമയത്ത് കേന്ദ്രവിഹിതം വെട്ടിക്കുറയ്ക്കുകയാണ്. ഇപ്പോൾ പ്ലാൻ ഫണ്ടിൽനിന്നും 1.92 ശതമാനം മാത്രമാണ് കേരളത്തിന് ലഭ്യമാക്കുന്നത്. ബി.ജെ.പി. ഭരിക്കുന്ന ഉത്തർപ്രദേശിന് 18 ശതമാനവും അവരെ സഹായിക്കുന്ന ബീഹാറിന് 10.5 ശതമാനവും നൽകുമ്പോഴാണ് ഈ അവഗണന കേരളം ഏറ്റുവാങ്ങുന്നത്. ഈ സന്ദർഭത്തിലെങ്കിലും കേരളീയർക്കുവേണ്ടി ശബ്ദിക്കേണ്ട പ്രതിപക്ഷം കോൺഗ്രസിന്റെ കുത്തിത്തിരുപ്പ് രാഷ്ട്രീയത്തിന്റെ മത്തുപേറി കുഴലൂത്ത് നടത്തിപ്പോകുകയാണ്. അത് അവർ ആവർത്തിച്ചുകൊണ്ടിരിക്കുകയുമാണ്. കേരളത്തിന് പണം നൽകാതിരിക്കാൻ കേന്ദ്രം പറയുന്ന കാരണം

സാമൂഹ്യമേഖലകളിൽ നമ്മൾ മുന്നേറിയെന്നതാണ്. ഈ വാദം അംഗീകരിച്ചാൽത്തന്നെ ഇത്തരം മുന്നേറ്റം നടത്തിയ മേഖലകൾക്ക് അനുവദിക്കേണ്ട ആധുനിക സ്ഥാപനങ്ങളൊന്നും നമുക്ക് നൽകുന്നുമില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ആരോഗ്യമേഖലയിൽ AIMS എന്ന നമ്മുടെ ദീർഘകാലത്തെ ആവശ്യം. അത് നമുക്ക് നൽകുന്നില്ല, ആരോഗ്യമേഖലയിൽ പിച്ചവച്ച് നടക്കാനുള്ള ആരോഗ്യംപോലും നേടാത്ത നിരവധി സംസ്ഥാനങ്ങൾക്ക് AIMS ഇതേ കേന്ദ്രം അനുവദിക്കുകയാണ്. ഇത്തരം കേന്ദ്രധിക്കാരത്തെ ചോദ്യം ചെയ്യാൻ ചെന്നിത്തലയിലും പറവൂരിലുമൊന്നും എക്കാലവും ആരുമുണ്ടാകുകയില്ല എന്ന വിചാരമാണ് അവർക്കുള്ളത്. അടുത്ത തിരഞ്ഞെടുപ്പോടുകൂടി അതിന് വിരാമമിടും എന്നാണ് എനിക്ക് പറയാനുള്ളത്. അതോടെ കോൺഗ്രസിലെ മുഖ്യ കസേരക്കളി ഇവിടെ അവസാനിക്കുകയും ചെയ്യും. കോൺഗ്രസിലെയും യു.ഡി.എഫ്.-ലെയും ആഭ്യന്തര സമാധാനത്തിന് സഹായിക്കുന്ന വൈരുധ്യാത്മക ഭൗതികവാദത്തിന്റെ കേരളത്തിലെ പ്രയോഗശാസ്ത്രമാണ് എൽ.ഡി.എഫ്. സർക്കാരിന്റെ നടപടികളെന്ന് തത്വചിന്തകർ നാളെ വിധിയെഴുതാൻ

സാധ്യതയുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ആര് സഹായിച്ചില്ലെങ്കിലും കേരളീയരെ അനാഥരാക്കില്ലെന്ന പ്രഖ്യാപനവുമായി പിണറായി സർക്കാർ മുന്നേറുകയാണ്. ആഭ്യന്തര വരുമാനത്തിൽ ചരിത്രനേട്ടം കൈവരിക്കാൻ ഈ സർക്കാരിനെ സഹായിച്ച ജനങ്ങളിലാണ് നമ്മുടെ പ്രതീക്ഷ. ആ ആത്മവിശ്വാസത്തിലാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. 2022-23-ൽ സംസ്ഥാനത്തിന്റെ തനത് നികുതിവരുമാനം 71,968 കോടി രൂപയിലധികമായിരുന്നു. 2023-24-ൽ അത് 74,379 കോടി രൂപയായി വർധിച്ചു. ഈ വളർച്ചയിൽ പ്രധാന പങ്കുവഹിച്ചത് സംസ്ഥാന ജി.എസ്.ടി. ആണ്. ആകെ നികുതിവരവിന്റെ 41.12 ശതമാനം ഈയിനത്തിലാണ്. വില്പന നികുതിയിനത്തിൽ 37.25 ശതമാനത്തിന്റെ വരവും കേരളത്തിലുണ്ടായി. ഇതിനെല്ലാം നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെയും നികുതി വകുപ്പിലെ ജീവനക്കാരെയും സഹകരിച്ച ജനങ്ങളെയും ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. 2023-24-ൽ നികുതിയേതര വരുമാനത്തിലും സംസ്ഥാനം നേട്ടം കൈവരിച്ചു. അതിൽ പ്രധാനപ്പെട്ടത് ഭാഗ്യക്കുറി വില്പനവഴി ലഭിച്ച വരുമാനമാണ്. ഭാഗ്യക്കുറി വില്പനയിലൂടെ 76.66

ശതമാനമാണ് ലഭിച്ചത്. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ 2025-26-ലെ ബജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിക്കുന്നത്, 76.6 ശതമാനവും കേരളത്തിന്റെ തനതുവരുമാനമായി കണക്കുകൂട്ടുന്നുവെന്നും കേന്ദ്രത്തിൽനിന്ന് വലിയ പ്രതീക്ഷ വേണ്ട എന്നുമാണ്. മറ്റ് സംസ്ഥാനങ്ങൾക്ക് ശരാശരി 42 ശതമാനം നൽകുന്ന കേന്ദ്രം കേരളത്തിന് 27 ശതമാനത്തിൽ താഴെയാണ് ഇപ്പോൾ നൽകാനുദ്ദേശിക്കുന്നത്. ഇത്തരത്തിലുള്ള കേരളവിരുദ്ധ ആസൂത്രണ ആക്രമണമാണ് കേന്ദ്രം നടത്തുന്നത്. അപ്പോഴും കേന്ദ്രത്തിനെതിരെ കിടന്നിടത്ത് കിടന്നെങ്കിലും ഒന്ന് മൂളാൻ തയ്യാറാകാത്ത പ്രതിപക്ഷം കേരളത്തിന്റെ വികസനക്കുതിപ്പിനെ നോക്കി കൂകിവിളിക്കുകയാണ്. ഇത് കാണുമ്പോൾ എനിക്കോർമ്മവരുന്നത് ആകാശത്ത് വിടരുന്ന പൂർണ്ണചന്ദ്രനെ നോക്കി ഓരിയിടുന്ന ചില തെരുവുജീവികളെയാണ്.

ഭവനനിർമ്മാണം, ടൂറിസം, പൊതുമരാമത്ത് തുടങ്ങിയ മേഖലകളിൽ നേടിയെടുത്ത വിസ്മയകരമായ മുന്നേറ്റം തുടരുന്നതിനാവശ്യമായിവരുന്ന അധിക ധനപിന്തുണ ഉറപ്പാക്കാൻ കഴിയേണ്ടതുണ്ട്. അഞ്ചുലക്ഷം പേർക്ക്

വീടുകൊടുത്ത ലൈഫ് പദ്ധതിയുടെ മുന്നേറ്റം മാത്രമല്ല, സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ 'ഗൃഹശ്രീ' ഭവന പദ്ധതി, 'കെ-ഹോംസ്' പദ്ധതി, മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള 'ആശ്വാസ് വാടക വീട്' പദ്ധതി, 'തന്റെയിടം' എന്ന സാമൂഹ്യ പ്രതിബദ്ധതയാർന്ന ഭവനപദ്ധതി തുടങ്ങി ഒട്ടേറെ ഭവന പദ്ധതികളുണ്ട്. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കാനുള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. അത് അടിയന്തരമായി ഏറ്റെടുത്ത് നടപ്പാക്കേണ്ടതാണ്. പൊതുമരാമത്ത്-ടൂറിസം മേഖലകളിൽ നടത്തുന്ന ശരവേഗതയിലാർന്ന കുതിപ്പിനുമുമ്പിൽ പ്രതിപക്ഷംപോലും വായ്പൊളിച്ച് അന്തംവിട്ട് നിൽക്കുകയാണ്. പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേ റോഡ് നിർമ്മാണം പൂർത്തീകരണഘട്ടത്തിലാണ്. പാലക്കാടുനിന്നും നാല് മണിക്കൂറിലധികം സമയം ആവശ്യമായിവരുന്ന കോഴിക്കോട് യാത്ര ഒന്നര മണിക്കൂറായി ചുരുങ്ങുന്നതിൽ പാലക്കാട്ടുകാർക്കുള്ള സന്തോഷം ഈ സഭയിൽ ഞാൻ പങ്കുവയ്ക്കുകയാണ്. ഹെലി ടൂറിസം പദ്ധതിയിലൂടെ കേരളം പുതിയൊരു ടേക്ക് ഓഫ് നടത്തുകയാണ്. ജലാശയങ്ങളും കടൽത്തീരങ്ങളും മലനിരകളും കൊണ്ട്

അനുഗ്രഹീതമായ കേരളത്തിന്റെ ലോകോത്തര സൗന്ദര്യം ഒരൊറ്റ ദിവസം കൊണ്ടുതന്നെ ടൂറിസ്റ്റുകളെ കാണിക്കാൻ കഴിയുന്ന പദ്ധതിയായി അത് മാറുകയാണ്. കഴിഞ്ഞ വർഷം ഏകദേശം രണ്ടരക്കോടി വിനോദസഞ്ചാരികളെ ആകർഷിച്ച ലോകഭൂപടത്തിലെ അപൂർവ സ്ഥലങ്ങളിലൊന്നായി കേരളം മാറിയിരിക്കുകയാണ്. ലക്ഷക്കണക്കിന് മനുഷ്യർക്ക് ജീവിതമാർഗമായി മാറിയ കേരള ടൂറിസം നമ്മുടെ സമ്പദ്‌വ്യവസ്ഥയിലേക്ക് ഏറ്റവും കൂടുതൽ സംഭാവന നേടിത്തരുന്ന വ്യവസായമായിക്കൂടി പരിണമിച്ചുകഴിഞ്ഞിരിക്കുകയാണ്. ഈ ഘട്ടത്തിൽ വ്യവസായ പ്രതിഭയ്ക്ക് ലഭിക്കാവുന്ന എല്ലാ പരിഗണനയും ടൂറിസം വകുപ്പിന് നൽകാൻ കഴിയേണ്ടതുണ്ട്. പറഞ്ഞാൽ തീരാത്ത നേട്ടങ്ങൾ ആവർത്തിക്കാൻ ഒത്തുതീർപ്പുകളില്ലാത്ത വികസന പദ്ധതികളുമായി മുന്നേറുന്ന എൽ.ഡി.എഫ്.-നെ എത്ര കുതന്ത്രങ്ങൾ മെനഞ്ഞ് തകർക്കാൻ ശ്രമിച്ചാലും അത് നടക്കാൻ പോകുന്നില്ലെന്ന് പ്രതിപക്ഷാംഗങ്ങളെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അതിന്റെ കാരണം ജനങ്ങളുടെ പിന്തുണയുള്ള പക്ഷമാണ് ഭരണപക്ഷം എന്നതാണ്. ലക്ഷക്കണക്കിന് ജനങ്ങൾക്ക് ഭൂമി നൽകിയ ഒരു

സർക്കാരാണിത്. 330114 പേർക്ക് പട്ടയവിതരണം നടത്തി. അങ്ങനെ ധാരാളം പേർക്ക് വീട് നൽകി, വിവിധ പദ്ധതികൾ നടപ്പാക്കി. ഇതെല്ലാം ഞങ്ങളെ ജനപക്ഷ സർക്കാരാക്കി മാറ്റി. 'ഞങ്ങൾ ഇടതുപക്ഷം' മാനവികതയും മതനിരപേക്ഷതയും മുറുകെപ്പിടിക്കുന്നവരാണ്; 'ഞങ്ങൾ ഇടതുപക്ഷം' അപരന്റെ വാക്കുകൾ സംഗീതം പോലെ ആസ്വദിക്കാൻ കഴിയുന്ന മാനവരാശിയെ സൃഷ്ടിക്കാൻ പോരാടുന്നവർക്കൊപ്പം നിലയുറപ്പിക്കുന്നവരാണ്; 'ഞങ്ങൾ ഇടതുപക്ഷം' പിറന്ന മണ്ണിൽ മരിച്ചുവീഴും വരെ മാനവമോചന പോരാട്ടത്തിൽ ഉറച്ചുനിൽക്കുന്നവരാണ്; 'ഞങ്ങൾ ഇടതുപക്ഷം' ഇന്നത്തെ മുതലാളിത്ത ചൂഷണ വ്യവസ്ഥിതിക്കെതിരെ സോഷ്യലിസത്തിന്റെ ബദലുകളെ ശക്തിപ്പെടുത്താൻ ശബ്ദിക്കുന്നവരാണ്; 'ഞങ്ങൾ ഇടതുപക്ഷം' കേരളത്തിലെ നന്മയെ സൃഷ്ടിക്കാനും നിലനിർത്താനും പോരടിച്ച് കയറിയവരാണ്. ആ ഇടതുപക്ഷത്തിന്റെ ജനകീയ ബദലുകളുമായി കുതിക്കുന്ന കേരളത്തിലെ പിണറായി സർക്കാരല്ലാതെ മറ്റേത് സർക്കാരിനാണ് തുടർച്ചയുണ്ടാകുക? മൂന്നാം വരവിനെക്കുറിച്ച് നിങ്ങൾ ആശങ്കപ്പെടേണ്ടതില്ല. മൂന്നാം വരവ് പിണറായി സർക്കാരിനുണ്ടാകുമെന്ന് ഉറപ്പിച്ച സമൂഹമാണ് കേരളത്തിലുള്ളത്.

ആ സമൂഹമാകെ കൈകളടിച്ച് എതിരേൽക്കാൻ കാത്തിരിക്കുകയാണ്. ആ കരഘോഷത്തോടുകൂടി കേരളത്തിലെ പിണറായി സർക്കാരിന്റെ മൂന്നാം വരവിനെ കാത്തിരിക്കുന്ന കേരളീയർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ചുരുക്കുകയാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിലെ ധനാഭ്യർഥനകളെ ഞാൻ പിന്താങ്ങുന്നു. കേരള ജനത സമഗ്രമായ വികസനവും ക്ഷേമവവും ആഗ്രഹിക്കുന്നു. കേരള ചരിത്രത്തിൽ സമാനതകളില്ലാത്ത വികസനപ്രവർത്തനങ്ങളാണ് കഴിഞ്ഞ എട്ടര വർഷം കേരളം കണ്ടത്. അത് കൂടുതൽ കരുത്തോടെ മുന്നോട്ടുപോകണമെന്ന് കേരള ജനത ആഗ്രഹിക്കുന്നു. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുന്നുവെന്ന് മഞ്ചേരി എം.എൽ.എ. ശ്രീ. യു. എ. ലത്തീഫ് സഭയിൽ പറയുകയുണ്ടായി. എന്നാൽ കേരള ജനത എന്ത് ആഗ്രഹിക്കുന്നു എന്നതാണ് ഞാൻ പറഞ്ഞത്. അതാണ് സംഭവിക്കാൻ പോകുന്നത്. സ്വപ്നത്തിൽനിന്ന് ഉണരുമ്പോൾ എന്താണ് സംഭവിച്ചതെന്ന് നമുക്ക് ബോധ്യപ്പെടും. കേരള വികസനം അന്താരാഷ്ട്രതലത്തിൽപോലും ചർച്ച ചെയ്യുന്ന രീതിയിൽ മുന്നേറുകയാണ്.

സമസ്തമേഖലകളിലും സർക്കാരിന്റെ ശക്തമായ ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ കേരളത്തിന് അർഹമായ നികുതി വിഹിതവും പദ്ധതികളും നിഷേധിക്കുന്നു. കേരള സർക്കാർ ജനപിന്തുണയുടെ തനതുവരുമാനം വർധിപ്പിച്ച് വികസന ക്ഷേമകാര്യങ്ങളിൽ ഇടപെടുന്നു.

ഈ സർക്കാരിന്റെ കാലത്ത് നികുതി-നികുതിയേതര വരുമാനത്തിൽ 17.5 ശതമാനം വളർച്ച കൈവരിക്കാനായി. കേന്ദ്ര ധന കമ്മീഷൻ വിഹിതം 3.88 ശതമാനത്തിൽനിന്നും 1.92 ശതമാനമായി കുറച്ച ഒരു കാലഘട്ടത്തിലാണ് കേരളത്തിന്റെ നികുതിവരുമാനത്തിലെ വർധനവിലൂടെ നാം മുന്നേറുന്നത്. ജി.എസ്.ടി. വന്നതോടുകൂടി സംസ്ഥാനത്തിന്റെ സ്വന്തം നികുതി നിശ്ചയിക്കാനുള്ള അധികാരം നഷ്ടമായി. ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കി. സാമ്പത്തികമായി കേരളത്തെ തകർക്കാൻ കേന്ദ്രം ശ്രമിക്കുമ്പോഴും കേരളത്തിലെ പ്രതിപക്ഷം അതിനെതിരെ ശബ്ദിക്കുന്നില്ല. ക്ഷേമനിധി ബോർഡുകൾക്ക് സാമ്പത്തികമായി സഹായം നൽകുന്നതിൽ കൃത്യമായ മറുപടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്ന് സഭയിൽ

വിശദീകരിക്കുകയുണ്ടായി. ഇത്രയേറെ സാമ്പത്തിക പ്രയാസങ്ങളുണ്ടായിട്ടും ചില കാര്യങ്ങളിൽ കുറച്ച് കാലതാമസം നേരിടാറുണ്ടെങ്കിലും അതൊക്കെ മറികടന്നുകൊണ്ട് സാമ്പത്തികമായി വളരെ മികച്ചരീതിയിൽ കേരളത്തെ പരമാവധി മുന്നോട്ടുനയിക്കുകയാണ്. പൊതുമരാമത്ത്-ടൂറിസം മേഖലകളിൽ ഇതുവരെയില്ലാത്ത ഒരു കുതിച്ചുചാട്ടമാണ് വികസനരംഗത്ത് നടന്നിട്ടുള്ളത്. സംസ്ഥാനത്ത് 29522 കിലോമീറ്റർ റോഡിൽ 17483.8 കിലോമീറ്റർ റോഡും ബി.എം.&ബി.സി. നിലവാരത്തിലേക്കുയർത്തി. ബി.എം.&ബി.സി.-യെക്കുറിച്ച് നേരത്തെ ഇവിടെ സൂചിപ്പിച്ചിരുന്നു. കുറഞ്ഞകാലംകൊണ്ട് മുഴുവൻ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേക്കുയർത്തുന്ന പ്രവർത്തനങ്ങളാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി നടത്തിക്കൊണ്ടിരിക്കുന്നത്. റോഡുകളുടെ ഗുണനിലവാരം വർധിച്ചത് കേരളത്തിലൂടെ സഞ്ചരിക്കുന്ന ആർക്കും മനസ്സിലാകുന്നതാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തിലെ എൻ.എച്ച്.-ന്റെ പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനായി ആരംഭിച്ച ഓഫീസുകൾ പൂട്ടി, നടപടി അവസാനിപ്പിച്ച സാഹചര്യമുണ്ടായിരുന്നു. എന്നാൽ എൽ.ഡി.എഫ്. സർക്കാരിന്റെ

ഇച്ഛാശക്തിയോടുകൂടിയുള്ള പ്രവർത്തനം എൻ.എച്ച്. നിർമ്മാണത്തിന് പുതുജീവൻ നൽകി. എൻ.എച്ച്.-66-ന്റെ പ്രവൃത്തി കേരളത്തിലുടനീളം അതിവേഗത്തിൽ പുരോഗമിക്കുകയാണ്. സംസ്ഥാന സർക്കാർ 5580 കോടി രൂപയാണ് എൻ.എച്ച്.- സ്ഥലമെടുപ്പിന് നൽകിയത്. ഇതൊക്കെ സാമ്പത്തിക പ്രയാസങ്ങളുള്ള കാലത്തുപോലും ചെയ്തിട്ടുള്ള പ്രവർത്തനങ്ങളാണ്. പ്രവർത്തനം നിലച്ചുപോയ കുതിരാൻ തുരങ്കത്തിന്റെ നിർമ്മാണം ശക്തമായ ഇടപെടലുകളിലൂടെ പൂർത്തീകരിച്ചു. തിരുവനന്തപുരം ഔട്ടർ റിങ് റോഡ്, എറണാകുളം ബൈപ്പാസ്, കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് ദേശീയപാത പദ്ധതികൾക്ക് 2,370.59 കോടി രൂപയുടെ സാമ്പത്തിക ബാധ്യത ഏറ്റെടുക്കാൻ തീരുമാനിച്ചു. 100 പാലങ്ങൾ പൂർത്തിയാക്കുകയും 150 പാലങ്ങളുടെ നിർമ്മാണം അതിവേഗം പുരോഗമിക്കുകയുമാണ്. പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് പദ്ധതിക്ക് ഭൂമിയേറ്റെടുക്കൽ നടപടികൾ ആരംഭിച്ചു. കോഴിക്കോട് മുത്തങ്ങ എൻ.എച്ച്. 766-ന്റെ വികസനം വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു. വയനാട്ടിലേക്കുള്ള ഗതാഗത തടസ്സം നീക്കുന്നതിന് താമരശ്ശേരി ചുരത്തിലെ മൂന്ന് വളവുകൾ വീതികൂട്ടാനുള്ള

നടപടികൾ സ്വീകരിച്ചു. അതിനായി 37.16 കോടി രൂപ ലഭ്യമാക്കി. മലയോര തീരദേശപാതകളുടെ നിർമ്മാണം അതിവേഗം നടക്കുന്നു. 1166 കിലോമീറ്റർ മലയോരപാതയിൽ 794 കിലോമീറ്റർ കിഫ്ബിയിലും ബാക്കിയുള്ളവ മറ്റ് പദ്ധതികളിലും ഉൾപ്പെടുത്തി. അതിന്റെ ഭാഗമായി 158.6 കിലോമീറ്റർ പൂർത്തിയാകുകയും 322.53 കിലോമീറ്ററിന്റെ പ്രവൃത്തി പുരോഗമിക്കുകയും ചെയ്യുന്നു. അതിനായി ഇതിനോടകം 2,985 കോടി രൂപ ചെലവഴിച്ചു. 507.86 കിലോമീറ്റർ തീരദേശപാത കിഫ്ബി വഴി വികസിപ്പിക്കുന്നു. വയനാട് തുരങ്കപാത നിർമ്മാണം പാരിസ്ഥിതികാനുമതി ലഭ്യമാക്കി ടെൻഡർ നടപടികളിലേക്ക് കടക്കുന്നു. 2,043.7 കോടി രൂപയാണ് സർക്കാർ അനുവദിച്ചിട്ടുള്ളത്. ഈ പ്രവൃത്തികൾ കേരളത്തിന്റെ വ്യാവസായിക ടൂറിസം മേഖലയുടെ സാധ്യതകൾ വികസിപ്പിക്കുന്നു. എന്നാൽ എല്ലാ പദ്ധതികളെയും എതിർക്കുന്ന നിലപാടാണ് കേരളത്തിലെ യു.ഡി.എഫ്. അംഗങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തെ റോഡുകളുടെ പരിപാലനം സമയബന്ധിതമായി നടപ്പാക്കാൻ റണ്ണിങ് കോൺട്രാക്ട് സമ്പ്രദായം നടപ്പാക്കിയത് മാതൃകാപരമാണ്. നിരക്കുകൾ പുതുക്കി നിശ്ചയിക്കാനുള്ള

പൊതുമരാമത്ത് വകുപ്പിന്റെ തീരുമാനം പ്രവൃത്തികളുടെ വേഗത വർധിപ്പിക്കും. കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ പശ്ചാത്തലമേഖലയിൽ വലിയ മുന്നേറ്റമാണുണ്ടായത്. പുതിയങ്ങാടി-തണ്ണീർപന്തൽ റോഡ്, അരയിടത്തുപാലം-കാരന്തൂർ റോഡ്, കാരപ്പറമ്പ്-ബാലുശ്ശേരി റോഡ് എന്നിവയെ കിഫ്ബിയിലുൾപ്പെടുത്തി പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ഭൂമിയേറ്റെടുക്കൽ നടപടികളും പുരോഗമിക്കുന്നു. അതിന്റെ നടപടികൾ വേഗത്തിലാക്കണം. വർഷങ്ങളായി കാത്തിരുന്ന മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡ് പൂർണ്ണമായും ഏറ്റെടുത്ത് ടെൻഡർ നടപടികളിലേക്ക് കടക്കുന്നു. മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡിന്റെ ഭാഗമായി ഭൂമിയേറ്റെടുത്ത കോഴിക്കോട് മുത്തങ്ങ ദേശീയപാത പ്രവൃത്തിയിലുൾപ്പെട്ട മലാപ്പറമ്പ് മുതൽ വെള്ളിമാടുകുന്ന് വരെയുള്ള ഭാഗത്തെ നിർമ്മാണവും ഇതോടൊപ്പം നടത്തണം. കോഴിക്കോട് നഗരപാത വികസനം രണ്ടാംഘട്ടം ഏറ്റെടുത്ത പദ്ധതികൾ നഗരത്തിന്റെ മുഖച്ഛായ മാറ്റും.

(അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീ. സി. കെ. ഹരീന്ദ്രൻ)

പി.ഡബ്ല്യൂ.ഡി.-യിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ വളരെ ചെറുതാണെന്ന് പ്രതിപക്ഷത്തുനിന്നുള്ള ഒരംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സി.എം.ടി. യോഗം എല്ലാ മാസവും ഒരു ദിവസം നിശ്ചയിച്ചുകൊണ്ട് മുഴുവൻ ഉദ്യോഗസ്ഥരെയും വിളിച്ച് ചേർത്ത് ഓരോ മണ്ഡലത്തിലെയും മുഴുവൻ പ്രശ്നങ്ങളും ചർച്ച ചെയ്യാനും പ്രവൃത്തികളുടെ പുരോഗതി വിലയിരുത്താനും സാധ്യമായത് ഇക്കാലത്താണ്. കണ്ണൂർ-മാനാഞ്ചിറ-പാവങ്ങാട് റോഡിന്റെ വികസനം വർഷങ്ങളായി ആവശ്യപ്പെടുന്നതാണ്. അതിന് പദ്ധതി തയ്യാറാക്കിവരുന്നത് അഭിനന്ദനാർഹമാണ്. പനാത്ത്താഴം-സരോവരം മേൽപ്പാലം പദ്ധതി അംഗീകരിച്ചു. പ്രസ്തുത പദ്ധതി പൂർത്തിയാകുന്നതോടെ ബീച്ചിൽനിന്നും വയനാട് റോഡിൽനിന്നും കുന്ദമംഗലംവരെ തടസ്സമില്ലാതെ ഗതാഗതം സാധ്യമാകും. എൻ.എച്ച്. 66 നിർമ്മാണത്തിന്റെ ഭാഗമായി ഗതാഗതം തടസ്സപ്പെടുന്ന CWRDM- പനാത്ത്താഴം റോഡിലെ കോട്ടൂളി, നേതാജി ജങ്ഷനിൽ മേൽപ്പാലം നിർമ്മിക്കാൻ നഗരപാതാ വികസനപദ്ധതിയിലുൾപ്പെടുത്തി നടപടി സ്വീകരിക്കണം. നഗരത്തിലെ

മുഴവൻ പൊതുമരാമത്ത് റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേക്കുയർത്തണം. ടൂറിസം മേഖലയിൽ വലിയ കുതിച്ചുചാട്ടമാണ് കേരളം കൈവരിച്ചത്. ഉൾനാടൻ ജലഗതാഗതം, കൊച്ചി വാട്ടർ മെട്രോ, സീ പ്ലെയിൻ എന്നിവയെല്ലാം ടൂറിസം സാധ്യതകൾ വർധിപ്പിക്കുന്നു. ബീച്ച് റോഡിനോടനുബന്ധിച്ച് സ്ഥാപിച്ച ഫ്ലോട്ടിങ് ബ്രിഡ്ജുകൾ വലിയ ജനശ്രദ്ധ പിടിച്ചുപറ്റിയിട്ടുണ്ട്. കേരളത്തിലെ പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്ക് ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സൗകര്യമേർപ്പെടുത്തിയത് മികച്ച നടപടിയാണ്. ടൂറിസം മേഖലകളിലെ വികസനം ലക്ഷ്യമാക്കി ആഗോളതല ലിംഗസമത്വ ഉത്തരവാദിത്വ ടൂറിസം വനിതാ സമ്മേളനം ചരിത്രത്തിൽ ഇടംപിടിച്ചു. സ്ത്രീ സൗഹൃദ ടൂറിസത്തിന് ഉത്തമ മാതൃകയാണ് കേരളം. ഈ മേഖലയിൽ 18000 പുതിയ സംരംഭങ്ങൾ വനിതകളുടെ നേതൃത്വത്തിൽ നടന്നുവരുന്നു. വിവിധ ടൂറിസം മേഖലകളെ ഹെലികോപ്റ്റർ വഴി ബന്ധിപ്പിക്കുന്ന ഹെലി ടൂറിസം പദ്ധതി നടക്കുന്നുണ്ട്. ഇങ്ങനെ ഒട്ടേറെ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന ടൂറിസം ചരിത്രത്തിലെ മികച്ച പദ്ധതിയായ 'കനാൽ സിറ്റി' പദ്ധതി വേഗത്തിൽ

നടപ്പാക്കണം. സംസ്ഥാനത്തെ ദേവസ്വം വകുപ്പും ദേവസ്വം ബോർഡും മികച്ച പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കുന്നത്. ഈ വർഷത്തെ ശബരിമല തീർഥാടനം ഒരു പരാതിക്കും ഇടനൽകാത്തവിധത്തിൽ വിജയകരമാക്കാൻ സാധിച്ചതിൽ ദേവസ്വം വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഗുരുവായൂർ ദേവസ്വം ബോർഡിൽ മെമ്പർമാർക്കോ ചെയർമാനോ ഒരു പൈസപോലും ഇതുവരെ ഓണറേറിയമായോ സിറ്റിങ് ഫീസായോ അനുവദിച്ചിട്ടില്ല. അതുസംബന്ധിച്ച ബിൽ ഇപ്പോൾ തയ്യാറായിക്കൊണ്ടിരിക്കുകയാണ്. അതുപോലെ, മലബാർ ദേവസ്വം ബോർഡിലും തുച്ഛമായ പൈസ മാത്രമാണ് നൽകുന്നത്. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള 1700-ഓളം അമ്പലങ്ങളിലായി 7000-ൽ അധികം ജീവനക്കാരുണ്ട്. സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച ധനസഹായം പൂർണ്ണമായി ലഭിക്കാത്തതിനാൽ ജീവനക്കാരുടെ ആനുകൂല്യം യഥാസമയം നൽകാൻ കഴിയുന്നില്ല. മലബാർ ദേവസ്വം ബോർഡ് ഇപ്പോഴും മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ് ആക്ട് പ്രകാരമാണ് പ്രവർത്തിക്കുന്നത്. മലബാർ ദേവസ്വം ബോർഡിന് പ്രത്യേകമായി നിയമനിർമ്മാണം നടത്തണമെന്ന് ഞാൻ

ആവശ്യപ്പെടുകയാണ്. അതുപോലെ റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെ എടുത്തുപറയാതിരിക്കാൻ സാധിക്കില്ല. ഇത്രയധികം മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ സാധിച്ച മറ്റൊരു വകുപ്പില്ല. അതിന് എത്രയൊക്കെ അഭിനന്ദിച്ചാലും മതിയാകില്ല. ഓരോ മൂന്നുമാസം കൂടുമ്പോഴും റവന്യൂ അസംബ്ലി മീറ്റിങ്ങുകൾ വിളിച്ചുചേർത്ത് ഓരോ മണ്ഡലത്തിലെയും പ്രശ്നങ്ങൾ ചർച്ച ചെയ്ത് അതിന് അനുമതി നൽകിയിട്ടുള്ള ഒട്ടേറെ പ്രവർത്തനങ്ങളുണ്ട്. വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി, ഡിജിറ്റൽ സർവേ നടത്തി. പണമില്ലാത്തവർക്ക് ലൈഫ് പദ്ധതി വഴിയും അല്ലാത്തവർക്ക് മറ്റ് പദ്ധതികളിലൂടെയും വീട് നൽകാൻ സാധിക്കും. പക്ഷേ, മിഡിൽ ഇൻകം ഉള്ളവർക്ക് സഹായകരമായിനിന്നത് ഹൗസിങ് ബോർഡിന്റെ ഭവന നിർമ്മാണ രംഗത്തെ പ്രവർത്തനങ്ങളാണ്. ഇത് കൂടുതൽ ശക്തിപ്പെടുത്തുന്നതിനുവേണ്ടി സ്ഥലങ്ങൾ ഏറ്റെടുത്തുകൊണ്ട് ഇനിയും ഇതുപോലെ ധാരാളം ഭവനങ്ങൾ നിർമ്മിച്ച് നൽകി മുന്നോട്ടുപോകാൻ സാധിക്കണം. റവന്യൂ പോർട്ടൽ നടപ്പാക്കുകയും സേവനങ്ങൾ മുഴുവൻ ഓൺലൈനാക്കുകയും ചെയ്തു. പട്ടയമേളകൾ നടത്തി നിരവധി പട്ടയങ്ങൾ

വിതരണം ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ മന്ത്രിമാരും ചേർന്നുകൊണ്ട് നടത്തിയിട്ടുള്ള സമാനതകളില്ലാത്ത വികസന പ്രവർത്തനങ്ങളാണ് കേരളത്തെ ഈയൊരു നിലയിലേക്ക് ഉയർത്തിയത്. നവകേരള സൃഷ്ടിക്കായി ഇനിയും വലിയ മാറ്റങ്ങളുണ്ടാക്കാനുള്ള വലിയ പരിശ്രമങ്ങളാണ് നടത്തുന്നത്. അതിനായി പ്രതിപക്ഷമടക്കമുള്ള എല്ലാ വിഭാഗങ്ങളും ഇതിൽ സഹകരിക്കേണ്ടതാണ്. കേരളത്തിൽ എന്തെങ്കിലും വികസന പ്രവൃത്തികളുണ്ടെങ്കിൽ മാത്രമെ നമുക്ക് അഭിമാനിക്കാൻ സാധിക്കുകയുള്ളൂ. അതിനുള്ളൊരു തീരുമാനമായിരിക്കണം എല്ലാവരുടെയും ഭാഗത്തുനിന്നുണ്ടാകേണ്ടതെന്ന് അഭ്യർഥിച്ചുകൊണ്ട് ഈ ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. സംസ്ഥാന പാതകൾ ഒട്ടനവധി അപകടങ്ങളുടെ തുടർക്കഥയായി മാറുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. പുനലൂർ-മൂവാറ്റുപുഴ റോഡിൽ ധാരാളം അപകടങ്ങളുണ്ടാകുന്നുണ്ട്. എം.സി. റോഡിന്റെ സ്ഥിതിയും വ്യത്യസ്തമല്ല.

പ്രത്യേകിച്ച് കുറവിലങ്ങാട്-കൂത്താട്ടുകുളം ഭാഗങ്ങളിൽ സ്ഥിരമായി അപകടങ്ങളുണ്ടാകുന്ന സ്പോട്ടുകളുണ്ട്. ഈ സ്പോട്ടുകൾ ബന്ധപ്പെട്ട അധികൃതർക്ക് അറിയാത്തതല്ല. പക്ഷേ, അതിന്റെ പരിഹാര നടപടികൾ കൃത്യമായി ഉണ്ടാകുന്നില്ല. റോഡ് നിർമ്മാണത്തിലെ അശാസ്ത്രീയത പലപ്പോഴും പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്. അത് പലതരത്തിലും അപകടകരമായ നിലയിൽ മുന്നോട്ടുപോകുകയാണ്. അപകടരഹിതമായി നിരത്തുകൾ മാറ്റുന്ന കാര്യത്തിൽ അടിയന്തര ഇടപെടലാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകേണ്ടത്. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ റോഡുകളുടെ ഡ്യൂറബിലിറ്റി കുറയ്ക്കുന്നുവെന്ന് മാത്രമല്ല, റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ അനന്തമായി വൈകിപ്പിക്കുകയും ചെയ്യുന്നു. ജൽജീവൻ മിഷന്റെ പൈപ്പ്ലൈൻ ഇട്ടുപോയിക്കഴിഞ്ഞാൽ സ്വാഭാവികമായും ആ സ്ഥലങ്ങളിൽ സിങ്കിങ് ഉണ്ടാകും. ആ ഭാഗം ഇരുന്നുപോകും. പക്ഷേ, ഡി.എൽ.പി. (ഡിഫെക്റ്റ് ലയബിലിറ്റി പീരിയഡ്)-യിൽ ആ ഭാഗം കൂടി ഉൾപ്പെടുത്തുന്നതിന്റെ പേരിൽ പല കരാറുകാരും ഇന്ന് വർക്ക് ചെയ്യാൻ തയ്യാറാകാത്ത നിലയിലേക്ക് വരുന്നു. ജൽജീവൻ മിഷൻ

വർക്ക് ഏറ്റെടുത്തുകഴിഞ്ഞാൽ എന്ന് പൈപ്പിട്ട് തീരുമെന്നതിനെ സംബന്ധിച്ച് യാതൊരു വ്യക്തതയും ആർക്കുമില്ല. അതുകൊണ്ട് ഇത് അങ്ങനെ നീണ്ടുപോകും. വർക്ക് ഏറ്റെടുത്ത് പൈപ്പിട്ടതിനുശേഷം വർക്ക് ആരംഭിക്കാൻ രണ്ടോ മൂന്നോ വർഷങ്ങൾ എടുക്കുകയാണ്. ഇവയെല്ലാം നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കും. പി.ഡബ്ല്യൂ.ഡി. റോഡുകൾക്കും പഞ്ചായത്ത് റോഡുകൾക്കും ഇതേ സ്ഥിതിയാണുള്ളത്. ജൽജീവൻ മിഷൻ ഇന്ന് പൂർണ്ണമായ നിലയിൽ റോഡുഗതാഗതത്തെ താറുമാറാക്കുന്ന നിലയിലേക്ക് പോകുന്നു. ഇക്കാര്യം ഞാൻ പലപ്പോഴും സഭയിൽ ഉന്നയിക്കുകയും ജലവിഭവ വകുപ്പുമന്ത്രിയോട് സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് വകുപ്പുമന്ത്രിമാരും കൂട്ടായ തീരുമാനമെടുക്കുമെന്ന് പറഞ്ഞെങ്കിലും ഇപ്പോഴും സ്ഥിതി അതേ നിലയിൽതന്നെ തുടരുകയാണ്. ജൽജീവൻ മിഷന്റെ വർക്കുകൾ ആരംഭിച്ചിട്ടുള്ള റോഡുകളുടെ ഡി.എൽ.പി.-യെ സംബന്ധിച്ച് ഗവൺമെന്റ് വ്യക്തമായ തീരുമാനമെടുത്ത് മുന്നോട്ടുപോകേണ്ടതാണ്. റീ-ബിൽഡ് കേരളയുടെ വർക്കുകൾ വളരെ വൈകിപ്പോകുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ പിറവം-പെരുവംമൂഴി റോഡിൽ ഇപ്പോഴും റീ-ബിൽഡ്

കേരളയുടെ നിർമ്മാണ പ്രവർത്തനം പുനരാരംഭിച്ചിട്ടില്ലെന്ന വിഷയം ഞാൻ നാല് പ്രാവശ്യം സബ്മിഷനിലൂടെ ഉന്നയിച്ചതാണ്. തൃപ്പൂണിത്തുറ ബൈപ്പാസുമായി ബന്ധപ്പെട്ടുള്ളൊരു ഗുരുതരമായ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരികയാണ്. കഴിഞ്ഞ 30 വർഷം മുമ്പ് എൻ.എച്ച്. 85 തൃപ്പൂണിത്തുറ ബൈപ്പാസിനായി അവിടെ കല്ലിട്ടുപോയതാണ്. അതിനായി 34 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടിയിരുന്നത്. രണ്ട് ഘട്ടമായി ഏകദേശം 8 ഹെക്ടർ സ്ഥലം മാത്രമെ ഏറ്റെടുത്തിട്ടുള്ളൂ. ബാക്കി സ്ഥലം ഇതുവരെ ഏറ്റെടുത്തിട്ടില്ല. കല്ലിട്ടുകഴിഞ്ഞാൽ സ്വാഭാവികമായും ആ ഭൂമിയിൽ ക്രയവിക്രയങ്ങളോ നിർമ്മാണ പ്രവർത്തനങ്ങളോ നടത്താൻ സാധിക്കില്ല. അത് നിലച്ച് നിൽക്കുന്ന സ്ഥിതിയാണുള്ളത്. അതിനാൽ ഈ പ്രദേശത്തെ ഭൂവുടമകൾ വലിയ പ്രതിസന്ധിയിൽ മുന്നോട്ടുപോകുകയാണ്. 30 വർഷം മുമ്പ് കല്ലിട്ട ഈ എൻ.എച്ച്. 85-ന് 50 മീറ്റർ മാറിയാണ് എൻ.എച്ച്. 544-ന് പുതിയ അലൈൻമെന്റ് നിർണ്ണയിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ യുക്തിസഹമായ ഒരു തീരുമാനം ഹൈവേ എടുക്കേണ്ടതുണ്ട്. എൻ.എച്ച്. 544-ന്റെ അലൈൻമെന്റ് 30 വർഷം മുമ്പ് കല്ലിട്ട എൻ.എച്ച്. 85-ലേയ്ക്ക് മാറ്റിക്കഴിഞ്ഞാൽ ഈ പ്രശ്നം നല്ല

രീതിയിൽ പരിഹരിക്കാൻ കഴിയുന്നതാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നതാണ്. 30 വർഷം മുമ്പ് കല്ലിട്ട എൻ.എച്ച്. 85-ന് ഒരു പരിഹാരമുണ്ടാക്കണമെന്ന് പറഞ്ഞപ്പോൾ ദേശീയപാത ഉപരിതല ഗതാഗത വകുപ്പിന്റെ തീരുമാനം വരേണ്ടതായിട്ടുണ്ടെന്നാണ് ഗവൺമെന്റ് നൽകിയിരിക്കുന്ന മറുപടി. അവിടെയുള്ള ഭൂവുടമകൾക്ക് കേന്ദ്രമന്ത്രിമാരെ കണ്ട് സംസാരിക്കാനുള്ള അവസരം ലഭിക്കില്ല. അതിനാൽ തൃപ്പൂണിത്തുറ ബൈപ്പാസിനെ സംബന്ധിച്ചൊരു വ്യക്തമായ തീരുമാനത്തിലേക്കെത്താൻ ഗവൺമെന്റ് തയ്യാറാകണമെന്നും ഈ വിഷയം പരിഹരിക്കണമെന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം കെട്ടിടങ്ങൾക്കടക്കം ഡിപ്രിസിയേഷൻ ഒഴിവാക്കാനുള്ള നടപടിയും ഗവൺമെന്റ് മുൻകൈയെടുത്ത് സ്വീകരിക്കണം. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടുള്ളൊരു വിഷയത്തിൽ, ഹൗസിങ് ബോർഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചൊരു പരിശോധന വകുപ്പ് നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ ചോറ്റാനിക്കര പഞ്ചായത്തിൽ 2016-ൽ 'സാഫല്യം' പദ്ധതിപ്രകാരം ഹൗസിങ് ബോർഡ് 24 ഫ്ലാറ്റുകൾ പൂർത്തീകരിച്ച്

നൽകിയിരുന്നു. FACTO-യുടെ പ്രീഫാബ് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനം നടത്തിയത്. അതിന്റെ ബേസ്മെന്റിനും പുതിയ സാങ്കേതിക വിദ്യയാണ് ഉപയോഗിച്ചിരിക്കുന്നത്. എന്നാൽ ആ സാങ്കേതിക വിദ്യ രണ്ട് വർഷംപോലും നിലനിൽക്കാതെ പ്രസ്തുത ഫ്ലാറ്റുകൾ വാസയോഗ്യമല്ലാത്ത നിലയിലേക്ക് മാറിയിരിക്കുകയാണ്. പലയിടത്തും ഡ്രെയിനേജ് പൊട്ടി ഒലിക്കുകയും ഇലക്ട്രിക് സിസ്റ്റം പ്രതിസന്ധിയിലാകുകയും ചെയ്തിരിക്കുകയാണ്. ഞാൻ ഒരു സബ്മിഷൻ അങ്ങേയ്ക്ക് എഴുതിനൽകിയിരുന്നു. സാമഗ്രികൾ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി പഞ്ചായത്തുമായി ധാരണാപത്രം വച്ചുവെന്നാണ് ഭവന നിർമ്മാണ ബോർഡ് മറുപടി പറഞ്ഞിരിക്കുന്നത്. ഇതിന്റെ സാങ്കേതികവശം ജനപ്രതിനിധികൾക്ക് എങ്ങനെയാണ് അറിയാൻ കഴിയുന്നത്; അത് ആ ഉദ്യോഗസ്ഥർക്കല്ലേ അറിയാൻ കഴിയുന്നത്; ഈയൊരു സാങ്കേതികവിദ്യ ഡ്യൂറബിളല്ല എന്നത് എന്തുകൊണ്ട് ഇവർ മനസ്സിലാക്കിയില്ല? ഇത് പുനർനിർമ്മിക്കാനുള്ള പൂർണ്ണമായ ഉത്തരവാദിത്വം ഭവന നിർമ്മാണ ബോർഡിനാണ്. ഡി.എൽ.പി.-ക്കുള്ളിൽ ഇതുസംബന്ധിച്ച് ആരും പരാതി

പറഞ്ഞില്ലെന്നാണ് ഭവന നിർമ്മാണ ബോർഡ് പറയുന്നത്. ഭവന നിർമ്മാണ ബോർഡ് റോഡിന് ഡി.എൽ.പി. നിശ്ചയിക്കുന്നത് മനസ്സിലാക്കാം. എന്നാൽ ഒരു വീടിന് ഡി.എൽ.പി. എങ്ങനെയാണ് കണക്കാക്കുന്നത്? എന്ത് ധിക്കാരപരമായ മറുപടിയാണ് ഹൗസിങ് ബോർഡ് നൽകിയിരിക്കുന്നത്. ഒരു വീടിന് ഒന്നോ രണ്ടോ അഞ്ചോ വർഷം എന്ന നിലയിൽ ഡി.എൽ.പി. കണക്കാക്കാൻ സാധിക്കുമോ? 2016-ലാണ് ഈ ഫ്ലാറ്റുകളുടെ പണിപൂർത്തിയായത്. ഇപ്പോൾ 2025 ആയതേയുള്ളൂ. ആറേഴ് വർഷംകൊണ്ടാണ് ഈ പരാതികൾ വന്നത്. ഇതിൽ അടിയന്തരമായി ഗവൺമെന്റ് ഇടപെട്ട് ചോറ്റാനിക്കരയിലെ സാഫല്യം ഭവന പദ്ധതിയിൽ പ്രതിസന്ധിയിലായിരിക്കുന്ന 24 കുടുംബങ്ങൾക്ക് പുതിയ ഭവനം നിർമ്മിച്ചുനൽകാനുള്ള തീരുമാനം അങ്ങ് വ്യക്തിപരമായി എടുക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. അതോടൊപ്പം ഭൂനികുതിയുടെ വർധന പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അന്യായമായ വർധനയാണ് കൊണ്ടുവന്നിരിക്കുന്നത്. അത് സാധാരണ ജീവിതം ദുസ്സഹമാക്കുന്ന നിലയിലേക്ക് മാറിയിരിക്കുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ടുള്ള ചർച്ചയ്ക്കായി

മെറ്റീരിയൽസ് ശേഖരിച്ചപ്പോൾ ഏറ്റവും കൂടുതൽ എന്റെ ശ്രദ്ധയിൽവന്ന വിഷയങ്ങളിൽ ഒന്ന്, റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട വിവിധ വിജിലൻസ് കേസുകളാണ്. പ്രത്യേകിച്ച് വില്ലേജ് ഓഫീസുകളുമായും വില്ലേജ് ഓഫീസർമാർ, വില്ലേജ് അസിസ്റ്റന്റുമാർ എന്നിവരുമായും ബന്ധപ്പെട്ട് അനവധി പ്രശ്നങ്ങളുണ്ട്. വലിയ രീതിയിലുള്ള അഴിമതികൾ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് നടക്കുന്നുണ്ട്. അത് പരിഹരിക്കാനും തടയിടുവാനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർഥനകളെ ഞാൻ എതിർക്കുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. മാമലകൾക്കപ്പുറത്ത് മരതകപ്പട്ടുടുത്ത് മലയാളമെന്നൊരു നാടും ആ നാട് ഉത്തരം തേടുന്നൊരു ചോദ്യവുമുണ്ട്. അത് നേരിട്ടുള്ള ചോദ്യമാണ്. ആ ചോദ്യം ലളിതവും കൃത്യവുമാണ്. നിങ്ങൾ ആരൊടൊപ്പമാണ്; ഇന്ത്യയിലെ ആർ.എസ്.എസ്.-ന്റെ ശത്രു ഒരു പ്രത്യയശാസ്ത്രമാണെന്നും അതിന്റെ പേര് സോഷ്യലിസമാണെന്നും ആർ.എസ്.എസ്.-ന്റെ സർസംഘ്ചാലക് ശ്രീ. മോഹൻ ഭഗവത് അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തവിധം പറയുകയുണ്ടായി.

Diversity of Developmental Trajectories എന്നൊരു പ്രയോഗമുണ്ട്. സാംസ്കാരിക വൈവിധ്യത്തോടൊപ്പം പ്രാധാന്യമുള്ളതാണ് വികസന സാമ്പത്തിക വൈവിധ്യമെന്നുള്ളതും. ഇന്ത്യയിലെ ഫെഡറലിസത്തെയും ജനാധിപത്യത്തെയും മതനിരപേക്ഷതയെയും ഭരണഘടനയെയും തകർക്കുന്നു. ആർ.എസ്.എസ്.-ഉം ബി.ജെ.പി.-ഉം കേന്ദ്ര സർക്കാരും അത് ഞങ്ങളുടെ രാഷ്ട്രീയമാണെന്ന് മറയില്ലാതെ പ്രഖ്യാപിക്കുന്നു. എന്നാൽ കോൺഗ്രസ്സിന്റെ സ്ഥിതിയോ? നൂറ്റാണ്ടിന്റെ പഴക്കമുള്ളതും ജവഹർലാൽ നെഹ്റുവിന്റെ പൈതൃകം അവകാശപ്പെടുന്നൊരു പ്രസ്ഥാനവുമാണ്. കേരളത്തിൽ എട്ട് തവണ അധികാരത്തിലിരുന്ന പാർട്ടി, അതിൽ അഞ്ച് തവണ കാലാവധി പൂർത്തിയാക്കിയൊരു പാർട്ടി, ഇപ്പോൾ പ്രതിപക്ഷത്തിരിക്കുന്നൊരു പാർട്ടി, ദീർഘകാലം പ്രതിപക്ഷത്തിരിക്കേണ്ടൊരു പാർട്ടി, അവർക്ക് കേരളത്തിലെ മൂന്ന് കോടി അറുപത് ലക്ഷത്തിലധികം വരുന്ന മലയാളികളോട് ഒരു കടപ്പാട് ഉണ്ടാകണ്ടേ? കേരളത്തെ വരിഞ്ഞുമുറുക്കാനും ഉപരോധം ഏർപ്പെടുത്തി നിശ്ചലമാക്കാനും ആർ.എസ്.എസ്.-ഉം ബി.ജെ.പി.-ഉം ശ്രമിക്കുമ്പോൾ അപകടകരമായ

നിശ്ശബ്ദ മാത്രമല്ല പലപ്പോഴും അവരോടൊപ്പം ചേർന്ന് ഇടതുപക്ഷത്തെ വേട്ടയാടാൻ ശ്രമിക്കുന്ന കോൺഗ്രസ്സിന് കാലം മാപ്പ് നൽകാൻ പോകുന്നില്ല. കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നൊരു മാറ്റമുണ്ട്. എല്ലാ ഉപരോധങ്ങളുടെയും കെട്ടുപാടുകളെ കീറിമുറിച്ച് മുന്നോട്ടുപോകാനുള്ള ഇച്ഛാശക്തിയാണ് പിണറായി സർക്കാരിന്റെ മുഖമുദ്ര. സാമ്പത്തിക ഉപരോധംവഴി കേരളത്തെ വീർപ്പുമുട്ടിക്കാൻ ശ്രമിക്കുമ്പോൾ കേരളം രക്ഷപ്പെടാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങളുടെ ഒരു നൂറ് ഉദാഹരണങ്ങൾ നമ്മുടെ മുമ്പിലുണ്ട്. കഴിഞ്ഞ ബജറ്റിലാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആംനെസ്റ്റി സ്കീം പ്രഖ്യാപിച്ചത്. കുടിശ്ശിക കാരണം സ്വസ്ഥത നഷ്ടപ്പെട്ട വ്യാപാരി സമൂഹത്തിന് ആശ്വാസം പകരുന്ന നിലയിലായിരുന്നു ടി പദ്ധതിയുടെ പ്രഖ്യാപനം. കുടിശ്ശിക നിവാരണത്തിനും വ്യവഹാര കുരുക്കുകളിൽനിന്ന് രക്ഷപ്പെടാനുമുള്ള ഒരു പദ്ധതിയാണിത്. അതിന്റെ ഫലം കണ്ടുതുടങ്ങി. നമ്മുടെ നികുതി വരുമാനത്തിൽ വർധനയുണ്ടായി, വ്യാപാര മേഖലയുടെ ആരോഗ്യ അവസ്ഥയിലുണ്ടായ മെച്ചപ്പെടൽ നമുക്ക് മുന്നിൽ പ്രകടമാണ്. യൂണിക് തണ്ടർപ്പേർ പദ്ധതി നടപ്പാക്കിയ ഇന്ത്യയിലെ

ആദ്യത്തെ സംസ്ഥാനം കേരളമാണ്. ഇതിനകം മുപ്പതിനായിരത്തോളം തണ്ടപ്പേർ ഉടമകൾ യൂണിക് തണ്ടർപ്പേർ സംവിധാനത്തിലേക്ക് മാറിയിട്ടുണ്ട്. കേരളത്തിലെ റവന്യൂ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചു. എത്രയോ തലമുറകൾ പിറന്നുവീണ... ജനിച്ച് വളർന്ന മണ്ണിൽ അവർക്ക് ഉടമസ്ഥാവകാശമില്ല. അങ്ങനെയുള്ള 180887 ആളുകൾക്കാണ് പട്ടയങ്ങൾ ലഭിച്ചിരിക്കുന്നത്. ജനിച്ച മണ്ണിൽ ഉടമസ്ഥാവകാശ രേഖ കൈയിൽ പിടിച്ച് കണ്ണീരൊഴുക്കിയവരുടെ മനസ്സ്.... അതാണ് ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം. അതോടൊപ്പം ഇന്ന് ഇപ്പോൾ കേരളത്തിലെ പൊതുമരാമത്ത് മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നൊരു മാറ്റമുണ്ട്. നമ്മുടെ നിരത്തുകളിൽ പച്ച നിറത്തിൽ തലയുയർത്തി നിൽക്കുന്ന ബോർഡുകളുണ്ട്. ആ ബോർഡുകളിൽ 'ജനങ്ങൾ കാഴ്ചക്കാരല്ല, കാവൽക്കാരാണ്' എന്ന് എഴുതിവച്ചിട്ടുണ്ട്. ആ ബോർഡുകളിൽ കരാറുകാരന്റെ പേരും ഫോൺ നമ്പരും മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരുടെ പേര്, കാലാവധി തീരുന്നത് എപ്പോൾ എന്നെല്ലാം രേഖപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന

മാറ്റങ്ങളുടെ കണ്ണാടിയായി പ്രസ്തുത ബോർഡുകൾ നമ്മുടെ മുന്നിലുണ്ട്. അതുമാത്രമല്ല, ഒരു യുദ്ധകാലത്ത് സൈന്യാധിപൻ സംഘാംഗങ്ങളുമൊത്ത് യുദ്ധഭൂമിയിൽ നിൽക്കുന്നതുപോലെയല്ലേ ദേശീയപാതയുടെ നിർമ്മാണഘട്ടത്തിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ ഇടപെടൽ? ഇതിനകം മൂന്നോളം പ്രാവിശ്യം കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥർ സന്ദർശനം നടത്തി. വിനോദസഞ്ചാര മേഖലയിലുണ്ടായൊരു മാറ്റമുണ്ടല്ലോ? കോവിഡ് കാലത്തിനുശേഷം സഞ്ചാരികളുടെ മനസ്സിൽ മാറ്റമുണ്ടായിരിക്കുന്നു. ചരിത്രസ്മാരകങ്ങളെ ലക്ഷ്യമാക്കിയുള്ള യാത്രകൾക്കുപകരം മനസ്സിന് ആനന്ദം നൽകുന്ന പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കാൻ സഞ്ചാരികൾ ഒഴുകി തുടങ്ങിയിരിക്കുന്നു. ഞങ്ങളുടെ നാട്ടിലെ ഒരു അനുഭവം സൂചിപ്പിക്കാം. 'നമ്മുടെ ഓണം നമ്മുടെ പൂക്കൾ' എന്നൊരു പദ്ധതി ആവിഷ്കരിച്ചു. 50 ഏക്കർ ഭൂമിയിലാണ് പുഷ്പകൃഷി നടത്തിയത്. കേരളത്തിനകത്തും പുറത്തുംനിന്നുള്ള നിരവധി ആളുകൾ ആ പൂപ്പാടങ്ങൾ കാണാൻ ഒഴുകിയെത്തി. സേവ് ദ ഡേറ്റും

മറ്റ് ആഘോഷങ്ങളും ആ പൂപ്പാടങ്ങളിൽ ഒരുക്കാൻ കഴിഞ്ഞു. അതുമാത്രമല്ല, വിദേശികളുൾപ്പെടെയുള്ള ആളുകൾ കോണ്ടിനെന്റൽ ഭക്ഷണം കഴിക്കാനല്ല, നമ്മുടെ നാടിന്റെ തനത് രുചിയറിയാൻവേണ്ടി വരുന്നു. ഉത്തരവാദിത്വ ടൂറിസത്തിന്റെ ഒരു പറുദീസയായി നമ്മുടെ നാട് മാറുന്നു. ഇങ്ങനെയുള്ള മാറ്റങ്ങൾ കേരളത്തിലുണ്ടാകുമ്പോഴാണ് മാധ്യമങ്ങളുടെ സഹായത്തോടെ ഇടതുപക്ഷത്തെ ആക്രമിക്കാനുള്ള വലിയ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ഈയടുത്തകാലത്ത് ഞാൻ വായിച്ചൊരു പുസ്തകമുണ്ട്. ആ പുസ്തകത്തിന്റെ പേര് 'ഡേറ്റ്ലൈൻ-ചരിത്രത്തെ ചിറകിലേറ്റിയവർ' എന്നാണ്. ശ്രീമതി കെ. എ. ബീനയും ശ്രീമതി ഗീതാബക്ഷിയും ചേർന്ന് എഴുതിയ ആ പുസ്തകത്തിൽ ആദ്യംതന്നെ ഒരു വ്യാജ വാർത്തയുടെ കഥയുണ്ട്. ആ വ്യാജ വാർത്ത ഒരു കുമ്പസാരത്തിന്റെ കഥകൂടിയാണ്. ആ കുമ്പസാരം നടത്തിയത് മാധ്യമകുലപതിയെന്ന് വിളിക്കാവുന്ന ശ്രീ. കെ. എം. റോയിയാണ്. കട്ടപ്പനയിൽ വിവാഹത്തിനൊരുങ്ങുന്ന വധു അണലിയുടെ കടിയേറ്റ് മരിച്ചുവെന്നാണ് വാർത്ത. അന്നത്തെ കാലത്ത് സ്ത്രീകൾ തലയിൽ ക്ലിപ്പ് ചെയ്ത് വയ്ക്കുന്ന

ഹെയർബൺ ഉണ്ടായിരുന്നു. ഹെയർബണ്ണിനകത്ത് അണലി പാമ്പിരുന്നുവെന്നും അതിന്റെ കടിയേറ്റ് വധു മരിച്ചുവെന്നുമുള്ള സ്തോഭജനകമായ വാർത്ത വളരെ ചർച്ചാ വിഷയമായി. എത്രയോ കാലങ്ങൾക്കുശേഷം ആ വാർത്ത സൃഷ്ടിച്ച ശ്രീ. കെ. എം. റോയി തന്നെ അത് തന്റെ ഭാവനയിൽ വിരിഞ്ഞൊരു കഥയായിരുന്നുവെന്നും ആ കഥയാണ് വാർത്തയായി വന്നതെന്നും വെളിപ്പെടുത്തുകയുണ്ടായി. ഇന്ന് ഇതുപോലെ സ്തോഭജനകമായ വാർത്തകൾ സൃഷ്ടിച്ച് ഇടതുപക്ഷത്തെ ആക്രമിക്കാൻ മാധ്യമങ്ങൾ ശ്രമിക്കുന്നു. മാധ്യമങ്ങൾക്ക് നിയോഗവും ധർമ്മവുമുണ്ട്. അതിനോട് നീതി പുലർത്താതെ മാധ്യമ സംസ്കാരത്തെ വഴി തെറ്റിക്കുന്ന പ്രവണതയ്ക്കെതിരായി മലയാളി സമൂഹം ഇനിയെങ്കിലും തല നിവർത്തിയേ മതിയാവൂ. നമുക്ക് അറിയുന്നതുപോലെ, ഒരു സംഭവം കാണുന്ന, ഒരു സംഭവത്തിൽ നേരിട്ട് പങ്കാളികളാകുന്ന ആളുകളെയല്ല മാധ്യമങ്ങൾ ലക്ഷ്യം വയ്ക്കുന്നത്. മറ്റൊരു അനുഭവം ഞാൻ സൂചിപ്പിക്കാം. രണ്ടുദിവസം മുമ്പ് വളരെ യാദൃച്ഛികമായി ഒരു വാർത്ത ചാനൽ ഞാൻ കേൾക്കാൻ ഇടയായി. അതിൽ പാർട്ടി സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ട ഒരു രേഖയെ സംബന്ധിച്ചാണ് ചർച്ച

വന്നത്. അതിൽ കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. ആ കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കാൻവേണ്ടി എന്തെല്ലാം ഉപകരണങ്ങൾ വാങ്ങാൻ പോയിരിക്കുന്നു....... ഇത് പറഞ്ഞ വാർത്ത അവതാരക പ്രകടമാക്കിയത് ടൺ കണക്കിന് പുച്ഛമാണ്. ഞാൻ ആ വാർത്ത യൂട്യൂബ് ചാനലിൽ നിന്നെടുത്ത് ഒന്നുകൂടി കേട്ടപ്പോഴാണ് ഞങ്ങളുടെ മണ്ഡലത്തിൽതന്നെ നടപ്പാക്കിയ IoT-enabled Panchayath എന്നതിനെക്കുറിച്ചായിരുന്നു ആ വാർത്തയെന്ന് മനസ്സിലായത്. ഈ ഉപകരണങ്ങൾ ഉപയോഗിച്ച് കാലാവസ്ഥാ വ്യതിയാനത്തെ മനസ്സിലാക്കാൻ കഴിയുന്ന ടെക്നോളജി നടപ്പാക്കിയൊരു പ്രദേശമാണ് ഞങ്ങളുടേത്. ആ വാർത്ത ഞാൻ കേട്ടതുകൊണ്ടും മനസ്സിലാക്കിയതുകൊണ്ടും അത് വ്യാജ വാർത്തയാണെന്ന് മനസ്സിലാക്കാൻ സാധിച്ചു. അത് അറിയാത്ത ലക്ഷക്കണക്കിന് ആളുകളുടെ മനസ്സിലേക്ക് ഇങ്ങനെ തെറ്റായ സന്ദേശം പ്രചരിപ്പിക്കുക, വാർത്തയിൽ വിഷം കലർത്തുക എന്ന സമീപനത്തിന് ഇനിയെങ്കിലും അറുതിയുണ്ടാകണം. ശ്രീ. നമ്പി നാരായണന്റെ ഹൃദയം

പിളർന്ന വേദന മാത്രമല്ല എത്രയെത്ര ഉദാഹരണങ്ങൾ......, ഞങ്ങളെ ആക്ഷേപിക്കുന്നത്.....

ശ്രീ. ഡി. കെ. മുരളി: ആ വ്യാജ വാർത്തയ്ക്കെതിരെ മറുപടി കൊടുക്കാത്തതെന്താണ്?

ശ്രീ. ഐ. ബി. സതീഷ്: സർ, അതിന്റെ തുടർനടപടികൾ ആലോചിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വാഴ്ത്ത് പാട്ടുകാരായി ഞങ്ങൾ മാറുന്നുവെന്നതാണ് ഞങ്ങളുടെ നേരെവരുന്ന ആക്രമണം. ഞങ്ങൾ വിളിക്കുന്ന മുദ്രാവാക്യം, ഞങ്ങൾ കണ്ട സ്വപ്നം, ഞങ്ങളുടെ രാഷ്ട്രീയജീവിതം, അത് ഈ നാട്ടിലെ പാവപ്പെട്ട മനുഷ്യർക്കുവേണ്ടിയുള്ളതാണ്. ആ രാഷ്ട്രീയം നടപ്പാക്കാൻ ശ്രമിക്കുന്നുവെന്നുള്ളതുകൊണ്ട് നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വേട്ടയാടപ്പെടുമ്പോൾ അതിനെ പ്രതിരോധിക്കുകയെന്നുള്ളതും വസ്തുതകൾ ബോധ്യപ്പെടുത്തുകയെന്നുള്ളതും ഞങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാണ്. പിണറായി വിജയൻ തേജോവധ ആട്ടക്കഥ ആടിക്കൊണ്ടിരിക്കുമ്പോൾ ഞങ്ങൾക്ക് നിശ്ശബ്ദരായി ഇരിക്കാനാവില്ല. ഞങ്ങൾ ജനങ്ങളോട് തുറന്നുപറയുകയാണ് ചെയ്യുന്നത്. തീർച്ചയായും ആ രാഷ്ട്രീയം

ഞങ്ങൾ ഇനിയും തുടരുകതന്നെ ചെയ്യും. ഞങ്ങൾക്ക് ജീവനുള്ളിടത്തോളംകാലം ഞങ്ങൾ ഞങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാകുകതന്നെ ചെയ്യുമെന്ന് ഉറപ്പിച്ച് പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്താങ്ങുന്നു. കേന്ദ്രസർക്കാർ നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികമായി ഉപരോധത്തിലേർപ്പെടുത്തി പരമാവധി ബുദ്ധിമുട്ടിച്ചുക്കൊണ്ടിരിക്കുകയാണ്. രാജ്യത്തെ ഫെഡറൽ സംവിധാനത്തെ ആകെ തകർത്തുകൊണ്ട് അധികാര കേന്ദ്രീകരണം ഒരുവശത്തും മറുവശത്ത് നവലിബറൽ സാമ്പത്തിക നയവും തീവ്രവർഗീയതയുമായി മോദി സർക്കാർ തകർത്താടുമ്പോൾ ഈ നയത്തിനെതിരെ കേരളജനതയെ ആകെ അണിനിരത്തി കടുത്ത പ്രക്ഷോഭത്തിലേയ്ക്ക് നയിക്കുകയാണ് ഇടതുപക്ഷം. നമ്മുടെ സംസ്ഥാനം വികസന കുതിപ്പിൽ തന്നെയാണ്. വിവിധ വകുപ്പുകൾ പരിശോധിച്ചാൽ അത് മനസ്സിലാക്കാൻ സാധിക്കും. റവന്യൂ വകുപ്പ് സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഭൂപ്രശ്നം പരിഹരിക്കുന്നതിലും പട്ടയ വിതരണം ദ്രുതഗതിയിൽ നടത്തുന്നതിലും നല്ല ജാഗ്രതയാണ് ഈ വകുപ്പ് കാഴ്ച

വച്ചുകൊണ്ടിരിക്കുന്നത്. ടി വകുപ്പിനെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നിരവധി പുതിയ തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന സർക്കാരിന്റെ ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് ശക്തമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ് ഈ വകുപ്പ്. എന്നാൽ ഇപ്പോഴും ഇടുക്കിയിലടക്കമുള്ള അവശേഷിക്കുന്ന ഭൂപ്രശ്നങ്ങൾ, കടലോര, പുഴ പുറമ്പോക്ക് പട്ടയങ്ങൾ തുടങ്ങിയവ ഉടനടി പൂർത്തിയാക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. പൊതുമരാമത്ത്, ടൂറിസം വകുപ്പുകളുടെ നേട്ടങ്ങൾ ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ല. പൊന്നാനിയിലെ ടൂറിസം പദ്ധതി പൂർത്തീകരണത്തിന് ശക്തമായ ഇടപെടൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. സർക്കാരിന്റെ മുന്നോട്ടുപോക്കിൽ സ്വന്തമായി വരുമാനം കണ്ടെത്തൽ പ്രധാനപ്പെട്ട പ്രശ്നമാണ്. വരുമാന വർധനവിന് സർക്കാർ നടത്തിയ ഇടപെടലുകളിൽ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. ജി.എസ്.ടി. പുന:ക്രമീകരണം നടത്താനും തർക്കങ്ങൾ തീർപ്പാക്കുന്നതിൽ കേന്ദ്രം കാണിക്കുന്ന അനാസ്ഥ ചൂണ്ടിക്കാണിക്കാനും നമ്മുടെ ധനകാര്യ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. അനുഭവത്തിന്റെ വെളിച്ചത്തിൽ

ജി.എസ്.ടി.-യിൽ വരുത്തേണ്ട പരിഷ്കാരങ്ങളെയും പുതിയ നിയമഭേദഗതികളെയും സംബന്ധിച്ചിടത്തോളം ഇനിയും നമുക്ക് മുന്നോട്ട് പോകേണ്ടതായിട്ടുണ്ട്. കേന്ദ്രത്തിൽനിന്നും നമുക്ക് ലഭിക്കേണ്ട അർഹതപ്പെട്ട നികുതി വിഹിതവും സഹായവും ലഭിക്കാത്ത വിഷയം കേന്ദ്ര ധനകാര്യ വകുപ്പിന് മുമ്പിൽ നന്നായി അവതരിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര നികുതി വിഹിതത്തിന്റെ 18 ശതമാനമാണ് യു.പി. സർക്കാരിന് ലഭിക്കുന്നത്. നമ്മുക്കത് 1.92 ശതമാനം മാത്രമാണ്. കേരളത്തിന്റെ ജനസംഖ്യയേക്കാൾ കുറവുള്ള ഛത്തീസ്ഗഢിൽ ലഭിക്കുന്ന വിഹിതംപോലും കേരളത്തിന് ലഭിക്കുന്നില്ല. ഒരു മര്യാദയും മാനദണ്ഡവും പാലിക്കാതെയാണ് കേന്ദ്രം ഇതൊക്കെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇതുവരെയുള്ള കണക്കുകൾ പരിശോധിച്ചാൽ കേന്ദ്രത്തിൽനിന്നും കേരളത്തിന് വ്യത്യസ്തമായ ഇനങ്ങളിലായി വ്യത്യസ്ത ഘട്ടങ്ങളിൽ ലഭിക്കേണ്ട 163000 കോടി രൂപ നമുക്ക് ലഭ്യമാകേണ്ടതായിട്ടുണ്ട്. ഇതെല്ലാം നികത്തികൊണ്ടല്ലാതെ പ്രഖ്യാപിക്കപ്പെട്ട പദ്ധതികളും ഇനി പ്രഖ്യാപിക്കാൻ പോകുന്ന പദ്ധതികളും നടപ്പാക്കാൻ കഴിയില്ല. ഈ പ്രതിസന്ധി മറികടക്കാൻ, വരുമാനം

വർധിപ്പിക്കാൻ എല്ലാ മേഖലകളിലും ഇടപെടൽ അത്യാവശ്യമാണ്. കേരളത്തിൽ വികസന മുരടിപ്പ് പാടില്ല, മുന്നോട്ടുപോകണം എന്നുതന്നെയാണ് ഇടതുപക്ഷത്തിന്റെയും ഗവൺമെന്റിന്റെയും കാഴ്ചപ്പാട്. സംസ്ഥാനത്തെ നികുതി ചോർച്ച തടയാനും വരുമാന വർധനവിന് പുതിയ സ്രോതസ്സുകൾ കണ്ടെത്താനും ധനകാര്യ വകുപ്പ് നല്ല നിലയിലുള്ള ഇടപെടലുകളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ കണക്ക് സഭയ്ക്കകത്ത് പലപ്പോഴും വന്നുകഴിഞ്ഞ കാര്യം ഞാൻ ഓർമ്മപ്പെടുത്തുകയാണ്. എല്ലാ സംസ്ഥാനങ്ങൾക്കും നേട്ടമുണ്ടാകുന്ന വിധത്തിലാണ് ജി.എസ്.ടി. കൗൺസിലിൽ കേരളത്തിന്റെ ഇടപെടൽ. അതിന് ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. സംസ്ഥാനങ്ങളിൽ വിതരണ സംവിധാനം ഇല്ലാതെ കസ്റ്റമർ നേരിട്ട് വാങ്ങുന്ന/വിൽപ്പന നടത്തുന്ന ചരക്കുകളുടെ കാര്യത്തിൽ (ഇ-കൊമേഴ്സ് വ്യാപാരം) നടത്തുന്ന തട്ടിപ്പിന്റെ വിശദാംശം കേന്ദ്ര ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത് കേരളമാണ്. അതിന്റെയടിസ്ഥാനത്തിൽ ഐ.ജി.എസ്.ടി. അതത് സംസ്ഥാനങ്ങളിൽ ലഭ്യമാക്കുന്നതിന് കേരള ധനകാര്യ വകുപ്പിന് കഴിഞ്ഞു. ഇതിന്റെ നേട്ടം കൺസ്യൂമർ സ്റ്റേറ്റായ

കേരളത്തിനും മറ്റു സംസ്ഥാനങ്ങൾക്കും ലഭിക്കും. ഓൺലൈൻ പത്ര-മാസികകളുടെ സബ്സ്ക്രിപ്ഷൻ, വിനോദസേവനങ്ങളുടെ ഓൺലൈൻ സബ്സ്ക്രിപ്ഷൻ, ഒ.ടി.ടി. പ്ലാറ്റ്ഫോമുകൾ, ഓൺലൈൻ ടെലികോം സേവനങ്ങൾ, മൊബൈൽ ആപ്ലിക്കേഷൻ വഴി നടത്തുന്ന ഡിജിറ്റൽ സേവനങ്ങൾ തുടങ്ങിയ വിവിധ മേഖലകളിലെ തട്ടിപ്പ് തടയാൻ ഇതുമൂലം കഴിയും. കേരളത്തിന്റെ ഇടപെടൽ നമുക്ക് മാത്രമല്ല എല്ലാ സംസ്ഥാനങ്ങൾക്കും നേട്ടമാണ്. ഇത്തരം നടപടികൾ കൊണ്ടുമാത്രം കേന്ദ്രസർക്കാരിന്റെ സാമ്പത്തിക ഉപരോധം നേരിടാൻ നമുക്ക് കഴിയുകയില്ല. വരുമാന വർധനവിന് പുതിയ സ്രോതസ്സുകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. കഴിഞ്ഞ ബജറ്റിൽ ജനദ്രോഹമില്ലാത്ത ചില നികുതി നിർദേശങ്ങൾ വന്നപ്പോൾ പ്രതിപക്ഷത്തിന്റെ സമീപനം എന്തായിരുന്നു? കേരളത്തിൽ ആദ്യമായിട്ടാണ് നികുതി നിർദേശം വരുന്നുവെന്ന സമീപനമല്ലേ നിങ്ങൾ സ്വീകരിച്ചത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരിപ്പിച്ചപ്പോൾ ഞങ്ങൾക്ക് ഇതുപോര അതുപോര ഞങ്ങൾക്ക് അർഹതപ്പെട്ടത് കിട്ടിയിട്ടില്ല എന്നൊക്കെ... ഇന്നും പ്രസംഗിക്കുന്നത് കേട്ടു. അതിന് വരുമാനമുണ്ടാകണ്ടേ; പാവപ്പെട്ട

ആളുകൾക്ക് പെൻഷൻ നൽകുന്നതിന് രൂപീകരിക്കപ്പെട്ട പെൻഷൻ ഫണ്ടും കിഫ്ബിയും തകർക്കുന്ന രൂപത്തിലുള്ള സമീപനമല്ലേ കേന്ദ്രസർക്കാർ എടുക്കുന്നത്; അതിന് കൂട്ടുനിൽക്കുന്ന സമീപനമല്ലേ നിങ്ങളും സ്വീകരിക്കുന്നത്; ക്രൂരമായ സമീപനത്തിന്റെ നിങ്ങളുടെ പ്രതികരണമെന്താണ്? കേരളത്തിലെ ഗവൺമെന്റാണ് എല്ലാത്തിനും കുറ്റക്കാരൻ എന്നൊരു സമീപനമാണ് നിങ്ങൾ സ്വീകരിക്കുന്നത്. പുതിയ സ്രോതസ്സുകൾ കണ്ടെത്തുമ്പോൾ അത് എതിർക്കുന്നു. ദുരന്ത ഭൂമിയോട് കേന്ദ്രസർക്കാർ കാണിച്ച ക്രൂരമായ സമീപനത്തെപോലും നിങ്ങൾക്ക് എതിർക്കാൻ കഴിഞ്ഞില്ല. യു.ഡി.എഫ്.-ന്റെ എം.പി.-മാർക്ക് പാർലമെന്റിൽ ശക്തമായി പ്രതികരിക്കാൻ കഴിയുന്നില്ല. കേരളത്തിൽനിന്ന് വോട്ട് വാങ്ങി ജയിച്ചുപോയ നേതാവല്ലേ നമ്മുടെ ലോക്സഭയിലെ പ്രതിപക്ഷ നേതാവ്; അദ്ദേഹത്തിനുപോലും ശക്തമായ രൂപത്തിൽ പ്രതികരിക്കാൻ കഴിയുന്നുണ്ടോ? കുറ്റം ചെയ്തവർ മാത്രമല്ല ആ കുറ്റത്തിന് കൂട്ടുനിൽക്കുന്നവരെപോലും കുറ്റവാളികളായി കാണണമെന്നാണ് നമ്മുടെ ഭരണഘടന പ്രതിപാദിക്കുന്നത്. നമ്മുടെ രാജ്യത്തുള്ള കുറേ പത്രമാധ്യമങ്ങളെ കൂട്ടുപിടിച്ചുകൊണ്ട് എന്തും പറയുന്ന ഒരവസ്ഥയിലേക്കാണ് ഇപ്പോൾ

നീങ്ങിക്കൊണ്ടിരിക്കുന്നത്. സി.പി.ഐ.(എം.) സംസ്ഥാന സമ്മേളനത്തിൽ 'നവകേരളത്തെ നയിക്കാൻ പൊതുവഴികൾ' എന്നൊരു രേഖ അവതരിപ്പിച്ചു. ആ രേഖയെ ചർച്ചയിലൂടെ സമ്പുഷ്ടമാക്കികൊണ്ട് കേരള സമൂഹത്തിന് മുമ്പിലേയ്ക്ക് വരികയാണ്. അതിലെ പരാമർശം വന്നപ്പോൾ നമ്മുടെ ചില പത്രമാധ്യമങ്ങൾ ചില കാര്യങ്ങളെഴുതി. അത് ഏറ്റുപിടിച്ചുകൊണ്ട് യു.ഡി.എഫ്.-ന്റെ നേതാക്കൾ ഒരു പ്രസ്താവന പുറപ്പെടുവിച്ചു. നമ്മുടെ ചില പത്രങ്ങളാണ് യു.ഡി.എഫ്.-ന്റെ വഴികാട്ടിയെന്ന് നമുക്കറിയാം. നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അന്ന് അത് ഏറ്റുപിടിച്ചു. ഞങ്ങളെപ്പറ്റി മലയാള മനോരമ പത്രം ഒരു നല്ലകാര്യം പറഞ്ഞാൽ ഞങ്ങൾക്ക് എന്തോ കുഴപ്പമുണ്ടെന്നാണ് ഞങ്ങളുടെ നേതാവായിരുന്ന സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് പറഞ്ഞിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. യു. എ. ലത്തീഫ് ഇ.എം.എസ്.-നെ ക്വാട്ട് ചെയ്തുകൊണ്ടാണ് ഞാനും ഇ.എം.എസ്.-നെ ക്വാട്ട് ചെയ്തത്. പൊതുമേഖലയെ സംബന്ധിച്ച് ഒരു പരാമർശം ഞങ്ങളുടെ രേഖയ്ക്കകത്തുണ്ട്. 'പൊതുമേഖലയിൽ ഏതൊരു തരത്തിലുള്ള പുനരുദ്ധാരണത്തിനും കഴിയാത്ത സ്ഥാപനങ്ങളെ പി.പി.പി.

അടിസ്ഥാനത്തിൽ ക്രമീകരിക്കാനുള്ള സാധ്യതകൾ ആരായുന്നതാണ്. താൽപര്യമുള്ളവർക്ക് നടത്തിക്കൊണ്ട് പോകുന്നതിന് വ്യക്തമായ നിബന്ധനകളോടുകൂടിയുള്ള കരാറിന്റെ അടിസ്ഥാനത്തിൽ കാര്യം പുന:പരിശോധിക്കും' എന്നാണ് പറഞ്ഞിട്ടുള്ളത്. ഇത്രയേ പറഞ്ഞിട്ടുള്ളൂ, നടപ്പാക്കുമെന്ന് പറഞ്ഞിട്ടില്ല. അത് പരിശോധിക്കും, ചർച്ച ചെയ്യും, ഇതാദ്യം പറയുന്നതാണ്. ഇതിന് 2006-ൽ ഗവൺമെന്റ് ഒരു ശ്രമം നടത്തിയതല്ലേ? ഞാനത് ആവർത്തിക്കുന്നില്ല. ഇതാണ് രേഖയിൽ പറഞ്ഞത്. കാള പെറ്റുവെന്ന് കേട്ടപ്പോൾ കയർ എടുക്കുന്ന സമീപനമാണ് നമ്മുടെ ചില മാധ്യമങ്ങൾ സ്വീകരിച്ചത്. അതിനെ പിന്തുണയ്ക്കുന്ന സമീപനമാണ് ഇവിടത്തെ ചില യു.ഡി.എഫ്.-ന്റെ നേതാക്കളും സ്വീകരിച്ചതെന്ന് നമുക്കറിയാം. കോൺഗ്രസ്സാണ് യഥാർത്ഥ ഇടതുപക്ഷം എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറയുന്നത്. അതിനെ ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ തമാശയായിട്ടേ നമ്മൾ കാണുകയുള്ളൂ. കോൺഗ്രസ്സിന്റെ കഴിഞ്ഞകാല സമീപനമെന്താണ്? പൊതുമേഖലാ സ്ഥാപനങ്ങളെ വിൽക്കാൻ വേണ്ടി ചൗധരി കമ്മിറ്റി രൂപീകരിച്ചവരല്ലേ നിങ്ങൾ. ഞാൻ ഒരു ഉദാഹരണം പറയാം.

കോഴിക്കോട് ജില്ലയിലെ കോട്ടൺ മിൽ വിറ്റ് അഡ്വാൻസ് വാങ്ങിയവരാണ് നിങ്ങൾ. ആ കോട്ടൺ മിൽ ഇപ്പോൾ അതിമനോഹരമായ രൂപത്തിൽ പ്രവർത്തിക്കുന്നു. ഈ അനുഭവം നമ്മുടെ കേരളം കണ്ടതാണ്. കേന്ദ്ര ഗവൺമെന്റ് വിൽക്കാൻ ശ്രമിച്ച പേപ്പർ മിൽ ഏറ്റെടുത്ത് പ്രവർത്തിപ്പിച്ച് മാതൃക കാട്ടിയ സംസ്ഥാനമാണ് കേരളം. ഞങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളോട് ഒരു സമീപനമുണ്ട്. ഞങ്ങളുടെ രേഖയ്ക്കകത്ത് പരാമർശിക്കപ്പെട്ട വിഷയം, ഒരു കാരണവശാലും മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം പി.പി.പി. അടിസ്ഥാനത്തിൽ നടത്താൻ കഴിയുമെങ്കിൽ അത് പരിശോധിക്കാം എന്നുമാത്രമാണ് പറഞ്ഞത്. അപ്പോൾ പറയുകയാണ് ഈ രാജ്യത്തുള്ളതിൽ യഥാർഥ ഇടതുപക്ഷം ഞങ്ങളാണെന്ന്. ഞാൻ അതിലേയ്ക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. പറയാനാണെങ്കിൽ ഏറെ കാര്യങ്ങളുണ്ട്. ഞങ്ങൾ ഒരുകാര്യം പറയാം, 2006-ലെ അന്നത്തെ ഗവൺമെന്റും ഇത്തരം രൂപത്തിലേയ്ക്കൊരു ശ്രമം നടത്തി. പി.പി.പി. അടക്കമുള്ള പ്രോജക്ടുകളെ സംബന്ധിച്ചിടത്തോളവും ജോയിന്റ് വെഞ്ച്വറിനെ സംബന്ധിച്ചടത്തോളവും

അന്ന് അതിന് സാധിച്ചില്ല. അതുകൊണ്ട് ഇപ്പോൾ വീണ്ടും ഈ സമൂഹത്തിനുമുമ്പിൽ ഇത്തരം പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണാൻ കഴിയും എന്നതിനെ സംബന്ധിച്ച് ചർച്ച നടത്താനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്. അത് സമൂഹം ഏറ്റെടുത്ത് കഴിഞ്ഞാൽ അപ്പോൾ ആലോചിക്കാം. അതാണ് സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. നവലിബറൽ നയങ്ങളുടെ വക്താക്കളും പ്രയോക്താക്കളുമായ നിങ്ങൾക്ക് എങ്ങനെ എതിർക്കാൻ കഴിയും; ഇന്ന് ലോകത്തിന്റെ അവസ്ഥയെന്താണ്; നവലിബറൽ നയങ്ങൾ പാപ്പരായി കഴിഞ്ഞില്ലേ; വേൾഡ് ട്രേഡ് ഓർഗനൈസേഷനുണ്ടോ; സാമ്രാജ്യത്വ ധനകാര്യ സ്ഥാപനങ്ങളുണ്ടോ? അമേരിക്കയുടെ പ്രതിസന്ധി മാറ്റാൻ ഒരു പൊളിച്ചെഴുത്ത് വേണമെന്നാണ് ഡോണൾഡ് ട്രംപ് പറയുന്നത്. അത് എങ്ങനെ വേണമെന്ന് അവർ തീരുമാനിക്കട്ടെ. ആ നവലിബറൽ നയം പാപ്പരായി എന്ന് അവരുപോലും സമ്മതിക്കുകയാണ്. അടുത്തകാലത്ത് ലോകത്ത് ഏറ്റവും കൂടുതൽ വിറ്റഴിച്ച പുസ്തകമാണ് ശ്രീ. തോമസ് പിക്കറ്റിയുടെ ‘ ടൈം ഫോർ സോഷ്യലിസം’ എന്ന ധനശാസ്ത്ര പുസ്തകം. അദ്ദേഹം സി.പി.ഐ.(എം.)-ന്റെ പോളിറ്റ് ബ്യൂറോ മെമ്പറോ കമ്മ്യൂണിസ്റ്റുകാരനോ അല്ല.

ആ പുസ്തകത്തിൽ ‘ പാപ്പരായ ഈ നവലിബറൽ നയത്തിന് പുതിയ പോംവഴി കണ്ടെത്തണം" എന്നാണ് പറയുന്നത്. നമ്മുടെ പ്രിയപ്പെട്ട അംഗം ഡോ. മാത്യു കുഴൽനാടൻ അടക്കമുള്ള കോൺഗ്രസ്സിന്റെ ചില വക്താക്കൾ ആ നയത്തിന്റെ മഹത്വം പറഞ്ഞതാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ അതുസംബന്ധിച്ച് വിശദീകരിക്കുകയും ചെയ്തു. സമചിത്തതയോടുകൂടി/സമാധാനത്തോടുകൂടി ഈ രേഖകളൊക്കെ വായിച്ചുനോക്കി കാര്യങ്ങൾ മനസ്സിലാക്കി പ്രതികരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് സൂചിപ്പിക്കാനുള്ളത്. നിങ്ങൾ അങ്ങനെ പ്രതികരിക്കുമെന്ന് എനിക്ക് പ്രതീക്ഷയൊന്നുമില്ല. മറ്റൊരു വിവാദമുണ്ടാക്കാൻകൂടി നിങ്ങൾ ശ്രമിച്ചു. വിവാദങ്ങളുണ്ടാക്കുകയാണ് നിങ്ങളുടെ ലക്ഷ്യം. യഥാർഥ പ്രശ്നങ്ങളിൽനിന്നും നിങ്ങൾ മാറിനിൽക്കുകയാണ്. കേരളത്തോട് കേന്ദ്രം പ്രകടിപ്പിക്കുന്ന അവഗണന നിങ്ങൾക്ക് പ്രശ്നമല്ല. ചൂരൽമലയിലെ പ്രശ്നവും കേരളത്തിലെ ജനങ്ങളെ പട്ടിണിക്കിടുന്ന രൂപത്തിൽ പെൻഷൻ ഫണ്ട് തകർക്കുന്ന നീക്കവും നിങ്ങൾക്ക് പ്രശ്നമല്ല. നവഫാസിസവുമായി ബന്ധപ്പെട്ട ചർച്ച....."അഞ്ജനം എന്നത് ഞാനറിയും

മഞ്ഞൾ പോലെ വെളുത്തിരിക്കും' എന്ന് പറഞ്ഞതുപോലെ നിങ്ങൾക്ക് ഫാസിസത്തെക്കുറിച്ച് അറിയാമോ? കമ്മ്യൂണിസ്റ്റുകാരായ ഞങ്ങളെ സംബന്ധിച്ചിടത്തോളം സാർവദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഭാഗമാണ് ഞങ്ങൾ എന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഫാസിസത്തിന്റെ ചെറുത്തുനിൽപ്പിൽ കമ്മ്യൂണിസ്റ്റുകാർ വഹിച്ച പങ്ക്, അതിന്റെ പിൻതലമുറക്കാരാണ് ഞങ്ങളെന്നകാര്യം ഉറപ്പിച്ച് പറയാൻ ഞങ്ങൾക്ക് കഴിയും. അതിന് കോൺഗ്രസ്സുകാരുടെ ഔദാര്യവും സർട്ടിഫിക്കറ്റൊന്നും ഞങ്ങൾക്കുവേണ്ട. ഇന്നത്തെ നവഫാസിസ്റ്റ് സാഹചര്യത്തെ സംബന്ധിച്ച് ഞങ്ങൾക്കറിയാം. 1930 കാലഘട്ടത്തിന്റെ അവസ്ഥയല്ല ഇന്ന്. ലോകത്താകെ പല മാറ്റങ്ങളും വന്നുകൊണ്ടിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തീവ്രവലതുപക്ഷ പ്രസ്ഥാനം പല രാജ്യങ്ങളിലും ഉടലെടുക്കുന്നുണ്ടെന്ന് പല ഗവൺമെന്റുകളും പറയുന്നുണ്ട്. വംശീയ പ്രശ്നങ്ങളും വിഭാഗീയ പ്രശ്നങ്ങളും മുതലെടുത്തുകൊണ്ട് അവിടെ തൊഴിലും തൊഴിലില്ലായ്മയുടെയും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ സാധാരണക്കാരായ ആളുകൾക്കുണ്ടാകുന്ന അസംതൃപ്തി മറ്റൊരു രൂപത്തിലേയ്ക്ക് മാറ്റിയെടുത്തുകൊണ്ട് അവിടത്തെ ലുംപെൻ

വിഭാഗക്കാരെയും കൂട്ടുപിടിച്ചുകൊണ്ട് വലിയ രൂപത്തിലുള്ള അക്രമങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന രൂപത്തിലേയ്ക്ക് വലതുപക്ഷ പ്രസ്ഥാനങ്ങളും ഗവൺമെന്റും വരുന്നു. അത്തരം രൂപത്തിലുള്ള സാഹചര്യത്തെയാണ് നവഫാസിസമെന്ന് ഇന്ന് ലോകം വിലയിരുത്തുന്നത്. അതിന്റെ ഭാഗമാണിത്. സാധാരണ വലതുപക്ഷ ഗവൺമെന്റ് മാത്രമല്ല, 'സ്വതവേ കുരങ്ങൻ, പിന്നെ കള്ളുംകുടി കുടിച്ചാൽ' എന്ന മട്ടിലേയ്ക്കുള്ള ഗവൺമെന്റാണ് കേന്ദ്രത്തിൽ ഇന്നുള്ളത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം വർഗീയ/ഹിന്ദുത്വ തീവ്രവാദം നടപ്പാക്കുന്നു. ഈ സാഹചര്യങ്ങളെല്ലാംകൊണ്ടാണ് ഈ ഗവൺമെന്റും ഒരു നവഫാസിസ്റ്റ് രൂപത്തിലുള്ള ഗവൺമെന്റാണെന്ന് ഞങ്ങൾ പറഞ്ഞത്. ഇതിന്റെ അർത്ഥം മനസ്സിലാക്കാൻ കഴിയാത്തതിന് ഞങ്ങൾക്കെതിരെ തിരിഞ്ഞിട്ട് കാര്യമില്ല. ഇനിയെങ്കിലും എന്താണ് ഫാസിസമെന്നും എന്താണ് പുതിയരൂപത്തിലുള്ള കാലഘട്ടമെന്നും അതിനെ എങ്ങനെ ചെറുക്കാൻ കഴിയുമെന്നും അതിൽ ആരുടെയൊക്കെ യോജിപ്പാണ് ഉയർത്തിക്കൊണ്ടുവരേണ്ടതെന്നുമുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വ്യക്തമായ ധാരണയുണ്ടാകണം. അതിനുശേഷം ഇത്തരം വിഷയത്തിലേയ്ക്ക്

നിങ്ങൾ കടക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുന്നു. ഭരണപക്ഷ അംഗങ്ങളെല്ലാം സംസാരിച്ചത് ഞാൻ കേട്ടിരുന്നെങ്കിലും അവർ സംസാരിച്ചത് ഏത് കേരളത്തെക്കുറിച്ചാണെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലായിട്ടില്ല. നാം താമസിക്കുന്ന, ഏകദേശം മൂന്നരക്കോടി മലയാളികളുള്ള കേരളത്തെക്കുറിച്ചല്ല ഈ ഭരണപക്ഷ അംഗങ്ങൾ പറഞ്ഞിട്ടുള്ള കേരളം എന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് തർക്കമില്ല. വ്യാജവാർത്തകളും തെറ്റിദ്ധരിപ്പിക്കുന്ന പ്രസ്താവനകളും ഉണ്ടാകരുതെന്നാണ് കുറച്ചുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ഭരണപക്ഷാംഗം പറഞ്ഞത്. വ്യാജ വാർത്തകളുണ്ടാകരുതെന്ന് അങ്ങ് ആദ്യം കേരളത്തിന്റെ ബഹുമാന്യനായ ധനകാര്യമന്ത്രിയെ ഓർമ്മപ്പെടുത്തുന്നത് നല്ലതായിരിക്കും. ഇന്ന് രാവിലെ നടപടി നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപം അവതരിപ്പിച്ചപ്പോൾ അതിന് മറുപടിയായി കേരളത്തിന്റെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് കേരളം തൊഴിലില്ലായ്മ നിരക്കിൽ ദേശീയ ശരാശരിയെക്കാൾ വളരെ

മുന്നിലാണെന്നാണ്. ഇവിടെ തൊഴിലില്ലായ്മ ഇല്ലെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ ഇക്കണോമിക് സർവെ ഉദ്ധരിക്കാം. “ In the Periodic Labour Force Survey, according to the PLFS conducted from July 2023 to June 2024, the unemployment under usual status for persons of age 15 years and above, Kerala has an unemployment rate of 7.2 percent as against the All India rate of 3.2 percent” . അതായത് ഇന്ത്യയുടെ ദേശീയ ശരാശരി 3.2 ആകുമ്പോൾ കേരളത്തിന്റെ ശരാശരി 7.2 ആണ്. ഇത് 15 വയസ്സിന് മുകളിലുള്ളവരുടെ കാര്യമാണ് സൂചിപ്പിച്ചത്. കേരളത്തിന്റെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് 15 വയസ്സിൽ താഴെയുള്ള ആളുകളുടെ കാര്യമാണെങ്കിൽ അത് ബാലവേലയിൽ വരികയും അത് വലിയ കേസാകുകയും ചെയ്യും. ഈ നാടിനോട് എന്തിനാണ് ഇത്ര വൈരാഗ്യമെന്നും എന്തിനാണ് ഈ നാട്ടിലെ മനുഷ്യരെ ഇങ്ങനെ ദ്രോഹിക്കുന്നതെന്നുമാണ് എനിക്ക് ചോദിക്കാനുള്ളത്; നിങ്ങൾ വർധിപ്പിക്കാത്തതായിട്ട് ഏതെങ്കിലും നികുതി ഈ നാട്ടിലുണ്ടോ? വെള്ളക്കരവും വൈദ്യുതി ചാർജ്ജും വർധിപ്പിച്ചു. വൈദ്യുതി ചാർജ് വർധിപ്പിച്ചെന്നുമാത്രമല്ല, ഈ വർഷവും അടുത്ത വർഷവും

വർധിപ്പിക്കും എന്നുപറയുന്ന ആദ്യത്തെ സർക്കാരല്ലേ നിങ്ങൾ? രജിസ്ട്രേഷൻ ഫീസ്, ഭൂനികുതി, കോർട്ട് ഫീസ് എന്നിവ നിങ്ങൾ വർധിപ്പിച്ചില്ലേ? കൂടാതെ പതിനഞ്ച് വർഷം കഴിഞ്ഞ വാഹനങ്ങളുടെ നികുതി, ബസ് ചാർജ് എന്നിവയും നിങ്ങൾ വർധിപ്പിച്ചു. പെട്രോളിന്റെയും ഡീസലിന്റെയും സെസ് വർധിപ്പിച്ചു. പെൻഷൻ നൽകുന്നതിനാണ് സെസ് വർധിപ്പിച്ചതെന്നാണ് നിങ്ങൾ പറഞ്ഞത്. എന്നാൽ നിങ്ങൾ പെൻഷനും നൽകിയിട്ടില്ല. ‘ കിലുക്കം’ സിനിമയിൽ ഭക്ഷണം ചോദിക്കുന്ന ജഡ്ജി ഏമാന്റെ അവസ്ഥയാണ് ഇന്ന് കേരളത്തിലെ സാധാരണക്കാർക്കുള്ളത്. ഇവരെ പേടിച്ച് കേരളത്തിൽ ഒരു കുട്ടിക്ക് ജനിക്കാനോ ജനിച്ച ഒരാൾക്ക് മരിക്കാനോ പേടിയാണ്. കാരണം, ബെർത്ത് സർട്ടിഫിക്കറ്റിനും ഡെത്ത് സർട്ടിഫിക്കറ്റിനുംവരെ ചാർജ് വർധിപ്പിക്കുന്ന കൊള്ളക്കാരായി ഇവർ മാറിക്കൊണ്ടിരിക്കുകയാണ്. ഇവർ കൊട്ടിഘോഷിച്ച കെ-സ്മാർട്ട് സർവീസുകളുടെയെല്ലാം ചാർജ് 06-03-2025-ൽ പുറത്തിറക്കിയ ഉത്തരവ് പ്രകാരം വർധിപ്പിച്ചു. ഡിജിറ്റൽ നോക്കുകൂലിയാണോ നിങ്ങൾ വർധിപ്പിച്ചുകൊണ്ടിരിക്കുന്നത്? ഈയടുത്ത ദിവസങ്ങളിലാണ് നിങ്ങളുടെ പാർട്ടി സമ്മേളനം കൊല്ലം ജില്ലയിൽ നടന്നത്. അവിടെ

സമ്മേളനം നടത്തിയപ്പോൾ അതിൽ പങ്കെടുത്ത എന്റെ സുഹൃത്തായ സി.പി.ഐ.(എം.)-കാരനോട് വലിയ രീതിയിൽ കൊട്ടിഘോഷിച്ച നവകേരള രേഖ അയച്ചുതരാൻ ഞാൻ ആവശ്യപ്പെട്ടുകയുണ്ടായി. അതിൻപ്രകാരം അല്പസമയം കഴിഞ്ഞപ്പോൾ പ്രസ്തുത രേഖ എനിക്ക് വാട്ട്സാപ്പിൽ ആ സുഹൃത്ത് അയച്ചുതന്നു. ഞാൻ അത് മുഴുവും വായിച്ചതിനുശേഷം അദ്ദേഹത്തെ തിരികെ വിളിച്ചിട്ട് പറഞ്ഞു; "സുഹൃത്തേ നിങ്ങൾക്ക് ഡോക്യുമെന്റ് മാറിയെന്നാണ് തോന്നുന്നത്., നിങ്ങൾ ബി.ജെ.പി.-യുടെ രേഖയാണ് അയച്ചുതന്നത്. നിങ്ങൾ ഒന്നുകൂടി പരിശോധിച്ചിട്ട് സി.പി.ഐ.(എം.)-ന്റെ രേഖ അയച്ചുതരൂ" എന്നുപറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞത് "ഇത് ബി.ജെ.പി.യുടെ രേഖയല്ല, ഇത് ഞങ്ങളുടെതന്നെ രേഖ ആണ്" എന്നാണ്. കാരണം ഇവരുടെ രേഖയുടെ 6.7 എന്ന പോയിന്റിൽ സൂചിപ്പിക്കുന്നത് ‘ സർക്കാരിന് സാമ്പത്തിക പ്രതിസന്ധിയുണ്ടെങ്കിലും സംസ്ഥാനത്തെ വിവിധ ജനവിഭാഗങ്ങൾക്കിടയിൽ വിവിധ തരത്തിലുള്ള നിക്ഷേപങ്ങളുണ്ട്. അവയെ സമാഹരിക്കാൻ കഴിയുന്ന സംവിധാനങ്ങളെ വികസിപ്പിച്ചെടുക്കുക എന്നത് പ്രധാന ഉത്തരവാദിത്തമായി ഏറ്റെടുക്കാൻ കഴിയണം. അതിനുതകുന്ന സംവിധാനങ്ങൾ

വികസിപ്പിക്കുന്നതിനും കഴിയണം' എന്നാണ്. അതുപോലെ രേഖയിലെ 6.8-ൽ സൂചിപ്പിക്കുന്നത്, ' ഏറെക്കാലമായി വർധനവുകളൊന്നും വരുത്താത്ത നിരവധി മേഖലകളുണ്ട്. അത്തരം മേഖലകളിൽനിന്നും വിഭവ സമാഹരണം എത്രത്തോളം സാധ്യമാകുമെന്ന കാര്യം പരിശോധിക്കേണ്ടതുണ്ട്' . ഇവരുടെ ആർത്തിയുണ്ടല്ലോ...... ഇവർ എഴുതിയിരിക്കുന്ന രേഖകളിലെ വാക്കുകളിൽപ്പോലും നാട്ടിലെ മനുഷ്യരെ കൊള്ളയടിക്കാനുള്ള ആർത്തി വ്യക്തമാണ്. ഇവരും ചമ്പൽക്കൊള്ളക്കാരും കുറുവാസംഘവും തമ്മിലുള്ള വ്യത്യാസമെന്താണ്? ചമ്പൽക്കൊള്ളക്കാരും കുറുവാസംഘവും കൊള്ളയടിക്കുന്നതിനുമുമ്പ് വലിയ ആഡംബരങ്ങളൊന്നുമില്ലാതെ ചെറിയ രീതിയിൽ സമ്മേളിക്കും. എന്നാൽ ഇവർ കൊള്ളയടിക്കുന്നതിനുമുമ്പ് വലിയ സമ്മേളനം നടത്തും. ഇവർ പന്തലിടും, ഘോഷയാത്ര നടത്തും, തിരുവാതിര നടത്തും റെഡ് വോളന്റിയർ മാർച്ച് നടത്തും. ഇതെല്ലാം നടത്തിയതിനുശേഷമാണ് ഇവർ കൊള്ളയടിക്കുന്നത്. കൊള്ളയടിക്കാൻവേണ്ടി ഇത്രയേറെ പണം ചെലവഴിക്കുന്ന ആദ്യത്തെ കൊള്ളസംഘമായി ഈ സർക്കാരും സർക്കാരിന് നേതൃത്വം നൽകുന്ന

പാർട്ടിയും മാറുകയാണ്. കഴിഞ്ഞ ദിവസം കേരളത്തിന്റെ ബഹുമാന്യനായ പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി..... സാധാരണയായി പൂരമൊക്കെ കാണാൻ പോകുന്ന കുട്ടികൾക്ക് ഒരു കൗതുകമുണ്ടാകാറുണ്ട്. ‘ അയ്യോ പൂരം കണ്ടില്ലേ, ആനയെ കണ്ടില്ലേ, മേളം കണ്ടില്ലേ’ എന്നൊക്കെ കുട്ടികൾ ഇങ്ങനെ പറയുന്നത് കേൾക്കാറുണ്ട്. ആ സമ്മേളനം കണ്ട കുട്ടിയുടെ കൗതുകമായിരുന്നു കേരളത്തിന്റെ ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിക്ക്. "ഇങ്ങനെയൊരു സമ്മേളനം നിങ്ങൾക്ക് നടത്താൻ കഴിയുമോ?” എന്നാണ് കോൺഗ്രസ്സുകാരോട് അദ്ദേഹം ചോദിക്കുന്നത്. ഇങ്ങനെയൊരു സമ്മേളനം നടത്താതിരിക്കുന്നതാണ് നല്ലത്. കാരണം ക്രമസമാധാന പ്രശ്നമുണ്ടാകും. അത് പരിഹരിക്കാൻ നിങ്ങൾക്ക് കഴിയില്ല. ഒരു കാര്യത്തിൽ സന്തോഷമുണ്ട്. കേരളത്തിൽ ഒരു ആഭ്യന്തര പ്രശ്നമുണ്ടായാൽ അത് പരിഹരിക്കാൻ ഈ സർക്കാരിന് കഴിയില്ലെന്ന് തുറന്ന് സമ്മതിച്ച കേരളത്തിലെ പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രിക്ക് പ്രത്യേകമായ അഭിവാദ്യം....(ബഹളം...) ..... എന്താണ് സർ ചോദിക്കുന്നത്; സമ്മേളനം നടത്താൻ അറിയാമോയെന്ന്? തൊട്ടുമുമ്പ് റായ്പൂർ സമ്മേളനം

വരെയുള്ള 85 സമ്മേളനങ്ങൾ നടത്തിയ പാർട്ടിയോടാണ് ഇത് ചോദിക്കുന്നത്; ഇവർ നടത്തുന്ന സമ്മേളനങ്ങളുടെ പ്രത്യേകത എന്താണ്? ഞാൻ ഒരു വിഷമം പറഞ്ഞോട്ടെ.

ശ്രീ. ഡി. കെ. മുരളി: സർ, (.....മൈക്ക് ഓഫ്.......)

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ,......വഴങ്ങില്ല.......വഴങ്ങില്ല......

ശ്രീ. കെ. ബാബു (നെന്മാറ): സർ, പോയിന്റ് ഓഫ് ഓർഡർ. ഓരോ അംഗങ്ങൾക്കും നിശ്ചയിക്കപ്പെട്ടിട്ടുള്ള സീറ്റുകളിലിരുന്ന് മാത്രമേ ഡെസ്കിന് മുകളിൽ കൈയടിക്കാൻ പാടുള്ളൂ. യഥാർത്ഥത്തിൽ ശ്രീ. ടി. സിദ്ദിഖ് സീറ്റ് മാറിയിരിക്കുക മാത്രമല്ല, അവിടെ ഇരുന്ന് ഡെസ്കിൽ അടിക്കുന്നത് നിയമപരമല്ല. അത് അംഗീകരിക്കാൻ കഴിയില്ല.

ചെയർപേഴ്സൺ: അത് പരിശോധിക്കാം.....ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ...തുടരൂ..... പ്ലീസ്.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, സി.പി.ഐ.(എം.) അംഗങ്ങളോട് ഞാൻ ചോദിക്കട്ടെ; ഇന്നുരാവിലെ അടിയന്തരപ്രമേയം അവതരിപ്പിച്ച ശ്രീ. എം. വിൻസെന്റ് പറഞ്ഞു, മുൻകാല തൊഴിലാളിവർഗ പ്രസ്ഥാനമെന്ന്.

അന്നേരം ഒരാൾക്കും എതിർക്കണ്ട, ഒരാളും അതിനെ എതിർത്ത് കണ്ടില്ല. പക്ഷെ പൊതുമരാമത്ത് വകുപ്പുമന്ത്രിയെന്നോ മുഖ്യമന്ത്രിയെന്നോ പറഞ്ഞാൽ, 'ദാ ഞങ്ങളെ ആക്രമിക്കുന്നേ' എന്നുപറഞ്ഞ് ചാടിയെഴുന്നേൽക്കുന്ന ഇവർക്ക്, ഒരു മുൻകാല തൊഴിലാളി പ്രസ്ഥാനം എന്നുപറഞ്ഞപ്പോഴെങ്കിലും ആത്മാഭിമാനംകൊണ്ട് ഒരൊറ്റവരി, ഇതുപോലെ എന്തെങ്കിലും ഒരു വാചകം പറഞ്ഞിരുന്നെങ്കിൽ സന്തോഷം തോന്നിയേനെ....... ഇവർ സമ്മേളനം നടത്തി. എന്നിട്ട് 84 സമ്മേളനം നടത്തിയ ഞങ്ങളോട് പറയുകയാണ് സമ്മേളനം നടത്താൻ അറിയാമോയെന്ന്; ഇവരുടെ സമ്മേളനത്തിന്റെ പ്രത്യേകതയെന്താണ്; എന്താണ് ഇവരുടെ റെപ്രസെന്റേഷന്റെ മാനദണ്ഡം? സി.പി.ഐ.(എം)-ന്റെ പോളിറ്റ് ബ്യൂറോയിൽ...... നമുക്കറിയാം സംസ്ഥാന സർക്കാരിന്റെ ഈ മന്ത്രിസഭയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒറ്റ മന്ത്രിപോലുമില്ല. സി.പി.ഐ.(എം)-ന്റെ പോളിറ്റ് ബ്യൂറോയിൽ, ഏതാണ്ട് നൂറ് വർഷത്തെ പഴക്കമുള്ള ഇന്ത്യയുടെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ചരിത്രത്തിൽ, പോളിറ്റ് ബ്യൂറോയിൽ ആദ്യമായി ഒരു പട്ടികജാതിക്കാരൻ വന്നത് 2022-ൽ മാത്രമാണ്. എന്തൊരു ഗതികേടാണ്? ഈ രാജ്യത്ത് പട്ടികജാതിക്കാരന്

ഒരുപാട് ക്ഷേത്രങ്ങളും ആരാധനാലയങ്ങളും നിഷിദ്ധമായിരുന്നു. ഈ രാജ്യത്തെ പട്ടികജാതിക്കാരനുവേണ്ടി ഈ നാട് നടത്തിയ നവോത്ഥാനം..... (ബഹളം) ......

ചെയർപേഴ്സൺ: ....(ബഹളം) ...... അംഗങ്ങൾ ഇരിക്കൂ. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, നിങ്ങൾ പോയിന്റിലേക്ക് വരൂ.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, എനിക്ക് സമയം നൽകണം, ഞാൻ പറയാനുള്ളത് പറഞ്ഞിട്ടേ പോകുകയുള്ളൂ. ഈ രാജ്യത്ത് പട്ടികജാതിക്കാരന് പ്രവേശനമില്ലാത്ത രണ്ട് സ്ഥാനങ്ങൾ, അതിലൊന്ന്, ആർ.എസ്.എസ്.-ന്റെ സർസംഘ്ചാലക് പദവിയും മറ്റൊന്ന്, സി.പി.ഐ.(എം)-ന്റെ സെക്രട്ടറി പദവിയുമല്ലേ? ആ പാർട്ടിക്കാരല്ലേ ഞങ്ങളെ ഉപദേശിക്കാൻ വരുന്നത്. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ രണ്ടാമതും തിരഞ്ഞെടുക്കപ്പെട്ടതിൽ ഞാൻ അദ്ദേഹത്തെ അഭിവാദ്യം ചെയ്യുന്നു. അദ്ദേഹത്തോടുള്ള ഒരു അഭ്യർത്ഥന, ഇനിയെങ്കിലും എ.കെ.ജി. സെന്റർ XXXXXX+ വ്യവസ്ഥയിൽനിന്ന് ഒരു നേർത്ത തിരുത്തലെങ്കിലും വരുത്തുവാൻ അങ്ങേയ്ക്ക് കഴിയണം എന്ന് അഭ്യർത്ഥിക്കുകയാണ്. ......... (ബഹളം.)... ഇവിടെ കേരളത്തിലെ

+ സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫയൽ നമ്പർ കെ.എൽ.എസ്./2294/2025/ഇ.ബി.) സഭാരേഖയിൽനിന്ന് നീക്കം ചെയ്തു

ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഇരിപ്പുണ്ട്. അങ്ങയോട് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്.......... (ബഹളം.)...

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, പോയിന്റ് ഓഫ് ഓർഡർ........

<u>ചെയർപേഴ്സൺ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ? അങ്ങ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കൂ.....(ബഹളം)......അംഗങ്ങൾ അവിടെ ഇരിക്കൂ...... അദ്ദേഹം പറയട്ടെ.....

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, സി.പി.ഐ.(എം) എന്നുപറയുന്നത് ഈ സംസ്ഥാനത്ത് പ്രവർത്തിക്കുകയും ഭരണത്തിന് നേതൃത്വം കൊടുക്കുകയും ചെയ്യുന്ന ഒരു പ്രധാനപ്പെട്ട പാർട്ടിയാണ്. ആ പാർട്ടിയുടെ സംസ്ഥാന കമ്മിറ്റി ഓഫീസാണ് എ.കെ.ജി. സെന്റർ. എ.കെ.ജി സെന്ററിനെ XXXXXX+ ആക്ഷേപകരമായി ഉന്നയിച്ചത് സഭാരേഖകളിൽനിന്ന് നീക്കം ചെയ്യണം. അത് അൺപാർലമെന്ററിയായിട്ടുള്ള പദങ്ങളാണ്.

<u>ചെയർപേഴ്സൺ</u>: അത് പരിശോധിക്കും.

+ സഭാദ്ധ്യക്ഷന്റെ തീരുമാനപ്രകാരം (ഫയൽ നമ്പർ കെ.എൽ.എസ്./2294/2025/ഇ.ബി.) സഭാരേഖയിൽനിന്ന് നീക്കം ചെയ്തു

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, കേരളത്തിലെ ബഹുമാന്യനായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി ഇവിടെ ഇരിപ്പുണ്ട്. അങ്ങയുടെ ഒരു കണ്ണുനീരിനെക്കുറിച്ച് അങ്ങയെത്തന്നെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. പത്തനംതിട്ട ജില്ലക്കാരനായ നവീൻ ബാബു ഇവിടെ ഇപ്പോൾ ശബ്ദമുണ്ടാക്കിയ ഈ സി.പി.ഐ.(എം)-കാർ പിടിച്ച അതേ കൊടിതന്നെ പിടിച്ച മനുഷ്യനാണ്. ആ മനുഷ്യനെ കാത്ത് ഒക്ടോബർമാസം 15-ാം തീയതി രാവിലെ 5 മണിക്ക് നവീൻ ബാബുവിന്റെ ഭാര്യ മഞ്ജുഷയും അദ്ദേഹത്തിന്റെ രണ്ട് പിഞ്ചുപെൺമക്കളും റെയിൽവേ സ്റ്റേഷനിൽ കാത്തിരിക്കുകയായിരുന്നു. ......(ബഹളം) .......

<u>ചെയർപേഴ്സൺ</u>: അദ്ദേഹം പറയട്ടെ, ......(ബഹളം) ....... ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, താങ്കൾ പോയിന്റ് പറഞ്ഞു നിർത്തൂ....

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, നവീൻ ബാബുവിന്റെ കാര്യം പറയുമ്പോൾ എന്തിനാണ് പൊള്ളുന്നത്? .....(ബഹളം) .......

<u>ചെയർപേഴ്സൺ</u>: രണ്ട് മിനിട്ടായി.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, കേരളത്തിന്റെ റവന്യൂ വകുപ്പുമന്ത്രിയെ ഓർമ്മപ്പെടുത്തുകയാണ്. ......(ബഹളം) .......

ചെയർപേഴ്സൺ: അംഗങ്ങൾ അവിടെ ഇരിക്കൂ. അദ്ദേഹം പറഞ്ഞു നിർത്തട്ടെ.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, അങ്ങയുടെ വകുപ്പിനുകീഴിലുള്ള ഒരു ഉദ്യോഗസ്ഥൻ, ആ ഉദ്യോഗസ്ഥനെയാണ് കൊന്നുകളഞ്ഞത്. ആ രംഗം ഒന്നാലോചിച്ചുനോക്കൂ.

ചെയർപേഴ്സൺ: ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ നിങ്ങൾ സംസാരിച്ചു നിർത്തൂ.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, എനിക്ക് സംസാരിക്കാൻ സമയം നൽകുണ്ടേ? ഞാൻ സംസാരിക്കുമ്പോൾ ഭരണപക്ഷാംഗങ്ങൾ ഇടപെടുകയല്ലേ?

ചെയർപേഴ്സൺ: Sum up ചെയ്യൂ. ........(ബഹളം)......

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, Sum up ചെയ്യാൻ എന്റെ സമയത്തിന്റെ ഭൂരിഭാഗവും അവർ ബഹളം വയ്ക്കുകയല്ലേ? ജോയിന്റ് ലാൻഡ് റവന്യൂ കമ്മീഷണറുടെ അന്വേഷണ റിപ്പോർട്ട് വന്നിരിക്കുന്നു.........(ബഹളം)......

<u>ചെയർപേഴ്സൺ</u>: ആവശ്യമുള്ള സമയം നിങ്ങൾക്ക് എല്ലാപേർക്കും നൽകുന്നുണ്ട്.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, ബഹുമാന്യനായ കേരളത്തിന്റെ റവന്യൂ വകുപ്പുമന്ത്രിയോട് പറയാൻ ആഗ്രഹിക്കുകയാണ്. ഇടതുപക്ഷത്തിന്റെ, സി.പി.ഐ.(എം)-ന്റെ കൊടിപിടിച്ച, ആ യൂണിയന്റെ ഭാഗമായിരുന്ന ആ മനുഷ്യൻ ....

<u>ചെയർപേഴ്സൺ</u>: താങ്കൾ sum up ചെയ്യൂ. ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ, നിങ്ങൾ sum up ചെയ്യൂ.

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, sum up ചെയ്യാൻ എന്റെ സമയം മുഴുവൻ ഭരണപക്ഷാംഗങ്ങൾ അപഹരിച്ചില്ലേ?

<u>ചെയർപേഴ്സൺ</u>: ഇനി സമയം നൽകില്ല. അടുത്ത ആളിനെ വിളിക്കും. നിങ്ങൾക്ക് Sum up ചെയ്യാനുണ്ടോ?

<u>ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ</u>: സർ, വെളുപ്പിനെ അഞ്ച് മണിക്ക് ആ കുടുംബം റെയിൽവേ സ്റ്റേഷനിൽ കാത്തിരിക്കുകയാണ്. ട്രെയിൻ വന്നിറങ്ങുമ്പോൾ, ഓരോ ആളുകളായി ആ കോച്ചുകളിൽ നിന്നിറങ്ങി വരുമ്പോൾ, ആ കുടുംബം

പ്രതീക്ഷയോടെ നോക്കിയിരിക്കുകയായിരുന്നു. ആ കുഞ്ഞുങ്ങൾ തീരുമാനിച്ചിട്ടുണ്ടാകും അടുത്ത് ഇറങ്ങാൻ പോകുന്നത് എന്റെ അച്ഛനാണെന്ന്. ........(ബഹളം).......

ചെയർപേഴ്സൺ: അംഗങ്ങൾ ബഹളം വയ്ക്കാതെ, വെറുതെയിരിക്കൂ.

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: സർ, ദീർഘകാലത്തിനുശേഷം നാട്ടിലേക്കുവരുന്ന ഞങ്ങളുടെ പിതാവിനെ വാരിപ്പുണർന്ന് ഒരുമ്മ കൊടുക്കണമെന്ന് ആ കുഞ്ഞുങ്ങൾ വിചാരിച്ചിട്ടുണ്ടാകും, തീരുമാനിച്ചുറപ്പിച്ചിട്ടുണ്ടാകും. ആ കുഞ്ഞുങ്ങളുടെ മുന്നിലേക്ക്, ആ ഭാര്യയുടെ മുന്നിലേക്കാണ് ആ മനുഷ്യൻ മൃതശരീരമായി വന്നത്, കൊന്നുകളഞ്ഞതാണ്. ആ കേസിലെ ഉത്തരവാദിത്വപ്പെട്ട ആളുകളെ സംരക്ഷിക്കരുതെന്നാണ് ബഹുമാന്യനായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയോട് പറയാനുള്ളത്. അങ്ങ് ആ വീട്ടിൽ പോയി കരയുന്നത് കേരളം കണ്ടതാണ്. അങ്ങയുടെ കണ്ണീരിനെ ഞങ്ങൾക്ക് വിശ്വാസമുണ്ട്; ഈ നാടിന് വിശ്വാസമുണ്ട്; സി.പി.ഐ.(എം)-കാരന്റെ എത്ര വലിയ സമ്മർദ്ദമുണ്ടായാലും അങ്ങയുടെ

കണ്ണീരിനോട് നിരഞ്ജനയുടേയും നിരുപമയുടേയും കണ്ണീരിനോട്........(മൈക്ക് ഓഫ്)......... (ബഹളം).......

ചെയർപേഴ്സൺ: ശ്രീ. കെ. പ്രേംകുമാർ, നിങ്ങൾക്ക് സംസാരിക്കാം........ (ബഹളം)...........

(ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ എം.എൽ.എ.-യ്ക്ക് പ്രസംഗം കൺക്ലൂഡ് ചെയ്യാൻ സമയം അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബഹു. സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

ശ്രീ. കെ. പ്രേംകുമാർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായും പിന്തുണക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട പാലക്കാട് അംഗം ചർച്ചയുടെ ഭാഗമായി പറഞ്ഞ ഒരു കാര്യം, ഏതുകേരളത്തെപ്പറ്റിയാണ് പറയുന്നതെന്നും ഏതുകേരളമെന്നാണ് പറയാൻ സാധിക്കുന്നതെന്നുമാണ്. സുസ്ഥിര വികസന സൂചികയിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്ന കേരളം; പബ്ലിക് അഫയേഴ്സ് സൂചികയിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്ന കേരളം; കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ശ്രേഷ്ഠതാ സൂചികയിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്ന കേരളം; ദാരിദ്ര്യം ഏറ്റവും കുറഞ്ഞ കേരളം; ഇന്ത്യ ടുഡേയുടെ ഹാപ്പിനെസ്സ് ഇൻഡക്സിൽ 2021-ൽ ഒന്നാം സ്ഥാനത്തെത്തിയ കേരളം;

ആരോഗ്യസൂചികയിൽ തുടർച്ചയായി നാലാം സ്ഥാനത്തെത്തിയ കേരളം; ആ കേരളത്തെപ്പറ്റിയാണ് സംസാരിക്കുന്നത്. രാജ്യത്തെ ആദ്യത്തെ സൂപ്പർ ഫാബ് ലാബുള്ള സംസ്ഥാനമാണ് കേരളം; ആദ്യ ഡിജിറ്റൽ സർവകലാശാല ആരംഭിച്ച സംസ്ഥാനം കേരളം. ........(ബഹളം)......

ചെയർപേഴ്സൺ: ഞാൻ പ്രതിപക്ഷാംഗങ്ങളോട് പറയുകയാണ് എല്ലാവർക്കും ആവശ്യമായ സമയം കൊടുക്കുന്നുണ്ട്. .......(ബഹളം)........... ഞാൻ പറയുന്നത് കേൾക്കൂ. ചെയർ പറയുന്നത് കേൾക്കൂ. എല്ലാ അംഗങ്ങൾക്കും രണ്ട് മിനിറ്റ്, രണ്ടര മിനിറ്റ്, ഒന്നര മിനിറ്റ് കൂടുതൽ കൊടുത്തിട്ടുണ്ട്. അത് ഞാനിവിടെ എഴുതി വച്ചിട്ടുണ്ട്. ശ്രീ. രാഹുൽ മാങ്കൂട്ടത്തിന് നാല് മിനിറ്റ് കൊടുത്തിട്ടുണ്ട്. .........(ബഹളം)........

(അധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: യെസ്...... യെസ്....... പ്ലീസ്........ പ്ലീസ്......... അംഗങ്ങൾ സീറ്റുകളിൽ ഇരിക്കൂ.

(ബഹു. സ്പീക്കറുടെ ഡയസ്സിനുമുമ്പിൽ വന്നുനിന്ന് ബഹളം വച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ സീറ്റുകളിലേയ്ക്ക് തിരികെ പോയി)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ചെയറിനെ ഭീഷണിപ്പെടുത്തുന്നതും സമ്മർദ്ദത്തിലാക്കുന്നതും **XXXX**+ അത് ഈ സഭയിൽ അനുവദിക്കാവുന്നതല്ല. ഒരാൾക്ക് പ്രസംഗം കൺക്ലൂഡ് ചെയ്യാൻ അവസരം കൊടുത്തിട്ടും കൺക്ലൂഡ് ചെയ്യാതെ ചെയറിന്റെ മുമ്പിൽ വന്നുനിന്ന് ഭീഷണിപ്പെടുത്തി സമയം പിടിച്ചുവാങ്ങുകയാണ്. അത് എന്ത് രീതിയാണ്? (......ബഹളം...)

മി. സ്പീക്കർ: യെസ്...യെസ്.... ശ്രീ. കെ. പ്രേംകുമാർ, അങ്ങ് സംസാരിക്കു.

ശ്രീ. കെ. പ്രേംകുമാർ: സർ, രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സർവകലാശാല കേരളത്തിലാണ്. ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക് കേരളത്തിലാണ്. ആദ്യത്തെ വാട്ടർ മെട്രോ കേരളത്തിലാണ്. ഇന്റർനെറ്റ് സൗകര്യം ജനങ്ങളുടെ അവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനം കേരളമാണ്. ദേശീയപാത വികസനത്തിനായുള്ള സ്ഥലമെടുപ്പിന് തുക അനുവദിച്ച ഏക സംസ്ഥാനം കേരളമാണ്. സമ്പൂർണ ഭവന വൈദ്യുതീകരണം

---

\+ പിൻവലിച്ചു

നടത്തിയ ഏക സംസ്ഥാനം കേരളമാണ്. 2022-2023-ൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നടത്തിയത് കേരളമാണ്. മാതൃ-ശിശുമരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. ആ കേരളത്തെക്കുറിച്ചാണ് ഈ സഭയിൽ പറയുന്നത്. കേരളത്തിന്റെ പൊതുമരാമത്ത് വകുപ്പുമന്ത്രി രാഷ്ട്രീയം പറയുന്നുവെന്നാണ് ഇരിക്കൂർ നിയമസഭാംഗത്തിന്റെ ആരോപണം. അദ്ദേഹം രാഷ്ട്രീയം പറയും. അദ്ദേഹം പഠിച്ചത് ആ സ്കൂളിലാണ്. ഡി.വൈ.എഫ്.ഐ.-യുടെ യൂണിറ്റ് സെക്രട്ടറിയായി തുടങ്ങി ഡി.വൈ.എഫ്.ഐ.-യുടെ അഖിലേന്ത്യാ പ്രസിഡന്റ് വരെയായിട്ടുള്ള പൊതുപ്രവർത്തകൻ; സി.പി.ഐ.(എം)-ന്റെ ബ്രാഞ്ച് സെക്രട്ടറി മുതൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം വരെയായിട്ടുള്ള പൊതുപ്രവർത്തകൻ; ബൂത്ത് സെക്രട്ടറി മുതൽ പാർലമെന്റ് മണ്ഡലം കമ്മിറ്റിയുടെ സെക്രട്ടറി വരെയായിട്ടുള്ള അദ്ദേഹം രാഷ്ട്രീയം പറയും. എന്നാൽ മന്ത്രിയെന്ന നിലയിൽ കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കാനും ആ വകുപ്പിനെ കാര്യക്ഷമമാക്കാനും ജനാധിപത്യവത്കരിക്കാനും അദ്ദേഹം ഇടപെടുന്നുണ്ട്. അതാണ് കാണേണ്ടത്. മുമ്പ് പി.ഡബ്ല്യു.ഡി. റോഡുകളിൽ ഒരു കുഴി കണ്ടാൽ പരാതി കൊടുക്കാൻ സൗകര്യമുണ്ടായിരുന്നില്ല. ഇന്ന്

ഇവിടെ പരസ്യമായി പറയുകയാണ്, നിങ്ങൾക്ക് പി.ഡബ്ല്യു.ഡി. റോഡിലെ ഏതെങ്കിലും പ്രവൃത്തിയിൽ ആക്ഷേപമുണ്ടെങ്കിൽ അത് പരിഹരിക്കാൻ 'PWD 4U' എന്ന app നമ്മുടെ സംസ്ഥാനത്തുണ്ട്. വിമർശനങ്ങളെ ഭയക്കുന്നവരല്ല, വിമർശനങ്ങളെ സ്വാഗതം ചെയ്യുന്ന നയമാണ് ഇടതുപക്ഷം സ്വീകരിക്കുന്നത്. നമുക്കത് കൃത്യമായി കാണാൻ കഴിയും. അതുപോലെ റവന്യൂ വകുപ്പിൽ നേരത്തെ കാര്യങ്ങൾ ആലോചിക്കാനും ചർച്ച ചെയ്യാനും ആക്ഷേപങ്ങളും വിമർശനങ്ങളുമുന്നയിക്കാനുമുള്ള വേദിയുണ്ടായിരുന്നില്ല. എന്നാൽ വില്ലേജുതല ജനകീയ സമിതി, എല്ലാ വില്ലേജ് ഓഫീസുകളിലും മൂന്നാമത്തെ വെള്ളിയാഴ്ച മൂന്ന് മണിക്ക് രാഷ്ട്രീയ പാർട്ടി പ്രതിനിധികൾക്കും ജനപ്രതിനിധികൾക്കും പങ്കെടുക്കാൻ കഴിയുന്ന അവസരമൊരുക്കി, ഒരു വകുപ്പിനെ ജനാധിപത്യവൽകരിക്കുന്ന നടപടിയാണ് കേരളത്തിൽ സ്വീകരിക്കുന്നതെന്ന് നമുക്ക് അഭിമാനത്തോടുകൂടി കാണാൻ കഴിയും. ഇപ്പോൾ ലോക്സഭയിലെ പ്രതിപക്ഷനേതാവും കോൺഗ്രസിന്റെ പരമോന്നത നേതാവുമായിട്ടുള്ള ശ്രീ. രാഹുൽ ഗാന്ധി കഴിഞ്ഞ ദിവസം ഗുജറാത്തിലൊരു പ്രസംഗം നടത്തി. കോൺഗ്രസിലെ ബി.ജെ.പി.-ക്കാരെ പുറത്താക്കണമെന്ന്

വാർത്താമാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഹിന്ദു പത്രം എഴുതിയിട്ടുള്ളത്, ‘ One section of Congress in Gujarat is in league with BJP’ . says Rahul എന്നാണ്. എന്ത് പറയാനുണ്ട്? “ There are two types of people in Gujarat Congress leadership and among workers. Those who are honest with people, fight for them, respect them and have the ideology of the Congress in their heart. And the others who are cut off from the people, sit far away, do not respect them and half of whom are with the BJP.” എന്നാണ് രാഹുൽ ഗാന്ധി പറഞ്ഞത്. കോൺഗ്രസിലെ ബി.ജെ.പി.-ക്കാരെ പുറത്താക്കണമെന്നാണ് റിപ്പോർട്ട് ചെയ്തത്. ഇത് കോൺഗ്രസായി രംഗത്ത് നിൽക്കുകയും ബി.ജെ.പി.-ക്കുവേണ്ടി കോൺഗ്രസിനെ ഒറ്റുകൊടുത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന കോൺഗ്രസ് നേതാക്കന്മാരെക്കുറിച്ചാണ് പറഞ്ഞിട്ടുള്ളത്. ഇത് രാജ്യത്ത് കൃത്യമായി നമുക്ക് കാണാൻ കഴിയും. ഇത് ഒറ്റപ്പെട്ട പ്രതിഭാസമല്ല. കോൺഗ്രസിനെ സംബന്ധിച്ച്, കോൺഗ്രസിന്റെ മുൻമുഖ്യമന്ത്രിമാരും മുൻ എം.എൽ.എ.മാരും മന്ത്രിമാരുമെല്ലാം ഇന്ന് രാജ്യത്തെ ബി.ജെ.പി.-യുടെ നേതാക്കളാണ്.

ഇന്നലത്തെ കോൺഗ്രസ് ഇന്നത്തെ ബി.ജെ.പി. ആണെന്ന് കാണാൻ കഴിയും. കേരളത്തിൽ ആർ.എസ്.എസ്-ന്റെ ആചാര്യൻ ഗോൾവാൽക്കറിന്റെ ഫോട്ടോയ്ക്ക് മുന്നിൽ വിളക്കുകൊളുത്തി നിന്നത്, ആർ.എസ്.എസ്.-ന്റെ താൽപര്യം സംരക്ഷിച്ചത് കേരളത്തിന്റെ പ്രതിപക്ഷനേതാവാണെന്ന് നാം മറന്നുകൂടാ. ആർ.എസ്.എസ്.-ന്റെ ശാഖയ്ക്ക് കാവൽനിന്നിട്ടുണ്ടെന്ന് അഭിമാനത്തോടുകൂടി പറഞ്ഞയാൾ കെ.പി.സി.സി. പ്രസിഡന്റ് സ്ഥാനത്തുനിന്ന് ഇളക്കം തട്ടാതെ ഇരിക്കുകയാണ്. രാജ്യസഭയിൽ ഭൂരിപക്ഷമില്ലാതിരുന്ന ബി.ജെ.പി.-ക്ക് അത് ഉറപ്പാക്കുന്നതിനുവേണ്ടി രാജസ്ഥാനിൽനിന്നും രാജ്യസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടയാൾ ആ സ്ഥാനം രാജിവച്ച് ബി.ജെ.പി.-ക്കുവേണ്ടി സ്ഥാനം ഒഴിഞ്ഞുനൽകി രാജ്യസഭയിലെ ബി.ജെ.പി.-ക്ക് ഭൂരിപക്ഷമുണ്ടാക്കി കൊടുത്തു. ഇക്കഴിഞ്ഞ ഫെബ്രുവരി 28 മറന്നിട്ടില്ല. ഗുജറാത്തിലെ മുൻകോൺഗ്രസ് നേതാവും മുൻ കോൺഗ്രസ് എം.പി.-യുമായിരുന്ന എഹ്സാൻ ജാഫ്രിയുടെ രക്തസാക്ഷി ദിനമായിരുന്നു. 2002 ഫെബ്രുവരി 28-നാണ് ഗുജറാത്ത് വംശഹത്യക്കിടെ എഹ്സാൻ ജാഫ്രി രക്തസാക്ഷിയാകുന്നത്. കമല നെഹ്റുവിന്റെയും ഡോ.

രാജേന്ദ്ര പ്രസാദിന്റെയും ചരമദിനമാണ് ഫെബ്രുവരി 28. ആ രണ്ടുപേരുടെയും ഓർമ്മദിനത്തിൽ കോൺഗ്രസിന്റെ ഒഫിഷ്യൽ പേജിൽ ആ കുറിപ്പ് വന്നിട്ടുണ്ട്. എന്നാൽ ഇതേദിവസം സംഘ്പരിവാറിനാൽ രക്തസാക്ഷിയാക്കപ്പെട്ട ഗുജറാത്തിലെ കോൺഗ്രസ് എം.പി.-യെ പാടെ മറക്കുന്ന പാർട്ടിയായി കോൺഗ്രസ് മാറിയെന്നതാണ് യാഥാർഥ്യം. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ഒഫിഷ്യൽ പേജിലോ കോൺഗ്രസിന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലോ എഹ്സാൻ ജാഫ്രിയുടെ ഓർമ്മക്കുറിപ്പ് നൽകാൻ ആ പാർട്ടി തയ്യാറായില്ല. എഹ്സാൻ ജാഫ്രിയുടെ ഭാര്യ സാക്കിയ ജാഫ്രിയുടെ നീതിക്കായുള്ള പോരാട്ടങ്ങൾക്ക് കോൺഗ്രസ് ഒരിക്കലും ആത്മാർഥമായി പിന്തുണ നൽകിയിട്ടില്ല. ഗുജറാത്ത് വംശഹത്യയുടെ കാലത്ത് സാക്കിയയെ അവരുടെ വീട്ടിൽപോയി കാണാൻ ശ്രീമതി സോണിയ ഗാന്ധി തയ്യാറായില്ല. ഗുജറാത്ത് തിരഞ്ഞെടുപ്പുകാലത്ത് ക്ഷേത്രപര്യടനം നടത്താൻ സമയം കണ്ടെത്തിയ ശ്രീ. രാഹുൽ ഗാന്ധി ഒരിക്കൽപോലും സാക്കിയയെ കാണാൻ പോയിട്ടില്ല. നീതിക്കായുള്ള പോരാട്ടത്തിനിടയിൽ ഈമാസം ആദ്യമാണ് സാക്കിയ ജാഫ്രി വിടപറഞ്ഞത്. അവരുടെ വിയോഗത്തിൽ ശ്രീ. രാഹുൽ

മാങ്കൂട്ടം മുതൽ ശ്രീ. രാഹുൽ ഗാന്ധിവരെയുള്ള ഒരൊറ്റ കോൺഗ്രസുകാരനും അനുശോചനം അറിയിച്ചിട്ടില്ല. എഹ്സാൻ ജാഫ്രിയെയും സാക്കിയ ജാഫ്രിയെയും ഓർത്തത് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-ന്റെ പോളിറ്റ് ബ്യൂറോ അംഗവും കേരള മുഖ്യമന്ത്രിയുമായിട്ടുള്ള സഖാവ് പിണറായി വിജയനാണ്. സംഘ്പരിവാറിനെതിരായി, ആർ.എസ്.എസ്.-നെതിരായി വിട്ടുവീഴ്ചയില്ലാത്ത സമീപനം സ്വീകരിക്കുന്ന പാർട്ടിയേതാണ്; നേതാവേതാണ്? ഇതാണ് കോൺഗ്രസും സി.പി.ഐ.(എം.)-ഉം തമ്മിലുള്ള വ്യത്യാസം. ഇവിടെ ധനാഭ്യർത്ഥനയുടെ ചർച്ചയുമായി ബന്ധപ്പെട്ട് ....(മൈക്ക് ഓഫ്)........

മി. സ്പീക്കർ: യെസ്....യെസ്.... ശ്രീ. പി. വി. ശ്രീനിജിൻ അങ്ങേയ്ക്ക് ഏഴ് മിനിട്ട് സംസാരിക്കാം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, I am on a point of order. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. പ്രേംകുമാറിന്റെ പ്രസംഗം തടസ്സപ്പെടുത്തേണ്ടെന്ന് കരുതിയാണ് അദ്ദേഹത്തിന്റെ പ്രസംഗം കഴിയുന്നതുവരെ ഞാൻ ഇത് ഉന്നയിക്കാതിരുന്നത്. ഇവിടെ

പ്രതിപക്ഷാംഗത്തിന്റെ പ്രസംഗം തടസ്സപ്പെടുത്തിയപ്പോൾ സഭയിൽ ഒരു ബഹളമുണ്ടായി. ഇത്തരം സന്ദർഭങ്ങളിൽ ഇതെല്ലാം കൂട്ടിയോജിപ്പിച്ചുകൊണ്ടുപോകേണ്ടത് ബഹു. പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ ചുമതലയാണ്. അതായത്, ഭരണകക്ഷിയും പ്രതിപക്ഷവും തമ്മിലുള്ള ഒരു ഏകോപനം സഭയിലുണ്ടാക്കേണ്ടത് പാർലമെന്ററികാര്യ വകുപ്പുമന്ത്രിയാണ്. എന്നാൽ ഇവിടെ അദ്ദേഹം പറഞ്ഞത് പ്രതിപക്ഷം XXXXX+ കാണിച്ചുവെന്നാണ്. അത് അൺപാർലമെന്ററിയായിട്ടുള്ള ഒരു വാക്കാണ്. ഞങ്ങൾക്ക് അപമാനകരമായിട്ടുള്ള ഒരു വാക്കാണ്. അങ്ങ് ദയവുചെയ്ത് അത് രേഖകളിൽനിന്നും നീക്കണം.

മി. സ്പീക്കർ: പരിശോധിച്ച് ചെയ്യാം. ശ്രീ. പി. വി. ശ്രീനിജിൻ അങ്ങേയ്ക്ക് ഏഴ് മിനിട്ട് സംസാരിക്കാം.

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണക്കുകയാണ്. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ പട്ടികജാതി സ്നേഹത്തിനെക്കുറിച്ച് വളരെ കാര്യമായി പറഞ്ഞു. പ്രിയപ്പെട്ട രാഹുൽ മാങ്കൂട്ടത്തിൽ അത് പ്രതിപക്ഷനേതാവിനോട് പറയുന്നത് നല്ലതാണ്.

\+ പിൻവലിച്ചു

അതുപറയാൻ കാരണം നമ്മുടെ സഭയിലെ ഏറ്റവും സീനിയർ അംഗമായ, അങ്ങയുടെ സഹപ്രവർത്തകൻ ശ്രീ. എ. പി. അനിൽ കുമാർ ഈ സഭയിലുള്ള ആളാണ്. നിങ്ങൾ കഴിഞ്ഞ മൂന്നര വർഷത്തെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ലിസ്റ്റെടുത്തൊന്നു നോക്കണം. എത്രപ്രാവശ്യം അദ്ദേഹത്തിന് അവസരം കൊടുത്തിട്ടുണ്ടെന്ന് പരിശോധിക്കണം. അദ്ദേഹത്തെക്കാൾ വളരെ ജൂനിയർ ആയിട്ടുള്ള ഡോ. മാത്യു കുഴൽനാടനും ശ്രീ. രാഹുൽ മാങ്കൂട്ടത്തിനും ശ്രീ. റോജി എം. ജോണിനും എത്ര അവസരങ്ങൾ കൊടുത്തിട്ടുണ്ടെന്ന് പരിശോധിച്ചിട്ട് ഈ പട്ടികജാതി സ്നേഹം പറഞ്ഞുകഴിഞ്ഞാൽ വളരെ നല്ലതാണ്. ഡോ. മാത്യു കുഴൽനാടൻ വിഷമിക്കല്ലേ, ഞാൻ പറയട്ടെ. ഡോ. മാത്യു കുഴൽനാടൻ കിട്ടുന്ന പരിഗണന ഞങ്ങളുടെ പ്രിയപ്പെട്ട എ. പി. അനിൽ കുമാറിന് കിട്ടിയിരുന്നെങ്കിലെന്ന് ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം പി. വി. ശ്രീനിജിൻ പറയുന്നത് സഭയ്ക്ക് തെറ്റിദ്ധാരണയുണ്ടാക്കുന്നൊരു കാര്യമാണ്. ഞാൻ കോൺഗ്രസ് പാർട്ടിയുടെ പാർലമെന്ററി പാർട്ടി സെക്രട്ടറിയാണ്. ഇവിടെ ഇത്തരം കാര്യങ്ങളിൽ പ്രധാനപ്പെട്ടൊരു പങ്ക് വഹിക്കുന്ന അതായത്, ആര് അവതരിപ്പിക്കണം, എന്ത് അവതരിപ്പിക്കണമെന്ന് തീരുമാനിക്കുന്ന ബോഡിയിലെ ഒരംഗമാണ് ഞാൻ. അതുകൊണ്ട് ഇവിടെ ആരെങ്കിലും അവതരിപ്പിക്കുന്നുണ്ടെങ്കിൽ, അത് കോൺഗ്രസ് പാർലമെന്ററി പാർട്ടി സെക്രട്ടറിയെന്ന നിലയ്ക്ക് ഞാൻകൂടി അറിഞ്ഞിട്ടാണ്. മറിച്ചുള്ളത് തെറ്റായ പ്രചാരണമാണ്.

മി. സ്പീക്കർ: യെസ്...യെസ്... ശ്രീ. പി. വി. ശ്രീനിജിൻ.....

ശ്രീ. പി. വി. ശ്രീനിജിൻ: സർ, ഞാൻ പറഞ്ഞത് അദ്ദേഹത്തിന് കൊണ്ടു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കഴിഞ്ഞ കെ.പി.സി.സി.-യുടെ യോഗത്തിൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും പ്രതിപക്ഷനേതാവിനെതിരെ ഉയർന്ന വിമർശനം ഏഷ്യാനെറ്റ് അടക്കമുള്ള പത്രമാധ്യമങ്ങളിൽ വന്നതാണ്. ഏതായാലും ഞാൻ ആ വിഷയത്തിലേക്ക് കടക്കുന്നില്ല. ഇന്നത്തെ

ധനാഭ്യർഥന ചർച്ചകളിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത് കേരളത്തിലെ പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുകളിലെ പദ്ധതികളെക്കുറിച്ചാണ്. കഴിഞ്ഞ ദിവസങ്ങളിലായി നടന്നുകൊണ്ടിരിക്കുന്ന ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ നയിക്കുന്ന ഗ്രാമയാത്രയെക്കുറിച്ച് വലിയ രീതിയിലുള്ള പ്രചാരണമാണ് പെരുമ്പാവൂരിൽ നടക്കുന്നത്. യാത്ര തുടങ്ങിയിട്ട് ഇപ്പോൾ ഏതാണ്ട് 34 ദിവസം കഴിഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അദ്ദേഹത്തിന്റെ ആരോഗ്യത്തിന് ഒരു കുഴപ്പവുമില്ല. കേരളത്തിലെ റോഡുകളിലൂടെ വളരെ അഭിമാനത്തോടുകൂടി യാത്രചെയ്യാൻ കഴിയുന്ന വിധത്തിൽ ഇന്ന് കേരളത്തിലെ റോഡുകൾ മാറിയിട്ടുണ്ടെങ്കിൽ അതിനുകാരണം ഇടതുപക്ഷ സർക്കാരിന്റെ പ്രത്യേകതയാണെന്ന് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീ. എൽദോസ് പി. കുന്നിപ്പിള്ളിൽ നൂറ് ദിവസം കേരളത്തിലൂടെ യാത്ര ചെയ്താലും ഒരു കുഴപ്പവും സംഭവിക്കില്ല, അതുകൊണ്ട് ധൈര്യമായി യാത്രചെയ്യാം. പെരുമ്പാവൂരിലെ റോഡ് മാത്രമല്ല ഇത്തരത്തിലുള്ളത്, ഞാൻ എല്ലാപ്രാവശ്യവും നിയമസഭാ സമ്മേളനത്തിന് വരുന്നത് എന്റെ സ്വന്തം വാഹനത്തിൽ യാത്രചെയ്താണ്.

മൂവാറ്റുപുഴ പോയപ്പോൾ, അവിടെ ഡോ. മാത്യു കുഴൽനാടന് അഭിനന്ദനങ്ങൾ എന്നൊരു ബോർഡ് എഴുതിവച്ചിരിക്കുന്നത് കണ്ടു. എന്തിനാണെന്നോ? ഈ ബജറ്റിൽ 5 കോടി രൂപ അനുവദിച്ചതിന്, നമ്മുടെ സർക്കാർ കൊടുത്ത പണത്തിനാണ് ഡോ. മാത്യു കുഴൽനാടന് പ്രത്യേക അഭിനന്ദനമെന്ന് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ എഴുതിവച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ മണ്ഡലത്തിലെ എല്ലാ റോഡുകളും നല്ലതാണ്, പെരുമ്പാവൂരിലെ റോഡുകൾ നല്ലതാണ്. ഞാൻ കോന്നിയിൽ ശ്രീ. കെ. യു. ജനീഷ്കുമാറിന്റെ മണ്ഡലത്തിൽ പോയപ്പോൾ അവിടെയും അങ്ങനെതന്നെയാണ്. 10 വർഷംമുമ്പ് കേരളത്തിൽനിന്നും പോയ ആളുകൾ ഇന്ന് കേരളത്തിലേക്ക് തിരിച്ചുവന്നാൽ ഇവിടെ തിരിച്ചറിയാൻ കഴിയാത്ത തരത്തിൽ മാറ്റങ്ങളുണ്ടായി. ഞാൻ മണിയാശാന്റെ (ശ്രീ. എം. എം. മണി) മണ്ഡലത്തിൽ പോയിരുന്നു, ഏറ്റവും മനോഹരമായ റോഡുകൾ, ബി.എം.&ബി.സി. നിലവാരത്തിലുള്ള ഗ്രാമീണ റോഡുകൾ അവിടെയുണ്ട്. ഇടുക്കിയുടെകാര്യം ഞാൻ പ്രത്യേകം പറയാൻ ആഗ്രഹിക്കുകയാണ്. ശ്രീ. എ. രാജ ഇവിടെ ഇരിക്കുന്നുണ്ട്, മൂന്നാറിലെ റോഡുകളും അങ്ങനെതന്നെയാണ്. എന്റെ മണ്ഡലത്തിൽനിന്നുള്ള

ആളുകൾ കഴിഞ്ഞ ദിവസം അതായത്, വനിതാ ദിനത്തോടനുബന്ധിച്ച് മാർച്ച് 8-ാം തീയതി കെ.എസ്.ആർ.ടി.സി. ബസിൽ മൂന്നാറിലേക്ക് യാത്രചെയ്തു, അതുസംബന്ധിച്ച് എന്റെ സഹോദരി ഫേസ്ബുക്കിൽ ഒരു പോസ്റ്റിട്ടിട്ടുണ്ട്. കേരളത്തിലെ റോഡുകളിലൂടെ കെ.എസ്.ആർ.ടി.സി.-യെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഗ്രാമീണ ടൂറിസം വികസിപ്പിക്കണം. കെ.എസ്.ആർ.ടി.സി. ജീവനക്കാരെ ഈയവസരത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിലെ ആയിരക്കണക്കിന് ആളുകളാണ് അഭ്യന്തര ടൂറിസത്തിൽവന്ന മാറ്റങ്ങൾ ഉപയോഗപ്പെടുത്തുന്നത്. അവിടെ വന്ന മാറ്റങ്ങൾ നമ്മൾ കാണാതെ പോകരുത്. വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും ഗതാഗത വകുപ്പുമന്ത്രിയോടും ഒരു അഭ്യർത്ഥനയുണ്ട്, ഒരോവർഷവും കേരളത്തിലെ സ്കൂളുകളിൽനിന്നും കുട്ടികൾ വിവിധങ്ങളായ വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് യാത്ര ചെയ്യുന്നുണ്ട്. നമ്മുടെ കെ.എസ്.ആർ.ടി.സി. ബസ് ഉപയോഗിച്ചുകൂടി ഇത്തരം യാത്രകൾ ചെയ്യുന്നതിനുള്ള നിർദേശം നൽകുകയാണെങ്കിൽ അത് കെ.എസ്.ആർ.ടി.സി.-ക്കും വളരെ ഗുണകരമായിരിക്കുമെന്ന കാര്യത്തിൽ

സംശയമില്ല. ഞാൻ മണിയാശാന്റെ മണ്ഡലത്തിലെ ചെമ്മണ്ണാർ എന്ന സാധാരണ ഗ്രാമപ്രദേശത്ത് പോയിരുന്നു. എന്റെ പ്രിയപ്പെട്ട എല്ലാ അംഗങ്ങളോടും പറയുകയാണ്, സത്യത്തിൽ കേരളത്തിനെ നമ്മൾ കണ്ടിട്ടില്ല. കേരളത്തിലെ ഓരോ ഗ്രാമപ്രദേശങ്ങളിലൂടെയും നമ്മൾ യാത്രചെയ്ത് കേരളത്തിന്റെ ഭംഗി ആസ്വദിച്ചുകഴിഞ്ഞാൽ പിന്നെ വിദേശത്തേയ്ക്കൊന്നും പോകേണ്ടതില്ല. ഇങ്ങനെ പറയാൻ കാരണം, ഞാൻ 'പോപ്പിനെ' കാണാൻ ഇറ്റലിയിൽ പോയിരുന്നു, അവിടെയുള്ള ഗ്രാമങ്ങളിലൂടെ യാത്രയും ചെയ്തു. അതിന് സമാനമായ റോഡുകളാണ് ഇന്ന് കേരളത്തിലുള്ളതെന്ന് വളരെ അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളത്തിന്റെ ടൂറിസം, കേരളത്തിന്റെ റോഡുകൾ എന്നുതുടങ്ങി സമസ്ത മേഖലകളിലും അങ്ങനെതന്നെയാണ്.

റവന്യൂ വകുപ്പിന്റെ ധനാഭ്യർത്ഥന സംബന്ധിച്ചും ഇന്ന് ചർച്ചയുണ്ട്, കേരളത്തിൽ ഇതേവരെയില്ലാത്തതരത്തിൽ പട്ടയങ്ങൾ വിതരണം ചെയ്യുകയാണ്. എന്റെ മണ്ഡലത്തിൽത്തന്നെ എത്രയോ പട്ടയങ്ങൾ കൊടുക്കാൻ സാധിച്ചു. ഇതുസംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്,

പെരിയാർവാലി പുറമ്പോക്കിൽ കിടക്കുന്ന ആളുകൾക്ക് പട്ടയം നൽകുന്നതിന് ഇപ്പോഴും കഴിഞ്ഞിട്ടില്ല. അതിനായി സമഗ്രമായ ഒരു ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണം. ആയിരക്കണക്കിന് ആളുകൾ ഇപ്പോഴും പട്ടയം പ്രതീക്ഷിച്ച് നാട്ടിലുണ്ടെന്നത് വസ്തുതയാണ്. പലവട്ടം ചർച്ച നടത്തിയ വിഷയമാണ്, അത്തരം ഇടപെടൽകൂടി നടത്താൻ സാധിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് പട്ടയ അസംബ്ലിയിൽ ഞങ്ങൾ ചെല്ലുമ്പോൾ ആളുകൾ ചോദിക്കുന്ന വിഷയമാണ് പെരിയാർവാലി കനാൽ പുറമ്പോക്കിൽ കിടക്കുന്ന ആളുകൾക്ക് പട്ടയം നൽകണമെന്നത്. അതുകൂടി അങ്ങ് പരിഗണിക്കണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഒരു കാര്യംകൂടി പറയുകയാണ്, റിപ്പോർട്ടർ ചാനലിലെ ശ്രീമതി സുജയ പാർവതി ഈ സർക്കാരിനെ ഏറ്റവുംകൂടുതൽ വിമർശിക്കുന്ന വ്യക്തിയാണ്. കഴിഞ്ഞ ദിവസം ശ്രീമതി സുജയ പാർവതിയും ഡോ. അരുൺകുമാറും ലഹരിക്കെതിരെയുള്ള പ്രചാരണത്തിന്റെ ഭാഗമായി കേരളത്തിലൂടെ സഞ്ചരിച്ചപ്പോൾ കേരളത്തിലെ റോഡുകളാണ് കേരളത്തിന്റെ പ്രതിച്ഛായ എന്നുപറയുകയുണ്ടായി. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയെക്കുറിച്ച് അവർ പറയുന്നത്, 2026-ലെ മൂന്നാം പിണറായി

സർക്കാർ അധികാരത്തിൽ വരുന്നുണ്ടെങ്കിൽ അതിന് ഒരുകാരണം കേരളത്തിലെ റോഡുകളും മികച്ച ഭരണവുമായിരിക്കുമെന്ന് അസന്ദിഗ്ധമായി ഡോ. അരുൺകുമാറും ശ്രീമതി സുജയ പാർവതിയും പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ അർഥം കേരളത്തിലെ ഇടതുപക്ഷ സർക്കാരിനെ വിമർശിക്കുന്ന ആളുകൾക്കുപോലും കേരളത്തിലെ ഭരണത്തെക്കുറിച്ച് ഒന്നും പറയാൻ കഴിയില്ല എന്നതാണ്. അതിനുള്ള തെളിവാണ് ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ ഈ ധനാഭ്യർഥനകളെക്കുറിച്ചുള്ള ചർച്ചയിൽ വികസനത്തെക്കുറിച്ച് ഒരു എതിരഭിപ്രായവും പറയാതിരുന്നത്. കോടിക്കണക്കിന് രൂപ ചെലവഴിച്ചുകൊണ്ട് കേരളത്തിൽ ഒരു മികച്ച ഭരണം നടത്തിക്കൊണ്ട് ഞങ്ങൾ മൂന്നാം സർക്കാരിലേക്ക് പോകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല, ഈ ധനാഭ്യർഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീമതി ദെലീമ</u>: സർ, ഞാൻ ഈ ധനാഭ്യർഥനകളെ പിന്തുണയ്ക്കുന്നു. നിയമസഭയിൽ എഴുന്നേറ്റുനിന്ന് ഘോരഘോരം കള്ളത്തരം വിളിച്ചുപറഞ്ഞുകൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പ്രവൃത്തിയാണ് യു.ഡി.എഫ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഏതായാലും ഞാൻ ഒരു പാട്ട്

പാടട്ടെ, സംഗീതം എനിക്ക് ലഭിച്ച ആയുധമായതുകൊണ്ടാണ്, ഈയൊരു പാട്ട് ഞാൻ പാടുകയാണ്, അതിന് എനിക്ക് പ്രത്യേക സമയം നൽകണമെന്ന് അഭ്യർഥിക്കുകയാണ്.

"പടച്ചവൻ പടച്ചപ്പോൾ, മനുഷ്യനെ പടച്ചു
മനുജന്മാർ മന്നിതിൽ പണക്കാരെപ്പടച്ചു,
പണക്കാരൻ പാരിലാകെ പാവങ്ങളെപ്പടച്ചു
പാവങ്ങളെന്നവരെ കളിയാക്കിച്ചിരിച്ചു
പടച്ചവൻ പടച്ചപ്പോൾ.......”

ഇതൊരു പഴയ പാട്ടാണ്, മനുഷ്യരെ നന്നാക്കുവാനുള്ള ഒരു പ്രചോദനംകൂടിയാണ് ഈ പാട്ട്. എന്നാൽ ഈ പാട്ട് കേൾക്കുമ്പോൾ എനിക്ക് ഓർമ്മവരുന്നത് നരേന്ദ്ര മോദി സർക്കാരിന്റെ ഇപ്പോഴുള്ള ഭരണമാണ്. നരേന്ദ്ര മോദി സർക്കാർ പണക്കാരെ സൃഷ്ടിച്ചുകൊണ്ടേയിരിക്കുന്നു. ഇതുമൂലം രാജ്യത്ത് പാവങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ചൂരൽമലയിൽ ദുരന്തമുഖത്ത് കേരളത്തോട് കാണിച്ചത് കേന്ദ്രസർക്കാർ പാവങ്ങളെ കളിയാക്കിയതിന് തുല്യമല്ലേ? എന്നാൽ കേരളത്തിൽ പാവപ്പെട്ടവർ, പണക്കാർ എന്നുള്ള വേർതിരിവില്ലാതെ

തുല്യനീതിയിലേക്ക് നമ്മൾ മാറുന്നുവെന്ന വസ്തുത അഭിമാനത്തോടെ പറയുവാൻ ഇവിടെയുള്ള ജനങ്ങൾക്ക് സാധിക്കും. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും പട്ടിണിയും ദാരിദ്ര്യവും കൊടികുത്തി വാഴുമ്പോൾ കേരളം അങ്ങനെയാകുവാൻ നരേന്ദ്ര മോദി സർക്കാർ ആഗ്രഹിക്കുന്നുണ്ടെങ്കിലും കേരളം ഭരിക്കുന്നത് പിണറായി സർക്കാരാണ് എന്നതുകൊണ്ടുതന്നെ സംസ്ഥാനത്തെ ജനങ്ങളെ ചേർത്തുപിടിക്കുന്ന വികസനപ്രവർത്തനങ്ങളിലൂടെ നമ്മുടെ ഇടതുപക്ഷ സർക്കാർ മുന്നേറിക്കൊണ്ടിരിക്കുകയാണ്. റവന്യൂ വകുപ്പ് ഉൾപ്പെടെ മറ്റു വകുപ്പുകളെക്കുറിച്ച് സംസാരിക്കാനാണെങ്കിൽ ഇവിടെ എനിക്ക് അനുവദിച്ച ഏഴ് മിനിറ്റ് മതിയാകില്ല, കുറച്ചുകൂടി അധികസമയം ആവശ്യമായി വരും, അതുകൊണ്ട് അതിലേക്ക് ഞാൻ കടക്കുന്നില്ല. എങ്കിലും റവന്യൂ വകുപ്പുമന്ത്രിയോട് എനിക്ക് ആരാധനയുണ്ട്, എത്രയധികം പാവങ്ങളുടെ കണ്ണുനീരാണ് അദ്ദേഹം ഒപ്പിക്കൊണ്ടിരിക്കുന്നത്.

പശ്ചാത്തലമേഖല മാത്രം എടുത്തുനോക്കിയാൽ കാര്യങ്ങൾ അറിയാൻ സാധിക്കും, ഒരു കാലത്ത് പൊട്ടിപ്പൊളിഞ്ഞ് വർഷങ്ങളായി കുണ്ടും കുഴിയുമായി കിടന്ന റോഡുകൾ ഇന്ന് ഉന്നതനിലവാരത്തിൽ എത്തുവാൻ കാരണം ഈ

സർക്കാരിന്റെ ആർജവമല്ലേ? എന്റെ മണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ ഹൈടെക് നിലവാരത്തിലേക്ക് കുതിക്കുകയാണ്. ഇതിന് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട മന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിനെ ഞാൻ വളരെയധികം അഭിനന്ദിക്കുന്നു. സർക്യൂട്ട് ടൂറിസം പദ്ധതിയിൽ 20 കോടി രൂപ മുതൽമുടക്കി 17 ഗ്രാമീണ റോഡുകൾ ഉന്നതനിലവാരത്തിൽ പൂർത്തിയാക്കിക്കഴിഞ്ഞു. ചേർത്തല-അരൂക്കുറ്റി റോഡുകൾ ഉൾപ്പെടെ 45 കോടി രൂപ മുതൽമുടക്കി ഗ്രാമീണറോഡുകളുടെയും പൊതുമരാമത്ത് റോഡുകളുടെയും പ്രവൃത്തികൾ നടന്നുകൊണ്ടേയിരിക്കുകയാണ്. ഇത് യു.ഡി.എഫ്. ഭരണകാലത്തെപോലെ ഒരു പ്രഹസനമല്ല. ജനങ്ങൾ അനുഭവിച്ചറിഞ്ഞ വികസന പ്രവർത്തനങ്ങളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. തീരദേശ ഹൈവേ നിർമ്മാണം ഇതോടൊപ്പം നടന്നുകൊണ്ടിരിക്കുകയാണ്. റോഡ് വികസന രംഗത്ത് വലിയ മാറ്റമാണ് ഈ സർക്കാർ നടപ്പിലാക്കിയത്. മലയോര ഹൈവേയും തീരദേശ ഹൈവേയും ഈ സർക്കാരിന്റെ പൊൻതൂവലുകളാണ്. ആലപ്പുഴ-ചങ്ങനാശ്ശേരി എം.സി. റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതോടെ ജനങ്ങളുടെ ചിരകാലസ്വപ്നം പിണറായി

സർക്കാർ സാക്ഷാത്കരിക്കുകയാണ്. ദേശീയ പാതാ വികസനം കേരളത്തിൽ ഒരിക്കലും നടക്കില്ലെന്നുപറഞ്ഞ് പുച്ഛിച്ചുതള്ളിയവർക്കുള്ള ശക്തമായ മറുപടിയാണ് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ദേശീയപാതാ വികസനം. ദേശീയപാതാ വികസനം വഴിമുട്ടിയപ്പോൾ സംസ്ഥാനത്തിന്റെ വികസനം സാധ്യമാക്കുന്നതിന് ദുരിതകാലത്തും 5580 കോടി രൂപ സ്ഥലം ഏറ്റെടുക്കലിനായി കേരളം നൽകി. ഏറെക്കാലമായി ഇഴഞ്ഞുനീങ്ങിയ കുതിരാൻ ടണൽ പ്രവൃത്തി പൂർത്തീകരിച്ചത് പിണറായി സർക്കാരിന്റെ ഇച്ഛാശക്തികൊണ്ടുമാത്രമാണെന്ന് ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. അരൂർ മുതൽ തുറവൂർ വരെ ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ട് എലിവേറ്റഡ് ഹൈവേ നിർമ്മാണവും പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ദേശീയപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഗതാഗതം വഴിതിരിച്ചുവിട്ടതിന്റെ ഫലമായി ഉന്നതനിലവാരത്തിൽ നിർമ്മാണം നടത്തിയിരുന്ന തുറവൂർ-കുമ്പളങ്ങി, തുറവൂർ-തൈക്കാട്ടുശ്ശേരി റോഡുകൾക്ക് ഇന്ന് സാരമായ തകരാറുകൾ ഉണ്ടായിട്ടുണ്ട്. ദേശീയ പാതാ അതോറിറ്റി ഇത് പരിഹരിക്കാമെന്ന് പറഞ്ഞുവെങ്കിലും

അതിനൊരു പരിഹാരമായിട്ടില്ല, ഇക്കാര്യത്തിൽ ഒരു പ്രത്യേക ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അഭ്യർഥിക്കുന്നു.

മറ്റൊന്ന്, എന്റെ മണ്ഡലത്തിൽ ഞാൻ അഭിമാനത്തോടെ നോക്കിക്കാണുന്ന വികസന പ്രവൃത്തിയാണ് പാലങ്ങളുടെ നിർമ്മാണം. 100 കോടി രൂപ മുതൽമുടക്കി നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്ന പെരുമ്പളം പാലം ഈ സർക്കാരിന്റെ പൊൻതൂവലാണ്. 10000 ജനങ്ങൾ മാത്രം അധിവസിക്കുന്ന ഈ ദ്വീപിലേക്ക് ഇത്രയും വലിയ പാലം പൂർത്തീകരിക്കുമ്പോൾ ഒരു ജനതയുടെ സ്വപ്നമാണ് ഇവിടെ സാക്ഷാത്കരിക്കുന്നത്. ഇതുപോലെ പ്രധാനപ്പെട്ടൊരു പാലമാണ് തുറവൂർ പമ്പാപാതയിലെ മാക്കേകടവ്- നേരേകടവ് പാലം. 93 കോടി രൂപ മുതൽമുടക്കിയാണ് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്. 20 കോടി രൂപയുടെ നെടുമ്പ്രക്കാട്- വിളക്കുമരം പാലം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. 15 കോടി രൂപയുടെ വാക്കയിൽ പാലം ഉദ്ഘാടനം കഴിഞ്ഞു. അഞ്ചുതുരുത്ത്, കാക്കത്തുരുത്ത് പാലങ്ങളുടെ സ്ഥലമെടുപ്പ് പുരോഗതിയിലാണ്. ഇക്കഴിഞ്ഞ ബജറ്റിൽ അനുവദിച്ച നീണ്ടകര-കരുമാഞ്ചേരി പാലം, തൈക്കാട്ടുശ്ശേരി വല്യാറ

പാലം, പെരുമ്പളം പാറയിൽ പാലം എന്നിവയുടെ പ്രാരംഭനടപടികൾ പുരോഗമിക്കുകയാണ്. എന്റെ മണ്ഡലത്തിലെ പ്രധാനപ്പെട്ട നിർമ്മാണങ്ങളിലൊന്നാണ് 51.4 കോടി രൂപയുടെ തുറവൂർ ആശുപത്രി കെട്ടിടം. 15 കോടി രൂപ മുതൽ മുടക്കി 14 ഓളം സ്കൂൾ കെട്ടിടങ്ങൾ നിർമ്മാണം പൂർത്തീകരിക്കുന്നതോടെ വിദ്യാഭ്യാസരംഗത്ത് എന്റെ മണ്ഡലം അഭിമാനകരമായ നേട്ടമാണ് നേടിക്കൊണ്ടിരിക്കുന്നത്. ടൂറിസം മേഖലയിൽ വളരെ പ്രതീക്ഷ നൽകുന്ന പ്രദേശമാണ് എന്റെ മണ്ഡലം. കേരളത്തിലെ ഏകദ്വീപ് പഞ്ചായത്ത് പെരുമ്പളത്തെ പാലം നിർമ്മാണം പൂർത്തീകരിക്കുന്നതോടെ ടൂറിസം മേഖലയിൽ ഒട്ടനവധി സാധ്യതകൾ രേഖപ്പെടുത്താൻ കഴിയുമെന്ന് ഉറപ്പിക്കുകയാണ്.

ലോക ടൂറിസം ഭൂപടത്തിൽ ഇടംപിടിച്ച കാക്കത്തുരുത്ത് ദ്വീപിൽ വിനോദസഞ്ചാരമേഖല വിപുലപ്പെടുത്തണം. എറണാകുളത്തിന്റെ ഉപഗ്രഹനഗരമായ അരൂരിലേയ്ക്ക് വാട്ടർമെട്രോ സർവീസുകൾ ആരംഭിക്കുകയാണെങ്കിൽ കായലും കടലുമായി സ്ഥിതി ചെയ്യുന്ന അരൂരിന്റെ സാമ്പത്തിക സാംസ്കാരിക മേഖലയിൽ വലിയമാറ്റം കുറിക്കാൻ സാധിക്കും.

എന്റെ മണ്ഡലത്തിലെ ചങ്ങരംകരിയെന്ന പ്രദേശത്ത് ലോകത്തിലെ വിവിധയിനത്തിലുള്ള ആയിരക്കണക്കിന് ദേശാടനപക്ഷികൾ എത്തിച്ചേരുന്നുണ്ട്. ഈ പ്രദേശത്തെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ടൂറിസം ഡെസ്റ്റിനേഷൻ രൂപപ്പെടുത്തുമെങ്കിൽ ടൂറിസം മേഖലയിൽ അഭിമാനകരമായ നേട്ടം കൈവരിക്കാൻ സാധിക്കും. ടൂറിസം മേഖലയിൽ പുരോഗതി കൂടുതൽ മെച്ചപ്പെടുത്തണമെങ്കിൽ അത്രർ മേഖലയിൽ വെള്ളക്കെട്ടിന് ശാശ്വതമായ പരിഹാരം കാണേണ്ടതായിട്ടുണ്ട്. കാലാവസ്ഥാവ്യതിയാനങ്ങളുടെ ഭാഗമായി തീരദേശമേഖലകളിൽ വേലിയേറ്റ സമയങ്ങളിൽ അതിരൂക്ഷമായ വെള്ളക്കെട്ടുമൂലം ജനങ്ങൾ വളരെ വിഷമിക്കുന്നുണ്ട്. തീരദേശത്ത് കിടക്കുന്ന പാവപ്പെട്ട മനുഷ്യരുടെ വീടുകളിലേയ്ക്ക് ധാരാളം വെള്ളം അതായത് വേലിയേറ്റ സമയത്ത് ഇത് നിരന്തരമായ പ്രകൃതിയുടെ പ്രതിഭാസമാണെങ്കിൽക്കൂടി നമുക്ക് തീരദേശത്തുകിടക്കുന്ന മനുഷ്യർക്ക് കുറച്ച് മണ്ണെടുത്ത് അവരുടെ വീടുകളിലേയ്ക്കിടാൻ സാധിക്കുമെങ്കിൽ അവർക്ക് കുറച്ച് ആശ്വാസമായി മാറും. ഇതിന് ശാശ്വത പരിഹാരം കാണണമെന്ന് ഞാൻ ധനാഭ്യർത്ഥനയിലൂടെ

അഭ്യർഥിക്കുകയാണ്. ഈ ധനാഭ്യർഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് നിർത്തുന്നു, നന്ദി.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, സി.പി.ഐ.(എം) ആണ് ആർ.എസ്.എസ്.-നെയും ബി.ജെ.പി.യെയും എതിർക്കാൻ കരുത്തുള്ള പാർട്ടി സംവിധാനമെന്ന് ബഹുമാനപ്പെട്ട ഒറ്റപ്പാലം അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സി.പി.ഐ.(എം.)-നെ എതിർക്കാൻ കേരളം കഴിഞ്ഞാൽ സി.പി.ഐ.(എം) എവിടെയാണുള്ളതെന്നാണ് ഞങ്ങൾക്ക് ആദ്യമായി ചോദിക്കാനുള്ളത്. ഇനിയുണ്ടെങ്കിൽത്തന്നെ സി.പി.ഐ.(എം)-ഉം ബി.ജെ.പി.യും തമ്മിൽ സന്ധി ചെയ്തുകൊണ്ടാണ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. 1977-ൽ തുടങ്ങിയതാണ്. കെ. ജി. മാരാർ ഉദുമയിൽ മത്സരിക്കുന്നു, കൂത്തുപറമ്പിൽ ശ്രീ. പിണറായി വിജയൻ മത്സരിക്കുന്നു, പട്ടാമ്പിയിൽ ഇ.എം.എസ്. മത്സരിക്കുന്നു, പാലക്കാട് അവരുടെ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നത് ശ്രീ. എൽ. കെ. അദ്വാനിയാണ്. അന്ന് തുടങ്ങിയ കൂട്ടുകെട്ട് ഇപ്പോഴും തുടരുന്നു. വി. പി. സിംഗിന്റെ സമയത്ത് സംയുക്ത ഡിന്നർ സംഘടിപ്പിച്ചുകൊണ്ടാണ് ഭരണം

നടത്തിക്കൊണ്ടുപോയിരുന്നത്. ഇപ്പോൾ അത് എവിടെയെത്തി നിൽക്കുന്നുവെന്ന് ശ്രീ. എം. വിജിൻ മറുപടി പറയണം. ബി.ജെ.പി. ഗവൺമെന്റ് ഫാസിസ്റ്റല്ലെന്നുപോലും പറയാൻ മടിയില്ലാത്തവരാണ്. അന്ന് സി.പി.ഐ.(എം) പറഞ്ഞതിനെ എതിർത്ത സി.പി.ഐ.കാരെ ഞങ്ങൾ അഭിനന്ദിക്കുകയാണ്. അവർ ഫാസിസ്റ്റ് തന്നെയാണെന്ന് സി.പി.ഐ. തുറന്നുപറയാൻ തയ്യാറായിട്ടുണ്ട്. ഇപ്പോഴും ആ ഫാസിസ്റ്റ് ബന്ധം തുടരുന്നതിൽ ഞങ്ങൾക്ക് എതിർപ്പില്ല. പക്ഷേ ജനങ്ങളോട് അത് പറയണം. അല്ലാതെ നിങ്ങൾ ഫാസിസ്റ്റ് വിരുദ്ധ മേലങ്കിയണിയുകയും ബി.ജെ.പി. ഫാസിസ്റ്റല്ലെന്ന് പറഞ്ഞുകൊണ്ട് അവർക്ക് ഏറ്റവും നല്ല സർട്ടിഫിക്കറ്റ് കൊടുക്കുകയും ചെയ്യുന്ന ഈ പരിപാടി നിർത്തണം.

ഞാൻ ഈ ഏഴ് ധനാഭ്യർത്ഥനകളെയും എതിർക്കുകയാണ്. കഴിഞ്ഞ നാല് വർഷത്തെ ബജറ്റിന്റെ ദുരാവസ്ഥ തന്നെയാണ് ഈ ബജറ്റിലുമുണ്ടാകുക. മാർച്ച് രണ്ടാം വാരത്തിലേക്ക് കടക്കുമ്പോൾ ട്രഷറിയിൽനിന്നും ചുവന്ന സൈറണാണ് മുഴങ്ങുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ സമയത്ത് ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള ഒരു ബില്ലും പാസ്സായിട്ടില്ല. ഗവൺമെന്റ്

പഞ്ചായത്തുകൾക്ക് മൂന്നാം ഗഡുവായ 1200 കോടി രൂപ കൊടുത്തെങ്കിലും ഒരു രൂപ പോലും ചെലവഴിക്കാൻ കഴിയാത്തവിധം ട്രഷറി നിയന്ത്രണമേർപ്പെടുത്തി. ഈ ധനാഭ്യർഥന പാസ്സാക്കിയിട്ടെന്ത് പിന്നെ എന്തുകാര്യമെന്നാണ് ഞങ്ങൾക്ക് ചോദിക്കാനുള്ളത്? 2024-25 വർഷത്തിൽ ഈ സഭ പാസ്സാക്കിയ ധനാഭ്യർഥനയിൽ 50 ശതമാനംപോലും ചെലവഴിക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. ഇപ്പോൾ 10 കോടി രൂപയ്ക്ക് മുകളിലുള്ള പദ്ധതികൾ പരിശോധിക്കാൻ പ്രത്യേക സമിതിയെത്തന്നെ വച്ചു. ഉദാഹരണത്തിന്, 12-02-2025-ലെ നിയമസഭാ ചോദ്യത്തിന് എനിക്ക് മറുപടിയായി വിദ്യാഭ്യാസ വകുപ്പുമന്ത്രി തന്നതിൽ ഒറ്റക്കാര്യം ഞാൻ സൂചിപ്പിക്കാം. കഴിഞ്ഞ ബജറ്റിൽ 94.28 കോടി രൂപ പൊതുവിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചു. അതിൽ കെട്ടിടങ്ങളുണ്ടാക്കുക, ഭിന്നശേഷി സൗഹൃദ പദ്ധതി, ഭൂമിയില്ലാത്ത സ്കൂളുകൾക്ക് ഭൂമി വാങ്ങിക്കൊടുക്കൽ ഉൾപ്പെടെയുള്ള പദ്ധതികളുണ്ടായിട്ടും ആകെ 1.25 കോടി രൂപയ്ക്കുമാത്രമാണ് ഭരണാനുമതി നൽകിയത്. പിന്നെ എന്തിനാണ് ഇത് പാസ്സാക്കികൊടുക്കുന്നത്? അതുപോലെ ഹയർസെക്കൻഡറിക്കും വി.എച്ച്.എസ്.ഇ.-ക്കും കൊടുത്തിരിക്കുന്ന

ഫണ്ടുകളൊന്നും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ ഫണ്ടും സർക്കാർ പിൻവലിക്കുകയാണ്. ഇതിനുപുറമേ മറ്റെല്ലാ വകുപ്പുകൾക്കും ബജറ്റിൽ നീക്കി വച്ചിരുന്ന ഫണ്ടുകൾ മുഴുവൻ കട്ടുംവെട്ട് വെട്ടിയിട്ടാണ് നീക്കിയത്.

പൊതുമരാമത്ത് വകുപ്പിന്റെ കാര്യം പറയുകയാണെങ്കിൽ ബഹുമാനപ്പെട്ട അരൂർ എം.എൽ.എ. പറഞ്ഞത് കേരളത്തിൽ റോഡുകളൊക്കെ സ്വർഗമാണെന്നാണ്. റിയാസ് കുണ്ടുകൾ എന്ന് കേരളത്തിലെ റോഡുകൾ ധാരാളം കുണ്ടുകൾ കൊണ്ട് നിറഞ്ഞിരിക്കുന്ന റോഡുകളാണ്. ഒരുപക്ഷേ ബേപ്പൂരിൽ കുണ്ടുകളുണ്ടാകില്ല. ഭരണപക്ഷ പ്രതിപക്ഷ വിവേചനം കാണണമെങ്കിൽ ബേപ്പൂരിലേയ്ക്കും കൊണ്ടോട്ടിയിലേയ്ക്കും വന്നാൽ മതി. ബേപ്പൂരിന്റെ തൊട്ടടുത്ത് നിൽക്കുന്ന മണ്ഡലമാണ് എന്റെ കൊണ്ടോട്ടി മണ്ഡലം. 'അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറു നിറയെ ഉണ്ണുന്നവൻ എന്നിൽപ്പെട്ടവനല്ല' എന്ന പ്രവാചകന്റെ ഒരു വചനമുണ്ട്. അത് ഉൾക്കൊള്ളാനെങ്കിലും ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി തയ്യാറാകണം. ബേപ്പൂർ മണ്ഡലത്തിലെ എല്ലാ ഓടകളും ഊടുവഴികളും ബി.എം.&ബി.സി. ചെയ്യുമ്പോൾ കൊണ്ടോട്ടി മണ്ഡലത്തിലെ റോഡുകളെല്ലാം

തകർന്ന് തരിപ്പണമായി കിടക്കുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം, ശ്രീ. പി. എ. മുഹമ്മദ് റിയാസ് മന്ത്രിയായതിനുശേഷം എനിക്ക് ആ മണ്ഡലത്തിലേക്ക് പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ നന്നാക്കാൻവേണ്ടി കിട്ടിയത് വെറും 17 കോടി രൂപ മാത്രമാണ്. ഇതിലും വലിയ വിവേചനം മാത്രമുണ്ടോ? തൊട്ടടുത്ത് ബേപ്പൂർ മണ്ഡലത്തിലേയ്ക്ക് പോയാലറിയാം. എസ്.എൽ.ടി.എഫ്. മുഖേനയോ മറ്റേതെങ്കിലും വകുപ്പുപയോഗിച്ചുകൊണ്ടോ ഇത് നന്നാക്കണമെന്ന് വിചാരിച്ചാൽ അതും നടക്കാത്ത അവസ്ഥയാണുള്ളത്. കാരണം എല്ലാം ആർ.സി.(റണ്ണിങ് കോൺട്രാക്ട്) എന്നൊക്കെപറഞ്ഞ് റോഡുകൾ നന്നാക്കാനുള്ള ഫണ്ടുകൾ പോലും ഇല്ലാതാക്കിയിരിക്കുന്നു.

എന്റെ മണ്ഡലത്തിൽ വാഴക്കാട് ഫാറൂഖ് കോളേജ് റോഡുണ്ട്. ആ റോഡിൽ കഴിഞ്ഞ വർഷത്തെ മഴക്കാലത്ത് കൈവരിയടക്കം പകുതിഭാഗം തകർന്നുപോയിട്ട് ഇതേവരെ നന്നാക്കിയിട്ടില്ല. ഇതാണ് റോഡിന്റെ അവസ്ഥ. കാലിക്കറ്റ് എയർപോർട്ടിലേയ്ക്ക് വരുന്ന രാമനാട്ടുകര മുതൽ റോഡിന്റെ ഡി.പി.ആർ. അടക്കം തയ്യാറായെന്നുപറയുന്നു. ഇപ്പോൾ റോഡ് വീതി കൂട്ടുന്ന ആ പദ്ധതിയെക്കുറിച്ച് ഇപ്പോൾ ഒന്നും പറഞ്ഞുകേൾക്കുന്നില്ല. കൊണ്ടോട്ടി

റസ്റ്റ് ഹൗസിന് പുതിയ പദ്ധതി പ്രഖ്യാപിച്ചുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പ്രഖ്യാപിച്ചതാണ്. എന്നാൽ ഇന്നേവരെ ഒരു രൂപ കൊണ്ടോട്ടി റസ്റ്റ് ഹൗസിന് അങ്ങോട്ടെത്തിയിട്ടില്ല. അതുപോലെ കാലിക്കറ്റ് എയർപോർട്ടിന് സ്ഥലമെടുത്തപ്പോൾ അവിടെ RESA (Runway End Safety Area) നിർമ്മാണത്തിനുവേണ്ടി ക്രോസ് റോഡ് അടച്ചു. പകരം ക്രോസ് റോഡുണ്ടാക്കുമെന്ന് പറഞ്ഞിരുന്നെങ്കിലും ഇന്ന് എയർപോർട്ടിന്റെ ക്രോസ് റോഡിനെക്കുറിച്ച് ഒന്നും കേൾക്കുന്നില്ല. റണ്ണിങ് കോൺട്രാക്കെന്ന് പറയുന്നുണ്ടെങ്കിലും  റോഡുകൾ ഇപ്പോഴും കുഴിയാണ്. റണ്ണിങ് കോൺട്രാക്ട് വഴിയൊന്നും ശരിയാക്കുന്നില്ല. പി.ഡബ്ല്യൂ.ഡി. സെക്ഷൻ എന്നത് മണ്ഡലാടിസ്ഥാനത്തിൽ പുനർവിഭജനം ചെയ്യേണ്ടതുണ്ട്.  മലപ്പുറം ജില്ലയിൽ രണ്ട് ഡിവിഷൻ മാത്രമാണുള്ളത്. മലപ്പുറം, എറണാകുളം അടക്കമുള്ള എല്ലാ ജില്ലകൾക്കുംവേണ്ടി ആകെയൊരു ഡിസൈനിംഗ് വിങ് എറണാകുളത്ത് മാത്രമാണുള്ളത്. ഉദ്യോഗസ്ഥന്മാർ വേണ്ടത്രയില്ല. നമുക്കൊരു പദ്ധതിക്ക് ഡിസൈനിന്റെ വെറ്റിങ് കഴിഞ്ഞ് ഭരണാനുമതി ലഭിക്കുന്നതിന് മാസങ്ങളെടുക്കുകയാണ്. ഓവർസിയർ മുതൽ ചീഫ് എഞ്ചിനീയർ വരെ കണ്ട

ഒരുഫയൽ പിന്നീട് ഫിനാൻസിൽനിന്നും വീണ്ടും കൃത്യമായ യോഗ്യതയില്ലാത്ത പോലുമില്ലാത്ത CTE-യ്ക്ക് അയയ്ക്കുന്നുണ്ട്. ഇതുപോലെ ധാരാളം കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് പറയാനുണ്ട്. ഈ ഭരണം ഇതുപോലെ കുത്തഴിഞ്ഞുപോകുമ്പോൾ ഭരണത്തെ നന്നാക്കാനുള്ളത് പാർട്ടിയായിരുന്നു. പാർട്ടി ഇപ്പോൾ എവിടെയെത്തി നിൽക്കുന്നു? ഇന്നലെ സംസ്ഥാനസമ്മേളനം കഴിഞ്ഞു. ലോക്കൽ സമ്മേളനത്തിലും ഏരിയ സമ്മേളനത്തിലും ധാരാളം വിമർശനങ്ങൾ വന്നു. ജില്ലാ സമ്മേളനം വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സമ്മേളനത്തിൽ നേരിട്ട് ഹാജരായതോടുകൂടി എല്ലാ വിമർശനങ്ങളും ഇല്ലാതെയായിപ്പോയി. ഇന്നലെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ എല്ലാ വിമർശനങ്ങളും ഇല്ലാതായി. പണ്ട് ലൂയി പതിനാലാമൻ, ഫ്രാൻസിലെ ഒരു ഭരണാധികാരിയെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. “ I am the State” എന്നുപറയുന്നതുപോലെ “ I am the Party. I am the State.” എന്നുപറയുന്നിടത്തേയ്ക്ക് ശ്രീ. പിണറായി വിജയന്റെ ഭരണം കേരളത്തെക്കൊണ്ട് എത്തിച്ചിരിക്കുകയാണ്. പാർട്ടിക്കുപോലും തിരുത്താൻ

കഴിയാത്ത പാർട്ടിയായി ഇന്ന് ഈ ഭരണകൂടം മാറിയിരിക്കുന്നു. സ്വാശ്രയകോളേജിൽനിന്ന് ഇപ്പോൾ എവിടെയെത്തി നിൽക്കുന്നു? സ്വകാര്യകോളേജുകൾ, ഞങ്ങളൊക്കെ കോളേജിൽ പഠിച്ചിരുന്ന സമയത്ത് എസ്.എഫ്.ഐ.കാർ അന്ന് മുദ്രാവാക്യം വിളിച്ചിരുന്നു.

'കോഴിക്കോട്ടെ കോയമാർക്കും പാലക്കാട്ടെ പട്ടന്മാർക്കും

പാലായിലെ പാതിരിമാർക്കും പണയം വയ്ക്കാനുള്ളതല്ല' കേരളത്തിലെ വിദ്യാഭ്യാസം.... (മൈക്ക് ഓഫ്)

<u>ശ്രീ. പി. പി. സുമോദ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുകയാണ്. ഒരു ആധികാരികതയുമില്ലാതെ ബഹുമാനപ്പെട്ട പാലക്കാട് അംഗം ഇവിടെ ചില കാര്യങ്ങൾ പറയുന്നത് കേട്ടു. അതുകൊണ്ട് പുതിയ അംഗമെന്ന നിലയിൽ അദ്ദേഹത്തിന് ഒരു ക്ലാസ് നൽകാൻ കോൺഗ്രസിലെ മുതിർന്ന നിയമസഭാംഗങ്ങൾ ഉൾപ്പെടെ തയ്യാറാകണം. അല്ലെങ്കിൽ, സാധാരണഗതിയിൽ പുതിയ നിയമസഭാംഗങ്ങൾക്ക് നൽകാറുള്ള ഓറിയന്റേഷൻ ക്ലാസ് അദ്ദേഹത്തിനും നൽകുന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെ തയ്യാറാകണമെന്നാണ് ആദ്യമായി പറയാനുള്ളത്. ഞങ്ങളുടെ

പാർട്ടി സമ്മേളനങ്ങളെ സംബന്ധിച്ചെല്ലാം വളരെ മോശമായ രൂപത്തിലുള്ള പരാമർശങ്ങളാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. 38426 ബ്രാഞ്ച് സമ്മേളനങ്ങളും 2444 ലോക്കൽ സമ്മേളനങ്ങളും 210 ഏരിയാ സമ്മേളനങ്ങളും 14 ജില്ലാ സമ്മേളനങ്ങളും പൂർത്തീകരിച്ചാണ് കഴിഞ്ഞ മാർച്ച് 6 മുതൽ 9 വരെ കൊല്ലത്തുവച്ച് ഞങ്ങളുടെ സംസ്ഥാന സമ്മേളനം നടന്നത്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിയായ കോൺഗ്രസിന് ഈ നിലയിൽ സംഘടനാപരമായി സമ്മേളനങ്ങൾ നടത്താനാവശ്യമായ കരുത്തുണ്ടോയെന്ന ചോദ്യമാണ് ഈ ചർച്ചയുടെ ഭാഗമായി ഉയർന്നുവരുന്നത്. നേരത്തെ കോൺഗ്രസിന്റെ വിദ്യാർഥി സംഘടനയായ കെ.എസ്.യു. നെയ്യാറിൽ വച്ച് ഒരു പഠന ക്യാമ്പ് നടത്തുകയും അതിന്റെ ഭാഗമായുണ്ടായ അടിയും ബഹളവുമൊന്നും ഇപ്പോഴും അവസാനിക്കാത്ത സ്ഥിതിയുൾപ്പെടെയുണ്ടായിരിക്കുന്ന വേളയിൽ ഞങ്ങളെ സംബന്ധിച്ച് ഈ രൂപത്തിൽ നടത്തുന്ന ആക്ഷേപങ്ങളെല്ലാം ദയവുചെയ്ത് നിർത്തണമെന്നാണ് പറയാനുള്ളത്.

കേരളത്തിൽ പൊതുവിൽ കഴിഞ്ഞ ഒൻപത് വർഷക്കാലം മികവിന്റെ കാലമായിരുന്നു. കഴിഞ്ഞ മൂന്നര വർഷത്തിനിടയിൽ കേരളത്തിൽ വളരെ മനോഹരമായ നൂറ് പാലങ്ങളാണ് നിലവിൽ വന്നത്. 2026-ൽ ഈ ഗവൺമെന്റിന്റെ കാലാവധി കഴിയുമ്പോഴേയ്ക്കും 150 പാലങ്ങളുടെകൂടി പണി പൂർത്തീകരിക്കുമ്പോൾ, കേരളത്തിലാകെ 250 പാലങ്ങളാണ് വരുന്നത്. അത് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് മുസ്ലീം ലീഗിന്റെ വകുപ്പായിരുന്ന പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച പാലാരിവട്ടം പാലം പോലെയല്ല. കേരളത്തിന്റെ കണക്റ്റിവിറ്റി എന്ന രൂപത്തിൽ വളരെ മികവാർന്ന പാലങ്ങൾ അതിവേഗത്തിൽ ഇവിടെ ഉയർന്നുപൊങ്ങുന്ന കാഴ്ച കാണാം. നേരത്തെ പ്രിയപ്പെട്ട അംഗം ശ്രീമതി ദെലീമ ഉൾപ്പെടെ പറഞ്ഞ, പതിനായിരത്തോളം ജനങ്ങൾ വസിക്കുന്ന പ്രദേശത്തെ പെരുമ്പളം പാലമുൾപ്പെടെ പൂർത്തിയാകുന്നത് കേരളത്തിന്റെ സ്വപ്നതുല്യമായ കാഴ്ചയാണ്. കേരളത്തിൽ എങ്ങനെയാണ് ധനം സമാഹരിക്കുന്നതെന്ന കാര്യത്തിൽ, റസ്റ്റ് ഹൗസ് ഉൾപ്പെടെയുള്ളവ ജനകീയമാക്കിയതിലൂടെ കഴിഞ്ഞ മൂന്നര വർഷക്കാലമായി ശ്രദ്ധേയമായ ഇടപെടൽ ഈ സർക്കാർ നടത്തുകയുണ്ടായി. റസ്റ്റ് ഹൗസ്

ജനങ്ങൾക്ക് തുറന്നുനൽകിയതിലൂടെ മാത്രം 2021 നവംബർ 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിനിടയ്ക്ക് മൂന്നര ലക്ഷം ബുക്കിങ്ങിലൂടെ 21 കോടി 22 ലക്ഷം രൂപയാണ് ലഭിച്ചത്. ഇത്തരത്തിൽ വളരെ ശ്രദ്ധേയമായ മാറ്റങ്ങൾ കേരളത്തിന്റെ വിവിധ മേഖലകളിൽ കാണാൻ കഴിയും. 'മിതമായ നിരക്കിൽ മികച്ച ഡ്രൈവിങ്' എന്ന ക്യാപ്ഷനോടുകൂടി കെ.എസ്.ആർ.ടി.സി. കുട്ടികൾക്കും മുതിർന്നവർക്കും ഡ്രൈവിങ് ഉൾപ്പെടെയുള്ള പരിശീലനം നൽകുന്നു. ഇതിലൂടെ ഏതാനും മാസങ്ങൾക്കുള്ളിൽ 27,86,000/- രൂപ ലാഭം കിട്ടി. ഏകദേശം 661 പേർ ഡ്രൈവിങ് പഠനത്തിനായി കെ.എസ്.ആർ.ടി.സി.-യിൽ ചേരുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്.

കേരളത്തിന്റെ ടൂറിസം രംഗത്ത് വലിയ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ നാല് വർഷക്കാലമായി കേരളത്തിലുണ്ടായ ഏറ്റവും പ്രധാനപ്പെട്ട മാറ്റങ്ങളിലൊന്ന് ടൂറിസം മേഖലയിലുണ്ടായ മാറ്റമാണ്. ടൂറിസം രംഗത്ത് വളരെ മനോഹരമായി സ്ത്രീപക്ഷ വിപ്ലവം നടന്നുകൊണ്ടിരിക്കുന്നുവെന്ന് നിസ്സംശയം പറയാൻ സാധിക്കും. തനിച്ചും ഗ്രൂപ്പായുമെല്ലാം യാത്ര ചെയ്യുന്ന സ്ത്രീകൾക്ക് അന്തസ്സോടെ കാഴ്ചകൾ

കാണാൻ സാധിക്കുന്ന രൂപത്തിലേയ്ക്ക് ഏറ്റവും മികവാർന്ന സ്ത്രീപക്ഷ ടൂറിസം സെക്ടറായി കേരളം മാറാൻ പോകുന്നു. 2025 ഡിസംബറോടുകൂടി സ്ത്രീസൗഹൃദ വിനോദസഞ്ചാര കേന്ദ്രമായി കേരളം മാറും. മുപ്പത്തിയെട്ടായിരത്തോളം വരുന്ന വനിതകൾക്ക് കേരളത്തിൽ ഒരു പ്രയാസവുമില്ലാതെ യാത്ര ചെയ്യാനും ടൂറിസത്തിന്റെ ഭാഗമായി കാഴ്ചകൾ കാണാനുമൊക്കെ സാധിക്കുന്ന സ്ഥിതി ഒന്നര വർഷത്തിനിടയ്ക്ക് പൊതുവിൽ കേരളത്തിലുണ്ടായിട്ടുണ്ട്.

2025 അവസാനത്തോടുകൂടി ഏറെക്കാലമായി നമ്മുടെ സംസ്ഥാനം ആഗ്രഹിച്ച ദേശീയപാത-66 യാഥാർത്ഥ്യമാകാൻ പോകുകയാണ്. ഇത് ചെറിയ കാര്യമല്ല. ഗവൺമെന്റ് ദേശീയപാതയ്ക്കാവശ്യമായ സ്ഥലം അതിവേഗത്തിൽ ഏറ്റെടുത്തുവെന്ന് മാത്രമല്ല, കേരളത്തിന്റെ മനോഹരമായ സ്വപ്ന പദ്ധതി എന്ന രൂപത്തിൽ 2025-ഓടുകൂടി ദേശീയപാത വികസനം പൂർത്തിയാകുന്നു. അതോടൊപ്പംതന്നെ, മലയോര ഹൈവേ ഉൾപ്പെടെ 2026-ൽ പൂർത്തിയാകുമെന്നത് നിസ്സംശയം ഈ ഗവൺമെന്റിന് പറയാൻ സാധിക്കും. റവന്യൂ വകുപ്പ് വളരെ സക്രിയമായി എല്ലാ കാര്യങ്ങളും

നിർവഹിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് കഴിഞ്ഞ നാല് വർഷക്കാലമായി കേരളത്തിൽ കാണാൻ സാധിക്കുന്നത്.

കേരളത്തിൽ 180887 പട്ടയങ്ങൾ നൽകിയത് ചെറിയ കാര്യമല്ല. കഴിഞ്ഞ ഇരുപത് വർഷക്കാലമായി പല കാരണങ്ങൾകൊണ്ട് പട്ടയം കിട്ടാത്ത നൂറ് കണക്കിന് കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്ന കാഴ്ചയാണ് നാം കണ്ടത്. 120000 പേർക്കുകൂടി പട്ടയം കൊടുക്കുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റവും കൃത്യതയോടുകൂടി നടക്കുന്നതുകൊണ്ട്, റവന്യൂ വകുപ്പ് ആ മേഖലകളിലെല്ലാം വളരെ സക്രിയമായി ഇടപെടൽ നടത്തുന്ന കാര്യം നമുക്ക് കാണാൻ സാധിക്കും.

കേരളത്തിൽ ഡിജിറ്റൽ സർവേ അതിവേഗത്തിൽ പുരോഗമിക്കുന്നു. നിലവിൽ അഞ്ച് ലക്ഷം ഹെക്ടറിലേറെ ഭൂമിയിൽ ഡിജിറ്റൽ സർവേ നടത്തി ഈ രാജ്യത്തിന് മാതൃകയാകുന്ന രൂപത്തിലേയ്ക്ക് കേരളം എത്തിയിരിക്കുകയാണ്. ഏകദേശം ഇരുപത്തിമൂന്ന് തരം സർട്ടിഫിക്കറ്റുകൾ ഇപ്പോൾ ഓൺലൈൻ വഴിയാണ് നൽകുന്നത്. കഴിഞ്ഞ നാല് വർഷത്തിനിടയ്ക്ക്, ജനങ്ങൾക്ക് അവരുടെ സേവനങ്ങൾ ഏറ്റവും

കൃത്യതയോടുകൂടി, ഇടനിലക്കാരില്ലാതെ, സർക്കാർ ഓഫീസുകൾ കയറിയിറങ്ങാതെ അതിവേഗത്തിൽ ലഭ്യമാകാൻ സാധിക്കുന്ന രൂപത്തിലേയ്ക്ക് ഇരുപത്തിമൂന്ന് തരം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി. പത്ത് കോടിയോളം സർട്ടിഫിക്കറ്റുകളാണ് കഴിഞ്ഞ നാലഞ്ച് വർഷത്തിനിടയ്ക്ക് കേരളത്തിൽ ഇത്തരത്തിൽ വിതരണം ചെയ്തത്.

കേരളത്തിൽ 514 വില്ലേജുകൾ സ്മാർട്ട് വില്ലേജുകളായി മാറുന്ന നിലയിലേയ്ക്ക് നമ്മുടെ കേരളം മുന്നേറുന്നു എന്ന് നമുക്ക് കാണാൻ സാധിക്കും. കേരളത്തിന്റെ വികസനം ഇപ്പോൾ അന്താരാഷ്ട്ര തലത്തിൽപ്പോലും ചർച്ച ചെയ്യുന്ന രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ ഭാഗത്തുനിന്ന് സമസ്ത മേഖലയിലും ശക്തമായ ഇടപെടലുണ്ടാകുന്നു.

കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് കേരളത്തോട് വലിയ രൂപത്തിലുള്ള സാമ്പത്തിക ഉപരോധമുണ്ടാകുന്നുണ്ട്. കേന്ദ്ര സർക്കാർ കേരളത്തിന് അർഹമായ നികുതി വിഹിതവും മറ്റ് പദ്ധതികളുമെല്ലാം ഇല്ലാതാക്കുന്ന സമീപനമാണുള്ളത്. എന്നാൽ ഇത്തരം പ്രയാസങ്ങളും പ്രശ്നങ്ങളുമെല്ലാം ഉണ്ടാകുമ്പോൾത്തന്നെ ജനപിന്തുണയോടുകൂടി തനത് വരുമാനം

വർധിപ്പിച്ചുകൊണ്ട് കഴിഞ്ഞ മൂന്ന് വർഷക്കാലമായി വികസനക്ഷേമ പദ്ധതികളുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും കേരളത്തിന്റെ പുരോഗതി ലക്ഷ്യം വച്ചുകൊണ്ടുള്ള സമീപനങ്ങളാണ് കേരള സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തെ സാമ്പത്തികമായി തകർക്കാൻ കേന്ദ്രം ശ്രമിക്കുമ്പോൾ അതിനെയെല്ലാം മറികടന്ന് എല്ലാ മേഖലകളിലും ഏറ്റവും ക്രിയാത്മകമായ മുന്നേറ്റങ്ങൾ നടത്തിക്കൊണ്ട് കേരളത്തിലെ സർക്കാർ മുന്നേറിക്കൊണ്ടിരിക്കുന്ന കാഴ്ച നമുക്ക് കാണാൻ സാധിക്കും. എന്നാൽ പ്രതിപക്ഷവും ഏതാനും ചില മാധ്യമങ്ങളും ഇടതുപക്ഷ ഗവൺമെന്റിനോടുള്ള അന്ധമായ വിരോധംകൊണ്ട് 'ഈ കേരളം തകരട്ടെ' എന്ന് ആഗ്രഹിക്കുന്നു. അങ്ങനെ ആഗ്രഹിക്കുമ്പോൾ ജനങ്ങൾ ഇത് തിരിച്ചറിയുകതന്നെ ചെയ്യുമെന്ന കാര്യം ഏറ്റവും പ്രതീക്ഷയോടുകൂടി കാണാവുന്നതാണ്.

<u>മി. സ്പീക്കർ</u>: യെസ്..... യെസ്..... ഓർഡർ..... ഓർഡർ.....

<u>ശ്രീ. പി. പി. സുമോദ്</u>: സർ, രണ്ടുതവണ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു. രണ്ടൊത്താൽ മൂന്നൊക്കുമെന്ന് പറയുന്നതുപോലെ

മൂന്നാം തവണയും ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ അധികാരത്തിൽ വരും. (..... മൈക്ക് ഓഫ്.....)

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ഇവിടെ നേരത്തെ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് നടത്തിയ പരാമർശം സഭാരേഖകളിൽനിന്ന് നീക്കണമെന്ന് അദ്ദേഹംതന്നെ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവ സഭാരേഖകളിൽനിന്ന് നീക്കം ചെയ്യുന്നതാണ്. ഇതൊരു ഉദാത്തമായ മാതൃകയാണ്. സംസാരിക്കുമ്പോൾ ചില പദങ്ങൾ ഉപയോഗിച്ചുപോയേക്കാം. പക്ഷേ അത് സ്വയം പിൻവലിക്കാൻ തയ്യാറാകുന്നത് നമ്മുടെ പാർലമെന്ററി പ്രൊസീഡിംഗ്സിൽ അനുകരണീയ മാതൃകയാണെന്ന് എല്ലാ അംഗങ്ങളെയും അറിയിക്കുകയാണ്.

ശ്രീ. ഡി. കെ. മുരളി: സർ, ഇന്ന് അവതരിപ്പിച്ച എല്ലാ ധനാഭ്യർത്ഥനകളെയും ഞാൻ അനുകൂലിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തുന്ന വലിയ സാമ്പത്തിക ഉപരോധത്തിനിടയിലും വികസന ക്ഷേമപ്രവർത്തനങ്ങൾ തുടരുന്നതിനുവേണ്ടിയുള്ള വലിയ ജാഗ്രതയാണ്

ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിലൂടെ പുലർത്തിയിട്ടുള്ളതെന്ന് എടുത്തുപറയാനാഗ്രഹിക്കുകയാണ്. എന്തെല്ലാം വെട്ടിക്കുറവുകളാണ് കേന്ദ്രം നടത്തിയിട്ടുള്ളത്. വായ്പാ അനുമതിയുടെ കുറവ് മുഖാന്തിരം 19000 കോടി രൂപ നമുക്ക് നഷ്ടപ്പെട്ടു. റവന്യൂ ഗ്രാന്റിന്റെ കുറവ് 8400 കോടി രൂപ, ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയതോടുകൂടി 12000 കോടി രൂപ, നികുതി വിഹിത കുറവ് 3.58 ശതമാനത്തിൽനിന്നും 1.925 ശതമാനമാക്കിയതിന്റെ പേരിൽ 18000 കോടി രൂപ, ഇതെല്ലാം ഈ കേരളത്തിന് നഷ്ടപ്പെട്ട തുകകളാണ്. കേരളത്തിന്റെ വികസനത്തിനും ക്ഷേമപ്രവർത്തനത്തിനും പ്രയോജനപ്പെടുത്തേണ്ട തുകകളാണ്. പ്രതിപക്ഷത്തിന് ഇതിൽ പ്രതിഷേധമില്ലേ? അവരുടെ ആരുടെയും പ്രസംഗത്തിലും പുറത്ത് അവർ കൊണ്ടുപിടിച്ചുകൊണ്ടുനടത്തുന്ന ക്യാമ്പയിനുകളിൽ ഇതൊന്നും വരാറില്ലല്ലോ. കേന്ദ്രത്തിൽനിന്നും കേരളത്തിന് കിട്ടേണ്ട കുടിശ്ശിക ഒന്ന് പരിശോധിക്കണം, യു.ജി.സി. ശമ്പളപരിഷ്കരണ കുടിശ്ശിക 750 കോടി രൂപ, നഗരവികസന ഗ്രാന്റ് 546.45 കോടി രൂപ, ഗ്രാമവികസന ഗ്രാന്റ് 1008 കോടി രൂപ, നെല്ല് സംഭരണം ഉൾപ്പെടെയുള്ള

ഭക്ഷ്യഭദ്രതാ കുടിശ്ശിക 790 കോടി രൂപ, വിവിധ ദുരിതാശ്വാസങ്ങൾക്കുള്ളത് 138 കോടി രൂപ, ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റ് - സ്പെഷ്യൽ അസിസ്റ്റന്റ്സ് 1925 കോടി രൂപ, ജി.എസ്.ടി. നഷ്ടപരിഹാരം 511 കോടി രൂപ, തൊഴിലുറപ്പ് കുടിശ്ശിക 800 കോടി രൂപ അങ്ങനെ 6468.45 കോടി രൂപ ഈ കേരളത്തിന് നഷ്ടമാകുകയാണ്. ഇതിലൊന്നും പ്രതിപക്ഷം പ്രതിഷേധിക്കുന്നില്ല. എന്താണ് അവരുടെ ഒരു സമീപനരീതി? കേരളം തകർന്നോട്ടെ എന്നാണോ? കേരളം തകർന്നാൽ മാത്രമേ അവർക്ക് അധികാരത്തിൽ വരാൻ കഴിയൂ എന്ന ഒരു വിഡ്ഢിത്തരമാണവർ കൊണ്ടുനടക്കുന്നത്. അത് മാറണ്ടേ? അധികാരത്തിൽ വരാൻവേണ്ടി കൊതിച്ചുനിൽക്കുന്ന, അങ്ങനെ വന്നാൽ മുഖ്യമന്ത്രി ആരാകും എന്ന പേരിൽ തർക്കം നടത്തുന്ന, കേരളത്തിന്റെ വികസനത്തിലും ക്ഷേമത്തിലും താൽപര്യമില്ല എന്ന് തെളിയിക്കുന്ന സമീപനമല്ലേ പ്രതിപക്ഷം ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ ആനുകൂല്യങ്ങൾ വെട്ടിക്കുറയ്ക്കുമ്പോൾ ഒരു കേന്ദ്ര സഹമന്ത്രിയുടെ ന്യായീകരണമുണ്ട്. എന്താണ്? നിങ്ങൾ നേട്ടങ്ങളുണ്ടാക്കിയിരിക്കുന്ന, കോട്ടങ്ങളിലേക്ക് വരണം. എങ്കിൽ സഹായിക്കാം എന്നാണ്. എന്താണ് നാം ഉണ്ടാക്കേണ്ട കോട്ടങ്ങൾ? മാത്ര-

ശിശു മരണ നിരക്ക് ഏറ്റവും കുറവ് കേരളത്തിലാണ്. ആനുകൂല്യം കിട്ടാൻ ആ നിരക്ക് കൂട്ടണമെന്നാണോ ഈ മന്ത്രി പറയുന്നത്. ഓരോ കാര്യവും എടുത്താൽ, വിദ്യാഭ്യാസ മേഖലയിൽ, ഉന്നതവിദ്യാഭ്യാസ മേഖലയിൽ നമ്മുടെ നേട്ടങ്ങളെയെല്ലാം നിർത്തിവയ്ക്കണമെന്നാണോ ഈ മന്ത്രി പറയുന്നത്. ഈ സമീപനത്തെയാണോ കേരളത്തിൽ യു.ഡി.എഫ്. അനുകൂലിക്കുന്നത്. ഇവിടെ ചില വാചകങ്ങൾ കേട്ടു. ഇന്ത്യയിൽ പൊതുവിൽ കോൺഗ്രസിന് ബി.ജെ.പി.യെ ഭയമാണ്. ബി.ജെ.പി.യുടെ B Team ആയി ഇന്ത്യയിൽ കോൺഗ്രസ് മാറുന്ന ഒരു അധഃപതനമാണ് നമുക്ക് കാണാൻ കഴിയുന്നത്. അതുകൊണ്ടാണ് വീണ്ടും ബി.ജെ.പി.ക്ക് പല സംസ്ഥാനങ്ങളിലും കേന്ദ്രത്തിലുമൊക്കെ അധികാരത്തിലെത്താൻ കഴിഞ്ഞിരിക്കുന്നത്. നമ്മുടെ മുന്നിലൊരു സംസ്ഥാനമുണ്ടല്ലോ, ഡൽഹി. ആം ആദ്മി പാർട്ടിയായിരുന്നു ഡൽഹി ഭരിച്ചിരുന്നത്. കേന്ദ്ര ഗവൺമെന്റ് ഏറ്റവും കൂടുതൽ വേട്ടയാടിയ ഒരു സംസ്ഥാനമാണത്. ഇന്ത്യാ മുന്നണിയുടെ ഭാഗമായ എ.എ.പി.-യെ സഹായിക്കാൻ കോൺഗ്രസ് എന്ത് സമീപനമാണ് സ്വീകരിച്ചത്? ഡൽഹി അസംബ്ലി തിരഞ്ഞെടുപ്പ് ഫലം പരിശോധിച്ചാൽ നമുക്ക് മനസ്സിലാകും.

പതിനാല് മണ്ഡലങ്ങളിൽ കോൺഗ്രസ് പാർട്ടി കാരണമാണ് അവിടത്തെ ഭരണകക്ഷിയായിരുന്ന ആം ആദ്മി പാർട്ടി തോറ്റുപോയത്. അരവിന്ദ് കേജരിവാൾ ന്യൂഡൽഹി മണ്ഡലത്തിൽ തോൽക്കുന്നത് 4089 വോട്ടിനാണ്. അവിടെ കോൺഗ്രസ് സ്ഥാനാർഥി സന്ദീപ് ദീക്ഷിത് നേടിയത് 4568 വോട്ടാണ്. തിമാർപൂറിൽ ബി.ജെ.പി. ഭൂരിപക്ഷം 1168, കോൺഗ്രസ് നേടിയത് 8361, നൻഗ്ലോയി ജാട്ട് ബി.ജെ.പി. ഭൂരിപക്ഷം 2651 കോൺഗ്രസിന് കിട്ടിയത് 32028, രജിന്ദർ നഗർ, ജാങ്പുര, കസ്തൂർബാ നഗർ, മാൽവിയ നഗർ, മെഹ്റോളി, ഛത്തർപൂർ, സംഗം വിഹാർ, ഗ്രേറ്റർ കൈലാഷ്, മുസ്തഫാബാദ്, ബദ്ലി, മുൻഡ്ക, ത്രിലോക്പുരി എന്നിങ്ങനെ പതിനാല് മണ്ഡലങ്ങളിൽ ആം ആദ്മി പാർട്ടി തോറ്റുപോയത് കോൺഗ്രസ് മത്സരിച്ചതുകൊണ്ടുമാത്രമാണ്. കോൺഗ്രസ് യഥാർഥത്തിൽ ബി.ജെ.പി.യെ സഹായിക്കുകയല്ലേ ചെയ്തത്? അതിന്റെ മറ്റ് കാര്യങ്ങളെല്ലാം ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട കൊണ്ടോട്ടി അംഗം ശ്രീ. ടി. വി. ഇബ്രാഹിം അധ്യാപകനും എന്റെ സുഹൃത്തും സാധാരണഗതിയിൽ മര്യാദയ്ക്ക് സംസാരിക്കുന്നയാളുമാണ്. ഇന്ന് എന്തുപറ്റിയെന്ന് അറിയില്ല. പ്രത്യേകിച്ച് ഈ റമദാൻ മാസത്തിൽ

ഇങ്ങനെയൊക്കെ പറയാമോ; ഈ കേരളത്തിൽ കണ്ണടച്ചുകൊണ്ടാണോ ഇവരൊക്കെ കാണുകയും നടക്കുകയും ചെയ്യുന്നത്? എന്തുമാത്രം പുരോഗതിയാണ് നമുക്ക് പി.ഡബ്ല്യു.ഡി. രംഗത്ത് കൈവരിക്കാനായത് എന്നത് കേരളത്തിലൂടെ സഞ്ചരിക്കുന്ന ഏതൊരാൾക്കും മനസ്സിലാകും. ദേശീയപാതാ വികസനത്തെ സംബന്ധിച്ച് പരിശോധിച്ചാൽ, ദേശീയപാതാ വികസനത്തിന് ഭൂമി ഏറ്റെടുത്ത് നൽകാത്തതുകൊണ്ട് 2013-ൽ ദേശീയപാതാ അതോറിറ്റി കേരളത്തെ ഡീനോട്ടിഫൈ ചെയ്തത് പ്രതിപക്ഷത്തിനും അറിയാവുന്ന കാര്യമല്ലേ. ആ ദേശീയപാതയുടെ വികസനമാണ് ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. എന്താണ് യു.ഡി.എഫ്.-ന്റെ സമീപനം? ദേശീയപാതാ നിർമ്മാണം വേണ്ടിവന്നാൽ തടയുമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഒരു സമരത്തിൽ പ്രസംഗിച്ചത്. ഞങ്ങൾ ഈ ദേശീയപാതാ വികസനം പൂർത്തിയാക്കാൻ പരിശ്രമിക്കുന്നു. എന്താണ് യു.ഡി.എഫ്.-ന്റെ ആഗ്രഹം? ഇത് തടസ്സപ്പെടണം. ഇത് ക്രമാനുഗതമായി മുന്നോട്ടുപോയാൽ ഞങ്ങളതിനെ തടസ്സപ്പെടുത്തും എന്നല്ലേ അവർ പറയുന്നത്. ഇത് കേരളം അംഗീകരിക്കുന്ന സമീപനമാണോ? ഇതാണ് കേരളം

നോക്കിക്കാണുന്നത്. ഇവിടെ ബഹുമാനപ്പെട്ട പാലക്കാട് അംഗം ഞങ്ങളുടെ സമ്മേളനത്തെക്കുറിച്ച് പറഞ്ഞു, കണ്ണ് കാണാത്ത ഒരാൾ കൊമ്പനാനയെ കണ്ടാൽ അത് മാനസിക വൈകല്യംകൂടിയുള്ള ഒരു സമീപനമാണ് എങ്കിൽ പലതും വൈകൃതമായി തോന്നും. അത് മനസ്സിന്റെ കുഴപ്പമാണ്. എന്താണ് ഞങ്ങളുടെ സമ്മേളനത്തിന്റെ പ്രത്യേകത. ഇത് ഇപ്രാവശ്യം ആദ്യമായി നടത്തുന്നതല്ല. ഞങ്ങൾ എല്ലാ മൂന്ന് വർഷത്തിലൊരിക്കൽ സമ്മേളനം നടത്തുന്നുണ്ട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. വി. ഡി. സതീശൻ: സർ, ഇവിടെ സംസാരിച്ച ഒരു അംഗത്തിന് മാനസിക വൈകൃതമുണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. അത് സഭാരേഖകളിൽനിന്നും നീക്കം ചെയ്യണം.

മി. സ്പീക്കർ: ചട്ടവും ക്രമവും പാലിക്കാത്ത ഒരു പദവും സഭാരേഖകളിലുണ്ടാവുന്നതല്ല.

<u>ശ്രീ. ഡി. കെ. മുരളി</u>: സർ, പാലക്കാട് അംഗത്തിന് മാനസിക വൈകൃതമുണ്ടെന്ന് ഉദ്ദേശിച്ചിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട പാലക്കാട് അംഗം എന്ന് സൂചിപ്പിച്ചുകൊണ്ടാണ് പറഞ്ഞത്, എന്തെങ്കിലും തെറ്റിദ്ധാരണയുണ്ടായെങ്കിൽ അത് പിൻവലിക്കാൻ ഞാൻ തയ്യാറാണ്. പക്ഷേ ഇത്തരത്തിൽ ഒരു സമ്മേളനത്തെ തെറ്റായി നോക്കിക്കാണുന്ന രീതി ആർക്കും ഗുണം ചെയ്യുന്നതല്ല. പി.ഡബ്ല്യൂ.ഡി. മന്ത്രി 'നിങ്ങൾക്ക് ഇങ്ങനെ ഒരു സമ്മേളനം നടത്താൻ കഴിയുമോ' എന്ന് വെല്ലുവിളിച്ചുവെന്നാണ് പറയുന്നത്. വെല്ലുവിളിക്കില്ലേ ആരായാലും? നടത്താൻ സാധിക്കുമോ കോൺഗ്രസിന്? അഞ്ച് ലക്ഷം പാർട്ടി അംഗങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടാണ് ഏറ്റവും പ്രായം കുറഞ്ഞ 22 വയസ്സുകാരനായ ശ്രീ. സന്ദീപ് കൃഷ്ണ മുതൽ വന്ദ്യവയോധികനായ ശ്രീ. പാലൊളി മുഹമ്മദ്കുട്ടി വരെ പങ്കെടുത്ത 600-ഓളം പ്രതിനിധികൾ പങ്കെടുത്ത ഒരു സമ്മേളനമാണത്. ഈ കേരളത്തെ സംബന്ധിച്ച് ഒരുപാട് കാര്യങ്ങൾ ഞങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. കേരളത്തിൽ ഭരിക്കുന്ന കക്ഷി എന്ന നിലയിൽ നവകേരളത്തിന്റെ പുതിയ വഴികളെ സംബന്ധിച്ച് ഞങ്ങൾ ചർച്ച ചെയ്തിട്ടുണ്ട്. അതൊരു പബ്ലിക് ഡോക്യുമെന്റായി ബഹുമാനപ്പെട്ട

മുഖ്യമന്ത്രിതന്നെ പൊതുസമ്മേളനത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. നാല് ദിവസം നടന്ന ഈ സമ്മേളനത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ 22 വയസ്സുകാരനായ ചെറുപ്പക്കാരൻ മുതൽ പ്രായാധിക്യമുള്ള ശ്രീ. പാലൊളി മുഹമ്മദ്കുട്ടി വരെയുള്ളവരിൽ ഒരാളും വ്യാജ ഐ.ഡി. കാർഡുമായി വന്നവരല്ല. ജനങ്ങളുടെ പ്രതിനിധികളായി വന്നവരാണ്, സമ്മേളനത്തിൽ പങ്കെടുക്കാൻ വന്നവരാണ്. (മൈക്ക് ഓഫ്)

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, നേരത്തെ ഇവിടെ ബഹുമാനപ്പെട്ട പാലക്കാട് അംഗം സംസാരിച്ച സമയത്ത് സമ്മേളനവുമായി ബന്ധപ്പെട്ട് ഞാൻ ഒരു വെല്ലുവിളി നടത്തിയെന്നുള്ള നിലയിൽ പറയുകയും അതിനെ ഏറ്റുപിടിച്ചുകൊണ്ട് പലരും ചർച്ച നടത്തുകയും ചെയ്തിരുന്നു. ഞാൻ ഒരു വെല്ലുവിളിയും നടത്തിയിട്ടില്ല. സമ്മേളനം നടക്കുന്ന ഘട്ടത്തിൽ ഒരു ചാനൽ സമ്മേളനത്തെക്കുറിച്ച് പൊതുവെ ചോദിച്ചപ്പോൾ ഏതൊരു ജനാധിപത്യ പ്രസ്ഥാനത്തിനും മാതൃകയാക്കാവുന്ന കൊതിതോന്നുന്ന നിലയിൽ സമയബന്ധിതമായി മൂന്ന് വർഷത്തിനിടയിൽ സമ്മേളനം നടത്തുന്ന ഒരു

രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ഭാഗമാകാൻ സാധിച്ചതിൽ ഞാൻ അഭിമാനിക്കുന്നു എന്നാണ് പറഞ്ഞത്. അതോടൊപ്പം കൂട്ടിച്ചേർത്ത് പറഞ്ഞത്, കോൺഗ്രസ് പോലൊരു രാഷ്ട്രീയപാർട്ടി ഇതുപോലെ സമയബന്ധിതമായി സമ്മേളനം നടത്താറില്ല എന്നാണ്. സമയബന്ധിതമായി സമ്മേളനം നടത്താത്തത് ശരിയല്ല, അത് കോൺഗ്രസാണ് തീരുമാനിക്കേണ്ടത്. ഒരു ഭരണകക്ഷി എന്നുള്ള നിലയിൽ ക്രമസമാധാനം ഭദ്രമായിരിക്കുന്നതിന് കോൺഗ്രസ് സമ്മേളനം നടത്താത്തതാണ് നല്ലത് എന്ന് ഞാൻ പറഞ്ഞിരുന്നു. അത് പറഞ്ഞതിന് അദ്ദേഹം പറഞ്ഞത്, ക്രമസമാധാനം സംരക്ഷിക്കാൻ അറിയില്ല, നിങ്ങളുടെ ഭരണം ഒരു പരാജയമാണെന്ന് മന്ത്രി സമ്മതിച്ചുവെന്നാണ്. അത് പുറത്തും ഇപ്പോൾ സഭയിലും പറഞ്ഞു. ഒരു സർക്കാരിന്റെ ഉത്തരവാദിത്വം ക്രമസമാധാനം തകരാതെ നോക്കുകയും ക്രമസമാധാനം തകർന്നാൽ അതിനെ പരിഹരിക്കലുമാണ്. അപ്പോൾ തകരാതെ നോക്കേണ്ടത് ഒരു ഉത്തരവാദിത്വം എന്ന നിലയിൽ അത്തരമൊരു പ്രസ്താവന നടത്തിയതിൽ എന്താണ് തെറ്റ്? ഒരു വർഗ്ഗീയ കലാപം ഇല്ലാതെ നോക്കലും വർഗീയ കലാപം

ഉണ്ടായതിനുശേഷം പരിഹരിക്കലും ഉള്ളതുപോലെ ഇതും സർക്കാരിന്റെ ഉത്തരവാദിത്വമായാണ് ഞാൻ പറഞ്ഞത്. അതൊരു വെല്ലുവിളിയല്ല.

ശ്രീ. തോമസ് കെ. തോമസ്: സർ, ഈ ധനാഭ്യർഥനയെ ഞാൻ പിന്തുണയ്ക്കുകയാണ്. ഇന്നത്തെ ധനാഭ്യർഥനകൾ പ്രധാനമായും രണ്ട് മന്ത്രിമാരുടെ വകുപ്പിനുകീഴിലുള്ളതാണ്. മന്ത്രിയെന്ന നിലയിൽ ഇവരുടെ മാതൃക എല്ലാവരും പിന്തുടരണമെന്നാണ് എനിക്ക് ആദ്യമായി നിങ്ങളോട് അഭ്യർഥിക്കാനുള്ളത്. റവന്യൂ വകുപ്പുമന്ത്രിയായ ശ്രീ. കെ. രാജൻ, വ്യക്തിപരമായി എനിക്ക് ഏറ്റവും അടുപ്പമുള്ളതും ഞാൻ ഏറ്റവുമധികം ഇഷ്ടപ്പെടുന്നതുമായ മന്ത്രിയുമാണ്. എന്നാൽ മറ്റുള്ള മന്ത്രിമാരെ ഇഷ്ടമല്ലേയെന്ന് ചോദിക്കും. ഇന്നത്തെ ധനാഭ്യർഥനയുമായി ബന്ധപ്പെട്ട രണ്ട് മന്ത്രിമാരുടെ പ്രത്യേകതകളാണ് ഞാൻ എടുത്തുപറയുന്നത്. 21 മന്ത്രിമാരും നമുക്ക് പ്രിയപ്പെട്ടവരും വേണ്ടപ്പെട്ടവരുമാണ്. ഏതെങ്കിലും ആവശ്യത്തിനായി നമ്മൾ മന്ത്രിയുടെ അടുത്തെത്തിയാൽ ആ ആവശ്യം പരിഗണിക്കുകയും വളരെ സൗമ്യമായി ആ വിഷയങ്ങളിൽ തീർപ്പുണ്ടാകുന്നതുവരെ നമ്മോടൊപ്പംനിന്ന് കളക്ടറേറ്റിലാണെങ്കിൽ അവിടെയും ബന്ധപ്പെട്ട അധികാരികളെയാണെങ്കിൽ

അവരെയും വിഷയം അറിയിച്ച് നമ്മുടെ ആവശ്യം നേടിത്തരുന്നതുവരെ നമ്മോടൊപ്പം നിൽക്കുന്ന ഒരു മന്ത്രിയാണ് പ്രിയങ്കരനായ റവന്യൂ വകുപ്പുമന്ത്രി. എന്റെ സ്ഥലം കുട്ടനാടാണെന്ന് അങ്ങേയ്ക്കുൾപ്പെടെ എല്ലാവർക്കും അറിയാം. കുട്ടനാടിനെക്കുറിച്ച് പറയാതിരിക്കുകയെന്നത് എന്നെ സംബന്ധിച്ചിടത്തോളം വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. കാരണം കുട്ടനാട്ടിൽ ജനിച്ചുവളർന്ന ഒരു വ്യക്തിയാണ് ഞാൻ. ഞങ്ങളെ ഏറ്റവുമധികം പ്രയാസപ്പെടുത്തുന്ന വിഷയം പട്ടയമാണ്. കഴിഞ്ഞ കുറെക്കാലങ്ങളായി പട്ടയം ലഭിക്കാതിരുന്ന നിരവധിയാളുകൾക്ക് കൃത്യസമയത്ത് പട്ടയം നൽകുന്നതിന് സാധിച്ചു. പത്തുംപന്ത്രണ്ടുംപതിനഞ്ചും വർഷമായി പട്ടയം ലഭിക്കാതിരുന്ന അവസ്ഥയിൽനിന്നും വ്യത്യസ്തമായി പട്ടയം ലഭിച്ചപ്പോഴുള്ള അവരുടെ മനസ്സിലെ സന്തോഷം കാണേണ്ടതുതന്നെയായിരുന്നു. അങ്ങനെ എല്ലാ കാര്യങ്ങൾക്കും വളരെ നല്ലരീതിയിൽ മുൻകൈയെടുത്ത് പ്രവർത്തിക്കുന്ന ഒരു മന്ത്രി, എന്നെപ്പോലും 'ചേട്ടാ' എന്ന് വിളിച്ചാണ് അദ്ദേഹം അഭിസംബോധന ചെയ്യുന്നത്. അദ്ദേഹത്തിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും സഹായം

ആവശ്യമുണ്ടെങ്കിൽ പറയുകയോ അറിയിക്കുകയോ ചെയ്യണമെന്ന് അദ്ദേഹം എപ്പോഴും പറയാറുണ്ട്.

മനുഷ്യന് ആശ്വാസം നൽകുന്നതാണ് വികസനം. ഒരു പാർട്ടി മാത്രമല്ല, എല്ലാ പാർട്ടികളും കേരളത്തിൽ വികസനം കൊണ്ടുവന്നിട്ടുണ്ട്. അതിനെയൊന്നും ആരും കുറച്ചുകാണിക്കുന്നില്ല. അതിനെയെല്ലാം ഹൈലൈറ്റ് ചെയ്തുതന്നെയാണ് നിൽക്കുന്നത്. എന്നാൽ മനുഷ്യർക്ക് നല്ലരീതിയിൽ ഉപയോഗപ്രദവും ഉപകാരപ്രദവുമായ രീതിയിൽ കാര്യങ്ങൾ ചെയ്യുമ്പോൾ അതിനെ അംഗീകരിക്കുന്നതിനുള്ള ഒരു മനസ്സുവേണം. ഇടതു-വലതുപക്ഷത്തിന്റെ ചർച്ചകൾ സഭയിലിരുന്നു കേട്ട ഒരു വ്യക്തിയാണ് ഞാൻ. പലരും മറ്റുള്ളവരെ കുറ്റം പറയുന്നതിനും അവരുടെ പാർട്ടിയുടെ കാര്യങ്ങൾ പറയുന്നതിനുമാണ് കൂടുതൽ സമയം കണ്ടെത്തുന്നത്; അങ്ങനെയല്ല വേണ്ടത്. വികസനത്തെക്കുറിച്ച് എത്രപേർ ഇവിടെ പ്രസംഗിക്കുന്നുവെന്നത് രേഖപ്പെടുത്തണമെന്നാണ് എനിക്ക് പ്രിയങ്കരനായ സ്പീക്കറോട് പറയാനുള്ളത്. എന്താണ് വികസനമെന്നും ഏതുരീതിയിൽ ചെയ്താൽ മനുഷ്യർക്ക് അത്

ഉപയോഗപ്രദവും ഉപകാരപ്രദവുമായി വരുമെന്ന് എത്രപേർ പ്രസംഗിച്ചിട്ടുണ്ടെന്ന് അങ്ങ് വിലയിരുത്തുന്നത് നല്ലതായിരിക്കും.

മി. സ്പീക്കർ: കമന്റ്സ് ഇഗ്നോർ ചെയ്യൂ. സമയം പോകും....

ശ്രീ. തോമസ് കെ. തോമസ്: സർ, എനിക്ക് രണ്ട് മിനിട്ട് കൂടുതലുള്ളതുകൊണ്ടുള്ള വിഷമം കൊണ്ടായിരിക്കും എന്തെങ്കിലുമൊക്കെ പ്രതിപക്ഷം പറയുന്നത്. കേരളത്തിൽ ഏതെല്ലാം രീതിയിൽ വികസനം കൊണ്ടുവന്നിട്ടുണ്ട്; ഏതെല്ലാം രീതിയിൽ അത് പ്രയോഗിക്കാൻ സാധിക്കും; ഏതെല്ലാം രീതിയിൽ പ്രവർത്തിച്ചാൽ വികസനം കൈവരിക്കാൻ സാധിക്കും എന്നിവയെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്.

കേരളത്തിൽ മുഖ്യമന്ത്രി മുതൽ ഞാൻ വരെയുള്ള 140 എം.എൽ.എ.-മാരുണ്ട്. നമ്മൾ എം.എൽ.എ.-മാരായിട്ടാണല്ലോ മന്ത്രിയുടെ പോസ്റ്റിലേയ്ക്ക് വരുന്നത്; ഒരു എം.എൽ.എ.-യ്ക്ക് അവരവരുടെ നിയോജകമണ്ഡലങ്ങളിൽ എന്തൊക്കെ ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് നാം ഓരോരുത്തരും ചിന്തിക്കണം. പൊതുമരാമത്ത് വകുപ്പുമന്ത്രിയെക്കുറിച്ചാണ് എനിക്ക് ഏറ്റവുമധികം സന്തോഷത്തോടെ പറയാനുള്ളത്. കാരണം പ്രിയങ്കരനായ ജി.

സുധാകരൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്നപ്പോൾ നിരവധി പാലങ്ങൾ ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. അദ്ദേഹത്തിനുശേഷം പ്രിയങ്കരനായ മുഹമ്മദ് റിയാസാണ് പൊതുമരാമത്ത് വകുപ്പുമന്ത്രിയായത്. അദ്ദേഹം കുട്ടനാട്ടിൽ പലപ്രാവശ്യം സന്ദർശനം നടത്തുകയും പല ആശയങ്ങളും നമുക്ക് പറഞ്ഞുതരികയും ചെയ്തിട്ടുണ്ട്. എന്റെ പ്രദേശമായ കുട്ടനാട്ടിലെ നീലംപേരൂർ എന്ന സ്ഥലത്ത് വയലുകൾക്ക് നടുവിലൂടെ പോകുന്ന ബണ്ട് റോഡിൽ പ്രത്യേകമായി ഒരു റോഡ് അദ്ദേഹം നിർമ്മിച്ചു. അതിന്റെ ആകാശ ദൃശ്യമെടുത്ത് അദ്ദേഹംതന്നെ ഫെയ്സ്ബുക്കിൽ അത് പ്രദർശിപ്പിച്ചു. അതിന്റെ ഭംഗിയെല്ലാം പ്രദർശിപ്പിച്ചതിനുശേഷം ഇനിയുള്ള ജോലികൾക്ക് എം.എൽ.എ. ഫണ്ടിൽനിന്നും പണം വിനിയോഗിച്ച് ബാക്കി വർക്കുകൾ എം.എൽ.എ.തന്നെ ചെയ്യണമെന്ന് അദ്ദേഹം പ്രസംഗത്തിൽ പറഞ്ഞു. അതിനെത്തുടർന്ന് 25 ലക്ഷം രൂപ ഈ വർക്ക് പൂർത്തീകരിക്കുന്നതിനായി നൽകുമെന്ന് അന്നത്തെ പ്രസംഗത്തിൽ ഞാൻ തന്നെ പറഞ്ഞു. രണ്ട് കോടി രൂപ ചെലവഴിച്ച് ഇവയെല്ലാം ചെയ്തത് കുട്ടനാടിന് സ്വപ്നം കാണാൻപോലും കഴിയാത്ത കാര്യങ്ങളാണ്. അതിനെക്കാളുപരി ഏറ്റവും നല്ലരീതിയിൽ അതിനെയെല്ലാം

നല്ല മികവോടെ കൊണ്ടുവരാൻതക്കവിധം നമുക്ക് കൈത്താങ്ങ് നൽകിയിരിക്കുന്ന ഒരു മന്ത്രി ശ്രീ. മുഹമ്മദ് റിയാസാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഓരോ കാര്യങ്ങളും വിലയിരുത്തുകയും പ്രസ്തുത കാര്യങ്ങളെ സംബന്ധിച്ച് അദ്ദേഹത്തിന്റെ ഓഫീസ് നമ്മളോട് അന്വേഷിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ഏതുവരെയായെന്ന് അന്വേഷിച്ച് റിപ്പോർട്ട് നൽകുമ്പോൾ നല്ല രീതിയിൽ മുന്നോട്ടുപോകുന്നതിനുള്ള പ്രചോദനം നമുക്ക് നൽകുകയും ചെയ്യുന്നു. കുട്ടനാട്ടിൽ 'പടഹാരം പാലം' എന്നൊരു പാലമുണ്ട്. സമയമുണ്ടെങ്കിൽ ആ പാലം അങ്ങ് സന്ദർശിക്കുന്നത് നല്ലതായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇത്രയും മനോഹരമായൊരു പാലം ആദരണീയനായ എന്റെ സഹോദരൻ തോമസ് ചാണ്ടി, എം.എൽ.എ. ആയിരുന്നപ്പോൾ അന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ജി. സുധാകരൻ അനുവദിച്ചുനൽകിയതാണ്. ആ പാലത്തിൽ കയറിനിന്നുള്ള അവിടത്തെ കാഴ്ച കാണേണ്ടതാണ്. ഇത്രയും നല്ല സംവിധാനം ഏത് ഗവൺമെന്റിന്റെ കാലത്ത് നടന്നിട്ടുണ്ട്? ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രിയായി വന്നതിനുശേഷമാണ് കൈത്താങ്ങ് നൽകി കുട്ടനാട്ടിനെ ഉയർത്തിയത്. അതുമറന്നൊരു വാക്ക്

പറയാൻ നമുക്ക് കഴിയില്ല. ആ രീതിയിൽ ഓരോ ജോലികളും മുന്നോട്ടുകൊണ്ടുപോകുമ്പോൾ ആകെ 17 കോടി രൂപ മാത്രമാണ് തന്റെ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾക്കായി ലഭിച്ചിട്ടുള്ളൂവെന്ന് കൊണ്ടോട്ടി എം.എൽ.എ. ഇവിടെ പറഞ്ഞു. അത് കേട്ടപ്പോൾ ഞാനും ഞെട്ടിപോയി. കാരണം അതിനുമുമ്പേ ഇവിടെ സംസാരിച്ച മഞ്ചേരി എം.എൽ.എ. ശ്രീ. യു. എ. ലത്തീഫ് ഇടതുപക്ഷത്തെയും വലതുപക്ഷത്തെയും രണ്ടായിട്ടാണ് കാണുന്നതെന്നും മുന്നോട്ടുപോകാൻ ഞങ്ങൾക്ക് ഭയങ്കര ബുദ്ധിമുട്ടാണെന്നും പറഞ്ഞു. ഇവിടെ ഇടതുപക്ഷമെന്നോ വലതുപക്ഷമെന്നോയില്ല. ഇവിടെ എം.എൽ.എ.-മാർ മാത്രമേയുള്ളൂ, ഇതൊരു ഭവനമാണ്; ഇത് നിയമസഭയാണ്; എല്ലാവരെയും ഒരുപോലെ കണ്ട് കൈത്താങ്ങ് കൊടുത്താണ് മുന്നോട്ടുപോകുന്നത്. വലതുപക്ഷമുള്ള സ്ഥലത്ത് ഇടതുപക്ഷക്കാർ ആരുമില്ലേയെന്നാണ് ഞാൻ ചോദിക്കുന്നത്; അതുകൊണ്ട് തീരുമോ ആ വിഷയം? ഞങ്ങളുടെ ആളുകളും എല്ലായിടത്തും ജീവിക്കുന്നുണ്ട്. അവർക്ക് കൈത്താങ്ങ് നൽകണമല്ലോ? അങ്ങനെ ഒരു വേർതിരിവ് ഈ നിയമസഭയ്ക്കും

ഈ ഗവൺമെന്റിനുമില്ല. വളരെ നല്ലരീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗവൺമെന്റിന് കൈത്താങ്ങായിരിക്കാനുള്ള സംവിധാനത്തിലേയ്ക്ക് പോകണം.

വികസനമാണ് നമുക്ക് ആവശ്യം. വികസനമെന്ന് പറഞ്ഞാൽ നമുക്ക് സ്വന്തമായി ഒരു വീടും വീടിലേയ്ക്ക് വരാൻ നല്ല വഴികളും കുടിക്കാൻ വെള്ളവും നല്ല റോഡുകളും വേണം. ബി.എം.&ബി.സി. റോഡുകളെ സംബന്ധിച്ച് പ്രിയങ്കരനായ പി. വി. ശ്രീനിജിൻ വളരെ വ്യക്തമായി ഇവിടെ പറഞ്ഞു. പ്രത്യേകിച്ചും മണിയാശാന്റെ പേര് എടുത്തുപറഞ്ഞുകൊണ്ട് ആ പ്രദേശത്ത് വളരെ നല്ല റോഡുകൾ കൊണ്ടുവന്നുവെന്ന് അദ്ദേഹം പറഞ്ഞു. നിങ്ങൾ കേരളം മുഴുവൻ ചുറ്റി സഞ്ചരിക്കണം. കുറ്റം പറയാൻ മാത്രം ഇരിക്കാതെ, കേരളത്തിൽ ഈ ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് നോക്കണം. ഈ ഗവൺമെന്റിന്റെ, പ്രത്യേകിച്ചും പൊതുമരാമത്ത് വകുപ്പിന്റെ പ്രത്യേകത എന്താണെന്ന് ചോദിച്ചാൽ, പൊതുമരാമത്ത് വകുപ്പിൽനിന്ന് എന്ത് കൊടുക്കാമെന്നാണ് അവർ ചിന്തിക്കുന്നത്. അതിൽനിന്ന് എന്ത് എടുക്കാമെന്ന് ഇന്നുവരെയും ഈ ഗവൺമെന്റ് ചിന്തിച്ചിട്ടില്ല; പൊതുമരാമത്ത് വകുപ്പുമന്ത്രി അങ്ങനെ ചിന്തിക്കുന്ന വ്യക്തിയുമല്ല. കാരണം പൊതുമരാമത്ത് വകുപ്പിന്

എന്തെല്ലാം നൽകാം, ഏതെല്ലാം രീതിയിൽ സഹായിക്കാം എന്നതാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത. അക്കാര്യം നിങ്ങൾ മറന്നുപോകരുതെന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് വളരെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഈ ഗവൺമെന്റിന് കൈത്താങ്ങ് നൽകുന്നതിനുള്ള സംവിധാനത്തിലേക്ക് പോകണം.

എന്റെ പ്രദേശത്തെ കുടിവെള്ള പ്രശ്നത്തെ സംബന്ധിച്ച് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. നാല് വശവും വെള്ളത്താൽ ചുറ്റപ്പെട്ട സ്ഥലമാണ് കുട്ടനാട്. അവിടെ കുടിക്കാൻ വെള്ളമില്ലെന്ന സങ്കടകരമായ അവസ്ഥ പരിഹരിക്കുന്നതിനായി 500 കോടി രൂപയിലധികമാണ് ഈ ഗവൺമെന്റ് നൽകിയിരിക്കുന്നത്. അതിന്റെ പ്രവൃത്തികൾ ഒൻപത് ടെൻഡറായി ഞാൻ ചെയ്തുകൊണ്ടിരിക്കുകയാണ്. നിരവധി കുറ്റങ്ങളും കുറവുകളുമൊക്കെയുണ്ട്. തണ്ണീർത്തട സംരക്ഷണ നിയമം നിരവധി പ്രാവശ്യം ഈ വികസനത്തെ പുറകോട്ടുനയിച്ചിട്ടുണ്ട്. അതിനാൽ അതിനൊരു പ്രത്യേക ഇളവ് നൽകണമെന്ന് ആരാധ്യനായ മുഖ്യമന്ത്രിയോട്

ഞാൻ പറഞ്ഞിട്ടുണ്ട്. കാരണം കുട്ടനാടിന് ഒരു പ്രത്യേക പരിഗണന നൽകിയേ മതിയാകൂ.

കൃഷിക്കാരിൽനിന്നും നെല്ല് ശേഖരിക്കുന്നതിന് വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന് എല്ലാവർക്കും നമുക്കറിയാം. സമയത്തിന് നെല്ല് ശേഖരിക്കണമെന്ന് ആരാധ്യനായ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അനുയോജ്യമായ രീതിയിൽ കൃഷി ചെയ്യാൻ തക്കവണ്ണം ഞങ്ങളുടെ ആളുകളെ സഹായിക്കുന്നൊരു ഗവൺമെന്റാണിത്. എല്ലാ ഇച്ഛാശക്തിയോടുംകൂടി അവർക്ക് ആവശ്യമുള്ള എല്ലാ കൈത്താങ്ങും കൊടുത്ത് മുന്നോട്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്.

എല്ലാ ആളുകൾക്കും പട്ടയം കൊടുത്തുകഴിഞ്ഞു. നല്ല റോഡുകളും കുടിവെള്ളവും ലഭിച്ചുകഴിഞ്ഞു. എല്ലാവർക്കും ഭവനം ലഭിച്ചു. ഇതിനിടയിൽ പല ആളുകളെയും മറന്നുപോയിട്ടുണ്ട്. എനിക്ക് പറയാനുള്ളത്, നിങ്ങളുടെ 19 എം.പി.-മാർ കേന്ദ്രത്തിലുണ്ട്. വളരെ നല്ലരീതിയിൽ പ്രവർത്തിച്ച് കേന്ദ്രത്തിൽനിന്നും കേരളത്തിന് ലഭിക്കാനുള്ള തുക വാങ്ങിയാൽമാത്രമേ

ഇവിടത്തെ കാര്യങ്ങൾ നല്ല രീതിയിൽ മുന്നോട്ടുപോകുകയുള്ളൂവെന്ന് അവരോട് പറയണം. കാശില്ലെങ്കിൽ ഒരു വികസനവും നടത്താൻ സാധിക്കില്ല. സാമ്പത്തിക പരാജയംമൂലമാണ് പല ബുദ്ധിമുട്ടുകളും നേരിടേണ്ടിവരുന്നത്. അതുകൊണ്ട് നമുക്ക് ലഭിക്കാനുള്ള വിഹിതം നേടിയെടുക്കുന്നതിന് നിങ്ങളുടെയെല്ലാം പിന്തുണയുണ്ടാകണം. നമ്മുടെ കുടുംബത്തിൽ പ്രശ്നങ്ങളുണ്ടാകുന്നത് സാമ്പത്തിക മാന്ദ്യം വരുമ്പോഴാണെന്ന് പറയുന്നതുപോലെ കേരളത്തിലും പ്രശ്നമുണ്ടാകുന്നത് കിട്ടാനുള്ള കാശ് ലഭിക്കാതെ വരുമ്പോഴാണ്. അത് വാങ്ങിയെടുക്കാൻ കഴിയുന്നവിധത്തിൽ നിങ്ങൾ ഞങ്ങളോടൊപ്പം ചേർന്നുനിന്ന് നമുക്കൊരുമിച്ച് പ്രവർത്തിക്കാമെന്നാണ് എനിക്ക് പറയാനുള്ളത്. അതിന് എല്ലാ രീതിയിലുമുള്ള പിന്തുണയും നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർഥിച്ചുകൊണ്ട് ഈ ബജറ്റിനെ പൂർണ്ണമായും ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, ബജറ്റുമായി ബന്ധപ്പെട്ട ചർച്ചകളിൽ ഏറ്റവും കൂടുതൽ ശ്രദ്ധേയമായത് ടൂറിസവും അതുപോലെ വരുമാന മാർഗ്ഗങ്ങളുണ്ടാക്കേണ്ടതും വിഭവശേഷി വർധിപ്പിക്കേണ്ടതുമായ കാര്യങ്ങളെക്കുറിച്ചുള്ള ചർച്ചയുമാണ്. കേരളത്തിന്റെ ഏറ്റവും വലിയ സാധ്യതകളിലൊന്ന് ടൂറിസമാണ് എന്നതുകൊണ്ടുതന്നെ ടൂറിസം രംഗത്ത് വലിയതോതിലുള്ള മുന്നേറ്റമുണ്ടാക്കേണ്ടത് വളരെ അനിവാര്യമാണ്. പക്ഷേ നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ കേരളത്തിൽ ടൂറിസം വകുപ്പിന്റെ ഏറ്റവും വലിയ സ്ലോഗനായി നിൽക്കുന്നത് 'ഗോഡ്സ് ഓൺ കൺട്രി' എന്ന catchword ആണ്. ഇന്ന് നമ്മുടെ നാട്ടിൽ നടക്കുന്ന സംഭവങ്ങൾ, നമ്മുടെ നാടിനെ കൊണ്ടുപോകുന്നത് എങ്ങോട്ടാണെന്നുള്ളത് വളരെ ആശങ്കയോടുകൂടി ആലോചിക്കേണ്ട ഒരു കാര്യമാണ്. ഏറ്റവും കൂടുതൽ വിദേശ ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് കൊണ്ടുവരാൻ ആഗ്രഹിക്കുമ്പോൾ, ഒരു മനുഷ്യനും സുരക്ഷിതമായി നിലകൊള്ളാൻ കഴിയാത്തവിധത്തിലേക്ക് നമ്മുടെ നാടിന്റെ സാമൂഹിക ജീവിതം മാറുമ്പോൾ, അതിന് തടയിടാനുള്ള എന്ത്

പ്രവർത്തനമാണ് ഈ ഗവൺമെന്റ് ആലോചിക്കുന്നത് എന്നതുകൂടി ഇത്തരുണത്തിൽ ചർച്ച ചെയ്യേണ്ട പ്രധാനപ്പെട്ട വിഷയമാണ്.

ആദ്യമായി എനിക്ക് പറയാനുള്ളത്, ടൂറിസത്തെക്കുറിച്ചാണ്. ടൂറിസത്തെക്കുറിച്ച് പറയുമ്പോൾ പൊതുവെ നേരത്തെയുണ്ടായിരുന്ന ധാരണ ടൂറിസ്റ്റുകൾക്ക് ആവശ്യമുള്ളത് മദ്യമാണെന്ന നിലപാടായിരുന്നു. ഏറ്റവും കൂടുതൽ ബാറുകൾ അനുവദിക്കുമ്പോൾ അതിന് ന്യായീകരണമായി പറഞ്ഞിരുന്നത് ടൂറിസം വളരാനാണ് ബാറുകൾ അനുവദിക്കുന്നതെന്നാണ്. പക്ഷേ നാട്ടിലേക്ക് വരുന്ന ടൂറിസ്റ്റുകളെക്കുറിച്ചുപോലും എത്രമാത്രം മുൻവിധിയോടുകൂടിയാണ് നമ്മൾ കാണുന്നതെന്ന കാഴ്ചപ്പാടിനെക്കുറിച്ച് ഓർക്കേണ്ടതുണ്ട്. കാരണം, കേരളത്തിലേക്കുവരുന്ന ഒരു വിനോദസഞ്ചാരിയും ഇവിടെ മദ്യപിക്കാൻവേണ്ടി വരുന്നതല്ല എന്ന കാര്യം ആർക്കാണ് മനസ്സിലാകാത്തത്? കേരളത്തിന്റെ നാച്വറൽ ബ്യൂട്ടിയാണ് ഇവിടെ ഏറ്റവും കൂടുതൽ ശ്രദ്ധേയമായിട്ടുള്ള കാര്യം. ലോകത്ത് ഇത്ര വിപുലമായ ബീച്ചും സംവിധാനങ്ങളുമെല്ലാമുള്ള ഒരു സംസ്ഥാനത്തേക്ക് ആളുകൾ ഒഴുകുന്നത് ഈ സംസ്ഥാനത്തിന്റെ ബീച്ചും നാടും കാലാവസ്ഥയും ആസ്വദിക്കാനാണ്.

സംസ്ഥാനത്തെ ടൂറിസം ഭൂപടം ലോകത്തിനുമുമ്പിൽ നിലനിൽക്കുന്നത് മിതശീതോഷ്ണമേഖല എന്ന നിലയിലും ബീച്ചുകളുടെയും മലയോരമേഖലകളുടെയും ഹൈറേഞ്ചുകളുടെയും സൗന്ദര്യം ഉൾക്കൊള്ളുന്ന നിലയിലുമാണ്. പക്ഷേ ഇന്നുകാണുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം, ഗവൺമെന്റിന് വരുമാനമുണ്ടാക്കാൻ കഴിയുന്ന രണ്ട് മേഖലകളെയും ഏറ്റവും കൂടുതൽ പ്രതികൂലമായി ബാധിക്കാൻപോകുന്നത് നമ്മുടെ നാട്ടിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും ഭീകരമായ ലഹരിയും വയലൻസുമാണ്. സ്വാഭാവികമായും ഇതുസംബന്ധമായ ചർച്ച നിയമസഭയിൽ വന്നപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും കേൾക്കാൻ സാധിച്ചത് വളരെ നല്ലൊരു സാരോപദേശം മാത്രമാണ്. അനുമതിയോ നമ്മുടെ നാടിന്; നമ്മുടെ നാട്ടിലെ ഏറ്റവും വലിയ വിഭവശേഷി എന്നുപറയുന്നത് യുവാക്കളല്ലേ; പത്തുവർഷം കഴിയുമ്പോൾ യുവതലമുറ മുഴുവനും മനോരോഗികളാകുമോയെന്ന് ഭയപ്പെടുന്നതരത്തിലേക്ക് ലഹരിയുടെ ആധിപത്യം എല്ലാ ക്യാമ്പസുകളെയും വളരെ ശക്തമായി പിടിച്ചുലയ്ക്കുന്നു. എല്ലാ ഗ്രാമങ്ങളിലേക്കും അതിന്റെ വേരുകൾ പോകുന്നു. എന്നാൽ ആ വേരുകളെ പൂർണ്ണമായും കട്ട് ചെയ്യാൻ സാധിക്കുന്ന

എന്ത് നടപടിയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്? ടൂറിസം വളരണമെന്ന് ആഗ്രഹിക്കുമ്പോൾ ടൂറിസ്റ്റുകൾക്ക് നിർഭയമായി കേരളത്തിലേക്ക് വരാൻ സാധിക്കുമോ; എവിടെനിന്ന് ഒരു കൊലയാളി വരുമെന്നറിയാത്തവിധം വളരെ ഉൽക്കണ്ഠാജനകമായ ഒരു സാഹചര്യം കേരളത്തിൽ നിലനിൽക്കുമ്പോൾ അതിന്റെ സോഴ്സുകൾ കട്ട് ചെയ്തുകൊണ്ട് കേരളത്തെ സുരക്ഷിതമാക്കാനുള്ള ഏറ്റവും നല്ല നടപടി ഉണ്ടാകേണ്ടതല്ലേ? ഒരു ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം നിയമനടപടികളാണ്. പ്രതിപക്ഷത്തിരിക്കുമ്പോൾ ഞങ്ങൾക്ക് സ്വാഭാവികമായും പറയാൻ സാധിക്കുന്ന കാര്യം നിങ്ങൾ ഈ നടപടിയെടുക്കുവെന്നുള്ളതാണ്. പക്ഷേ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ആ സോഴ്സുകൾ കട്ട് ചെയ്യാനുള്ള ഒരുനിലപാടും ഉണ്ടാകുന്നില്ലെന്നത് ഏറ്റവും കുറ്റകരമായ അനാസ്ഥയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ക്രൈമുകളും വയലൻസുകളും ഓരോ ദിവസവും വർധിച്ചുവരുന്ന സാഹചര്യമാണ്. നാട്ടിൻപുറത്തെ കുട്ടികൾക്കിടയിൽനിന്നുപോലും വലിയ കുറ്റവാളികളും കൊലയാളികളുമുണ്ടാകുന്നു. അപ്പോൾ മാത്രമാണ് ആ സംഭവം പുറത്തറിയുന്നത്

എന്നത് വളരെയധികം ദുഃഖകരമായിട്ടുള്ള കാര്യമാണ്. പോലീസിങിനെ സംബന്ധിച്ച് നമ്മളെപ്പോഴും അഭിമാനത്തോടെ പറയാറുണ്ട്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ നേരത്തെ ആഭ്യന്തര വകുപ്പിന്റെ മന്ത്രിസ്ഥാനം വഹിച്ചിരുന്നയാളാണ്. ആഭ്യന്തരവകുപ്പ് വിചാരിച്ചാൽ കുറഞ്ഞ സമയംകൊണ്ട് കുറ്റകൃത്യങ്ങൾക്ക് തടയിടാൻ സാധിക്കും; അതിന് ഗവൺമെന്റിന് പിന്തുണ കൊടുക്കാൻ നമുക്ക് സാധിക്കുന്നുണ്ടോ; ഇവിടേയ്ക്ക് വരുന്ന ലഹരിയെക്കുറിച്ച് മുൻ ഡി.ജി.പി.-യും മുൻമന്ത്രി ശ്രീ. ജി. സുധാകരനും കഴിഞ്ഞ ദിവസം സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹത്തെയൊന്നും കേൾക്കാനിപ്പോൾ സി.പി.ഐ.(എം)-ന് സമയമുണ്ടാവില്ല; സാധിക്കുകയുമില്ല. 24 മണിക്കൂർകൊണ്ട് കേരളത്തിലേക്കുള്ള ഡ്രഗ് മാഫിയയെ കൺട്രോൾ ചെയ്യാൻ ഗവൺമെന്റ് വിചാരിച്ചാൽ സാധിക്കുമെന്നാണ് അദ്ദേഹം പറഞ്ഞത്. എന്തുകൊണ്ട് ഗവൺമെന്റ് വിചാരിക്കുന്നില്ല എന്നത് ഗുരുതരമായ വിഷയമാണ്. ഇതുപോലെ പ്രധാനപ്പെട്ട ഒരു നിർദേശംകൂടി സഭയ്ക്കുമുമ്പാകെ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് ലോകരാജ്യങ്ങളിൽ മുഴുവനും കാണുന്ന പ്രധാനപ്പെട്ട കാര്യമാണ് ഡ്രഗ് ടെസ്റ്റ്.

പല മേഖലകളിലും ഡ്രഗ് ടെസ്റ്റ് നടത്തുന്ന രാജ്യങ്ങളുണ്ട്. ഏറ്റവും കൂടുതൽ പ്രൈവസി പോളിസികളുള്ള യു.എസ്.പോലെയുള്ള യൂറോപ്യൻ രാജ്യങ്ങളിലടക്കം ഡ്രഗ് ടെസ്റ്റുകൾ ഇപ്പോൾ സർവസാധാരണമായി നടത്തുന്നുണ്ട്. പക്ഷേ നമ്മുടെ നാട്ടിൽ അത്തരമൊരു ഡ്രഗ് ടെസ്റ്റ് നടത്തുന്നതിനെക്കുറിച്ചും യൂണിവേഴ്സിറ്റിയിൽനിന്ന് ബിരുദം നേടുന്ന ഒരു വിദ്യാർഥി പൂർണ്ണമായും ഡ്രഗ് ടെസ്റ്റിന് വിധേയമാകണമെന്ന ഒരു നിയമത്തെക്കുറിച്ച് നമുക്ക് എന്തുകൊണ്ട് ആലോചിച്ചുകൂടാ; നമ്മുടെ നാട്ടിലെ എല്ലാ മേഖലകളിലും പ്രത്യേകിച്ച്, കുട്ടിക്കുറ്റവാളികൾ ഏറ്റവും കൂടുതൽ വർധിക്കുകയാണ്. ഇന്ന് ഏറ്റവും കൂടുതൽ വിപുലമായിട്ടുള്ള ടെസ്റ്റിങ് സംവിധാനം ലോകത്ത് വരികയാണ്. സ്വാഭാവികമായും ബ്ലഡ് ടെസ്റ്റ്, യൂറിൻ ടെസ്റ്റ്, സലൈവ ടെസ്റ്റ്, ഹെയർ ടെസ്റ്റ് തുടങ്ങി എല്ലാ ടെസ്റ്റുകളുമുണ്ട്. അതിനെല്ലാമപ്പുറത്തേക്ക് എ.ഐ. മാത്രം ഉപയോഗിച്ചുകൊണ്ടുള്ള അതിനൂതനമായ ടെസ്റ്റിങ് സംവിധാനവും വരുന്നുണ്ട്. റാൻഡം ചെക്കപ്പ് എന്തുകൊണ്ട് കേരളത്തിൽ കൊണ്ടുവന്നുകൂടാ? അങ്ങനെയൊരു സംവിധാനം കേരളത്തിൽ കൊണ്ടുവന്നാൽ തീർച്ചയായും ലഹരിയെ പ്രതിരോധിക്കാൻ

സാധിക്കും. പക്ഷേ സർക്കാർ അതിന് മുൻകൈയെടുക്കുന്നില്ല. അങ്ങനെയൊരു നിയമവും വിദ്യാഭ്യാസ വകുപ്പിന്റെയോ ആഭ്യന്തര വകുപ്പിന്റെയോ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ടൂറിസവും മാനവവിഭവശേഷി മെച്ചപ്പെടുത്തലുമാണ് നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ട രണ്ട് പ്രമുഖ തലങ്ങൾ. വരുമാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ജി.എസ്.റ്റി.-യെക്കുറിച്ചും മദ്യത്തിലെ വരുമാനത്തെക്കുറിച്ചും മാത്രം ചിന്തിക്കുന്നതാണ് കുഴപ്പം. വരുമാനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ എന്തുകൊണ്ട് ഫോറിൻ റെമിറ്റൻസിനെ കൂട്ടാൻ കഴിയുന്ന മാനവവിഭവശേഷിയെ കൂടുതൽ മെച്ചപ്പെടുത്തിക്കൂടാ; ഇന്ന് ആ മാനവവിഭവശേഷിയാണ് തകർന്നുകൊണ്ടിരിക്കുന്നത്. നമ്മുടെ റൂട്ടിലാണ് അപകടം സംഭവിച്ചുകൊണ്ടിരിക്കുന്നത്. കേരളം പത്തുകൊല്ലം കഴിയുമ്പോൾ മനോരോഗാശുപത്രിയായി മാറുമോയെന്ന് ഭയപ്പെടുത്തുന്നതരത്തിലേക്ക് നമ്മുടെ കുട്ടികൾ മാറുന്ന ഈ ഘട്ടത്തിൽ ഏറ്റവും ആധുനികമായ കാഴ്ചപ്പാടോടുകൂടി ഈ സംഭവങ്ങളെ നേരിടാനും പ്രതിരോധിക്കാനും സാധിക്കണം. അതുകൊണ്ട് ഈ ബജറ്റ് നിർദേശങ്ങളെ ഞാൻ പൂർണ്ണമായും എതിർക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഈ ധനാഭ്യർഥനകളെ അനുകൂലിക്കുകയാണ്. സംസ്ഥാനത്തിന്റെ പശ്ചാത്തലമേഖല വൻ കുതിച്ചുചാട്ടത്തിലാണ്. അറുപതുശതമാനവും ബി.എം.&ബി.സി. ആയിക്കഴിഞ്ഞ പി.ഡബ്ല്യൂ.ഡി. റോഡുകൾ ദേശീയശരാശരിക്കുമുകളിലാണ്. കിഫ്ബിവഴി 511 പദ്ധതികൾക്ക് 33,101 കോടി രൂപ അനുവദിച്ചുകഴിഞ്ഞു. ലെവൽക്രോസ്സില്ലാത്ത കേരളമെന്നത് ചരിത്രനേട്ടമാണ്. ഏറ്റവും കൂടുതൽ ലെവൽക്രോസ്സിന്റെ പണിനടക്കുന്ന കാലഘട്ടമാണിത്. പരവൂർ ഒല്ലാൽ മേൽപ്പാലത്തിന്റെ പ്രവർത്തനങ്ങൾ റെയിൽവേയുടെ അനുമതി ലഭിക്കാതെ വൈകിയിരിക്കുകയാണ്. അങ്ങ് ഇടപെട്ട് പ്രസ്തുത പ്രവൃത്തികൾക്കുള്ള അനുമതി ലഭ്യമാക്കിത്തരണമെന്ന് അഭ്യർഥിക്കുകയാണ്. 1166 കിലോമീറ്റർ മലയോരപാതയ്ക്കായി 2,985 കോടിരൂപ ചെലവഴിച്ചുകഴിഞ്ഞു. 507 കിലോമീറ്റർ തീരദേശപാത, വയനാട് തുരങ്കപാത, ദേശീയപാത 66 എന്നിവയ്ക്കായി 5,580 കോടി രൂപയാണ് സംസ്ഥാന സർക്കാർ നൽകിയത്. കൂടുതൽ ദേശീയപാതകൾക്ക് കൂടുതൽ സർക്കാർ പങ്കാളിത്തം ഉറപ്പാക്കിയിരിക്കുകയാണ്. തിരുവനന്തപുരം-ഔട്ടർ റിംഗ് റോഡ്, എറണാകുളം-ബൈപ്പാസ്, കൊല്ലം-ചെങ്കോട്ട ഗ്രീൻഫീൽഡ് പാതകൾക്കായി 2,370 കോടി രൂപ സംസ്ഥാനവിഹിതമായി നൽകിയിരിക്കുകയാണ്.

കേരളത്തിന്റെ പശ്ചാത്തലമേഖല ഒരുകാലത്തുമില്ലാത്തതുപോലുള്ള കുതിച്ചുചാട്ടത്തിലാണ്. കോവിഡ് മഹാമാരിയുടെ ആഘാതത്തിൽനിന്ന് കേരള ടൂറിസം വലിയ തിരിച്ചുവരവാണ് നടത്തിയത്. ആഭ്യന്തര ടൂറിസത്തിൽ സർവകാല റെക്കോർഡാണുള്ളത്. കേരളത്തിൽ വിദേശസഞ്ചാരികളുടെ എണ്ണം ഇന്ന് കൂടിയിരിക്കുകയാണ്. ലോകത്തിലെ പ്രധാനപ്പെട്ട 50 ടൂറിസ്റ്റ് കേന്ദ്രങ്ങളിലൊന്നായി കേരളം മാറിയിരിക്കുകയാണ്. ഡിസൈൻ പോളിസി നടപ്പാക്കിയ ഏകസംസ്ഥാനമാണ് കേരളം. കാരവൻ ടൂറിസം, ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം, സീപ്ലെയിൻ, നൂതന അഡ്വഞ്ചർ ടൂറിസം പദ്ധതികൾ, സിനി ടൂറിസം, ബീച്ച് ടൂറിസം, പൈതൃക ടൂറിസം, ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതി, ഡെസ്റ്റിനേഷൻ വെഡ്ഡിങ്ങ് തുടങ്ങിയ പദ്ധതികളിലൂടെ ഈ മുന്നേറ്റം തുടരുകയാണ്. അതുപോലെ സർക്കാരിന്റെ മാതൃവകുപ്പായിട്ടുള്ള റവന്യൂ വകുപ്പ് കൂടുതൽ ജനോന്മുഖമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളിലൂടെ കേരളം രാജ്യത്തിന് മാതൃകയായെന്ന് മാത്രമല്ല, ലോകത്തിനുതന്നെ മാതൃകയാകുന്ന പ്രവർത്തനങ്ങൾ നടത്തുന്ന ഒരു സംസ്ഥാനമായി ഇന്ന് മാറിയിരിക്കുകയാണ്. ഇവിടെ

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന നയം നടപ്പാക്കിക്കൊണ്ട് റവന്യൂ വകുപ്പ് സ്മാർട്ടാകുകയാണ്. കേരളചരിത്രത്തിൽ ഏറ്റവും കൂടുതൽ പട്ടയം നൽകിയത് ഈ ഗവൺമെന്റാണ്, 180887 പട്ടയങ്ങൾ. എട്ട് വർഷം കൊണ്ട് 357898 പട്ടയങ്ങൾ നൽകി. 5 ലക്ഷം പട്ടയങ്ങൾ കേരളത്തിൽ നൽകാനാണ് പദ്ധതിയിടുന്നത്. വളരെ വ്യക്തമായ പ്രോഗ്രാമാണത്. എം.എൽ.എ.-മാർ അധ്യക്ഷരായുള്ള പട്ടയ അസംബ്ലിയിൽ നിന്നുയരുന്ന പ്രശ്നങ്ങൾ പട്ടയമിഷനിലൂടെ അഞ്ച് തട്ടുകളായി പരിഹരിക്കുന്നു. വില്ലേജുതല വിവരശേഖരണസമിതി, താലൂക്കുതല ദൗത്യസംഘം, ജില്ലാതല ദൗത്യസംഘം, ലാൻഡ് റവന്യൂ കമ്മീഷണർ ചെയർമാനായുള്ള സംസ്ഥാന ദൗത്യസംഘം, ചീഫ് സെക്രട്ടറി അധ്യക്ഷനായുള്ള സംസ്ഥാന നിരീക്ഷണസമിതി എന്നിവ കൂടാതെ പട്ടയത്തിന് പ്രത്യേക ഡാഷ് ബോർഡ്, വിവിധ നിയമക്കുരുക്കുകളാൽ പട്ടയം ലഭിക്കാത്ത വിഷയങ്ങളെല്ലാം ആ ഡാഷ് ബോർഡിലൂടെ ഗവൺമെന്റിന്റെ ശ്രദ്ധയിൽക്കൊണ്ടുവരികയും ചെയ്ത് മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റിന്റെ മനുഷ്യമുഖമാണ് ഇതിലൂടെ കാണാൻ കഴിയുന്നത്.

ഇന്നലത്തെ ജനയുഗം പത്രമാണിത്, മലപ്പുറം ജില്ലയിൽ 224 വർഷങ്ങൾ കഴിഞ്ഞ് ഉടമകൾക്ക് ഭൂമി തിരിച്ചുകിട്ടിയ വാർത്ത ഇതിലുണ്ട്. (പത്രം ഉയർത്തിക്കാട്ടി) ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിലെ പ്രിയപ്പെട്ട സഹോദരങ്ങളായ എം.എൽ.എ.-മാരെല്ലാം ഇവിടെയുണ്ട്. അവരെല്ലാം ഇക്കാര്യത്തിൽ സർക്കാരിനെ അഭിനന്ദിക്കേണ്ടതല്ലേ? ഒരു മനുഷ്യമുഖമുള്ള ഗവൺമെന്റായതിനാലാണ് ഇക്കാര്യം നടന്നത്. 1976 മുതൽ അപേക്ഷയുമായി നടക്കുകയാണവർ. ഇരുന്നൂറോളം കുടുംബങ്ങൾക്കാണ് പട്ടയം ലഭിച്ചത്.

ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പ്രഭാതസവാരിക്കിറങ്ങിയപ്പോൾ കൊല്ലത്തെ മത്സ്യത്തൊഴിലാളികൾ അദ്ദേഹത്തോട് പട്ടയത്തിന്റെ വിഷയം പറഞ്ഞു. നവകേരള സദസ്സിൽ തിരുവനന്തപുരം-കൊല്ലം ജില്ലയിൽ ആയിരത്തിയിരുന്നൂറോളം കടൽപുറമ്പോക്കിന്റെ പട്ടയങ്ങളാണ് ഈ ഗവൺമെന്റ് നൽകിയത്. പുനലൂർ പേപ്പർ മിൽ അറിയാമല്ലോ; 'ഭൂരഹിതരില്ലാത്ത പുനലൂർ' എന്ന പദ്ധതിയിൽകീഴിൽ എണ്ണൂറോളം പട്ടയങ്ങൾ ഗവൺമെന്റ് നൽകി. ഒരു മനുഷ്യ മുഖമുള്ള ഗവൺമെന്റിന്റെ പ്രവർത്തനങ്ങളാണിത്. പട്ടയങ്ങൾ സ്മാർട്ടാകുകയാണ്. പഴയ പട്ടയങ്ങളുടെ

കോപ്പി ലഭിക്കാതെ ആളുകൾ വലയുന്ന അവസ്ഥയുണ്ട്; അതൊരു യാഥാർത്ഥ്യമാണ്. ഇപ്പോൾ പട്ടയങ്ങൾ സ്മാർട്ടായി നൽകുകയാണ്; എന്നാൽ കൈമോശം വന്ന പഴയപട്ടയങ്ങൾക്ക് ഒരു പകരം സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് ശ്രദ്ധിക്കണം. ഓഫീസ് മാറിയതിന്റെ ഭാഗമായി പട്ടയത്തിന്റെ കോപ്പി നഷ്ടപ്പെട്ടുപോയെന്ന മറുപടിയുമായി അനേകം ആളുകൾ അലഞ്ഞുതിരിഞ്ഞുനടക്കുന്ന അവസ്ഥയുണ്ട്. അതിനുകൂടി പരിഹാരമുണ്ടാക്കണം.

ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ ആരംഭിച്ചതായ കേരളത്തിന്റെ ഭൂരേഖാ ചരിത്രത്തിൽ ഒരു പുതിയ അധ്യായം രചിച്ച ഡിജിറ്റൽ സർവെ പദ്ധതി രാജ്യത്തിനുതന്നെ മാതൃകയാണ്. ഐക്യകേരളത്തിൽ 1966 മുതലാണ് റീസർവെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. 57 വർഷംകൊണ്ട് 911 വില്ലേജുകളിൽ മാത്രമാണ് റീസർവെ പൂർത്തിയാക്കിയത്. 2022 നവംബർ 1-ന് ആരംഭിച്ച ഈ ഡിജിറ്റൽ സർവെ പദ്ധതി മൂന്ന് ഘട്ടങ്ങളിലായി 639 വില്ലേജുകളിൽ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരികയാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ ഈ പദ്ധതിയെ മാതൃകയാക്കി ഇതിന്റെ

പ്രവർത്തനങ്ങൾ പഠിക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്. ആന്ധ്രാപ്രദേശ്, തമിഴ്നാട്, പശ്ചിമബംഗാൾ, ഒറീസ, ലക്ഷദ്വീപ്, അസം, പുതുച്ചേരി തുടങ്ങിയ സംസ്ഥാനങ്ങളും കേന്ദ്ര സർക്കാരിന്റെ ലാൻഡ് റിസോഴ്സസ് വകുപ്പും ഇന്നിത് പഠിക്കാനായി മുൻകൈയെടുത്തിരിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് ഒരു ദേശീയ കോൺക്ലേവ് തന്നെ നടത്താൻ ഗവൺമെന്റ് ആലോചിക്കുകയാണ്. ഇവയെല്ലാം സർക്കാരിന്റെ മാതൃകാപരമായ പ്രവർത്തനങ്ങളാണ്.

റവന്യൂ വകുപ്പിനെ സ്മാർട്ടാക്കാനുള്ള മറ്റൊരു പ്രവർത്തനമാണ് സ്മാർട്ട് വില്ലേജുകൾ. 1543 വില്ലേജ് ഓഫീസുകളിൽ 535 എണ്ണം സ്മാർട്ടായിക്കഴിഞ്ഞു. ഈ ഗവൺമെന്റിന്റെ കാലയളവിൽത്തന്നെ 1543 വില്ലേജുകളും സ്മാർട്ടാക്കുന്ന പ്രവർത്തനം നടന്നുവരികയാണ്. റവന്യൂ വകുപ്പിന്റെ ഫണ്ട് കൂടാതെ എം.എൽ.എ.-മാരുടെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് അനുബന്ധ ഉപകരണങ്ങൾ വാങ്ങാനുള്ള ഉത്തരവ് വന്നപ്പോൾ ആ പ്രവർത്തനങ്ങൾ അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യമായിക്കൊണ്ടിരിക്കുകയാണ്. റവന്യൂ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ ഇപ്പോൾ വിപ്ലവമായി മാറുകയാണ്. 24 ഇനം സർട്ടിഫിക്കറ്റുകളാണ് ഓൺലൈനായി നൽകുന്നത്. ലീഗൽ ഹയർഷിപ്പ്

ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റുകൾ അതിലുൾപ്പെടുന്നു. ഓൺലൈൻ സേവനം നൽകുന്ന കാര്യത്തിൽ ചില ഓഫീസുകളിൽ ഇപ്പോഴും വീഴ്ചയുണ്ടാകുന്നുണ്ട്. ലീഗൽ ഹയർഷിപ്പ് സർട്ടിഫിക്കറ്റ് ഓൺലൈനായി കൊടുക്കുന്ന സമയത്ത് അത് ഓഫ്‌ലൈനായി കൊടുക്കണമെന്ന് പറയുന്ന ചില പ്രവണതയുണ്ട്. ലൊക്കേഷൻ സ്കെച്ച് പോലെയുള്ള സംഗതികൾക്ക് ആളുകളെ ഓഫീസിൽ വിളിച്ചുവരുത്തുന്ന രീതിയുമുണ്ട്. അക്കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇക്കാര്യത്തിൽ ഒരു ട്രെയിനിംഗ് ആവശ്യമാണ്. 12.96 കോടി സേവനമാണ് ഓൺലൈനായി നൽകിയിട്ടുള്ളത്. ഓൺലൈൻ സേവനം ഒരു മാസത്തിൽ ഒരാൾക്ക് ഒരു ലോഗിൻ മുഖേന നാല് തവണ മാത്രമേ ചെയ്യാൻ കഴിയൂ. ഞാനൊരു ബാങ്കിൽ ലോണെടുക്കാൻ പോയാൽ രണ്ടോ മൂന്നോ ബാങ്കുകൾ എന്റെ അപേക്ഷ നിരസിച്ചാൽ പിന്നെ എനിക്ക് ആ മാസം അപേക്ഷിക്കാൻ സാധിക്കില്ല. കൈവശാവകാശ സർട്ടിഫിക്കറ്റ് ഒന്നോരണ്ടോ ബാങ്കുകൾ നിരസിച്ചാൽ മൂന്നാമത്തെയും നാലാമത്തെയും ബാങ്കിൽ പോയാൽ നാലെണ്ണത്തിന്റെ പരിധി കഴിയുകയും ആ മാസം പിന്നെ അപേക്ഷിക്കാൻ സാധിക്കാതെ വരികയും ചെയ്യും. അപ്പോൾ നമ്മൾ മറ്റ് കേന്ദ്രങ്ങളെ

ആശ്രയിക്കേണ്ടി വരികയാണ്. ഈ ലോഗിൻ പ്രശ്നം പരിഹരിക്കണം. വില്ലേജുകൾക്ക് ലോഗിൻ അനുവദിക്കണം. വില്ലേജുകളിൽ ഫ്രണ്ട് ഓഫീസ് കിയോസ്ക് സംവിധാനം വരികയാണ്. എന്റെ മണ്ഡലത്തിൽ അങ്ങ് തന്നെ ഉദ്ഘാടനം ചെയ്ത ഒരു ഫ്രണ്ട് ഓഫീസ് കിയോസ്ക് ഉണ്ട്. ലോഗിൻ ഇല്ലാത്തതിനാൽ അവിടെ സേവനം നൽകാൻ സാധിക്കുന്നില്ല. അത്തരം പ്രശ്നങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

കോർട്ട് ഫീ സ്റ്റാമ്പ് ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 15 രൂപ സർവീസ് ചാർജ് വാങ്ങുന്നുണ്ട്. ഐ.ടി. മിഷനാണ് അത് വാങ്ങുന്നതെന്നാണ് തോന്നുന്നത്. അത്തരത്തിൽ കണക്കുകൂട്ടുമ്പോൾ നമ്മൾ 200 കോടി രൂപ ആ ഇനത്തിൽ കളക്ട് ചെയ്തിട്ടുണ്ട്. കമ്പ്യൂട്ടറനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിൽ വകുപ്പുതന്നെയാണ് തുക ചെലവഴിക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. സർവീസ് ചാർജിനത്തിലുള്ള നയം കൃത്യമായി നടപ്പാക്കണം. ഡിജിറ്റൽ സാക്ഷരതയില്ലായ്മ ഉണ്ട്. എന്നാൽ ഡിജിറ്റൽ സാക്ഷരതയിലേക്ക് പോകുമ്പോൾത്തന്നെ ചില നടപടികൾ ലഘൂകരിക്കണം. റവന്യൂ പോർട്ടലിലേക്ക് രജിസ്റ്റർ ചെയ്യുന്നതിന് യൂസർ ഐ.ഡി., പാസ്‌വേർഡ്

തുടങ്ങിയവ വേണം. അത് ലോഗിൻ ചെയ്യുന്നതിന് വലിയ ബുദ്ധിമുട്ടുണ്ട്. എന്നാൽ റവന്യൂ വകുപ്പിന്റെ ഇ-സർവീസ് മൊബൈൽ ആപ്പിലേക്ക് പോകുമ്പോൾ അത്തരം ബുദ്ധിമുട്ടുകളില്ല. അത് നമുക്ക് മൊബൈലുപയോഗിച്ച് ചെയ്യാൻ കഴിയും. രജിസ്ട്രേഷൻ സമയത്ത് യൂസർ ഐ.ഡി.-യും പാസ്‌വേർഡും ഒഴിവാക്കി മൊബൈൽ നമ്പർ ബെയ്സ് ചെയ്തുള്ള രജിസ്ട്രേഷൻ നടത്തിയാൽ ഉചിതമായിരിക്കും. ഒരാൾ കരമടച്ചാൽ രസീത് ലഭിക്കുന്നതിനായി വീണ്ടും ലോഗിനിലേക്ക് പോകേണ്ടതുണ്ട്. നിലവിൽ വില്ലേജ് ഓഫീസറുടെ ലോഗിൻ-ൽനിന്നുമാത്രമേ രസീത് ലഭിക്കുകയുള്ളൂ. ആയത് മാറ്റി വില്ലേജ് ഓഫീസിലെ ഏതൊരു ലോഗിൻ-ൽനിന്നും രസീത് എടുക്കാൻ സാധിക്കുന്ന സംവിധാനമുണ്ടാക്കണം. ഡിജിറ്റൽ സാക്ഷരതയിലേക്ക് പോകുമ്പോൾ അതിന്റെ നടപടികൾകൂടി സുതാര്യമാക്കാൻ ശ്രദ്ധിക്കണം.

റവന്യൂ വകുപ്പിലെ മിക്ക ഫയലുകളും ഓൺലൈനായാണ് വരുന്നത്. വില്ലേജ് ഓഫീസിൽ കൃത്യമായി ജോലി നടക്കുന്നുണ്ടോയെന്ന് പരിശോധിക്കണം. വി.എഫ്.എ.(വില്ലേജ് ഫീൽഡ് അസിസ്റ്റന്റ്)-മാർക്ക് ജോലി നിശ്ചയിക്കണം. അവർക്ക് ലോഗിൻ അനുവദിക്കുകയും റിപ്പോർട്ട്

ഉൾപ്പെടെ വി.എഫ്.എ.-മാർക്ക് എഴുതാൻ കഴിയുകയും ചെയ്താൽ പേപ്പർലെസ് വില്ലേജ് ഓഫീസ് എന്ന രീതിയിലേക്ക് മാറാൻ സാധിക്കും. ജീവനക്കാർക്ക് തുടക്കത്തിൽത്തന്നെ ഒരു മാസമെങ്കിലും ട്രെയിനിംഗ് നൽകണം. ലൊക്കേഷൻ മാപ്പ്, തണ്ടപ്പേര് പകർപ്പ്, ബി.ടി.ആർ. ഉൾപ്പെടെയുള്ള ഓൺലൈൻ അപേക്ഷകൾ എല്ലാം വില്ലേജ് ഓഫീസറുടെ ലോഗിൻ-ലാണ് വരുന്നത്. വില്ലേജ് ഓഫീസർ ലോഗിൻ ചെയ്യേണ്ടി വരുമ്പോൾ പലപ്പോഴും മേൽനോട്ടം നടക്കുന്നില്ല. സ്കെച്ച് തയ്യാറാക്കാനും റിപ്പോർട്ട് എഴുതാനുമെല്ലാം മറ്റൊരു ഉദ്യോഗസ്ഥന് മാപ്പ് ചെയ്ത് നൽകിയാൽ വില്ലേജ് ഓഫീസറുടെ ജോലി ലഘൂകരിക്കാനും മേൽനോട്ട ചുമതല കൃത്യമായി നിർവഹിക്കാനും സാധിക്കും. ഓൺലൈൻ സേവനവുമായി ബന്ധപ്പെട്ട് ഇത്തരം ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. സ്മാർട്ട് വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട്, ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങളിൽ എല്ലാ ഓഫീസുകളിലും പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി ജോലി ചെയ്യണം. എന്റെ മണ്ഡലത്തിൽ 'ജനപക്ഷം ചാത്തന്നൂർ' പദ്ധതിയുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ അങ്ങേയ്ക്കറിയാം. സ്മാർട്ട് വില്ലേജ് ഓഫീസിന്റെ 45 ലക്ഷം രൂപ വാങ്ങാത്ത

ഒരു മണ്ഡലമാണത്. എല്ലാ വില്ലേജുകളും സ്മാർട്ടാകുന്നതിനുമുമ്പുതന്നെ സ്മാർട്ടായ ഒരു മണ്ഡലമാണത്. അങ്ങയുടെ സഹായത്തോടെ അവിടെ മറ്റ് അടിസ്ഥാന സൗകര്യങ്ങളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായിട്ടെന്നുമാത്രമല്ല, ഇന്ത്യയിലാദ്യമായി ഡിജിറ്റൽ കിയോസ്ക് സ്ഥാപിച്ച സ്ഥലമായി ചാത്തന്നൂർ മാറിയിട്ടുണ്ട്. അവിടെയും ഞാൻ നേരത്തെ സൂചിപ്പിച്ച ലോഗിൻ-ന്റെ പ്രശ്നം വരുന്നുണ്ട്. 636 വില്ലേജുകളിൽ ഡിജിറ്റൽ സർവെ നടക്കുമ്പോഴും ജനകീയ പങ്കാളിത്തത്തോടുകൂടി ആ പ്രവർത്തനങ്ങൾ നടത്താൻ കുടുംബശ്രീയെയും പഞ്ചായത്ത് ഭരണസമിതിയെയുമെല്ലാം ഉപയോഗിച്ച് മാതൃകാപരമായ പ്രവർത്തനങ്ങളാണ് നടത്തിയത്. ഡിജിറ്റൽ സർവെ നടത്തുന്നതിന് ഒരു ടീമിന് ആറ് മാസമാണ് അനുവദിച്ചിട്ടുള്ളതെങ്കിലും പലയിടങ്ങളിലും പ്രവർത്തനങ്ങൾ നടത്താൻ ഒരുവർഷം മുതൽ ഒന്നര വർഷം വരെ കാലതാമസം എടുക്കുന്നുണ്ട്. എന്നാൽ എന്റെ മണ്ഡലത്തിൽ ജനകീയമായ പ്രവർത്തനങ്ങളോടൊപ്പം ഡിജിറ്റൽ സർവെ നടത്തുന്നതുകൊണ്ട് ആറ് മാസങ്ങൾ കൊണ്ടുതന്നെ ഒരു വില്ലേജിൽ അത് പൂർത്തിയാക്കാൻ സാധിക്കും. എന്റെ മണ്ഡലത്തിലെ അവശേഷിക്കുന്ന ആറ് വില്ലേജുകളിലേക്ക്

അങ്ങ് മൂന്ന് ടീമിനെ നൽകിയാൽ ആറ് വില്ലേജിലും ഈ മൂന്ന് ടീമിനെ ഉപയോഗിച്ച് സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കും. അത്തരം പ്രവർത്തനങ്ങൾക്ക് അങ്ങയുടെ സഹായമുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന.

നമ്മൾ അടുത്ത വർഷം ഡിജിറ്റൽ സാക്ഷരത ആരംഭിക്കാൻ പോകുകയാണ്. 'ജനപക്ഷം ചാത്തന്നൂർ' പദ്ധതിയുമായി ബന്ധപ്പെട്ട് ചാത്തന്നൂരിൽ അങ്ങയുടെ നിർദ്ദേശാനുസരണം സർവ്വെ വകുപ്പിലെ ഒരുദ്യോഗസ്ഥനെതന്നെ ആഴ്ചയിൽ മൂന്ന് ദിവസം ചുമതലകൾ കൊടുത്ത് ആ പ്രവർത്തനങ്ങളവിടെ ഓൺഗോയിങ്ങാണ്. മണ്ഡലതലത്തിലും പഞ്ചായത്ത് തലത്തിലും കമ്മിറ്റികൾ കൂടിക്കഴിഞ്ഞു. ഒരു വാർഡിൽനിന്ന് രണ്ട് ആർ.പി.-മാരെ സെലക്ട് ചെയ്തുകൊണ്ട് വാർഡുതല കമ്മിറ്റികളിലേക്ക് പോകുകയാണ്. അത്തരം പ്രവർത്തനങ്ങൾക്കും അങ്ങയുടെ സഹായസഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. എം. രാജഗോപാലൻ: സർ, ജനക്ഷേമ പദ്ധതികളിലൂടെയും വികസന പ്രവർത്തനങ്ങളിലൂടെയും നെറുകയിലെത്തിയിട്ടുള്ള കേരളം, വർത്തമാനകാലത്ത് ഇനിയുമേറെ മുന്നോട്ടുപോകാനുണ്ട്. അതുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഈ ധനാഭ്യർത്ഥനകളെ ആദ്യമായി പിന്തുണയ്ക്കുകയാണ്. കേരളത്തിലെ പശ്ചാത്തല സൗകര്യ വികസനത്തിൽ കഴിഞ്ഞ ഒരു ദശകത്തിനിടെ നടന്ന ക്വാണ്ടം ജമ്പ് വിസ്മയിപ്പിക്കുന്ന ഒന്നാണ്. അന്താരാഷ്ട്ര നിലവാരമുള്ള റോഡുകൾ, ആധുനിക സൗകര്യങ്ങളോടുകൂടിയ സർക്കാർ ആശുപത്രികൾ, അന്താരാഷ്ട്ര നിലവാരത്തിലേക്ക് കുതിക്കുന്ന സർക്കാർ സ്കൂളുകൾ, ഇതുവരെ നമുക്ക് സ്വപ്നം കാണാൻ കഴിയാത്ത ഈ കുതിപ്പ് യാഥാർത്ഥ്യമാക്കിയതിന് പിന്നിലെ മാജിക് ഫോർമുലയായി കിഫ്ബി കേരളത്തിൽ മാറുകയുണ്ടായി. പരിമിതമായ വിഭവങ്ങളുടെ നീതിയുക്തമായ വിതരണത്തിലൂടെയാണ് കേരളം ഒരു കാലത്ത് ലോകശ്രദ്ധ ആകർഷിച്ചത്. അമൃത്യാസെന്നിനെപ്പോലെയുള്ള സാമ്പത്തിക ശാസ്ത്രജ്ഞന്മാരുടെ മുഖ്യ പഠന മേഖലയായി ഇത് മാറി. എന്നാൽ കാലക്രമേണ, വികസന രംഗത്തെ മുരടിപ്പ് സാമൂഹ്യനീതിയിലെ നേട്ടങ്ങൾക്ക് വിലങ്ങ് തടിയാകുകയായിരുന്നു. വരുമാനത്തിന്റെ കാര്യത്തിൽ താഴ്ന്ന നിലയിൽ നിൽക്കുന്ന ഒരു

സംസ്ഥാനത്തിന് ആധുനിക കാലം ആവശ്യപ്പെടുന്ന നിലയിൽ പശ്ചാത്തല സൗകര്യങ്ങൾ കെട്ടിപ്പടുക്കുക എന്നത് അസാധ്യമായി മാറുകയായിരുന്നു. പശ്ചാത്തല വികസനത്തിന് മൂലധനമിറക്കാൻ കടം വാങ്ങുന്നതിനും നിയമപരമായ പരിധികൾ പലതും തടസ്സമായി. ഈ പ്രതിസന്ധിയെ മറികടക്കാൻ കേരളം ആവിഷ്കരിച്ച ഏറ്റവും ഭാവനാപൂർണ്ണമായ നീക്കം കിഫ്ബി പദ്ധതിയായിരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിനും മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനും മുതൽ മുടക്കാതെ സാമ്പത്തിക വികസനം ഒരിക്കലും സാധ്യമല്ല. ഈ മേഖലകളിൽ മുതൽമുടക്കുന്നതിനുള്ള വിഭവങ്ങളുടെ അഭാവമാണ് അവികസിത രാജ്യങ്ങളുടെ അടിസ്ഥാന പ്രശ്നം. 1956-ൽ റിച്ചാർഡ് നെൽസൺ മുന്നോട്ടുവച്ച ലോ-ലെവൽ ഇക്വലിബ്രിയം ട്രാപ്പ് എന്ന സിദ്ധാന്തമനുസരിച്ച്, അവികസിത രാജ്യങ്ങളുടെ വരുമാനം കുറവായതിനാൽ അവയുടെ സേവിംഗ്സ് റേറ്റും തന്മൂലം ഇൻവെസ്റ്റ്മെന്റ് റേറ്റും കുറവായിരിക്കും. കുറഞ്ഞ മുതൽമുടക്ക് താഴ്ന്ന വരുമാനത്തിന് കാരണമാകുന്നു. മേൽപ്പറഞ്ഞ ട്രാപ്പിൽനിന്നും പുറത്തുവന്ന് മുന്നോട്ടുപോകുക എന്നതാണ് അവികസിത രാജ്യങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. വരുമാനം കുറഞ്ഞ

നിലയിലായിട്ടുപോലും വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന നിലയിലുള്ള സാമൂഹിക വികസനം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ ജനങ്ങൾ സ്വായത്തമാക്കി എന്നതാണ് കേരള വികസന മോഡലിന്റെ അന്തസത്ത. മൂലധന നിക്ഷേപം ചുരുങ്ങിയ സംസ്ഥാനത്ത് കാർഷിക വ്യവസായത്തിന്റെ തുറകൾ ഏറെക്കുറെ നിശ്ചലമായി തുടരുമെന്ന് പ്രതീക്ഷിക്കുന്നതിന്റെ മികച്ച ഉദാഹരണമായിരുന്നു കേരളം. എന്നാൽ, മന്ദഗതിയിലായിരുന്ന സംസ്ഥാന വികസനത്തിന് ഗുണപരമായ മാറ്റം സൃഷ്ടിക്കുന്നതിൽ ശക്തമായ ഇടപെടൽ പിണറായി സർക്കാരിന് ഈ കഴിഞ്ഞ കാലയളവിൽ നടത്താൻ കഴിഞ്ഞു. വരുമാന കേന്ദ്രീകരണം അധികാര കേന്ദ്രീകരണമാണ്. അധികാര കേന്ദ്രീകരണമെന്നത് ജനാധിപത്യവിരുദ്ധമാണ്. ആരോഗ്യകരമായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ ന്യായയുക്തമായ പങ്കിടലിൽ അധിഷ്ഠിതമാകണം. എന്നാൽ സമീപകാല പ്രവണതകൾ ആരോഗ്യകരമായ കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾക്ക് എതിരായിട്ടുള്ളതാണ്. കേരളത്തിന് ഇതിനെയൊക്കെ അതിജീവിക്കാൻ കഴിയുമെന്ന പ്രതീക്ഷയാണുള്ളത്. സാമ്പത്തിക പ്രതിസന്ധിയാണ് കേരളം

നേരിടുന്നത്. അത് കേന്ദ്ര സർക്കാരിന്റെ പകപോക്കൽ നയംമൂലമുള്ള പണലഭ്യതയുടെ പ്രശ്നമാണ്. എന്നാൽ, പണഞെരുക്കം അഭിമുഖീകരിക്കുമ്പോഴും സാമ്പത്തിക പ്രവർത്തനങ്ങൾ കരുത്തോടെ മുന്നേറുന്ന പ്രതിഭാസത്തിനാണ് കേരളം ഇന്ന് സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. നിക്ഷേപം, ഉൽപാദനം, തൊഴിൽ, വരുമാനം, വിൽപ്പന എന്നിവയെല്ലാം ഭേദപ്പെട്ട രീതിയിൽ മുന്നേറുന്നതായി സ്ഥിതിവിവരങ്ങൾ തെളിയിക്കുന്നു. സംസ്ഥാന ആഭ്യന്തര വരുമാനം, ആളോഹരി വരുമാനം, തനത് നികുതി വരുമാനം എന്നിവയുടെ വർധനയുടെ പാതയിലാണ് ഇന്ന് കേരളം മുന്നോട്ട് സഞ്ചരിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ മൊത്തം ചെലവ് വർധിച്ചിരിക്കുന്നു. ഇത് സാമ്പത്തിക പ്രവർത്തനങ്ങൾക്ക് നല്ല രീതിയിൽ ആക്കം കൂട്ടാൻ സാധിച്ചിട്ടുണ്ട്. ചെലവ് ചുരുക്കി കമ്മി കുറയ്ക്കലാണ് ശരിയായ ധന മാനേജ്മെന്റ്; എന്നാൽ, ചെലവും വരുമാനവും ഉയർത്തിയുള്ള ധന മാനേജ്മെന്റ് ജനോന്മുഖ ബദലാണ്. റവന്യൂ ധനകമ്മികൾ പരിധിക്കുള്ളിൽ ഒതുക്കുക അതിന്റെ ഭാഗമാണ്. 2017-2018-ലെ ആകെ ചെലവ് ഒരു ലക്ഷത്തി ഇരുപതിനായിരത്തി എഴുപത് കോടി രൂപയായിരുന്നു. അത് 2023-2024-ൽ

ഒരു ലക്ഷത്തി എഴുപത്തി ആറായിരത്തി എൺപത്തിയൊൻപത് കോടി രൂപയായി വളർന്നു. കഴിഞ്ഞ ആറ് വർഷം സർക്കാർ ചെലവുകൾക്ക് 8.22 ശതമാനം വാർഷിക വളർച്ചാ നിരക്ക് കൈവരിക്കാൻ നമുക്ക് സാധിച്ചു. അതേസമയം റവന്യൂ കമ്മി 2021-2022-ൽ 2.33 ശതമാനത്തിൽനിന്ന് 2022-2023-ൽ 2.09-ലേക്കും, ധനകമ്മി 3.99 ശതമാനത്തിൽനിന്നും 3.45 ശതമാനത്തിലേക്കും കുറയ്ക്കുന്നതിന് നമുക്ക് കഴിഞ്ഞു. ധനപരമായ അച്ചടക്കം നിലനിർത്തിയാണ് കേരളം ഇന്ന് മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. 2024-2025-ൽ റവന്യൂ കമ്മി 2.12 ശതമാനത്തിലേക്കും ധനകമ്മി 3.40 ശതമാനത്തിലേക്കും കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നു. ജനങ്ങളുടെ വാങ്ങൽശേഷി (Purchasing Power) വളർത്തുന്നതിൽ സർക്കാർ ചെലവുകൾ പ്രധാന പങ്കാണ് വഹിക്കുന്നത്. വികസന സാധ്യതയില്ലെന്ന് വിലയിരുത്തപ്പെട്ടിരുന്ന വ്യാവസായിക മേഖല ഇന്ന് കുതിപ്പിന്റെ വേഗതയിലാണ്. എന്തെല്ലാം ആക്ഷേപങ്ങളും പരാധീനതകളുമാണ് കേരളത്തെക്കുറിച്ച് നിലനിന്നിരുന്നത്? തൊഴിൽ സമരങ്ങൾ, നോക്കുകൂലി, കുരുക്കഴിയാത്ത ചുവപ്പ് നാട, ശോചനീയമായ റോഡുകൾ, പാലങ്ങൾ, ആശുപത്രികൾ, സ്കൂൾ-കോളേജുകൾ,

വൈദ്യുതി ക്ഷാമം അങ്ങനെ നീണ്ടുപോകുന്ന പ്രശ്നങ്ങളുടെ പരാതിക്കുമ്പാരമായിരുന്നു. അതെല്ലാം മാറിയില്ലേ? ഇന്ന് പൂർണ്ണ പരിഹാരത്തിലേക്ക് കേരളം എത്തിക്കൊണ്ടിരിക്കുകയാണ്. കേരളം വ്യവസായ നിക്ഷേപ സൗഹൃദമല്ലെന്ന് ഒരു കാലത്ത് വിലയിരുത്തപ്പെട്ടു. ആ ധാരണ തിരുത്തി കേരളത്തെ നിക്ഷേപ സൗഹൃദമാക്കിയത് വ്യവസായ വകുപ്പിന്റെ മുന്നിലെ ഹെർക്കുലിയൻ വെല്ലുവിളിയായിരുന്നു. അതിനെ വിജയകരമായി അതിജീവിച്ച്, കേരളത്തെ രാജ്യത്തിന്റെ വ്യവസായ നിക്ഷേപ സൗഹൃദ ഭൂപടത്തിൽ ഒന്നാം സ്ഥാനത്തെത്തിക്കുവാൻ കഴിഞ്ഞുവെന്നതാണ് സമീപകാലത്ത് കൈവരിച്ച അഭിമാനവും വിസ്മയകരവുമായ നേട്ടവും. കേരളത്തിന് ടൂറിസം മേഖലയിൽ വലിയ മുന്നേറ്റം സൃഷ്ടിക്കാൻ കഴിഞ്ഞു. 2023-ൽ ന്യൂയോർക്ക് ടൈംസിന്റെ നിർബന്ധമായും കാണേണ്ട സ്ഥലങ്ങളുടെ പട്ടികയിൽ കേരളവും ഉൾപ്പെടുന്നു. കേരളത്തിലെ ആദ്യത്തെ ടൂറിസം നിക്ഷേപ സംഗമത്തിലൂടെ 15,126/- കോടി രൂപയുടെ നിക്ഷേപങ്ങളുടെ വാഗ്ദാനമാണ് ഉണ്ടായിട്ടുള്ളത്. മുൻവർഷത്തെ അപേക്ഷിച്ച് 171 ശതമാനം വർധനവാണ് ടൂറിസം മേഖലയിലുണ്ടായിട്ടുള്ളത്. ഇന്ത്യയിലെ മികച്ച വെഡിങ്

ഡെസ്റ്റിനേഷനായി ട്രാവൽ പ്ലസ് ലെഷർ മാഗസീന്റെ വായനക്കാർ തിരഞ്ഞെടുത്തത് നമ്മുടെ കേരളത്തെയാണ്. കേരളത്തിന്റെ സ്ട്രീറ്റ് ടൂറിസം പദ്ധതിക്ക് ലണ്ടനിൽ നടന്ന വേൾഡ് ടൂറിസം മാർക്കറ്റിൽ അന്താരാഷ്ട്ര പുരസ്കാരം ലഭിക്കുകയുണ്ടായി. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് വിശദമായ കാര്യങ്ങൾ ഇവിടെ പ്രതിപാദിക്കുകയുണ്ടായി. പട്ടയ വിതരണത്തിൽ ചരിത്രനേട്ടം കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. പട്ടയ വിതരണത്തിന് പ്രത്യേക ഡാഷ്ബോർഡ്, അതുപോലെ, ഒട്ടേറെ ശ്രദ്ധേയമായ ഇടപെടലുകളാണ് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്നിട്ടുള്ളത്. ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സൂചിപ്പിക്കുകയാണ്; മലബാർ ദേവസ്വം ബോർഡിന്റെ ഭരണം 1955-ലെ മദ്രാസ് ആക്റ്റ് അനുസരിച്ചാണ് നിർവഹിക്കുന്നത്. മലബാർ ദേവസ്വം നിയമനിർമ്മാണത്തിന് 2016 മുതൽ ഗവൺമെന്റ് നടപടികൾ ആരംഭിച്ചുവെങ്കിലും ഇതുവരെ നിയമസഭയിൽ അവതരിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. ഏഴായിരത്തിലധികം ക്ഷേത്ര ജീവനക്കാരിൽ അയ്യായിരത്തിലധികം പേർ സി, ഡി വിഭാഗം ക്ഷേത്രങ്ങളിലാണ് ജോലി ചെയ്യുന്നത്. 25 ലക്ഷത്തിൽത്താഴെ വരുമാനമുള്ള

ക്ഷേത്രങ്ങളായതുകൊണ്ട് തനത് വരുമാനം ഉപയോഗിച്ച് ശമ്പളം നൽകാനാകുന്നില്ല. ഗവൺമെന്റ് നൽകുന്ന ഗ്രാന്റിൽനിന്നാണ് ശമ്പളം നൽകുന്നത്. 2024-2025-ൽ ശമ്പളയിനത്തിൽ 25 കോടിയിലധികം നീക്കിവച്ചിരുന്നു. ഇതുവരെ 18 കോടി രൂപയാണ് നൽകിയത്. ഈ സാമ്പത്തിക വർഷം അവസാനിക്കാൻ ഇനി 20 ദിവസമാണുള്ളത്. ഒരു വർഷത്തിലധികം ശമ്പള കുടിശ്ശികയുള്ള ആയിരക്കണക്കിന് ക്ഷേത്ര ജീവനക്കാരുണ്ട്. മറ്റ് മേഖലയിലെ ജീവനക്കാരെപ്പോലെ പ്രത്യക്ഷ സമരം നടത്താൻ ക്ഷേത്ര ജീവനക്കാർക്ക് ആകില്ലല്ലോ. അടിയന്തിരമായി ശമ്പള കുടിശ്ശിക നൽകാൻ നടപടികളുണ്ടാകണം. കൂടാതെ, പൊതുവായുള്ള നേട്ടങ്ങൾ ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാമത്, പബ്ലിക് അഫയേഴ്സ് സൂചികയിൽ ഒന്നാമത്, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ശ്രേഷ്ഠതാ സൂചികയിൽ ഒന്നാമത്, നീതി ആയോഗിന്റെ സൂചികപ്രകാരം ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനം എന്നിങ്ങനെ ഒട്ടനവധി മേഖലകളിൽ ഏറ്റവും ശ്രദ്ധേയവും പ്രശംസാർഹവുമായ രീതിയിലാണ് കേരളം നേട്ടം കൈവരിച്ചിട്ടുള്ളത്. ഇങ്ങനെ വിസ്മയകരമായ

വികസന പ്രവർത്തനങ്ങളും ക്ഷേമപദ്ധതികളും നടപ്പിലാക്കി മുന്നേറുന്ന ഒരു സംസ്ഥാന ഗവൺമെന്റിനെയാണ് ആക്ഷേപങ്ങളും അപവാദപ്രചരണങ്ങളുംകൊണ്ട് പ്രതിക്കൂട്ടിൽ നിർത്തി വിചാരണ ചെയ്യാൻ ഇവിടത്തെ പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇന്നലെ കൊല്ലത്ത് നടന്ന സമ്മേളനത്തെക്കുറിച്ചാണ് പ്രിയപ്പെട്ട പാലക്കാട് എം.എൽ.എ. ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചത്. നിങ്ങൾ അസ്വസ്ഥരാകും, അതിൽ ഞങ്ങളാരും അത്ഭുതപ്പെടുന്നില്ല. ഇന്നലെ കൊല്ലത്തുനടന്ന സമ്മേളനത്തിലെ വർദ്ധിത ജനപങ്കാളിത്തവും അവിടത്തെ അതിശക്തമായിട്ടുള്ള സമ്മേളന നടത്തിപ്പും സമ്മേളനത്തിന്റെ സമ്പന്നമായ ഉള്ളടക്കവുമെല്ലാം വായനയിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും നിങ്ങൾ തീർച്ചയായും അറിഞ്ഞുകാണും. നിങ്ങൾക്ക് അതിന്റെ അങ്കലാപ്പാണ്. സമനില നഷ്ടപ്പെടാതിരുന്നാൽ കേരളീയ സമൂഹത്തിന് നല്ലത്. ബഹുമാനപ്പെട്ട പാലക്കാട് മെമ്പറുടെ പ്രസംഗത്തിൽ സമനില നഷ്ടപ്പെടുമോ എന്നൊരു ആശങ്കയാണ് എനിക്ക് അനുഭവപ്പെട്ടത്. അവിടെ അവതരിപ്പിച്ച രേഖയെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. കേരളത്തിന് മുമ്പാകെ ആ രേഖ

സമർപ്പിക്കുകയാണ്. അത് പൂർണ്ണമായും വായിക്കാൻ ഞാൻ അദ്ദേഹത്തെ സ്വാഗതം ചെയ്യുകയാണ്. വരും നാളുകളിൽ കേരളത്തിന്റെ വിസ്മയകരമായ നേട്ടം, വർത്തമാനകാല ശാസ്ത്രീയ യുഗത്തിൽ എങ്ങനെ പുതിയ കേരളത്തെയും സമൂഹത്തെയും അഡ്രസ്സ് ചെയ്യണമെന്നതിനെക്കുറിച്ചുള്ള കാര്യങ്ങളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. നവകേരളത്തിന് ഇണങ്ങിയതും ഭാവനാ പൂർണ്ണവുമായിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങളാണ് നവകേരളത്തെ നയിക്കാൻ പുതുവഴികൾ എന്ന രേഖയിലുള്ളത്. ക്ഷേമ പെൻഷനുകൾ വർധിപ്പിച്ച് സമയബന്ധിതമായി നൽകുമെന്നതടക്കം സാമൂഹ്യനീതി ഉറപ്പാക്കാനുള്ള നിർദ്ദേശങ്ങളുമുണ്ട്. മധ്യവർഗത്തിന്റെ ഇച്ഛകളെ പ്രതിഫലിപ്പിക്കുക എന്ന കാലിക മാറ്റത്തിനൊപ്പം അടിസ്ഥാന വിഭാഗങ്ങളെയും ഒപ്പം നിർത്തുന്ന വികസന പരിപ്രേക്ഷ്യമാണ് പാർട്ടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. ഇത് ഞങ്ങളാരും വിലയിരുത്തിയതല്ല. ഇന്ന് നമ്മുടെ വീടുകളിലും ഓഫീസുകളിലുമെല്ലാം പടികയറി വന്ന വർത്തമാന പത്രം മാതൃഭൂമിയിലെ എഡിറ്റോറിയലാണ്. അത് നിങ്ങൾ വായിച്ചാൽ മതി. അത് ഞങ്ങൾ പറയുന്നതല്ല. ഭാവി കേരളത്തിന് വളരെ കൃത്യമായി, വഴിത്തെളിച്ചമായി

സി.പി.ഐ.(എം) സമ്മേളനം മാറുമെന്നാണ് പത്രങ്ങൾ എഡിറ്റോറിയൽതന്നെ എഴുതിയിട്ടുള്ളത്. മാർക്സിസത്തെ കാലഹരണപ്പെട്ടതെന്ന് വ്യാഖ്യാനിച്ചവരാണ് നിങ്ങൾ. മാർക്സിസം ഒരു ശാസ്ത്രമാണ്. അതുകൊണ്ടുതന്നെ കമ്മ്യൂണിസം ലോകത്തിന്റെ യൗവനമാണ്. അത് അപ്ഡേറ്റ് ചെയ്യുക എന്നുള്ളതും, മാർക്സിസം ലെനിനിസത്തിൽ വെള്ളം ചേർക്കാതെ കാലോചിതമായ പ്രായോഗിക പ്രവർത്തനങ്ങളിലൂടെ മനുഷ്യനന്മയെ മുൻനിർത്തി സാമൂഹിക പുരോഗതി ലക്ഷ്യമിട്ടുള്ള ഇടപെടലുകളാണ് നടത്തുന്നത്. ആ ഒരു പ്രവർത്തനത്തിന് ഉജ്ജ്വലമായ തുടക്കമാണ് സമ്മേളനത്തിലൂടെ കുറിച്ചിരിക്കുന്നത്. ഇതിന് ഞാൻ എല്ലാവിധ പിന്തുണയും നൽകുന്നു.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ ഈ ധനാഭ്യർഥനകളെ എതിർക്കുകയാണ്. പൊതുമരാമത്ത്, വിനോദസഞ്ചാരം എന്നീ വകുപ്പുകളുടെ ചർച്ചകൾ നടക്കുന്ന ദിവസങ്ങളിൽ ദയവായി മറ്റ് വകുപ്പുകളെക്കുറിച്ച് ചർച്ച ചെയ്ത് ആ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാരെ അപമാനിക്കരുതെന്നാണ് ആമുഖമായി സൂചിപ്പിക്കാനുള്ളത്. കാരണം, ഭരണകക്ഷിയിൽനിന്ന് സംസാരിക്കുന്ന എല്ലാവർക്കും ഇന്ന് ഈ രണ്ട് വകുപ്പുകളെക്കുറിച്ച്

സംസാരിക്കാനും ആ വകുപ്പിന്റെ മന്ത്രിക്ക് വാഴ്ത്തുപാട്ട് പാടാനും മാത്രമെ അവസരമുള്ളൂ. റവന്യൂ വകുപ്പിനെക്കുറിച്ച് സി.പി.ഐ.(എം)-ലെ ഒന്നുരണ്ട് അംഗങ്ങൾ ഇവിടെ സംസാരിക്കുകയും മറ്റ് അംഗങ്ങളാരും വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരാമർശിക്കാത്തതുമായ സാഹചര്യമാണ്. സംസ്ഥാന സമ്മേളനത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യുന്ന സമയമാണല്ലോ; എന്നാൽ, നിയമസഭയിൽ ഏറ്റവും കൂടുതൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത് സഖാവ് എം. സ്വരാജിന്റെ ഒരു പഴയ സോഷ്യൽ മീഡിയ പോസ്റ്റാണ്. "വർത്തമാനകാല ഇന്ത്യയിൽ മറിച്ചൊരു വിധിയുണ്ടാകുമെന്ന് നിഷ്കളങ്കരെ നിങ്ങളിപ്പോഴും പ്രതീക്ഷിച്ചിരുന്നുവോ" എന്നാണ് ആ പോസ്റ്റിൽ പറയുന്നത്. വർത്തമാന സി.പി.ഐ.(എം)-ൽ മറിച്ചൊന്നുമുണ്ടാകുമെന്ന് ഇപ്പോൾ ആരും പ്രതീക്ഷിക്കാൻ പാടില്ലായെന്നാണ് ഞാൻ പറയുന്നത്. ഞാൻ മറ്റ് രാഷ്ട്രീയ കാര്യങ്ങൾ പറയാനുദ്ദേശിക്കുന്നില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്ന വകുപ്പിനെപ്പറ്റി ആരും പറയാത്തതിനാൽ ഈ ചർച്ചയിൽപോലും അദ്ദേഹം പങ്കെടുത്തില്ല. അദ്ദേഹം ഇപ്പോഴാണ് ഇവിടെ

വന്നിരുന്നത്. അതുകൊണ്ട് അദ്ദേഹത്തോട് ചില കാര്യങ്ങൾ വിനയപൂർവം അഭ്യർഥിക്കുകയാണ്.

സ്പെഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ട്രെയിനിങ് നൽകുന്നതിനായി ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ കരുണയുണ്ടാകണം. പതിനെട്ട് വയസ്സിനുമുകളിൽ പ്രായമുള്ള ഭൗതിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുവാനായി കഴിഞ്ഞ നിരവധി വർഷങ്ങളിലെ ബജറ്റിൽ ഫണ്ട് പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും തൊഴിൽ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുകയോ പരിശീലന കേന്ദ്ര സ്ഥാപനങ്ങൾക്കുള്ള സഹായം നൽകുകയോ ഇതുവരെ ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സായി പോയിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം ബജറ്റിൽ തുകപോലും വകയിരുത്തിയിട്ടില്ല. അതുകൊണ്ട് ദയവുചെയ്ത് സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർഥികൾക്ക് പരിശീലനത്തിനായി കൂടുതൽ തുക വകയിരുത്തുവാൻ അങ്ങ് തയ്യാറാകണമെന്ന് അഭ്യർഥിക്കുകയാണ്. കേന്ദ്രസർക്കാർ ഡി.ഡി.ആർ.എസ്. ഗ്രാന്റ് നൽകുന്ന സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർഥികളുടെ പ്രായപരിധി 23 വയസ്സാണ്. കേന്ദ്ര സർക്കാരിന്റെ

മാനദണ്ഡമനുസരിച്ച് 23 വയസ്സുവരെ ആ സ്കൂളിന്റെ ഭാഗമായി പഠിച്ച് പരിശീലനം നേടിയാൽ അവർക്ക് ഗ്രാന്റ് തുക ലഭിക്കും. എന്നാൽ, സംസ്ഥാന സർക്കാർ സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർഥികൾക്ക് ഗ്രാന്റ് നൽകുന്നതിന് പ്രായപരിധി നിശ്ചയിക്കുന്നത് 18 വയസ്സാണ്. ഈ വയസ്സ് കഴിയുമ്പോൾ വിദ്യാർഥികൾ എവിടെ പോകും? 18 വയസ്സ് കഴിഞ്ഞാൽ ഈ വിദ്യാർഥികൾക്ക് നിരത്തിലേക്കോ വീടുകളിലേക്കോ പോകാൻ സാധിക്കാത്ത അവസ്ഥയാണ്. ആയതിനാൽ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡമനുസരിച്ച് സ്പെഷ്യൽ സ്കൂളുകളിൽ 23 വയസ്സുവരെ പോകുന്ന വിദ്യാർഥികൾക്ക് ആ ഗ്രാന്റ് ലഭിക്കാനുള്ള സംവിധാനം സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതുപോലെ, സംസ്ഥാനത്ത് ധാരാളം ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ആ സ്കൂളുകളിൽ ഒരു കുട്ടിയെങ്കിലും പഠിക്കുന്നുണ്ടെങ്കിൽ, ആ സ്കൂളുകൾക്ക് അംഗീകാരവും ധനസഹായവും ഗവൺമെന്റ് നൽകുന്നുണ്ട്. അൺഎയ്ഡഡായി നടത്തുന്ന സ്പെഷ്യൽ സ്കൂളുകളിലാണ് ഏറ്റവും കൂടുതൽ വിദ്യാർഥികൾ പോകുന്നത്. ആ സ്പെഷ്യൽ സ്കൂളുകളിൽ 20 വിദ്യാർഥികളുണ്ടെങ്കിൽ മാത്രമെ അവർക്ക് ധനസഹായം

നൽകുകയുള്ളൂ. ബഡ്സ് സ്കൂളുകളിൽ ഒരു വിദ്യാർഥിയുണ്ടെങ്കിൽ ധനസഹായം നൽകുകയും, മറ്റ് സ്പെഷ്യൽ സ്കൂളുകളിൽ 20 വിദ്യാർഥികളുണ്ടെങ്കിൽ മാത്രമെ ധനസഹായം നൽകുകയുള്ളൂവെന്ന് പറയുന്നത് തികച്ചും അന്യായമാണ്. പ്രത്യേകിച്ച് ഭൗതിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർഥികളെ പരിഗണിച്ച് ആ സ്പെഷ്യൽ സ്കൂളുകൾക്ക് പരിഗണന നൽകണമെന്നാണ് പറയാനുള്ളത്. അതുപോലെ, ഭിന്നശേഷിക്കാരായ ആളുകൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്ന പ്രധാനപ്പെട്ടൊരു പ്രശ്നമാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. 2016-ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ഭിന്നശേഷി അവകാശ നിയമമുണ്ട്. നമ്മുടെ സമൂഹത്തിൽ മറ്റ് അവശതകൾ അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് നൽകുന്ന ആനുകൂല്യങ്ങളെക്കാൾ ചുരുങ്ങിയത് 25 ശതമാനമെങ്കിലും വർധനവ് ഭിന്നശേഷിക്കാർക്ക് നൽകണമെന്നാണ് ആ നിയമം അനുശാസിക്കുന്നത്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ഭിന്നശേഷിക്കാർക്ക് നൽകിയിരുന്ന ആനുകൂല്യങ്ങൾ മറ്റ് സാമൂഹ്യ പെൻഷനെക്കാൾ അധികമായി പ്രത്യേക പരിഗണന കൊടുത്ത് നൽകിയിരുന്നു. പക്ഷേ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം,

മറ്റ് വിഭാഗങ്ങൾക്ക് നൽകുന്ന അതേ പെൻഷൻതന്നെയാണ് ഭിന്നശേഷിക്കാരായ ആളുകൾക്കും നൽകുന്നത്. ഒരു കുടുംബത്തിൽ ഭിന്നശേഷിക്കാരനായ ഒരാൾ താമസിക്കുന്നുണ്ടെങ്കിൽ, ആ കുടുംബത്തിന് പ്രതിവർഷ വരുമാനം ഒരു ലക്ഷത്തിൽ കൂടുതലുള്ള സാഹചര്യത്തിൽ, ആ വ്യക്തിക്ക് പെൻഷൻ ലഭിക്കാത്ത അവസ്ഥയാണ്. കുടുംബത്തിന്റെ വരുമാനം മാത്രം നോക്കിയിട്ട് കാര്യമില്ല. ഭിന്നശേഷിക്കാരുടെ വ്യക്തിഗത വരുമാനംകൂടി പരിഗണിച്ച്, ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഈ സർക്കാർ ഇവിടത്തെ പാവങ്ങളുടെയും അടിസ്ഥാന വർഗക്കാരുടെയും ഒപ്പമാണെന്ന് പറയുമ്പോൾ, ഭിന്നശേഷിക്കാരായ ആളുകൾക്ക് അധികമായി പെൻഷൻ നൽകുന്നതിനുവേണ്ട നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം

ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട കാര്യമാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. കേന്ദ്ര സർക്കാരും ജി.എസ്.ടി. കൗൺസിലിലെ ധനകാര്യ വകുപ്പുമന്ത്രിമാരും ഏതെങ്കിലും ഐറ്റത്തിന് ജി.എസ്.ടി. വർധിപ്പിക്കുമ്പോൾ ധനകാര്യ വകുപ്പുമന്ത്രിമാരെല്ലാം വളരെ സന്തുഷ്ടരാണ്.

പരമ്പരാഗത ശൈലിയിൽ നിരവധി വീടുകളിൽ കുടുംബശ്രീ പ്രവർത്തകരായ സ്ത്രീകൾ ബേക്കറി പലഹാരങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. ഇക്കാര്യം പറയുമ്പോൾ എല്ലാവർക്കും വളരെ രസകരമായി തോന്നിയേക്കാം. പക്ഷേ യാഥാർഥ്യമാണ്. പഴംപൊരി, വട, കൊഴുക്കട്ടപോലുള്ള നമ്മുടേതായ ചില നാടൻ വിഭവങ്ങളുണ്ട്. ഇത് വേഗത്തിൽ നശിക്കുന്ന സാധനങ്ങളാണ്, അതിനാൽ ഈ വിഭവങ്ങൾക്ക് ഒരു ദിവസം മാത്രമാണ് ആയുസുള്ളത്. ഈ ഐറ്റത്തിന് 18 ശതമാനമാണ് ഇപ്പോൾ ജി.എസ്.ടി. ചുമത്തിയിരിക്കുന്നത്. ഇത് പ്രധാനമായും ഉൽപാദിപ്പിക്കുന്നത് ഭവനങ്ങളിലെ ചെറുകിട സംരംഭകരും കുടുംബശ്രീ യൂണിറ്റിലെ സ്ത്രീകളുമാണ്. അവർ ഈ സാധനങ്ങൾക്ക് 18 ശതമാനം നികുതി കൊടുക്കണമെന്ന് പറയുമ്പോൾ ബേക്കറികളും/കടകളും ഈ ഉൽപ്പന്നങ്ങൾ എടുക്കാൻ തയ്യാറാകാതെവരികയും ഇവർക്ക് വിറ്റുതീർക്കാൻ സാധിക്കാത്തവ അവസ്ഥയുമുണ്ടാകുന്നുണ്ട്. ഒരു ദിവസമോ രണ്ടുദിവസമോകൊണ്ട് നശിച്ചുപോകുന്ന ഉൽപ്പന്നങ്ങളായതിനാൽ ദയവുചെയ്ത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. ഇത് കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങളാണ്. നമ്മുടെ നാട്ടിൽ ഏറ്റവും കൂടുതൽ

ഉപയോഗിക്കുന്ന ഉൽപ്പന്നങ്ങളാണ്. വടക്കേ ഇന്ത്യയിൽ ഉൽപാദിപ്പിക്കുന്നതിന് സമാനമായ സ്നാക്സിന് 5 ശതമാനമാണ് ജി.എസ്.ടി. നൽകേണ്ടത്. ജിലേബി, ലഡു പോലുള്ള സാധനങ്ങൾക്ക് 5 ശതമാനമാണ് ജി.എസ്.ടി. നൽകേണ്ടത്. അത് ഒരു ദിവസംകൊണ്ട് നശിക്കുന്ന ഐറ്റമല്ല. ഇവയൊക്കെ 24 മണിക്കൂറിൽ കൂടുതൽ കേടുകൂടാതെ ഇരിക്കുന്ന സാധനങ്ങളാണ്.  24 മണിക്കൂർമാത്രം ആയുസ്സുള്ള ഇത്തരം സാധനങ്ങൾക്ക് 18 ശതമാനം ജി.എസ്.ടി. ഈടാക്കുമ്പോൾ, താഴെത്തട്ടിൽ ഇത് നിർമ്മിക്കുന്ന ആളുകൾ വലിയ പ്രതിസന്ധിയാണ് നേരിടുന്നത്. അക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഇടപെടുകയും ജി.എസ്.ടി. കൗൺസിലിൽ ഇതിനുവേണ്ടി ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിക്കണമെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

എം.എൽ.എ. ഫണ്ടുമായി ബന്ധപ്പെട്ട മറ്റൊരുകാര്യം സൂചിപ്പിക്കുകയാണ്. എം.എൽ.എ. ഫണ്ടിൽനിന്നും റോഡുകളിൽ ടൈൽസ് ഇടാൻ പണം കൊടുത്താൽ അതിന്റെ  സ്പെഷ്യൽ സാങ്ഷനുവേണ്ടി സെക്രട്ടേറിയറ്റിൽ വരേണ്ട അവസ്ഥയാണ്. ഇതെന്താണ്? ജില്ലാ കളക്ടർമാർ എത്രയോ

നാളുകളായി അത് ചെയ്തുകൊണ്ടിരുന്നതാണ്. ഇത് 140 എം.എൽ.എ.-മാരെയും ബാധിക്കുന്ന ഒരു വിഷയമാണ്. റോഡിൽ ടൈൽസ് ഇടാനുള്ള സ്പെഷ്യൽ സാങ്ഷനുവേണ്ടി സെക്രട്ടേറിയറ്റിൽ വരണമെന്ന് പറഞ്ഞാൽ സെക്രട്ടേറിയറ്റിലെ ധനകാര്യ വകുപ്പിൽ ഇരിക്കുന്നവർക്ക് ഒരു പണിയുമില്ലാത്തതുകൊണ്ടാണോ അതോ കളക്ടേറ്റിൽ ഇരിക്കുന്ന ആളുകളെ നിങ്ങൾക്ക് വിശ്വാസമില്ലാത്തതുകൊണ്ടാണോ; നമ്മൾ അഡ്മിനിസ്ട്രേറ്റീവ് എഫിഷ്യൻസിയെക്കുറിച്ച് സംസാരിക്കേണ്ടേ കാലഘട്ടമല്ലേ; എന്തിനാണ് വെറുതെ ഈ ഫയൽ മാസങ്ങളോളം അങ്ങോട്ടുമിങ്ങോട്ടും തട്ടിക്കൊണ്ടിരിക്കുന്നത്? അക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഇടപെടൽ നടത്തണം. അതുപോലെ, തദ്ദേശസ്ഥാപനങ്ങളുടെയോ മറ്റ് സർക്കാർ വകുപ്പുകളുടെയോ കീഴിലുള്ള സ്ഥലങ്ങളിൽ എം.എൽ.എ. ഫണ്ടിൽനിന്ന് സ്കൂൾ കളിസ്ഥലങ്ങളും പാർക്കുകളും നിർമ്മിക്കാൻ നമുക്ക് അനുമതിയില്ല. അതിനും സ്പെഷ്യൽ സാങ്ഷൻ വാങ്ങണം. എം.എൽ.എ. ഫണ്ടിൽനിന്നും ഇങ്ങനെ

ഓരോ ചെറിയ കാര്യങ്ങൾ ചെയ്യാനായി സ്പെഷ്യൽ സാങ്ഷനുവേണ്ടി എല്ലാ ഫയലുകളുമായി ധനകാര്യ വകുപ്പിൽ വരണമെന്ന് പറഞ്ഞാൽ നമുക്ക് എങ്ങനെയാണ് മുന്നോട്ടുപോകാൻ സാധിക്കുന്നത്? അക്കാര്യത്തിൽ ധനകാര്യ വകുപ്പുമന്ത്രി ഇടപെട്ട് ആവശ്യമായ മാറ്റങ്ങൾ കൊണ്ടുവരണം. നമുക്ക് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് പറയുന്നു. എം.എൽ.എ. ഫണ്ടിൽനിന്ന് ചെയ്യുന്ന പ്രവൃത്തികൾക്ക് റവന്യൂ ജനറേറ്റിങ്ങായ വർക്കുകൾ പാടില്ലായെന്ന് പറയുന്നത് എന്ത് നിയമമാണ്? റവന്യൂ ജനറേറ്റിങ്ങായ കാര്യങ്ങൾ എന്തുകൊണ്ട് ഏറ്റെടുക്കാൻ സാധിക്കില്ല; ഒരു പഞ്ചായത്തിൽ ഒരു ഷോപ്പിങ് കോപ്ലക്സ് നിർമ്മിക്കാൻ എന്തുകൊണ്ടാണ് എം.എൽ.എ. ഫണ്ട് വിനിയോഗിക്കാൻ സാധിക്കാത്തത്? നമ്മുടെ സംസ്ഥാനത്തിന്റെ ഖജനാവിലേക്ക് അത് ലാഭമല്ലേ കൊണ്ടുവരുന്നത്. ഇവിടെ ജി.എസ്.ടി.-യെക്കുറിച്ച് സംസാരിച്ചു. 2025 ഫെബ്രുവരി മാസത്തെ കണക്ക് എന്റെ കൈവശമുണ്ട്. ആ കണക്കനുസരിച്ച് തൊട്ടടുത്ത സംസ്ഥാനമായ

കർണാടകത്തിലും തമിഴ്നാട്ടിലും 10 ശതമാനം വർധനവുള്ളപ്പോൾ നമ്മുടെ ജി.എസ്.ടി. കളക്ഷനിൽ വന്നിട്ടുള്ള വർധനവ് കേവലം 8 ശതമാനം മാത്രമാണ്. നമ്മൾ കൂടുതൽ ആളുകളെ ജി.എസ്.ടി പരിധിയിൽ കൊണ്ടുവരണമെന്ന് പറയുന്നുണ്ടല്ലോ. ഏതാണ്ട് മൂന്നരലക്ഷം സംരംഭങ്ങൾ കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് വന്നിട്ടുണ്ടെന്നാണ് വ്യവസായ വകുപ്പുമന്ത്രി പറഞ്ഞത്. കേരളത്തിൽ ജി.എസ്.ടി. തുടങ്ങിയ കാലം മുതൽ ഇതുവരെ ജി.എസ്.ടി. രജിസ്ട്രേഷനിൽ മൊത്തം മൂന്നരലക്ഷം ആളുകളാണുള്ളത്. മൂന്നരലക്ഷം സംരംഭങ്ങൾ കഴിഞ്ഞ മൂന്നുവർഷംകൊണ്ട് വന്നിട്ടുണ്ടെങ്കിൽ അതിൽ എത്രപേർ അഡീഷണലായി ജി.എസ്.ടി നെറ്റിനുള്ളിൽ വന്നിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറഞ്ഞാൽ നന്നായിരിക്കും. ഐ.ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട കണക്കുകളും എന്റെ കൈവശമുണ്ട്. സംസ്ഥാനത്ത് ഐ.ജി.എസ്.ടി.-യിലെ വർധനവ് കേവലം ആറ് ശതമാനം മാത്രമാണ്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ

അധികമായി എത്രത്തോളം വർധനവാണ് ഉണ്ടാകേണ്ടത്. തമിഴ്നാടിന് 17 ശതമാനവും കർണാടകയ്ക്ക് 10 ശതമാനവും വർധനവുണ്ടായപ്പോൾ നമ്മുടെ സംസ്ഥാനത്ത് കേവലം ആറ് ശതമാനം മാത്രമാണ്. കേരളത്തിന് ഏതാണ്ട് ഇരുപത്തി അയ്യായിരത്തോളം കോടി രൂപ ഐ.ജി.എസ്.ടി. ഇനത്തിൽ മാത്രം നഷ്ടപ്പെട്ടിട്ടുണ്ടെന്ന ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനങ്ങളെ സാധൂകരിക്കുന്ന തരത്തിലുള്ള റിപ്പോർട്ടുകളും കണക്കുകളുമാണ് വന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന് 57,000 കോടി രൂപ നഷ്ടപ്പെട്ടുവെന്നാണ് പറയുന്നത്. കേന്ദ്ര സർക്കാരിൽനിന്ന് എത്രകിട്ടിയാലും അധികമായി ലഭിക്കണമെന്ന് ആഗ്രഹിക്കുന്നവരാണ് നമ്മളെല്ലാവരും. ഐ.ജിഎസ്.ടി. ഇനത്തിലും കൂടുതൽ ആളുകളെ ജി.എസ്.ടി.-യുടെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കാത്തതുമൂലം എസ്.ജി.എസ്.ടി.-യിൽ വന്നിട്ടുള്ള നഷ്ടവും കണക്കിലെടുത്താൽ പതിനായിരക്കണക്കിന് കോടി രൂപയാണ് ഖജനാവിൽ വരാതെ സംസ്ഥാനത്തുണ്ടാകുന്ന നഷ്ടം. അതുകൊണ്ട്, ഇത്

പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. ഇവിടെ മറ്റ് കാര്യങ്ങൾ പറയുമ്പോൾ എം.എൽ.എ.-മാർ ഫണ്ട് നൽകിയ കണക്കുകളും പറയുന്നുണ്ട്. ഞങ്ങൾ കുറെ നാളുകളായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാന ബജറ്റിൽ 20 ശതമാനം വർക്കുകൾ അലോട്ട് ചെയ്യുന്ന കാര്യത്തിലും തദ്ദേശ റോഡുകളുടെ കാര്യത്തിലും ഏറ്റവും ഒടുവിൽ ശബരിമല പാക്കേജുമായി ബന്ധപ്പെട്ട് റോഡുകൾ നൽകിയ കാര്യത്തിലും ഭരണകക്ഷി അംഗങ്ങൾക്ക് നൽകുന്ന തുകയും പ്രതിപക്ഷ അംഗങ്ങൾക്ക് റോഡുകൾക്ക് നൽകുന്ന തുകയുടെ കാര്യത്തിലും വലിയ അന്തരമാണുള്ളത്. ഇവിടെ എന്തൊരു അനീതിയാണ് നടക്കുന്നത്. ഇത് ഏതെങ്കിലും മന്ത്രിയുടെ വീട്ടിൽനിന്ന് കൊണ്ടുവരുന്ന തുകയാണെങ്കിൽ ഞങ്ങൾക്ക് യാതൊരു പരാതിയുമില്ല. നിങ്ങൾക്ക് ഇഷ്ടമുള്ളതുപോലെ നൽകിക്കോളൂ; ഞാൻ കേരളത്തിൽ ഏറ്റവും കൂടുതൽ നികുതി കൊടുക്കുന്ന ജില്ലയിൽനിന്ന് വരുന്ന ജനപ്രതിനിധിയാണ്. നമ്മളെല്ലാവരും നികുതി

കൊടുക്കുന്ന ജനപ്രതിനിധികളാണ്. അതുകൊണ്ട് അതിന്റെ അർഹമായ വിഹിതം 140 നിയോജകമണ്ഡലങ്ങളിലേക്കും ലഭിക്കാനുള്ള ഇടപെടലുണ്ടാകണം. നീതിപൂർവമായ ഭരണസംവിധാനം മുന്നോട്ടുകൊണ്ടുപോകാത്ത ഈ ധനകാര്യ വകുപ്പിനെയും മറ്റ് വകുപ്പുകളുടെ ചർച്ചയെയും ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുകയാണ്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ധനകാര്യ വകുപ്പിലെ ജി.എസ്.ടി.-യും ഭൂനികുതിയും സംബന്ധിച്ച കാര്യങ്ങളും റവന്യൂ വകുപ്പിലെ പ്രധാനപ്പെട്ട കാര്യങ്ങളും ദേവസ്വവും പി.ഡബ്ല്യൂ.ഡി.-യുമുൾപ്പെടെയുള്ള ധനാഭ്യർഥനകളുമുള്ളതിനാൽ സമയപരിമിതി കാരണം ഞാൻ ചുരുക്കിയേ സംസാരിക്കുന്നുള്ളൂ. ഇത്തരം കാര്യങ്ങളെപ്പറ്റി സംസാരിക്കുമ്പോൾ ബജറ്റുമായി ബന്ധപ്പെട്ട മറ്റ് വിഷയങ്ങളും വരും. ശ്രീ. റോജി എം. ജോൺ ഭിന്നശേഷിക്കാരുടെ കാര്യങ്ങളെ ബംബന്ധിച്ച് പറയുകയുണ്ടായി. ഭിന്നശേഷി തൊഴിൽ പരിശീലന കേന്ദ്രങ്ങളുടെ ആനുകൂല്യങ്ങൾ വർധിപ്പിക്കുക അതുപോലെ അവരുടെ പ്രായപരിധി 23

വയസ്സാക്കുക തുടങ്ങിയ കാര്യങ്ങളും പ്രത്യേകം പരിശോധിക്കാം. ഭിന്നശേഷി വിഭാഗത്തിനും അതുപോലെ പ്രത്യേക പരിഗണനയർഹിക്കുന്ന വിഭാഗങ്ങൾക്കും അത്തരം കാര്യങ്ങളിൽ ഒരു കുറവും വരാതെ ശ്രദ്ധിക്കാം. ഇവിടെ പരാമർശിച്ച കാര്യങ്ങളും പരിശോധിക്കാം. പെൻഷൻ അടക്കമുള്ള കാര്യങ്ങളും പെൻഷൻ തുക നിശ്ചയിക്കുന്ന കാര്യങ്ങളും കുടുംബത്തിന്റെ വരുമാനമടക്കമുള്ള കാര്യങ്ങളും പ്രത്യേകം പരിശോധിക്കേണ്ടതാണ്.

ജി.എസ്.ടി.-യെ സംബന്ധിച്ച് കുറേയേറെ കാര്യങ്ങൾ പറഞ്ഞു. ഇപ്രാവശ്യത്തെ ജി.എസ്.ടി. വരുമാനത്തിൽ 8% വർധനയെന്നുപറഞ്ഞാൽ All India average-ൽ സംസ്ഥാനത്തിന് 5-ാം സ്ഥാനമുണ്ട്. അതായത്, റവന്യൂ വരുമാനം അത്രയും വരാത്തതിനാൽ ഈ വർധനവ് പോരെന്നുള്ള അഭിപ്രായമാണ് എനിക്ക് വ്യക്തിപരമായുള്ളത്. സർക്കാർ ജി.എസ്.ടി. കളക്ട് ചെയ്യുന്നത് 8 ശതമാനമാണെങ്കിലും റവന്യൂവിനകത്ത് 6 ശതമാനമേ വരുന്നുള്ളൂവെന്നതിനാൽ ആ ഭാഗത്തും കുറച്ചുകൂടി കൂടുതൽ കിട്ടേണ്ടതാണ്. സർക്കാർ നിരന്തരമായി ജി.എസ്.ടി. കൗൺസിലിലും വിവിധ സബ്കമ്മിറ്റികളിലും ഈ വിഷയം തുടർച്ചയായി

ഉന്നയിച്ചുകൊണ്ടിരിക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ ട്രേഡുൾപ്പെടെയുള്ള കാര്യങ്ങളിലുമൊക്കെ തർക്കങ്ങൾ പറയപ്പെടുന്നുണ്ട്. അതിലൊക്കെ കുറച്ച് മാറ്റങ്ങൾ വരുത്തുന്നുണ്ട്. വീണ്ടും അക്കാര്യങ്ങളിൽ ഇടപെടുന്നുണ്ട്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഇടക്കാലത്ത് ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ലോകത്താകെയുള്ളതുപോലെ റെസ്ട്രിക്ഷനുണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായി ചില കുറവുകൾ വന്നിട്ടുണ്ടെങ്കിലും അത് പരിഹരിച്ച് മുന്നോട്ടുപോകാമെന്ന ട്രെൻഡുള്ളതിനാൽ ഇപ്രാവശ്യം കുറച്ചധികം ഇംപ്രൂവ്മെന്റ് വന്നിട്ടുണ്ട്.

ബേക്കറി ഐറ്റങ്ങളുടെ ടാക്സ് സംബന്ധിച്ച് ഇവിടെ പറഞ്ഞു. ജി.എസ്.ടി. കൗൺസിലിൽ ഇക്കാര്യം ഉന്നയിച്ചിട്ടുണ്ട്. കൊഴുക്കട്ട പോലെയുള്ള ആവിയിൽ പുഴുങ്ങുന്ന സാധനങ്ങളെ സംബന്ധിച്ച് റെപ്രസന്റേഷൻ നൽകിയ സംഘടനക്കാർ ഇവിടെയും വന്ന് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഇത് ഗൗരവമുള്ള കാര്യമാണ്. ആവിയിൽ പുഴുങ്ങുന്ന പലഹാരങ്ങൾക്ക് 18% നികുതിയാണ്. ബേക്കറിയിൽ വയ്ക്കുന്നത് perishable items-ആണ്. കൂടുതൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ചില സാധനങ്ങൾക്ക് 5 ശതമാനമേ ടാക്സുള്ളൂവെന്ന കാര്യം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിട്ടുണ്ട്. മിക്കവാറും അടുത്ത റേറ്റ്

റിവിഷൻ ചർച്ചകളിൽ ഇക്കാര്യം വരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഫുഡ് ഇൻഡസ്ട്രിയെന്ന നിലയിൽ വളരെ കൃത്യമായ ഒരു സമീപനം കേരള ഗവൺമെന്റിനുണ്ട്. അതിനാൽ കേന്ദ്രത്തോട് ആ കാര്യത്തെ സംബന്ധിച്ച് അഭിപ്രായം പറയുകയും കത്തും മെമ്മോറാണ്ടവും ഫോർവേഡ് ചെയ്തിട്ടുമുണ്ട്. കൗൺസിലിലെ ഫിറ്റ്മെന്റ് കമ്മിറ്റിയിൽ ഇക്കാര്യം പരിശോധിക്കുന്നുണ്ട്. ജി.എസ്.ടി. കുറയ്ക്കണമെന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. സംസ്ഥാനം ആ അഭിപ്രായത്തിൽതന്നെ നിൽക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജി.എസ്.ടി. കളക്ഷനുമായി ബന്ധപ്പെട്ട് 8 ശതമാനവും 6 ശതമാനവും എന്നുപറഞ്ഞപ്പോൾ, മൂന്നരലക്ഷം പുതിയ സ്ഥാപനങ്ങൾ/രജിസ്ട്രേഷൻ വന്നുവെങ്കിലും അതൊന്നും ജി.എസ്.ടി.-യുടെ രജിസ്ട്രേഷനിൽ വരുന്നില്ലെന്ന് യു.ഡി.എഫ്.-ന്റെ മെമ്പർമാർ തെറ്റിദ്ധരിപ്പിക്കുന്ന തരത്തിലേയ്ക്ക് ഒരു പ്രസ്താവന ഉന്നയിച്ചു. സ്മാൾ ഇൻഡസ്ട്രി, മൈക്രോ ഇൻഡസ്ട്രി, മീഡിയം ഇൻഡസ്ട്രി എന്നുപറഞ്ഞാൽ, സർവീസ് സെക്ടറിലാണെങ്കിൽ 20 ലക്ഷം രൂപയും ഇൻഡസ്ട്രിയെന്ന നിലയിൽ മറ്റ് പ്രൊഡക്ഷനുണ്ടാക്കുന്ന ഇൻഡസ്ട്രിയാണെങ്കിൽ 40 ലക്ഷത്തിന്റെയും പരിധിയിൽ വന്നാൽ മാത്രമേ ജി.എസ്.ടി.-യുടെ

പരിധിയിൽ വരികയുള്ളൂ. പുതിയ രജിസ്ട്രേഷൻ ലഭിച്ച സ്ഥാപനങ്ങളിൽ നല്ലൊരു ഭാഗവും ആ പരിധിയിൽ വരുന്നില്ല. ജി.എസ്.ടി.-യുടെ എൻറോൾമെന്റിൽ വന്നില്ലെന്നുള്ളതുകൊണ്ട് ആ വ്യവസായം ആരംഭിച്ചിട്ടില്ലെന്ന് പറയാൻ കഴിയില്ല. വ്യവസായ വകുപ്പിന്റെയും മറ്റ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ജി.എസ്.ടി. എത്ര തന്നുവെന്നുള്ളത് ഓരോ വർഷവും വരുന്നതിന്റെ അഡീഷണൽ കണക്ക് തരാം. ഓരോ മാസവും ജി.എസ്.ടി.-യിൽ പുതിയതായി എത്ര രജിസ്ട്രേഷൻ വന്നു, എത്രയെണ്ണം ക്യാൻസലായി എന്നിങ്ങനെയുള്ള കണക്കുകളുണ്ട്. ആ കണക്കുകൾ ഇപ്പോൾ എല്ലാം എടുക്കുന്നില്ല. അത് പ്രത്യേകം നോട്ടീസ് നൽകി ആവശ്യമെങ്കിൽ എടുക്കാവുന്നതാണ്. അതാവശ്യമെങ്കിൽ അടുത്ത ദിവസം സംസാരിക്കുമ്പോൾ അതിന്റെ വിശദാംശങ്ങൾ നൽകാം. ഒരു ചെറിയ കടയോ സ്ഥാപനമോ തുടങ്ങിയാൽ ഉടനെ ജി.എസ്.ടി. രജിസ്ട്രേഷൻ പരിധിയിൽ വരേണ്ടതില്ലെന്നതാണ് നിയമം. സാധാരണ കടകൾക്ക് 40 ലക്ഷം രൂപയുടെ മുകളിലെങ്കിലും ടേൺ ഓവർ വന്നാലാണ് ജി.എസ്.ടി.-യുടെ പരിധിയിൽ വരുന്നത്. സർവീസ് സെക്ടറിലാണെങ്കിൽ അത് 20 ലക്ഷം രൂപയാണ്.

അതുകൊണ്ടാണ് അങ്ങനെയുള്ള കണക്കുകൾ വരാത്തത് എന്നുള്ളത് പ്രത്യേകം മനസ്സിലാക്കണം.

ഇവിടെ എം.എൽ.എ. ഫണ്ട് സംബന്ധിച്ച ചില പ്രായോഗികമായ കാര്യങ്ങൾ പറഞ്ഞു. പരമാവധി അക്കാര്യത്തിലെ ബുദ്ധിമുട്ട് കുറയ്ക്കാനും കാര്യങ്ങൾ വേഗത്തിൽ നടപ്പിലാക്കാനുമാണ് സർക്കാർ ആഗ്രഹിക്കുന്നത്. കളക്ടർമാരുടെ പരിധിയിൽ ചെയ്യേണ്ടതെല്ലാം കളക്ടറേറ്റിൽ ചെയ്താൽ മതി. എല്ലാം വകുപ്പിലേയ്ക്ക് വരേണ്ട കാര്യമില്ല. റോഡ് ടൈൽ ഇടുന്നതിനും മറ്റും ചില ലിമിറ്റേഷനുണ്ടായിരുന്നു. എല്ലാം ടൈൽ ഇടുന്നതിന് അനുവാദം കൊടുക്കാൻ കഴിയില്ല. ഒരു കോടിരൂപ ഒറ്റ വർക്കായിട്ടല്ല, അങ്ങനെ കൊടുക്കാമെന്ന് ഒരു ലിമിറ്റ് സർക്കാർ വച്ചിട്ടുണ്ട്. പടിഞ്ഞാറൻ പ്രദേശത്തുള്ള പല സ്ഥലത്തും അത്തരം പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ പല എം.എൽ.എ.-മാരും ഇക്കാര്യങ്ങൾ പലതവണ സംസാരിച്ചിട്ടുണ്ട്. നേരത്തെ ഇങ്ങനെ ടൈൽ ഇടുന്നതിന് അധികം അനുവാദം കൊടുക്കുന്നില്ലായിരുന്നു. എന്നാൽ ഇപ്പോൾ കുറച്ചുകൂടി തുക വർധിപ്പിച്ച് കൊടുക്കുന്നുണ്ട്. ചില കാര്യങ്ങൾ കൺട്രോളില്ലാതെ കൊടുക്കാൻ പാടില്ലെന്നുള്ളതുകൊണ്ട് ഒരു നിശ്ചിത

തുകയെന്നുള്ള ധാരണയിൽ കൊടുക്കുന്നുണ്ട്. അധികം സമയമെടുക്കുന്നത് ഔചിത്യമല്ല എന്നുള്ളതുകൊണ്ടാണ് ചുരുക്കുന്നത്.

ശ്രീ. റോജി എം. ജോൺ: സർ, എല്ലാ എം.എൽ.എ.-മാരെയും ബാധിക്കുന്ന ഒരു പ്രശ്നമാണിത്. സർക്കാരിന് അനിയന്ത്രിതമായി കൊടുക്കാൻ കഴിയില്ലെന്നുള്ള പ്രയാസം മനസ്സിലാക്കുന്നു. ഒരു നിശ്ചിത തുക എന്ന നിലയിൽ 50 ലക്ഷം രൂപയിൽ കൂടുതലുള്ള വർക്കുകൾക്കെങ്കിലും ആ തുക കളക്ടറേറ്റിൽതന്നെ കൊടുക്കാനുള്ള നിർദേശം നൽകാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നോംസ് സംബന്ധിച്ച കാര്യങ്ങളെല്ലാം നോക്കിയശേഷം അത്തരം കാര്യങ്ങൾ പരിശോധിക്കാം. തുക എത്രയാണെന്ന് ഇപ്പോൾ പറയാൻ കഴിയില്ല. വളരെ വ്യത്യസ്തതയുള്ള ചില കാര്യങ്ങൾ മാത്രമേ വകുപ്പിലേക്ക് വരേണ്ടതുള്ളൂ. എങ്കിലും ആ കാര്യങ്ങൾ പരിശോധിക്കാം. നൽകുന്ന വർക്കുകൾ വേഗത്തിൽ നടപ്പിലാക്കണം. ധനകാര്യ വകുപ്പിലേക്ക് അയയ്ക്കേണ്ടാത്തതുപോലും വരുന്നതിനാൽ സ്കീം ലൈൻ ചെയ്യാൻ ഒന്നുകൂടി ശ്രമം നടത്താം.

മഞ്ചേരി മെഡിക്കൽ കോളേജിന് മുമ്പ് പറഞ്ഞതിനേക്കാൾ കൂടുതൽ പണം അനുവദിക്കുന്നുണ്ട്. അവിടെയുള്ള അടിസ്ഥാനസൗകര്യത്തിനുവേണ്ടി പണം നൽകുന്നുണ്ട്. ഈ കാലഘട്ടത്തിലാണ് പുതിയ നഴ്സിംഗ് കോളേജുകൾപ്പെടെ അനുവദിച്ചത്. അവിടെ പോസ്റ്റുകൾ വരുന്നുണ്ട്. അവിടെ ഈ പറഞ്ഞ തുകയേക്കാൾ വരുന്നുണ്ട്.

ധനകാര്യ ബിൽ വരുമ്പോഴാണ് ഭൂനികുതി സംബന്ധിച്ച് ചർച്ച ചെയ്യേണ്ടത്. ഭൂനികുതിയിൽ വളരെ ചെറിയൊരു തുകയാണ് വന്നിട്ടുള്ളത്. 10 സെന്റുള്ള ഒരാൾക്ക് ഒരു വർഷം 10 രൂപയുടെയോ 15 രൂപയുടേയോ വ്യത്യാസമേ വന്നിട്ടുള്ളൂ എന്നതിനാൽ അക്കാര്യം സംബന്ധിച്ച് വീണ്ടും ചർച്ച ചെയ്ത് വിശദമായ കണക്കുകളെടുക്കാം. 1.62 ഹെക്ടർ ഭൂമി വരെയുള്ളതിന് 20 രൂപയും കോർപ്പറേഷൻ മേഖലയിൽ അത് 30 രൂപയിൽനിന്നും 45 രൂപയുമാണ് വ്യത്യാസം വരുന്നത്. സിറ്റിക്കകത്ത് പത്തോ പതിനഞ്ചോ സെന്റുള്ള ഒരാൾക്ക് 10 രൂപയോ 15 രൂപയോയാണ് ആകുന്നത്. ഡിജിറ്റൽ സർവെക്കുൾപ്പെടെ 1,000 കോടിരൂപ Rebuild Kerala Initiative (RKI)-ൽ റവന്യൂ വകുപ്പ് ചെലവാക്കുന്നതിനാൽ ഇതിൽ പണം കൂടുതൽ വരുന്നില്ല.

ഇന്ത്യയിൽ 'എന്റെ ഭൂമി' എന്ന പോർട്ടൽ പൂർണ്ണമായിക്കഴിഞ്ഞാൽ ഒന്ന് ടച്ച് ചെയ്താൽ നമ്മുടെ പേരിൽ ഭൂമി എവിടെയുണ്ടെന്ന് അറിയുന്ന തരത്തിലേക്ക് ഏറ്റവും ആധുനിക സാങ്കേതികവിദ്യ നമ്മൾ ഡെവലപ് ചെയ്യുകയാണ്. അതിനായി പണം മുടക്കുകയാണ്. ഇത് ആ പണം മുടക്കുന്നതിന്റെ ഒരു ഭാഗത്തിനുപോലുമില്ല. പക്ഷേ ഇത് മെയിന്റയിൻ ചെയ്യുന്നതിന് കുറച്ച് പണം ആവശ്യമാണ്. അതിനാവശ്യമുള്ളതിന്റെ ചെറിയൊരു ശതമാനം പോലുമില്ല. മാത്രമല്ല, എത്രയോ വർഷം മുമ്പ് തീരുമാനിച്ചതും കാലോചിതമായുള്ള അതിന്റെ സ്റ്റേഷനറി കോസ്റ്റിനുപോലുമുള്ള കാര്യമില്ലാത്തതിനാൽ അതിനെ ആ തരത്തിൽ വിലയിരുത്തരുത്. ഈ സിസ്റ്റം നിലനിൽക്കുന്നതിനാവശ്യമായ ചെറിയ ഫീസെന്ന നിലയിലല്ലാതെ ഒരു ഫീസ് അതിനകത്ത് വർധിപ്പിച്ചിട്ടില്ല. ഒരിക്കലും അതിന്റെ ചെലവിന് ഉതകുന്ന തരത്തിൽ ഫീസ് ഈടാക്കുന്ന ഏരിയകളല്ല.

ജി.എസ്.ടി. സമ്പ്രദായത്തിനെ മെച്ചപ്പെടുത്താനായി ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും ജി.എസ്.ടി. സമ്പ്രദായം വന്ന സമയത്ത് അവർ പറഞ്ഞിരുന്ന കാര്യങ്ങളല്ല നടക്കുന്നത്. അത് സംബന്ധിച്ച് ബഹുമാനപ്പെട്ട

കേന്ദ്ര യൂണിയൻ ഫിനാൻസ് മിനിസ്റ്റർ പറഞ്ഞിരിക്കുന്നത്, 15.50 ശതമാനമുണ്ടായിരുന്ന റവന്യൂ ന്യൂട്രൽ റേറ്റ് 11.50 ശതമാനമായെന്നാണ്. അതായത് 100 രൂപയുടെ സാധനം വാങ്ങുമ്പോൾ 15.50 ടാക്സ് ആവറേജുണ്ടായിരുന്നത് 11 രൂപയിൽ താഴേയ്ക്ക് പോയെന്നുപറഞ്ഞാൽ അത്രയും വരുമാന നഷ്ടമുണ്ട്. പക്ഷേ ജി.എസ്.ടി. കുറച്ചത് ലക്ഷ്വറി ഐറ്റങ്ങൾക്കും വളരെ റിച്ചായ കസ്റ്റമേഴ്സ് ഉപയോഗിക്കുന്ന സാധനങ്ങൾക്കുമാണ്. അത്തരം കാര്യങ്ങൾക്ക് ജി.എസ്.ടി. കുറയ്ക്കുന്ന ട്രെൻഡ് വന്നാൽ നമ്മുടെ നാട്ടിലെ സാധാരണക്കാർക്ക് കൊടുക്കേണ്ട പല ആനുകൂല്യങ്ങൾക്കുമുള്ള നികുതി കിട്ടാതെ വരും. ഇന്ത്യയിലേയ്ക്ക് ഇറക്കുമതി ചെയ്യുന്ന ടെസ്‌ല കാറിന്റെയും അതുപോലെ മറ്റ് വിദേശ സാധനങ്ങളുടെയും റബ്ബറിന്റെയും കാർഷികോൽപന്നങ്ങളുടെയും നികുതി കുറയ്ക്കണമെന്ന് അമേരിക്കൻ പ്രസിഡന്റ് ആവശ്യപ്പെട്ടല്ലോ. ഇതെല്ലാം ഇവിടത്തെ സാമ്പത്തിക വ്യവസ്ഥയെ ബാധിക്കുന്ന കാര്യങ്ങളാണ്. അതിന്റെ മറ്റൊരുവശമെന്ന നിലയിൽ ഇത്തരം കാര്യങ്ങൾ വരുന്നുണ്ട്. സംസ്ഥാനങ്ങളുടെ സാമ്പത്തിക രംഗം നിലനിർത്താൻ സാധിക്കുന്ന വിധത്തിൽ ന്യായമായ ടാക്സ് സമ്പ്രദായം വേണമെന്നതാണ്

ഞങ്ങളുടെ നിലപാട്. ടാക്സ് അമിതമായി അടിച്ചേൽപ്പിക്കാതിരിക്കാനുള്ള ശ്രമം നടക്കുന്നുണ്ട്. റാഷണലൈസേഷൻ വേണ്ടത്ര നടക്കുന്നില്ല. ജി.എസ്.ടി. കൗൺസിലിൽ നിരന്തരമായി ഇക്കാര്യങ്ങൾ ഉന്നയിക്കുന്നുണ്ട്. ലഭിക്കേണ്ട ടാക്സ് കൃത്യമായി വരുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ശക്തമായി നടത്തുന്നുണ്ട്. അതിന്റെ ഫലമായി 47,000 കോടി രൂപയിൽനിന്നും 81,000 കോടി രൂപ ഈ വർഷം നമുക്ക് ടാക്സ് റവന്യൂ ലഭിച്ചിട്ടുണ്ട്. നോൺ ടാക്സ് റവന്യൂ കൂടി വരുമ്പോൾ അത് ഒരു ലക്ഷത്തി മൂവായിരം കോടി രൂപയാകുന്നതാണ്. അത് മൊത്തത്തിലുള്ള വരുമാനത്തിന്റെ 85-90 ശതമാനം വരുന്നതാണ്. ഇനിയും അധികമായി വരുമാനം ലഭിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. സിസ്റ്റമിക്കായ ഇഷ്യൂസെല്ലാം പരിശോധിച്ച് ഇക്കാര്യങ്ങൾ മെച്ചപ്പെടുത്താം. ഇത്രയും കാര്യങ്ങളാണ് ധനാഭ്യർഥന ചർച്ചയുമായി ബന്ധപ്പെട്ട് പ്രധാനമായും പറയാനുള്ളത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ധനാഭ്യർഥന ചർച്ചയിൽ തുടർന്നും പലഘട്ടങ്ങളിലും സംസാരിക്കേണ്ടതായിട്ടുണ്ട്. പക്ഷേ റവന്യൂ-ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് ഇനിയൊരു ധനാഭ്യർഥന ചർച്ച ഇല്ലെന്നുള്ളതുകൊണ്ട് ചിലകാര്യങ്ങൾ പറയുമെന്ന് അങ്ങയോട് ആദ്യമേ രേഖപ്പെടുത്തുകയാണ്. കേരളത്തിലെ ഏറ്റവും ബൃഹത്തായ ചില ഭൂമി പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിച്ചൊരു കാലമാണിത്. നേരത്തെ സഭയിൽ പറഞ്ഞതോ ചർച്ച ചെയ്തതോ ആയ ഒരു വിഷയവും ഞാൻ പറഞ്ഞില്ലെങ്കിൽപോലും, പ്രധാനപ്പെട്ട ചില കാര്യങ്ങൾ ഈ സഭ അറിയുന്നതിനുവേണ്ടി പറഞ്ഞുപോകുകതന്നെ വേണം. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് ' എന്ന മുദ്രാവാക്യത്തോടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമുൾപ്പെടെ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലെ എം.എൽ.എ.-മാരുമായും ചർച്ച ചെയ്യുകയും അവരുടെ നേതൃത്വത്തിൽ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്ത ഒരു വർക്കിലേയ്ക്ക് പോയൊരു കാലമാണിത്. നേരത്തെ ഇവിടെ

സൂചിപ്പിച്ചതുപോലെ 180877 പട്ടയങ്ങൾ കൊടുത്തുതീർക്കാനായി എന്നുള്ളതല്ല, പട്ടയത്തിന്റെ വിതരണത്തിനുവേണ്ടി ഒരു മിഷൻ രൂപീകരിച്ചുവെന്നതാണ് ഈ കാലഘട്ടത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. കേരളത്തിലെ എല്ലാ എം.എൽ.എ.-മാരും അധ്യക്ഷനായും പഞ്ചായത്ത് മെമ്പറും മുനിസിപ്പൽ കൗൺസിലറും കോർപ്പറേഷൻ കൗൺസിലറും അടക്കം ഒരു നിയോജകമണ്ഡലത്തിലെ ഒരു എം.എൽ.എ.-യോടൊപ്പം പ്രവർത്തിക്കുന്ന എല്ലാ സഹപ്രവർത്തകർക്കും, അവരുടെ വീടിന്റെ ചുറ്റളവിലോ അവരുടെ വാർഡിലുള്ളതോ ആയ എല്ലാ മനുഷ്യരുടെയും ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പട്ടയമിഷന്റെ ഭാഗമായ പട്ടയ അസംബ്ലിയിൽ രേഖപ്പെടുത്താവുന്നതാണ്. പട്ടയ അസംബ്ലി വെറുതെ കൂടുകയല്ല ചെയ്യുന്നത്. അതിന്റെ രണ്ടാമത്തെ എഡിഷൻ ഈ മാർച്ച് മാസത്തിൽ ആരംഭിച്ചു. ഒന്നാമത്തെ എഡിഷൻ ആരംഭിച്ചപ്പോൾ തന്നെ പട്ടയ അസംബ്ലിയുടെ ഭാഗമായി പട്ടയമിഷനുകളുടെ ചുമതലക്കാരായി എല്ലാ നിയോജകമണ്ഡലത്തിലും തഹസിൽദാരിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി പ്രത്യേക ചുമതലയേൽപ്പിച്ചു. അവരുടെ

നേതൃത്വത്തിൽ കേരളത്തിലെ 140 നിയോജകമണ്ഡലങ്ങളിലും പട്ടയ അസംബ്ലികൾ ചേർന്നു. സ്ഥലങ്ങളെക്കുറിച്ച് നേരത്തെ പറഞ്ഞതുകൊണ്ട് ഞാൻ സൂചിപ്പിക്കുന്നില്ല. പട്ടയ അസംബ്ലികളിൽ ഉയർന്നുവരുന്ന പ്രശ്നം പട്ടയ മിഷന്റെ ഒരു ഡാഷ് ബോർഡിൽ ഉൾപ്പെടുത്തുകയും അതിൽ ഉയർന്നുവരുന്ന പ്രശ്നങ്ങളെല്ലാം മൂന്ന് മാസത്തിലൊരിക്കൽ മന്ത്രിതന്നെ നേരിട്ട് അദാലത്ത് നടത്തി പരിഹരിക്കുകയെന്ന ശ്രദ്ധേയമായ നടപടികളാണ് ഈ ഗവൺമെന്റും അതിനുമുമ്പുള്ള ഗവൺമെന്റും നടത്തിയത്. കഴിഞ്ഞ മാസം ഏഴാം തീയതി ബഹുമാനപ്പെട്ട മലപ്പുറം അംഗം ശ്രീ. പി. ഉബൈദുള്ളയുടെ അധ്യക്ഷതയിൽ ഞാനും മലപ്പുറം ജില്ലയിലെ അഞ്ച് എം.എൽ.എ.-മാരും പങ്കെടുത്ത് വിതരണം ചെയ്തത് 6152 പട്ടയങ്ങളാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ശ്രീ. യു. എ. ലത്തീഫ് ചർച്ചയിൽ മറ്റ് കാര്യങ്ങളിലേയ്ക്ക് പോയതുകൊണ്ട് അദ്ദേഹം ഇക്കാര്യത്തെ സംബന്ധിച്ച് ഒന്നും പറഞ്ഞില്ല. സ്വാതന്ത്ര്യ സമരത്തിൽ ബ്രിട്ടീഷുകാർക്കെതിരെ പൊരുതിയ കാരണത്താൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ പേരിൽ കണ്ടുകെട്ടിയ ഭൂമിക്ക് ദീർഘകാലത്തിനുശേഷം, അവിടെ താമസിച്ച മുഴുവൻ മനുഷ്യർക്കും പട്ടയം നൽകിയത് ഞങ്ങൾ ഒരുമിച്ചാണ്. പട്ടയ

അസംബ്ലിയുടെ ഭാഗമായി നടന്ന ഏറ്റവും ശ്രദ്ധേയമായ പ്രവർത്തനമാണിത്. ഓരോ എം.എൽ.എ.-മാരുടെയും നിയോജകമണ്ഡലത്തിലെ കാര്യം പ്രത്യേകമായി പറയുന്നില്ല. ഇവിടെ പ്രിയപ്പെട്ട ശ്രീ. പി. നന്ദകുമാർ സൂചിപ്പിച്ചതുപോലെ ഇടുക്കി ജില്ലയിലെ കുറ്റിയാർവാലിയിലെ പട്ടയ പ്രശ്നങ്ങൾക്ക് അവസാനമാകുകയാണ്. വട്ടവട- കുറിഞ്ഞിമല സങ്കേതത്തിൽ ഡിജിറ്റൽ റീ സർവെ ആരംഭിച്ച് പ്രത്യേക കളക്ടറെ തന്നെ ചുമതലപ്പെടുത്തി ആ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. കോടതിയുടെ സ്റ്റേ ഒഴിവാക്കിയാൽ ഇപ്പോൾ കൊടുക്കാൻ സാധിക്കുന്നതരത്തിൽ ഇടുക്കി ജില്ലയിലെ നാലായിരത്തിലേറെ പട്ടയങ്ങൾ തയ്യാറായി വരുന്നു. കട്ടപ്പനയിലെ ടൗൺഷിപ്പിലെ പട്ടയങ്ങൾ ഈ ഘട്ടത്തിൽ കൊടുക്കുകയാണ്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയുമായും കൂടിയാലോചിച്ച് ജല വൈദ്യുത പദ്ധതി പ്രദേശത്തെ പട്ടയങ്ങൾ വിതരണം ചെയ്യാനുള്ള അന്തിമ നടപടികളിലേയ്ക്ക് പോകുകയാണ്. തിരുവനന്തപുരം ജില്ലയിലെ അഞ്ചുചങ്ങല പ്രദേശത്തെ പട്ടയപ്രശ്നം പരിഹരിക്കുകയാണ്. പത്തനംതിട്ട ജില്ലയിലെ പെരുമ്പട്ടി, കോന്നിയിലെ ഗ്രോമോർ ഫുഡ് പദ്ധതി പ്രദേശം, എക്സ്

സർവീസ്സെമൻസ് കോളനി, അത്തിക്കയം വില്ലേജിലെ തെക്കേത്തൊട്ടി, വലിയ പതാൽ വില്ലേജ് എന്നിവിടങ്ങളിലെ പ്രശ്നങ്ങളും സ്ഥായിയായി പരിഹരിക്കുകയാണ്. എറണാകുളത്തെ കുട്ടമ്പുഴ-വടാട്ടുപാറ പ്രദേശത്തുള്ളത് വർഷങ്ങളായിട്ടുള്ള പട്ടയപ്രശ്നമാണ്. ഇതിനുവേണ്ടി ഒരു പ്രത്യേക ഓഫീസുതന്നെ ആരംഭിച്ചിട്ടുണ്ട്. കുട്ടമ്പുഴയിലെ ഹിൽമെൻ സെറ്റിൽമെന്റും കടവൂർ വില്ലേജിലെ പട്ടയ പ്രശ്നങ്ങളും പട്ടയ ഡാഷ് ബോർഡിൽ ഉൾപ്പെട്ടതാണ്. വയനാട്ടിലെ വുഡ് ലാൻഡ് എസ്റ്റേറ്റിലെ പട്ടയങ്ങൾ, ഫെയർ ലാൻഡ് പട്ടയങ്ങൾ, മരിയനാട് എസ്റ്റേറ്റ് ഭൂമിയുടെ പ്രശ്നം, മണിമല വില്ലേജിലെ ആലപ്ര-പൊന്തൻപുഴ-നെടുമ്പ്രം പ്രദേശത്ത് പ്രത്യേകമായി സർക്കാർ ഓഫീസുകൾ കേന്ദ്രീകരിച്ച് സ്പെഷ്യൽ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഞാൻ എല്ലാ കാര്യങ്ങളും പറഞ്ഞു പോകുന്നില്ല. അക്കാര്യങ്ങളിലെല്ലാം ഒരു പ്രത്യേക ഇടപെടൽ പട്ടയമിഷന്റെ ഭാഗമായി ഉണ്ടാകുകയാണ്. നഗറുകളിലെ പട്ടയം വളരെ പ്രധാനപ്പെട്ട വിഷയമായി നമ്മുടെ മുന്നിലിരിക്കുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ പേരിൽ വാങ്ങിയതോ, തദ്ദേശസ്വയംഭരണ വകുപ്പിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റുപ്രകാരം വെസ്റ്റ്

ചെയ്യപ്പെട്ടതോ, നിക്ഷിപ്ത ഭൂമിയായി മാറിയതോ ആയ ഭൂമികൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഉത്തരവിറക്കേണ്ടതെങ്ങനെയെന്നും തനത് ഭൂമിക്ക് ചട്ടഭേദഗതി വരുത്തേണ്ടതെങ്ങനെയെന്നും തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് ദീർഘകാലമായി പട്ടയം കൊടുക്കാൻ സാധിക്കില്ലെന്ന് പറഞ്ഞ് പിന്തള്ളിയ കേസുകൾ വീണ്ടും ഏറ്റെടുത്തുകൊണ്ട് പട്ടയം നൽകുന്ന കാര്യങ്ങളിലേയ്ക്ക് കടക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. പി. വി. ശ്രീനിജിൻ എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ ഇറിഗേഷൻ പദ്ധതി പ്രദേശങ്ങളിലെ പട്ടയവുമായി ബന്ധപ്പെട്ട് ദീർഘകാലത്തെ പ്രശ്നങ്ങളുമുണ്ട്. ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും ഞാനും പുനലൂർ എം.എൽ.എ.-യും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നിർദേശവും എല്ലാം ഏറ്റെടുത്തുകൊണ്ട് കല്ലട ഇറിഗേഷൻ പ്രോജക്ടിലെ (കെ.ഐ.പി.) പട്ടയങ്ങൾ കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനുവേണ്ടി കൊല്ലം കളക്ടറെ നോഡൽ ഓഫീസറായി നിയമിക്കുകയും അവിടെയുള്ള

പ്രശ്നങ്ങൾ ഏതാണ്ട് പരിഹരിച്ചുവരികയുമാണ്. അതിന്റെ മാതൃകയിൽ പെരിയാർ വാലി പദ്ധതി പ്രദേശത്തെ പട്ടയപ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി ഒരു പ്രത്യേക സ്റ്റാൻഡേർഡ് ഓപ്പറേഷൻ പ്രൊസീജിയർ അക്കാര്യത്തിലുണ്ടാക്കുകയാണ്. കാഞ്ഞിരപ്പള്ളി താലൂക്കിലെ പമ്പാവാലി-ഏയ്ഞ്ചൽ വാലി പ്രദേശത്ത് ദീർഘകാലമായി നിലനിന്നിരുന്ന പട്ടയ പ്രശ്നം പരിഹരിച്ച് 1520 പേർക്ക് പട്ടയം വിതരണം ചെയ്തുകൊണ്ട് അവരെ ഭൂമിയുടെ ഉടമസ്ഥരാക്കി മാറ്റാനുള്ള ശ്രദ്ധേയ നടപടികൾ ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുകയാണ്. രാഷ്ട്രീയത്തിനതീതമായി ഞാൻ സൂചിപ്പിക്കുകയാണ്, അവരവരുടെ നിയോജകമണ്ഡലങ്ങളിൽ പട്ടയ അസംബ്ലിയും പട്ടയ ഡാഷ് ബോർഡുമായി ബന്ധപ്പെട്ട് നേതൃത്വം നൽകുമ്പോൾ ഉദാത്തമായ ചില മാതൃകകളുണ്ടാക്കാൻ സാധിക്കുന്നതാണ്. ഈ ഗവൺമെന്റിന്റെ കാലത്തുണ്ടായ ഏറ്റവും ശ്രദ്ധേയമായ മാതൃകകളിലൊന്നാണ് എം.എൽ.എ.-മാരുടെ നേതൃത്വത്തിലുണ്ടായ 'ഭൂരഹിതരില്ലാത്ത പുനലൂർ' എന്ന പദ്ധതി. അവിടെയുള്ള ഭൂരഹിതരില്ലാത്തവരുടെ പേര് തീരുമാനിച്ച് അപേക്ഷകൾ നിരന്തരം കൊടുക്കുകയല്ല ചെയ്തത്. അവർക്ക് എങ്ങനെ ഭൂമി

കൊടുക്കാമെന്നത് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ ഒരു ഡോക്യുമെന്റാക്കി, റവന്യൂ വകുപ്പിന്റെ പ്രത്യേക പിന്തുണയോടെ ആ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞപ്പോൾ വലിയ വിധത്തിൽ ആ പ്രവർത്തനങ്ങൾ മുന്നോട്ടുപോയിയെന്നുള്ളത് അഭിമാനത്തോടെ പറയേണ്ടതുണ്ട്. സമൂഹത്തിന്റെ ഓരങ്ങളിലേയ്ക്ക് മാറ്റി നിർത്തപ്പെട്ട എത്ര മനുഷ്യരുടെ പട്ടയങ്ങളാണ് ഇപ്പോൾ നൽകാൻ സാധിച്ചിട്ടുള്ളത്; ഈ ഗവൺമെന്റിന്റെ കാലത്താണ് മുത്തങ്ങയിലെ അവസാന സമരക്കാർക്കും ഭൂമി നൽകിയത്. ചെങ്ങറ സമരത്തിൽപ്പെട്ടവർക്ക് സംസ്ഥാന വ്യാപകമായി ഭൂമികണ്ടെത്തി നൽകുന്നതിന്റെ അന്തിമഘട്ടത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്, ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ അരിപ്പ ഭൂസമരത്തിന് സ്ഥായിയായ പരിഹാരം കാണാൻ, അദ്ദേഹത്തിന്റെ നിർദേശ മാർഗങ്ങളിലൂടെ പോകാൻ സാധിച്ചുവെന്നുള്ളതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. രാവിലെ ബഹുമാനപ്പെട്ട ശ്രീ. പ്രമോദ് നാരായൺ മലയോരമേഖലയിലെയും ആദിവാസിമേഖലയിലെയും പട്ടയ പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ ഉന്നയിക്കുകയുണ്ടായി. ദീർഘകാലമായുള്ള ഒരു പ്രശ്നമാണിത്. 2024

ഫെബ്രുവരി ഏഴാം തീയതി ഞാനും ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും ചേർന്ന് കേന്ദ്ര വനം വകുപ്പുമന്ത്രിയെ കാണുകയും മുപ്പത് കൊല്ലത്തിനുശേഷം പുതിയ ജെ.വി.ആറും പുതിയ അപേക്ഷയും എന്ന വാദം കേന്ദ്രം അംഗീകരിക്കുകയുണ്ടായി. വനഭൂമിയിൽ കുടിയേറ്റം നടത്തിയെന്ന് പറയുന്നവർക്ക് 1993-ലെ ചട്ടങ്ങൾപ്രകാരം ഭൂമി വിതരണം ചെയ്യുക, പുതിയ ഭൂമിക്ക് അപേക്ഷ കൊടുക്കുക, അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തീർക്കുക തുടങ്ങിയവയ്ക്ക് നടപടികൾ സ്വീകരിക്കുകയാണ്. കൂടാതെ പുതിയ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ 59830 പുതിയ അപേക്ഷകൾ ലഭിച്ചിരിക്കുകയാണ്. ഈ വരുന്ന 26-ാം തീയതി പൂർണ്ണസമയമെടുത്തുകൊണ്ട് റവന്യൂ, വനം വകുപ്പുകളുടെ ഉന്നതതല യോഗം തിരുവനന്തപുരത്ത് ചേരുകയാണ്. കേരളത്തിലെ വനം, റവന്യൂ വകുപ്പുകൾ തമ്മിലുള്ള വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ 26-ാം തീയതി രാവിലെ മുതൽ മന്ത്രിമാരുടെ സാന്നിധ്യത്തിലാണ് യോഗം ചേരുന്നത്. അതുകൂടി പര്യവസാനിക്കുമ്പോൾ ഏപ്രിൽ മാസത്തോടെ പുതിയ ജെ.വി.ആർ. (Joint Verification Report) കേരളത്തിന്റെ വനം മേഖലയിൽ ആരംഭിച്ച് ഭൂമിയുടെ

ഉടമസ്ഥരെ നിശ്ചയിക്കാൻ കഴിയുമെന്നതാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ശ്രീ. ഒ. ആർ. കേളു രാവിലെ ഇവിടെ പറഞ്ഞതുപോലെ, നമ്മുടെ സങ്കേതങ്ങളിൽ, നഗറുകളിൽ, ഉന്നതികളിൽ ഒരു പുതിയ നടപടിക്രമത്തിന് നേതൃത്വം നൽകുകയാണ്. 2006-ലെ വനാവകാശ നിയമപ്രകാരം വനാവകാശരേഖ അഥവാ ROR (Record of Rights) നൽകിയിട്ടുള്ള പട്ടികവർഗ്ഗ വിഭാഗങ്ങൾ താമസിക്കുന്ന വനഗ്രാമങ്ങളെ, ദീർഘമായൊരു കാലത്തിനുശേഷം നികുതിയടക്കാൻ സാധിക്കാതെ കേവലം ആർ.ഒ.ആർ. മാത്രമായിരുന്ന നമ്മുടെ വനഗ്രാമങ്ങളെ റവന്യൂ ഗ്രാമങ്ങളായി പ്രഖ്യാപിച്ചുകൊണ്ടുള്ള 03-02-2025-ലെ റവന്യൂ വകുപ്പിന്റെ ഉത്തരവ് ചരിത്രത്തിന്റെ ഭാഗമാണ് എന്ന കാര്യം അഭിമാനത്തോടുകൂടി നമുക്ക് പറയാൻ കഴിയും. കേരളത്തിലെ വിവിധ ജില്ലകളിലെ 566 പട്ടികസങ്കേതങ്ങളിൽ ഉൾപ്പെടുന്ന 29166 കുടുംബങ്ങൾക്ക് ഇനിമുതൽ അവരുടെ ഭൂമിക്ക് പട്ടയം എന്ന വിധത്തിൽത്തന്നെ ലഭ്യമാക്കാനും നികുതി അടയ്ക്കാൻ അവസരമുണ്ടാക്കുന്നതിനും അതിദരിദ്രർക്കുള്ള പ്രത്യേക സംവിധാനങ്ങളിലൂടെ

ഭൂമി കൊടുക്കാനുമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഒരു കാര്യം ഈ സഭയിൽ രേഖപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. 1970 ജനുവരി 1-നാണ് ദീർഘമായ കാലത്തെ ഇടപെടലുകൾക്കും നിയമ നടപടികൾക്കുംശേഷം കേരളത്തിൽ ഭൂപരിഷ്കരണനിയമം നടപ്പാക്കിയത്. പ്രസ്തുത നിയമം നടപ്പാക്കിയപ്പോൾ, ജന്മിത്തം അവസാനിച്ചിരിക്കുന്നുവെന്ന് കേരളം ലോകത്തിനോട് പ്രഖ്യാപിച്ചു. ലോകത്തിന്റെ മുമ്പിൽ ജന്മിത്തം അവസാനിച്ചെങ്കിലും കുടിയാൻ അവന്റെ അവകാശങ്ങൾ നേടിയെടുക്കാനുള്ള ട്രിബ്യൂണലുകളിൽ അഭംഗുരം കേസുകൾ മുന്നോട്ടുപോവുകയാണ്. ഭൂപരിഷ്കരണനിയമത്തിന് 56 വയസ്സ് തികയുന്ന 2026 ജനുവരി 1-ഓടെ കുടിയാന്റെ അവകാശങ്ങൾ നടത്തേണ്ടിവരുന്ന ലാൻഡ് ട്രിബ്യൂണലുകളിലെ നിലവിലുള്ള എല്ലാ കേസുകളും പൂർത്തിയാക്കാൻ കഴിയുന്നവിധത്തിലുള്ള നടപടിക്രമങ്ങൾക്ക്, കുടിയായ്മയുമായി ബന്ധപ്പെട്ട കേസുകൾക്ക് അന്ത്യം കാണാൻ കഴിയുന്ന നടപടിക്രമങ്ങളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നുവെന്ന് ഈ സഭയെ അറിയിക്കട്ടെ. മേഖലാ ലാൻഡ് ബോർഡുകളിലേക്ക് മാറിയത് ഈ ഘട്ടത്തിലാണ്. 78 ലാൻഡ്

ബോർഡുകളിൽനിന്ന് 4 മേഖലാ ലാൻഡ് ബോർഡുകളിലേക്കുവന്നു. പുതുതായി 63 കേസുകൾ ആരംഭിച്ചു. എന്നാൽ നിലനിൽക്കുന്ന 312 കേസുകൾ തീർപ്പാക്കി 2405 ഏക്കർ ഭൂമി നമുക്ക് ഏറ്റെടുക്കുന്നതിന് സാധിച്ചുവെന്ന അഭിമാനകരമായ വസ്തുതയും ഈ ഘട്ടത്തിൽ ഞാൻ സഭയെ അറിയിക്കുകയാണ്. യൂണിക് തണ്ടർപ്പേർ സിസ്റ്റത്തിലേക്ക് കടന്നു. റവന്യൂ വകുപ്പ് അടിമുടി ഇ-സർവീസായി മാറുന്നതിന്റെ ഭാഗമായി ഭൂനികുതി, ഒറ്റത്തവണ കെട്ടിടനികുതി, ആഡംബര നികുതി, തരംമാറ്റം, ഇ-ബി.ടി.ആർ., തണ്ടർപ്പേർ പകർപ്പ്, എഫ്.എം.ബി. പകർപ്പ്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഓൺലൈൻ മുഖേന അടയ്ക്കാൻ സാധിക്കും. ഈ രാജ്യത്തിനുപുറത്ത് യു.കെ., യു.എസ്.എ., കാനഡ, സിംഗപ്പൂർ,, സൗദി അറേബ്യ, യു.എ.ഇ., ഒമാൻ, ഖത്തർ, കുവൈറ്റ്, ബഹ്റിൻ തുടങ്ങിയ പത്ത് രാജ്യങ്ങളിൽ താമസിക്കുന്ന കേരളത്തിൽ നാഴിയുരി മണ്ണുള്ള മുഴുവൻ പ്രവാസികൾക്കും ഭൂമിസംബന്ധമായ നികുതി അടയ്ക്കൽ ഉൾപ്പെടെ ഞാൻ നേരത്തെ സൂചിപ്പിച്ച ആവശ്യങ്ങൾക്ക് ഇനിമുതൽ നാട്ടിലെ ഏജന്റിനെ ചുമതലപ്പെടുത്തുകയോ ബന്ധുവിന്റെ പേരിൽ പണം അയയ്ക്കുകയോ വേണ്ട, അവർക്ക് അതതുരാജ്യങ്ങളിലിരുന്നുകൊണ്ട് നികുതിയുൾപ്പെടെയുള്ള പത്ത്

കാര്യങ്ങൾ അടയ്ക്കാനുള്ള അനുവാദം കേരളത്തിലെ റവന്യൂ വകുപ്പ് നൽകിയതോടുകൂടി കേരളം ഈ ലോകത്തിന്റെ മുമ്പിൽ അതിന്റെയെല്ലാ വാതായനങ്ങളും തുറന്നിടുകയാണ്. ആർ.ആർ. ഡിജിറ്റൽ പേമെന്റ്, സോഷ്യൽ സെക്യൂരിറ്റി പെൻഷൻ എന്നിങ്ങനെ പത്ത് കോടി സർട്ടിഫിക്കറ്റുകൾ ഈ കാലത്തിനിടയിൽ നമുക്ക് വിതരണം ചെയ്യാൻ സാധിച്ചു. കേരളത്തിൽ പ്രധാനപ്പെട്ട രണ്ട് പ്രശ്നങ്ങൾക്ക് നയപരമായും സാമ്പത്തികപരമായും പിന്തുണ നൽകിയ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പ്രത്യേകമായ നന്ദി രേഖപ്പെടുത്തുന്നു. കേരളം അതിദരിദ്രരില്ലാത്ത നാടായി പ്രഖ്യാപിക്കുന്ന 2025 നവംബർ 1-ന് ഈ കേരളത്തിൽ ഒരു പുതിയ സംവിധാനം കൂടി വരികയാണ്. ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും അതായത് ഭൂമി, അതിന്മേൽ അടയ്ക്കുന്ന നികുതി, തണ്ടപ്പേർ, ഭൂമിയുമായി ബന്ധപ്പെട്ട തണ്ടപ്പേർ വിശേഷങ്ങൾ, ഭൂമിയിലെ ഏതെങ്കിലും വിധത്തിലുള്ള ബാധ്യതകൾ, അതിലുള്ള കെട്ടിടം, അതിന്റെ നികുതിയുൾപ്പെടെ ഒരാളുടെ ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡിജിറ്റൽ റവന്യൂ കാർഡ് തയ്യാറാക്കാൻ പോകുകയാണ്. ഇതിലെ ക്യൂ.ആർ. കോഡ് സ്കാൻ ചെയ്താൽ ഭൂമി സംബന്ധമായ

എല്ലാ വിവരങ്ങളും അറിയാൻ സാധിക്കുന്നതാണ്. ടി വിവരങ്ങൾ പൂർണ്ണമായും എ.ടി.എം. കാർഡുപോലെ ഡിജിറ്റൽ റവന്യൂ കാർഡിൽ രേഖപ്പെടുത്തിയാൽ ഇതുസംബന്ധിച്ച സർട്ടിഫിക്കറ്റിനായി പല തവണ വില്ലേജ് ഓഫീസുകളിൽ പോകേണ്ട ആവശ്യമുണ്ടാകില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ആ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകിക്കൊണ്ട് രണ്ട് കോടി രൂപ ഈ ബജറ്റിലൂടെ പ്രഖ്യാപിച്ചതിൽ പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. 2025 നവംബർ 1-ന് ആ നടപടിക്രമം ആരംഭിക്കും. വളരെ പ്രധാനപ്പെട്ട പ്രശ്നം കൂടി ഇക്കാര്യത്തിൽ ഞാൻ സൂചിപ്പിക്കാം, റവന്യൂ വകുപ്പിലെ 23 സർവീസുകൾക്ക് ഓൺലൈനായി ആളുകൾക്ക് സമീപിക്കാം. എന്നാൽ പ്രധാനപ്പെട്ടൊരു പ്രശ്നമുണ്ട്, വില്ലേജ് ഓഫീസുകളുടെ ഉദ്ഘാടനത്തിനുപോയി ഇതെല്ലാം വിവരിക്കുമ്പോൾ അവിടുത്തെ ആളുകൾ പറയും, 'പരാതി എഴുതിക്കൊടുത്ത് ഞങ്ങളെ സഹായിച്ചിരുന്ന, നാക്കിലെ തുപ്പൽകൊണ്ട് സ്റ്റാമ്പിൽ പശതേച്ച്, കടലാസിലൊട്ടിച്ച്, കമ്പ്യൂട്ടറിനേക്കാൾ വേഗത്തിൽ ആവശ്യമനുസരിച്ച് എഴുതിത്തന്നിരുന്ന അമ്മൂമ്മമാർ ഇന്ന് വില്ലേജ് ഓഫീസുകളുടെ മുമ്പിലില്ല' എന്നും ഈ സർവീസിനുവേണ്ടി വ്യത്യസ്തങ്ങളായ ഏജൻസികളെ

ആശ്രയിക്കേണ്ട ഗതികേടിലേക്ക്, ബുദ്ധിമുട്ടിലേക്ക് ഞങ്ങൾ പോകുന്നുവെന്നും പറഞ്ഞു. അക്കാര്യത്തിലും ഞങ്ങളെല്ലാവരും ഒരുമിച്ച് പരിഹാരമുണ്ടാക്കുകയാണ്. കേരളത്തിലെ മുഴുവൻ കുടുംബശ്രീ പ്രവർത്തകരെയും വിദ്യാർഥികളെയും എസ്.പി.സി.-കളെയും സന്നദ്ധ പ്രവർത്തകരെയും യുവജനസംഘടനകളെയും വായനാശാലകളെയും നമുക്ക് വിളിച്ചുകൂട്ടാൻ കഴിയുന്ന മുഴുവൻപേരെയും സംഘടിപ്പിച്ച്, ചെറുസംഘങ്ങളാക്കി മാറ്റി മാസ്റ്റർ ട്രെയിനിംഗ് നൽകി, പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ വലിയ ടീമുണ്ടാക്കി ഈ വർഷം ജൂൺ മാസം മുതൽ കേരളത്തിൽ റവന്യൂ ഇ-സാക്ഷരതയ്ക്ക് റവന്യൂ വകുപ്പ് തുടക്കം കുറിക്കുകയാണ്. കേരളത്തിലെ ഒരു വീട്ടിലെ ഒരാൾക്കെങ്കിലും അവരുടെ വില്ലേജ് ഓഫീസിൽനിന്ന് ലഭ്യമാകുന്ന സേവനങ്ങളിൽ, അനിവാര്യമായ എട്ട് സേവനങ്ങളെങ്കിലും അവരുടെ വീട്ടിലെ മൊബൈൽഫോണിലൂടെ ചെയ്യാൻ കഴിയുന്ന റവന്യൂ ഇ-സാക്ഷരതയ്ക്കും 2025-ൽ തുടക്കം കുറിക്കുകയാണെന്ന കാര്യം ഞാൻ ഈ സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വലിയ പരാതികൾ അങ്ങ് ഉൾപ്പെടെ നിരവധി എം.എൽ.എ.-മാർ രേഖപ്പെടുത്തിയിട്ടുണ്ട്.

എൽ.എ.ആർ.ആർ. ആക്റ്റ്, 2013-വുമായി ബന്ധപ്പെട്ട ചില ഊരാക്കുടുക്കുകളാണ്. പക്ഷേ, അക്കാര്യം വേഗത്തിൽ പരിഹരിക്കാൻ നമുക്കാകും. ഒരു കണക്ക് ഞാൻ ഈ സഭയെ അറിയിക്കട്ടെ, കേരളത്തിൽ ഏറ്റവും കൂടുതൽ, ഒരുപക്ഷേ ഐക്യകേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഭൂമി ഏറ്റെടുക്കൽ നടപടിക്ക് നേതൃത്വം നൽകിയത് ഈ സർക്കാരിന്റെ കാലത്താണ്. 1-6-2021 മുതൽ 28-2-2025 വരെ കേരളത്തിൽ നാം ഏറ്റെടുത്ത ഭൂമി 7265 ഏക്കറാണ്. അതിലേയ്ക്കുവേണ്ടി 31264 കോടി രൂപ നഷ്ടപരിഹാരമായി കേരളത്തിലെ ജനങ്ങൾക്ക് നൽകാനുള്ള നടപടിയും നാം പൂർത്തിയാക്കി.

ഡിജിറ്റൽ റീസർവെയുടെ ചരിത്രത്തിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. RKI-യുടെ സഹായത്തോടെ ഡിജിറ്റൽ റീസർവെ, ആദ്യഘട്ടത്തിൽ 200-ഉം രണ്ടാംഘട്ടത്തിൽ 239-ഉം മൂന്നാംഘട്ടത്തിൽ 200-ഉം വില്ലേജുകളിൽ ആരംഭിച്ചു. ഇതിൽ 259 വില്ലേജുകളിൽ നടപടി പൂർത്തിയാക്കി സർവെ അതിരടയാള നിയമത്തിലെ സെക്ഷൻ 9(2) അനുസരിച്ച് എല്ലാവിധത്തിലും തീർപ്പ് കൽപിച്ച്, പരമാവധി പരാതികൾ പരിഹരിച്ച് '13' നോട്ടിഫിക്കേഷൻ

പ്രസിദ്ധീകരിക്കുകയാണ്. ശ്രീ. എ. കെ. എം. അഷ്റഫിന്റെ മഞ്ചേശ്വരം മണ്ഡലത്തിലെ ഉജ്ജാർ ഉൾവാർ വില്ലേജിലാണ് ആദ്യത്തെ ഡിജിറ്റൽ റീസർവെയുടെ ഭാഗമായിട്ടുള്ള റവന്യൂ രേഖകൾ ഔപചാരികമായി പ്രഖ്യാപിച്ചത്. ഒന്നര വർഷക്കാലത്തിനിടയിൽ 4678000 ലാൻഡ് പാഴ്സലുകളിലായി ആറര ലക്ഷം ഹെക്ടർ ഭൂമി ഇതിനകം നാം അളന്ന് തിട്ടപ്പെടുത്തിക്കഴിഞ്ഞുവെന്നതാണ് ഡിജിറ്റൽ റീസർവെയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകത. ഇന്റഗ്രേറ്റഡ് പോർട്ടലിലേയ്ക്ക് കടക്കുമെന്ന് കഴിഞ്ഞ തവണ നമ്മൾ പറഞ്ഞു. രജിസ്ട്രേഷൻ വകുപ്പിന്റെ പോർട്ടലായ PEARL-ഉം റവന്യൂ വകുപ്പിന്റെ പോർട്ടലായ RELIS-ഉം സർവെ വകുപ്പിന്റെ പോർട്ടലായ e-Maps-ഉം കൂട്ടിയോജിപ്പിച്ചുകൊണ്ട് ലോകചരിത്രത്തിലാദ്യമായി, ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായി ഒരു സംയോജിത പോർട്ടൽ ആരംഭിച്ചു. ഒരു ഭൂമി നമ്മൾ വാങ്ങിക്കാൻ പോകുമ്പോൾ വിവിധ വകുപ്പുകളിൽനിന്നും നമുക്ക് ലഭിക്കേണ്ട ബാധ്യത സർട്ടിഫിക്കറ്റ്, കൈവശ സർട്ടിഫിക്കറ്റ്, തണ്ടപ്പേർ കണക്ക്, ഭൂമിയുടെ തരം സംബന്ധിച്ച വിവരം, വായ്പയുണ്ടോയെന്ന വിവരം, ജപ്തി നടപടികൾ സംബന്ധിച്ച വിവരം, സർവെ സ്കെച്ച് തുടങ്ങി അറിയേണ്ട

എല്ലാ കാര്യങ്ങൾക്കും പല ഓഫീസുകളിൽ പോകാതെ 'എന്റെ ഭൂമി' എന്ന ഒറ്റപോർട്ടലിലൂടെ ലഭിക്കും. അതിലേയ്ക്ക് വന്നത് ജനകീയമായിട്ടാണ്. ഗ്രാമസഭകൾ പോലെ സർവെ സഭകൾ, വാർഡ് മെമ്പർമാരുടെ നേതൃത്വത്തിലുള്ള ജാഗ്രത സമിതികൾ... കേരളം ഒരുമിച്ച് അളന്നപ്പോൾ ആറര ലക്ഷം ഹെക്ടർ ഭൂമി ആധുനിക സങ്കേതങ്ങളുടെ സഹായത്തോടെ നമുക്ക് ഈ ഒന്നര വർഷക്കാലത്തിനിടയിൽ അറിയാൻ കഴിഞ്ഞു. സ്വകാര്യ വ്യക്തികൾക്ക് കൃത്യമായ അളവും അതിരും ലഭിക്കുന്നതിനോടൊപ്പം സർക്കാർ ഭൂമി പൂർണ്ണമായും സംരക്ഷിക്കാൻ സാധിക്കുമെന്ന് ഉറപ്പുവരുത്തുന്ന ഡിജിറ്റൽ റീസർവെയാണ് നടക്കുന്നത്. ഈ സർവെപ്രകാരം അളന്നുകഴിയുമ്പോൾ സർക്കാർ ഭൂമിയിൽ കുടിയേറിയവരുടെയും വിവരമറിയാനും അവർക്ക് പട്ടയം നൽകാനും സാധിക്കുന്ന വിധത്തിലുള്ള നടപടിക്രമമുണ്ടാകും. ഇക്കാര്യത്തിൽ രണ്ട് കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒന്നാമത്തെ കാര്യം, നേരത്തെ ചങ്ങലവച്ചാണ് ലിങ്സ് അടയാളപ്പെടുത്തിയിരുന്നത്. ഇപ്പോൾ ആർ.ടി.കെ. (റിയൽടൈം കൈനമാറ്റിക്) റോവർ ഉപകരണങ്ങളാണ് ഉപയോഗിക്കുന്നത്. നേരത്തെയുള്ളതിൽനിന്ന് കൂടുതൽ ഭൂമി നമ്മുടെ പൊസഷനിൽ കാണാനുള്ള

സ്ഥിതിവരും. നാം അതിരുകെട്ടി സൂക്ഷിച്ച സ്ഥലത്ത് കൂടുതൽ ഭൂമി വന്നാൽ എന്തുചെയ്യും? ഇപ്പോൾ അതുസംബന്ധിച്ച് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്. അതായത്, എൽ.ആർ.എം. കേസുകളിൽ സർക്കാർ ഭൂമി അതിർത്തിയിലില്ലാത്ത സംഭവങ്ങളിൽ ടാക്സ് അടക്കാനുള്ള അധികാരം ലഭിച്ചു. പക്ഷേ ടാക്സ് അടച്ചതുകൊണ്ട് മാത്രം നമ്മുടെ ആധാരത്തിലോ കണക്കിലോ മാറ്റമുണ്ടാകില്ല. ടാക്സ് അടച്ചതുകൊണ്ട് മാത്രം കാര്യമില്ല. ആ ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കണം. അവസാനത്തെ സെറ്റിൽമെന്റ് കേരളത്തിലുണ്ടായത് 1932-ലാണ്. ഐക്യകേരളം രൂപീകരിച്ചതിനുശേഷം നമ്മുടെ രേഖകളിൽ ഒരു സെറ്റിൽമെന്റും ആക്റ്റുമുണ്ടായിട്ടില്ല. 1932-ലാണ് അവസാനത്തെ സെറ്റിൽമെന്റ് ഉണ്ടാക്കിയതെന്ന ധാരണയിൽത്തന്നെ കേരളത്തിന്റെ ചരിത്രത്തിൽ ഐക്യകേരളത്തിന്റെ രൂപീകരണത്തിനുശേഷമുള്ള ആദ്യത്തെ സെറ്റിൽമെന്റ് ആക്റ്റ് ഈ രണ്ടാം പിണറായി സർക്കാരിന്റെ കാലത്ത് കേരള നിയമസഭയുടെ മുമ്പാകെ അവതരിപ്പിച്ചുകൊണ്ട് ഒരു സെറ്റിൽമെന്റ് ആക്റ്റ് സംസ്ഥാനത്ത് നിലവിൽ വരും. പുതുച്ചേരിയിലെ സർവെ ഉദ്യോഗസ്ഥർ ഒരു മാസക്കാലമായി

കേരളത്തിൽ വന്ന് സർവെ പഠിക്കുകയാണ്. ആസാം സംസ്ഥാനത്തുനിന്നുള്ള സംഘം രണ്ടാഴ്ചയായി കേരളത്തിലുണ്ട്. ആന്ധ്രാപ്രദേശ്, തമിഴ്നാട്, പശ്ചിമ ബംഗാൾ, ഒറീസ, ലക്ഷദ്വീപ് എന്നിവിടങ്ങളിൽനിന്നെല്ലാം കേരളത്തിലെ സർവെ സൊല്യൂഷൻ ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിലേയ്ക്ക് വരുകയും ഉപദേശം തേടുകയുമാണ്. ലോക ശ്രദ്ധയാകർഷിക്കുന്ന ഡിജിറ്റൽ റീസർവെ അവതരിപ്പിക്കാൻ ഈ മേയ് മാസത്തിൽ സംസ്ഥാന തലസ്ഥാനമായ തിരുവനന്തപുരത്ത് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സർവെ ഉദ്യോഗസ്ഥരും ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രിമാരും ബഹുമാനപ്പെട്ട സംസ്ഥാന മന്ത്രിമാരുമുൾപ്പെടെയുള്ളവരുടെ ഒരു നാഷണൽ കോൺക്ലേവ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ നൽകിയ പിന്തുണയോടെ നടക്കുകയാണ്. അതോടെ കേരളം ലോകത്തെ ഏറ്റവും ശ്രദ്ധേയമായ സംസ്ഥാനമാകും. എല്ലാ സ്ഥലങ്ങളിലും സർവെ ജീവനക്കാരില്ലെന്ന പരാതികളുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യം താലൂക്കുകളിലുള്ള എൽ.ആർ.എം. കേസുകളാണ്. ചാത്തന്നൂർ ഇക്കാര്യത്തിലൊരു മാതൃകയാണ്. എൽ.ആർ.എം. കേസുകളില്ലാത്ത കേരളത്തിലെ സർവെ രംഗത്തും റവന്യൂ രംഗത്തും

മാതൃകാപരമായി ഇടപെട്ട ജനപക്ഷ ചാത്തന്നൂരിന്റേകൂടി ചർച്ചയുടെ അടിസ്ഥാനത്തിൽ കേരളത്തിലുള്ള 140000 കേസുകൾ പരിഹരിക്കാൻ പ്രത്യേക മോഡലുണ്ടാക്കാൻ തീരുമാനിച്ചുവെന്ന കാര്യം അങ്ങുൾപ്പെടെയുള്ള സദസ്സിനെ അറിയിക്കുകയാണ്. 140000 കേസുകളിൽ 44000 കേസുകൾ ഇനം മാറ്റവും പലവകയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. ഇനം മാറ്റവും പലവകയുമായി ബന്ധപ്പെട്ട എൽ.ആർ.എം. കേസുകൾ ഈ വരുന്ന ഏപ്രിൽ, മേയ് മാസങ്ങളിലായി ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള 78 താലൂക്ക് അദാലത്തുകളിൽവച്ച് പരിഹരിക്കും. ബാക്കി വരുന്ന കേസുകൾ ഡിജിറ്റൽ സർവെയുടെ ഉപകരണങ്ങളുൾപ്പെടെ ഉപയോഗിച്ച് സമയബന്ധിതമായ ഒരു കാലയളവ് തീരുമാനിച്ചുകൊണ്ട് പരിഹരിക്കാൻ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

കേരളത്തിൽ വിവിധ നയങ്ങൾ ഈ ഘട്ടത്തിൽ അവതരിപ്പിക്കാൻ സാധിച്ചു. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി എല്ലാ സ്ഥലങ്ങളിലും പറയുന്നതുപോലെ കേരളം വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽ ലോകത്തിന് അഭിമാനമായി എത്തിച്ചേർന്നപ്പോൾ Kerala Government Land

Allotment and Assignment for Industrial Purposes Rules കൊണ്ടുവരികയും വ്യവസായങ്ങൾക്കുവേണ്ടി സർക്കാർ ഭൂമി അനുവദിക്കുന്നതിനുള്ള ചട്ടങ്ങൾ വ്യവസായ വകുപ്പും റവന്യൂ വകുപ്പും ചേർന്ന് കൂട്ടായി ആലോചിക്കുകയും അടിസ്ഥാന തത്വങ്ങളിൽ മാറ്റം വരുത്താതെതന്നെ വലിയ മാറ്റം നിലവിലുള്ള സൗകര്യങ്ങളിൽ ഒരുക്കാൻ സാധിക്കുകയും ചെയ്തു. പ്രോസസിംഗ് ചാർജിന്റെ കാര്യത്തിലും ഉൽപ്പാദനം ആരംഭിച്ച് മൂന്ന് വർഷം കഴിഞ്ഞാൽ മാത്രമെ ഭൂമി കൈമാറ്റം ചെയ്യാനും വ്യവസായത്തിന്റെ ഘടനയിൽ മാറ്റം വരുത്താനും സാധിക്കുവെന്ന നേരത്തെയുള്ള നയത്തിന്റെ കാര്യത്തിലും നിലവിലുള്ള ഘടനാമാറ്റത്തിന് അനുവദിക്കേണ്ട സംഖ്യയുടെ കാര്യത്തിലും മാറ്റം വരുത്താൻ സാധിച്ചു. ഇത്തരത്തിൽ കേരളത്തെ ലോകത്തിന്റെ മുമ്പിൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനായി ഏറെ ശ്രദ്ധേയമായ ഇടപെടൽ കേരളത്തിലെ റവന്യൂ വകുപ്പിന് നടത്താനായിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് റവന്യൂ, വനം, വ്യവസായം എന്നീ വകുപ്പുകൾ ചേർന്ന് വലിയ മുന്നേറ്റമാണ് നടത്തിയത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത് റവന്യൂ വകുപ്പ് സ്മാർട്ടായിക്കൊണ്ടിരിക്കുകയാണ്. ഡിജിറ്റൽ സർവെയിൽ ബാക്കി വില്ലേജുകൾ ഉൾപ്പെടുത്തണമെന്നുപറഞ്ഞത് എന്റെ നിയോജകമണ്ഡലത്തിന്റെ താൽപര്യപ്രകാരമല്ല. സംസ്ഥാന താൽപര്യപ്രകാരമാണ്. കെട്ടിടം മാത്രമല്ല, എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഡിജിറ്റലായ മേഖലയാണ് ചാത്തന്നൂർ. അതുകൊണ്ട് ഡിജിറ്റൽ സർവെകൂടി പൂർത്തിയാക്കിയാൽ ഒരു നിയോജകമണ്ഡത്തിലെ എല്ലാ വില്ലേജുകളും സമ്പൂർണ്ണ സ്മാർട്ട് സേവനം നൽകുന്ന സ്ഥലമായി ചാത്തന്നൂരിനെ സംസ്ഥാനത്തിന് പ്രഖ്യാപിക്കാൻ സാധിക്കും. ആ സാധ്യത അങ്ങ് വിനിയോഗിക്കുമോ?

ശ്രീ. കെ. രാജൻ: സർ, ഞാൻ എം.എൽ.എ.-മാരുടെ ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ അത് പറയാമെന്ന് കരുതിയിരുന്നതാണ്. തീർച്ചയായും അദ്ദേഹത്തിന്റെ നിർദേശം അംഗീകരിച്ചുകൊണ്ട് അക്കാര്യത്തിൽ പ്രത്യേക നടപടിക്രമങ്ങളുണ്ടാകുമെന്ന് അങ്ങയെ ഈ ഘട്ടത്തിൽ അറിയിക്കുകയാണ്. ഭൂപതിവ് നിയമത്തിന്റെ ചട്ട ഭേദഗതി ഏറ്റവും അടുത്ത ദിവസം തന്നെ നമുക്ക്

സഭയിൽ കൊണ്ടുവരാൻ സാധിക്കും. സാമൂഹികവും പാരിസ്ഥിതികവുമായ നിരവധി പ്രശ്നങ്ങൾ കണക്കിലെടുത്തും നിയമപരമായ പ്രശ്നങ്ങളും കോടതി വിധികളും അവലംബിച്ചുംവേണം ചട്ടം രൂപീകരിക്കാനെന്നുള്ളതുകൊണ്ട് അതുമായി ബന്ധപ്പെട്ട അന്തിമ ചർച്ചകൾ നടന്നുവരികയാണ്. അക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. ഇവിടെ ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ ഉന്നയിച്ചതുപോലെ പരുന്തുംപാറയുമായി ബന്ധപ്പെട്ട പ്രശ്നം ഇന്ന് ചില മാധ്യമങ്ങളിൽ വളരെ ഗൗരവത്തോടെ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരുന്തുംപാറയിലെ വിഷയം ഉയർന്നുവന്ന ഘട്ടത്തിൽത്തന്നെ പട്ടയം റദ്ദാക്കൽ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുമായി അടിയന്തര പരിശോധന നടത്താൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിരുന്നു.

ശ്രീ. വാഴൂർ സോമൻ: സർ, ......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചോളൂ. പ്ലീസ് .... ഇനിയും വഴങ്ങേണ്ടതില്ല. എന്റെ നിയോജകമണ്ഡലത്തിലാണ് എനിക്ക് സംസാരിച്ചേ പറ്റുകയുള്ളൂവെന്ന് അങ്ങനെ വാശിപിടിക്കാമോ?

ശ്രീ. കെ. രാജൻ: സർ, ചെയർ അനുവദിക്കാതെ എനിക്ക് വഴങ്ങാൻ സാധിക്കില്ല.

മി. സ്പീക്കർ: യെസ് ..... സംസാരിച്ചോളൂ.

ശ്രീ. വാഴൂർ സോമൻ: സർ, എന്നെ പരാമർശിക്കുന്ന വിഷയമുണ്ട്. അതുകൊണ്ടാണ് സംസാരിക്കണമെന്ന് പറയുന്നത്. അതായത്, പരുന്തുംപാറ എന്റെ നിയോജകമണ്ഡലത്തിലാണ്. 1978-ൽ പട്ടയം ലഭിച്ച രണ്ട് ഏക്കർ സ്ഥലം എനിക്കും അവിടെയുണ്ട്. അവിടെ കൈയേറ്റങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ട ഒരു വർഷത്തിനുമുമ്പ് താലൂക്ക് സഭയിൽ സി.പി.ഐ., സി.പി.ഐ.(എം.), കോൺഗ്രസ്, മുസ്ലീംലീഗ് എന്നീ പാർട്ടികളുടെ അംഗങ്ങൾ ഒന്നടങ്കം നടപടി സ്വീകരിക്കണമെന്ന് തഹസീൽദാരോട് ആവശ്യപ്പെട്ടതാണ്. എന്നാൽ നിർഭാഗ്യവശാൽ സമയത്ത് നടപടി സ്വീകരിച്ചില്ല. ഈ മൂന്നര വർഷക്കാലത്തിനുള്ളിൽ അഞ്ചാമത്തെ എൽ.ആർ. തഹസീൽദാരും നാലാമത്തെ എൽ.എ. തഹസീൽദാരുമാണ് പീരുമേട്ടിൽ ചാർജ്ജെടുത്തിരിക്കുന്നത്. വ്യക്തിപരമായി ഞങ്ങളെക്കൂടി

ചെളിവാരിയെറിയുന്ന ഒരു സമീപനം വന്നിട്ടുണ്ട്. അതുകൊണ്ട് ഇക്കാര്യത്തിലൊരു വ്യക്തത വരുത്തണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് ഇനിയും സമയം ആവശ്യമുണ്ടോ?

ശ്രീ. കെ. രാജൻ: സർ, പത്ത് മിനിറ്റിൽ പ്രസംഗം അവസാനിപ്പിക്കാം. ഇതിൽ ഒരു അവ്യക്തതയുടെയും പ്രശ്നമില്ല. കേരളത്തിന്റെ സർക്കാരിന്റെ കർശന അഭിപ്രായം ഞാൻ പറയാം. കേരളത്തിലെ ഭൂമിയില്ലാത്ത കുടിയേറ്റക്കാരായ സാധാരണ മനുഷ്യർക്ക് പട്ടയം നൽകുകയെന്നതാണ് സർക്കാർ നയം. എന്നാൽ കൈയേറ്റക്കാരായ ഒരാളെയും വച്ചുപൊറുപ്പിക്കാൻ ഈ സർക്കാർ ഒരുതരത്തിലും അംഗീകരിക്കില്ല. അതിൽ ഒരു വിട്ടുവീഴ്ചയുമില്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അവിടെ തഹസീൽദാർമാർ മാറിവന്നത് എച്ച്.ആർ.എം.എസ്. മുഖേന ഓൺലൈൻ സ്ഥലമാറ്റത്തിന്റെ പേരിൽ മാറ്റങ്ങളുണ്ടാകുമ്പോഴാണ്. അത് ക്യൂ ലിസ്റ്റ് അനുസരിച്ച് അവരുടെ സ്ഥലങ്ങളിലേയ്ക്ക് പോകാൻ അവസരമുണ്ടാകുമ്പോൾ സ്വാഭാവികമായി ജനറേറ്റുചെയ്യുന്നതിനനുസരിച്ച് മാറ്റമുണ്ടാകും. ആര് മാറുന്നുവെന്നത് പ്രശ്നമല്ല. ഇവിടെ ഭരിക്കുന്ന സർക്കാരിന്റെ കൃത്യമായ നിലപാട് ഒരു

കൈയേറ്റക്കാരനേയും ആ വിധത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ എവിടെയും അംഗീകരിക്കുന്ന പ്രശ്നമില്ല. ഇവിടെയുള്ള പ്രധാന പ്രശ്നം വലിയ വിസ്തൃതിയുള്ള സർവെ നമ്പറിൽ മൈനർ സർക്യൂട്ടുകളായാണ് അവിടെയുള്ള പല മേഖലകളുമുണ്ടാകുന്നത്. ഈ വിഷയത്തിൽ ജില്ലാ കളക്ടർ സ്റ്റോപ്പ് മെമ്മോ നൽകി താൽക്കാലികമായി പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഉത്തരവിറക്കിയിട്ടുണ്ട്. ആ സ്റ്റോപ്പ് മെമ്മോ നൽകിയതിന്റെ അടിസ്ഥാനത്തിൽ അതിനുശേഷവും ചില നടപടിക്രമങ്ങൾ അവിടെയുണ്ടെന്ന് കണ്ടപ്പോൾ അടിയന്തരമായി ഇടപെട്ടുകൊണ്ട് കഴിഞ്ഞ വെള്ളിയാഴ്ച തന്നെ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പഴയ ചട്ടപ്രകാരം, ഐ.പി.സി. 144 പ്രകാരം, ഇപ്പോഴത്തെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിത 166 പ്രകാരം ഈ സ്ഥലത്ത് രണ്ട് മാസക്കാലത്തേയ്ക്കുള്ള നിരോധനാജ്ഞ പ്രഖ്യാപിച്ചിരിക്കുകയാണ്. ഒരാളെയും അങ്ങോട്ട് കടക്കാൻ അനുവദിക്കില്ലെന്നുമാത്രമല്ല, പീരുമേട് താലൂക്ക് ഒഴികെയുള്ള 15 റവന്യൂ ഉദ്യോഗസ്ഥരുടെ ഒരു പ്രത്യേക ടീമിനെ നിശ്ചയിക്കുകയും അനധികൃത കൈയേറ്റങ്ങൾ ഒഴിപ്പിക്കലുൾപ്പെടെയുള്ള

നടപടികൾ ആരംഭിക്കുകയും ചെയ്തു. അത്തരത്തിലുള്ള ഒരു കൈയേറ്റവും എവിടെയും വച്ചുപൊറുപ്പിക്കാൻ പറ്റാത്ത തരത്തിൽ എന്നന്നേയ്ക്കുമായി മാറ്റിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇന്ന് വൈകുന്നേരം ആറ് മണിക്ക് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന ഉന്നതതല യോഗത്തിലൂടെ ആരംഭിക്കുമെന്ന് അറിയിക്കുകയാണ്. ഹൗസിംഗുമായി ബന്ധപ്പെട്ട് രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളാണ് സൂചിപ്പിക്കാനുള്ളത്. ഒരുപക്ഷെ കേരളത്തിലെ തന്നെ ഏറ്റവും വലിയ കെട്ടിടം എന്ന നിലയിൽ, നമുക്ക് എല്ലാവർക്കും അഭിമാനമായ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നേതൃത്വത്തിൽ, 17.84 ഏക്കർ സ്ഥലത്ത് 2400 കോടി രൂപ നിർമ്മാണചെലവും 3650 കോടി രൂപ വിറ്റുവരവും പ്രതീക്ഷിച്ചുകൊണ്ട് നാൽപ്പത് ലക്ഷത്തിലധികം സ്ക്വയർഫീറ്റ് വരുന്ന നാല് മേഖലകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള മറൈൻ എക്കോ സിറ്റിക്ക് ഈ വർഷംതന്നെ, അതായത്, രണ്ട് മാസക്കാലത്തിനകം തറക്കല്ലിട്ട് നിർമ്മാണപ്രവർത്തനങ്ങളിലേയ്ക്ക് കടക്കുമെന്ന കാര്യം ഇവിടെ സൂചിപ്പിക്കുകയാണ്. കേരളത്തിലെ വലിയൊരു പദ്ധതിയാണ് ലൈഫ് പദ്ധതി.

അതോടൊപ്പം ഗൃഹശ്രീ ഭവന പദ്ധതി, തന്റെയിടം പദ്ധതി എന്നിവ ആരംഭിച്ചിട്ടുണ്ട്. ഭവന നിർമ്മാണ രംഗത്ത് ഒരു പുതിയ ഭവന നയം ഉൾപ്പെടെ പ്രഖ്യാപിച്ചുകൊണ്ട് മുന്നോട്ടുപോകാനുള്ള പരിശ്രമത്തിലേയ്ക്ക് ഈ സർക്കാർ കടക്കുകയാണെന്ന കാര്യം ഞാൻ ഈ സഭയെ അറിയിക്കുന്നു. ചില എം.എൽ.എ. മാർ ഇവിടെ ഉന്നയിച്ച വിഷയങ്ങൾക്ക് പൊതുവായി മറുപടി പറഞ്ഞിട്ടുണ്ട്. ശ്രീ. അനൂപ് ജേക്കബ് ചോറ്റാനിക്കരയിലെ സാഫല്യം പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നം സൂചിപ്പിക്കുകയുണ്ടായി. ഞാൻ എം.എൽ.എ.-യുമായി സംസാരിച്ച് ആ വിഷയത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാം. അവിടെ ഒരു അപകടമുള്ളത്, 2014-ലാണ് ഇതുമായി ബന്ധപ്പെട്ട് ഒരു ധാരണയുണ്ടായിട്ടുള്ളത്. 2014-ൽ അവിടത്തെ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ജോൺസൺ തോമസും ഹൗസിംഗ് ബോർഡ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ജനൻ തോമസും ചേർന്ന് തയ്യാറാക്കിയ ധാരണയുടെ അഞ്ചും എട്ടും കണ്ടീഷനുകൾ പ്രകാരം സാഫല്യം പദ്ധതി പ്രകാരമുള്ള പദ്ധതി നടത്തിപ്പ്, ഗുണഭോക്താക്കളുടെ തിരഞ്ഞെടുപ്പ് തുടങ്ങിയ എല്ലാ നിബന്ധനകളും ഈ പദ്ധതിക്ക് ബാധകമായിരിക്കുമെന്നും

പരിപൂർണ്ണമായി പാലിക്കേണ്ടതിന് പഞ്ചായത്തിന് ബാധ്യതയുണ്ടായിരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡ് നിർമ്മാണ ജോലികൾ പൂർത്തിയാക്കി ഫ്ലാറ്റുകൾ പഞ്ചായത്തിന് കൈമാറുകയാണെന്നും പറഞ്ഞിട്ടുണ്ട്. എന്തായാലും അങ്ങ് ഇക്കാര്യം ഉന്നയിച്ച സാഹചര്യത്തിൽ അതിൽ ചെയ്യാവുന്നതെന്താണെങ്കിലും അക്കാര്യത്തിൽ പരിശോധിച്ച് തീരുമാനമെടുക്കാവുന്നതാണെന്ന കാര്യം കൂടി ഈ ഘട്ടത്തിൽ അങ്ങയെ അറിയിക്കുന്നു. ഇവിടത്തെ സ്ഥിതിഗതികൾ മനസ്സിലാകുന്നതേയുള്ളൂ..

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്...പ്ലീസ്..

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ, ഞാൻ പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നു. പഞ്ചായത്തുമായി ഹൗസിംഗ് ബോർഡ് എഗ്രിമെന്റ് വയ്ക്കുമ്പോൾ ഇതിന്റെ സാങ്കേതിക വശം അറിയാവുന്നത് ഹൗസിംഗ് ബോർഡ് ഉദ്യോഗസ്ഥർക്കായിരുന്നു. അവരുടെ ഗ്യാരന്റിയിലാണ് നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്ക് കടക്കുന്നത്. പക്ഷേ നിർമ്മാണം പൂർത്തിയാക്കി 2017 മുതൽ കംപ്ലെയിന്റുകൾ വന്നുതുടങ്ങി, അന്നുമുതൽ ഈ വിഷയം ഹൗസിംഗ് ബോർഡിന്റെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. പുതിയൊരു സാങ്കേതിക

മേഖലയെന്ന രീതിയിലാണ് അവർ ഇത് കൊണ്ടുവന്നത്. പൂർണ്ണമായും ഹൗസിംഗ് ബോർഡിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ് അവിടെ കാണാൻ കഴിഞ്ഞത്. അതുകൊണ്ടാണ് അത് പുനർനിർമ്മിക്കാൻ ഹൗസിംഗ് ബോർഡ് തയ്യാറാകണമെന്ന ആവശ്യം ഞാൻ ഉന്നയിച്ചത്. അതിനുള്ള സാഹചര്യം ഒരുക്കണം.

ശ്രീ. കെ. രാജൻ: സർ, ബഹുമാനപ്പെട്ട അംഗം മാത്രമല്ല, ആ ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. രാജീവ് ഇക്കാര്യം സംബന്ധിച്ച് നേരത്തെ കത്ത് നൽകിയിരുന്നു. ഇക്കാര്യങ്ങൾ നേരത്തെ പരിശോധിച്ചതാണ്. മുൻകാലങ്ങളിലുള്ള ഉദ്യോഗസ്ഥരുടെമേൽ നടപടിയെടുക്കുകയെന്നതല്ലാതെ പദ്ധതിയുടെ എഗ്രിമെന്റ് പ്രകാരം ബഹുമാനപ്പെട്ട അംഗം പറഞ്ഞ ആവശ്യം സാധ്യമായി കാണുന്നില്ല. പക്ഷെ അങ്ങ് ഈ വിഷയം ഉന്നയിച്ച സാഹചര്യത്തിൽ ഏത് വിധേനയാണ് അത് മാറ്റാൻ കഴിയുക എന്ന കാര്യത്തിൽ ആവശ്യമായ പരിശോധന നടത്താനാകും എന്നുകൂടി ഞാൻ ഈ ഘട്ടത്തിൽ അറിയിക്കുന്നു. ഒരു കാര്യം കൂടി പറഞ്ഞ് അവസാനിപ്പിക്കുകയാണ്. വളരെ സന്തോഷപൂർവം ഈ സഭയിൽ

അറിയിക്കട്ടെ; കഴിഞ്ഞ നാല് വർഷക്കാലത്തിനിടയിൽ റവന്യൂ-സർവെ മേഖലകളിൽ നാട് കണ്ടിട്ടില്ലാത്ത വിധത്തിലുള്ള വലിയ മാറ്റങ്ങളിലേയ്ക്ക് നമ്മൾ കടന്നത് എം.എൽ.എ.-മാരുടെ പൂർണ്ണ പിന്തുണയോടുകൂടിയാണ്. റവന്യൂ അസംബ്ലിയുടെ ഭാഗമായുള്ള, പട്ടയ അസംബ്ലിയുടെ ഭാഗമായുള്ള ആദ്യ എഡിഷൻ നേരത്തെ പൂർത്തിയായിട്ടുണ്ട്. അവിടെ ഉന്നയിച്ച പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞു. രണ്ടാം എഡിഷൻ മാർച്ചിൽ നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. ഏപ്രിൽ 15 വരെ പരമാവധി സമയമുണ്ട്. പ്രശ്നങ്ങൾ രേഖപ്പെടുത്തിയാൽ അതിവേഗം ചട്ട നിയമ ഭേദഗതികൾ ഉൾപ്പെടെ നടത്തേണ്ടി വന്നാൽ അങ്ങനെയാണെങ്കിലും പരിഹാരം കാണാമെന്ന് ഞാൻ അറിയിക്കുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാര്യങ്ങളെല്ലാം ഇവിടെ വിശദീകരിച്ചു, ഒരു കാര്യം മാത്രം പറഞ്ഞ് അവസാനിപ്പിക്കാം. കേരളത്തിൽ പല വിധത്തിലുള്ള സാമ്പത്തിക പ്രയാസങ്ങളുണ്ട്. ആ സാമ്പത്തിക പ്രയാസങ്ങളെല്ലാം ബോധപൂർവമായി ഈ സർക്കാരിനെ തകർക്കാനും സർക്കാരിന്റെ മഹിതമായ പാരമ്പര്യത്തെ തകർക്കാനും മുന്നോട്ടുപോകാനുള്ള

നേട്ടങ്ങളെ ഇല്ലാതാക്കാനുമുള്ള ബോധപൂർവമായ ഗൂഢാലോചനയുടെ കൂടി ഭാഗമാണെന്ന് നമുക്കെല്ലാവർക്കുമറിയാം. നേരത്തെ ഇവിടെ ചർച്ചയിൽ പറഞ്ഞതുപോലെ, ഒരു കേന്ദ്രമന്ത്രി ഇവിടെ ആവശ്യപ്പെട്ടതുപോലെ കേരളമെന്ന നാടിന്റെ മഹിതമായ പാരമ്പര്യത്തെ തള്ളിപ്പറഞ്ഞ് സ്വയം പാപ്പരാണെന്ന് പ്രഖ്യാപിച്ച് പിച്ചച്ചട്ടിയുമായി ഞങ്ങളുടെ മുന്നിൽ വന്നാൽ ഞങ്ങൾ എന്തെങ്കിലും സഹായത്തെക്കുറിച്ച് ആലോചിക്കാം എന്ന വിധത്തിലുള്ള പ്രസ്താവനകളെ അർഹിക്കുന്ന അവജ്ഞയോടെ കേരളം തള്ളിക്കളയുകയാണ്. കേരളത്തിന് പല കാര്യങ്ങളിൽ ബുദ്ധിമുട്ടുകളുണ്ട്. കേരളത്തിന്റെ വികസന പദ്ധതികളുടെ പ്രത്യേകതകൾ കൂടി കണക്കാക്കിയായിരിക്കാം അത്. കേരളത്തിന് എത്രയോ പ്രയാസങ്ങളും പ്രശ്നങ്ങളുമുണ്ട്, പക്ഷെ ഉറപ്പിച്ച് ഞങ്ങൾ ഈ സഭാ സമ്മേളനത്തിൽതന്നെപറയുന്നു, മൂന്നരക്കോടി മലയാളികളുടെ ആത്മാഭിമാനം പണയംവച്ച് ഒരിടത്തും പിച്ചച്ചട്ടിയുമായി നിൽക്കേണ്ട കാര്യം കേരളത്തിലെ ഗവൺമെന്റിനും ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തിലെ ജനങ്ങൾക്കുമില്ല. കേരളം കണ്ട ഏറ്റവും വലിയ ദുരന്തം നേരിട്ട വയനാടിനെ,

പുഞ്ചിരിമറ്റം, മുണ്ടക്കൈ, അട്ടമല, ആറാമലയെല്ലാം ഉൾപ്പെടുന്നതും 298 പേരുടെ മരണത്തിൽ കലാശിച്ചതും പ്രിയപ്പെട്ടവരും സ്വത്തും സമ്പാദ്യവും എല്ലാം നഷ്ടപ്പെട്ടതുമായ ചൂരൽമലയെ ഇത്രമേൽ മൃഗീയതയോടെ, ക്രൂരതയോടെ കണ്ട ഒരു കേന്ദ്രസർക്കാരാണിത്. ഇത് പറയാൻ പ്രയാസമുണ്ട്. എന്നാലും ഒരു ചെറിയ കാര്യമേ ഉണ്ടായിരുന്നുള്ളൂ. ഈ ദുരന്തത്തെ ഡിസാസ്റ്റർ ഓഫ് സിവിയർ നേച്ചറായി പ്രഖ്യാപിച്ച സർക്കാർ...., ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 13 പ്രകാരം ദേശീയ ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്ന് ദുരന്ത നിവാരണ പ്രദേശത്തെ മുഴുവൻ മനുഷ്യരുടെയും കടങ്ങൾ എഴുതിത്തള്ളാൻ നിയമപരമായി പാർലമെന്റ് ദേശീയ ദുരന്ത നിവാരണ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരളത്തിന് പണമൊന്നും തന്നില്ലെങ്കിലും പാവപ്പെട്ട മനുഷ്യരുടെ കടങ്ങൾ എഴുതിത്തള്ളാനുള്ള കാര്യത്തിൽപ്പോലും കേന്ദ്രസർക്കാർ ഒരു നിലപാട് സ്വീകരിക്കുന്നില്ലെന്നത് കേരളത്തോടുള്ള അതിഭീകരമായ പകയുടെ, വിദ്വേഷത്തിന്റെ ഭാഗമായി കാണേണ്ടിവരും. പക്ഷെ ഒരു കാര്യം ഈ സഭയ്ക്ക് ഉറപ്പ് നൽകട്ടെ. ഈ സഭാ സമ്മേളനം കഴിഞ്ഞാൽ, മാർച്ച് മാസത്തിൽതന്നെ ബഹുമാനപ്പെട്ട

മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉൾപ്പെടെ പങ്കെടുത്തുകൊണ്ട് അവിടെ ടൗൺഷിപ്പിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കാൻ പോകുകയാണ്. കഴുത്ത് പിടിച്ച് എത്ര ഞെരിച്ചു കൊന്നാലും.... ഒരു മാധ്യമവും ആശങ്കപ്പെടുത്തണ്ട.. മാനദണ്ഡങ്ങൾ പ്രകാരമുള്ള ഒരു ദുരന്ത ബാധിതനെയും അവിടെ ഒറ്റപ്പെടുത്തി ഞങ്ങൾ ചുരമിറങ്ങില്ല. അവസാനത്തെ ദുരന്തബാധിതനെയും പുനരധിവസിപ്പിക്കാനുള്ള നടപടി മാർച്ച് മാസത്തിൽ ആരംഭിക്കും. ഈ അഭ്യർത്ഥനകൾ പാസ്സാക്കണമെന്ന് സവിനയം സഭയോട് അഭ്യർഥിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, സഭയുടെ കീഴ്‌വഴക്കം അനുസരിച്ച് അംഗങ്ങൾ സംസാരിക്കുമ്പോൾ രണ്ടോ മൂന്നോ മിനിട്ട് അധികമെടുക്കാറുണ്ട്. എന്നാൽ ഇവിടെ കൃത്യമായി 10 മിനിട്ട് സമയപരിധിയിൽ 9 മിനിട്ടാകുമ്പോൾ തന്നെ ബെല്ലടിക്കും. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രിമാർ സംസാരിക്കാൻ തുടങ്ങിയിട്ട് ആകെ നാല്പത് മിനിട്ട് കഴിഞ്ഞു. മൂന്നാമത്തെ മന്ത്രി സംസാരിക്കുന്നതേയുള്ളൂ. പ്രതിപക്ഷത്തെയും ഭരണപക്ഷത്തെയും അംഗങ്ങളുടെ മുഴുവൻ അവകാശങ്ങളും സംരക്ഷിക്കേണ്ടത് ചെയറിന്റെ ഉത്തരവാദിത്വമാണ്.

<u>മി.ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്.. തീർച്ചയായിട്ടും..

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്നാൽ ഇവിടെ പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ മാത്രം ഹനിച്ചുകൊണ്ടാണ് ഇപ്പോൾ മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാർക്ക് എത്രസമയം വേണമെങ്കിലും സംസാരിക്കാം. ഒരു നിയന്ത്രണവുമില്ല. അത് അംഗീകരിക്കാൻ കഴിയില്ല. ഇപ്പോൾ ഏകദേശം 45 മിനിട്ടായി. ഇതിന്റെ അർത്ഥമെന്താണ്; ഇതുവരെ മൂന്ന് മന്ത്രിമാർ മാത്രമേ സംസാരിച്ചിട്ടുള്ളൂ. സമയക്ലിപ്തത എല്ലാവർക്കും ബാധകമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ദയവായി അങ്ങ് സീറ്റിലിരിക്കണം.

ശ്രീ. എ. പി. അനിൽ കുമാർ: സർ, അതുകൊണ്ടുതന്നെ അങ്ങ് സമയം നിയന്ത്രിക്കണം. (മൈക്ക് ഓഫ്)

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ഇരിക്കു.. അങ്ങ് സൂചിപ്പിക്കാനുള്ളത് പറഞ്ഞുകഴിഞ്ഞല്ലോ. ദയവായി സീറ്റിലിരിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സഭയുടെ കീഴ്‌വഴക്കം പരിശോധിച്ചാൽ, സമയമെടുത്ത് മന്ത്രിമാർ മറുപടി പറഞ്ഞതായി ഭരണപക്ഷത്തേയും പ്രതിപക്ഷത്തെയും അംഗങ്ങളുടെ ചരിത്രമുണ്ട്. അതുകൊണ്ട് അതൊരു പുതിയ കാര്യമെന്ന രൂപത്തിൽ എടുക്കേണ്ടതില്ല. ഇവിടെ വളരെ കുറച്ച് സമയത്തിനുള്ളിൽ പറഞ്ഞ് അവസാനിപ്പിക്കാം. പ്രധാനമായും ദേവസ്വവുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്, കേരളത്തിൽ അഞ്ച് ദേവസ്വം ബോർഡുകളാണുള്ളത് - തിരുവിതാംകൂർ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം ബോർഡ്, കൂടൽമാണിക്യം ദേവസ്വം ബോർഡ് എന്നിവയാണ്. ദേവസ്വം ബോർഡുകളുടെ പ്രവർത്തനങ്ങളിൽ പ്രധാനമായും ശബരിമല മണ്ഡലകാലം ഇത്തവണ കുറ്റമറ്റതാക്കി പരാതിരഹിതമാക്കിയതിന് അഭിനന്ദനം ലഭിച്ചിരുന്നു. അതിനെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പം മലബാർ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ ഇവിടെ ഉന്നയിച്ചിരുന്നു. സാമ്പത്തിക വിഷയങ്ങളാണ്

അക്കാര്യങ്ങളെ സംബന്ധിച്ച് ആവശ്യപ്പെട്ടത്. പൊതുവിൽ നമ്മുടെ സംസ്ഥാനത്ത് ഒന്നാം പിണറായി സർക്കാരും രണ്ടാം പിണറായി സർക്കാരും വന്നതിനുശേഷം അഞ്ച് ദേവസ്വം ബോർഡുകൾക്കും ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിനും ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനുമടക്കം 600.70 കോടി രൂപയുടെ ഫണ്ട് ഗവൺമെന്റ് അവസാന ഉത്തരവിലൂടെ അനുവദിച്ചിട്ടുണ്ടെന്നതാണ് സൂചിപ്പിക്കാനുള്ളത്. അതിൽ മലബാർ ദേവസ്വം ബോർഡിന് പണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഇപ്രാവശ്യത്തെ അവരുടെ Grand-in-aid 18,27,73,440/- രൂപ അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്നതുംകൂടി കൊടുക്കാൻ ആവശ്യമായ ഫയൽ ഫിനാൻസിന് സമർപ്പിച്ചിട്ടുണ്ടെന്ന കാര്യം സൂചിപ്പിക്കുകയാണ്. ഇതുകൂടാതെ മലബാർ ദേവസ്വവുമായി ബന്ധപ്പെട്ട് ആചാര്യസ്ഥാനികൾക്കും കോലധാരികൾക്കും പ്രത്യേകമായ രൂപത്തിലുള്ള ഫണ്ട് ഇക്കാര്യത്തിൽ അനുവദിക്കുകയുണ്ടായി. 1400/- രൂപയുണ്ടായിരുന്ന അവരുടെ പെൻഷൻ 1600/- രൂപയാക്കി വർധിപ്പിച്ചു. ഈ കാലഘട്ടത്തിൽ കൊടുക്കാനുള്ള 5,30,00,000/- രൂപ പൂർണ്ണമായും കൊടുത്ത് കഴിഞ്ഞിട്ടുണ്ട്. ഇനി കുടിശ്ശിക

ധനസഹായം അനുവദിക്കുന്നതിനായി 1,70,00,000/- ലക്ഷം രൂപയുടെ പ്രൊപ്പോസൽ ധനവകുപ്പിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. പുതിയ 589 അപേക്ഷകൾകൂടി പരിഗണനയ്ക്ക് വിട്ടിട്ടുണ്ട്. 1544 ആചാര്യസ്ഥാനികൾക്കും 368 കോലധാരികൾക്കും ഉൾപ്പെടെ 1912 പേർക്ക് ഇതിനോടകം തന്നെ പെൻഷൻ അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിൽ ക്ഷേത്രങ്ങളുടെ പ്രത്യേക കണക്കനുസരിച്ച് പരിശോധിച്ചാൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് 144,96,00,000/-, കൊച്ചിൻ ദേവസ്വം ബോർഡിന് 26,38,33,153/-, മലബാർ ദേവസ്വം ബോർഡിന് 265,36,14,668/-, കൂടൽമാണിക്യത്തിന് 4,15,00,000/-, കെ.ഡി.ആർ.ബി.-ക്ക് 18,83,73,467/-, ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് 3,38,00,000/-, ശബരിമല മാസ്റ്റർപ്ലാൻ പദ്ധതി തയാറാക്കിയത് 79,72,55,940/-; അതോടൊപ്പംതന്നെ ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കും ജില്ലാഭരണങ്ങൾക്കുമെല്ലാം കൂടി 21,69,42,000/-, ഹിന്ദുധർമ്മ സ്ഥാപന ഭരണകൂടത്തിന് 24,09,19,674/- എന്നിങ്ങനെയാണ് 600,70,00,000/- ലക്ഷം രൂപ അനുവദിച്ചുകഴിഞ്ഞിട്ടുള്ളത്. ഇതുകൂടാതെ ശബരിമലയുമായി ബന്ധപ്പെട്ട

കിഫ്ബി പ്രോജക്ടുകൾ - നിലയ്ക്കൽ, കഴക്കൂട്ടം, ചെങ്ങന്നൂർ, ചിറങ്ങര, എരുമേലി എന്നീ പ്രദേശത്തെ പ്രധാനപ്പെട്ട അന്നദാനവും വിരിവക്കുന്നതിനുള്ള സൗകര്യങ്ങൾ അതിനുൾപ്പെടെ 116.41 കോടി രൂപ കിഫ്ബി മുഖാന്തരം അനുവദിച്ചുകഴിഞ്ഞു. അതിൽ നിലയ്ക്കലിലെ ആദ്യഘട്ടം ഇപ്പോൾ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ളത് ഓൺ ഗോയിങ് പ്രോജക്ടാണ്. അത് ത്വരിതഗതിയിൽ നടക്കുകയാണെന്ന കാര്യം സൂചിപ്പിക്കുകയാണ്. അതോടൊപ്പംതന്നെ ഇവിടെ സൂചിപ്പിച്ച മലബാർ ദേവസ്വത്തിന്റെ ബില്ലുമായി ബന്ധപ്പെട്ട പ്രശ്നം - നിലവിൽ ആദ്യഘട്ടം തയാറാക്കി മുഖ്യമന്ത്രി കണ്ടിരുന്നു. അപ്പോഴാണ് ഇംഗ്ലീഷിലും മലയാളത്തിലും വേണമെന്ന കാര്യം സൂചിപ്പിച്ച് നിയമവകുപ്പിന് വിട്ട് നിയമവകുപ്പിന്റെ പരിഗണനയിലാണ്. അതുതിരിച്ച് വന്നാൽ ഉടൻതന്നെ നടപ്പാക്കുമെന്ന കാര്യം സൂചിപ്പിക്കുകയാണ്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, ഇന്നലെയും ഇന്നുമായിട്ടെല്ലാം മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നൊരു വാർത്ത സഭയുടെ ശ്രദ്ധയിൽ വന്നതുസംബന്ധിച്ച് ഗവൺമെന്റ് നിലപാട് പറയാം. മറ്റൊന്നുമല്ല, ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രം എല്ലാവർക്കുമറിയാവുന്നതുപോലെ ഭരതക്ഷേത്രമാണ്. ആ

ഭരതക്ഷേത്രത്തിൽ ഇപ്പോൾ ഒരു കഴകക്കാരനെ നിയോഗിച്ചു. കഴകക്കാരൻ ഈഴവ സമുദായത്തിൽപ്പെട്ട ആളാണ്. അവിടുത്തെ നിലവിലുള്ള ആക്ടും റെഗുലേഷനും അനുസരിച്ച് രണ്ട് കഴകക്കാരെയാണ് നിയമിക്കുന്നത്. അതിലൊരാളെ ക്ഷേത്ര തന്ത്രിക്ക് നിയമിക്കാം. 1,010 + DA ഇതാണ് അവരുടെ സ്കെയിൽ. രണ്ടാമത്തേത് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖാന്തരമാണ് നിയമിക്കുന്നത്. നിലവിലുള്ള ആക്ടും റഗുലേഷനും അനുസരിച്ചാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബാലുയെന്ന് പറയുന്ന വ്യക്തിയെ അവിടെ കഴകജോലിക്ക് നിയമിച്ചത്. അദ്ദേഹം നിയമനം അനുസരിച്ച് ജോലി ചെയ്യാൻ വന്നപ്പോൾ അവിടുത്തെ തന്ത്രിമാർ ബോർഡിന് പരാതി നൽകി. ഇത്തരമൊരു ആളെ മാലക്കെട്ടാൻ നിയോഗിച്ചാൽ അവർ അവിടെ തന്ത്രി ജോലി ചെയ്യില്ലയെന്നും പറഞ്ഞു, അതൊരു പ്രശ്നമായി. ഇന്ന് അവിടെ പ്രതിഷ്ഠാ വാർഷികം നടക്കുകയാണ്. അതിൽ പങ്കെടുക്കാൻവേണ്ടി താൽക്കാലികമായി അവിടുത്തെ ബോർഡും അഡ്മിനിസ്ട്രേറ്ററും ചേർന്ന് ഓഫീസ് ജോലിയിലേക്ക് ബാലുവിനെ മാറ്റുകയുണ്ടായി. ഈ വിഷയത്തെ സംബന്ധിച്ച് വളരെ വ്യക്തമായി ഗവൺമെന്റിന്റെ നിലപാട് പറയുകയാണ്. നിലവിലുള്ള

ആക്ടിനും റഗുലേഷനും വിധേയമായി നിയമിക്കപ്പെട്ട ബാലുവെന്ന ഈഴവ ജാതിയിൽപ്പെട്ട കഴകക്കാരൻ അവിടെ ജോലി ചെയ്തേ മതിയാകൂ, അതാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇക്കാര്യത്തിൽ ഇത്തരം ഒരു ജാതി പറഞ്ഞ് അവിടെ ഒരാൾക്ക് ജോലി നിഷേധിക്കുകയെന്ന ആശയം ഉയർന്നുവന്നത് സാംസ്കാരിക കേരളത്തിന് അപമാനകരമാണെന്ന് പറയാതിരിക്കാൻ നിർവാഹമില്ല. നവോത്ഥാന നായകർ ഉഴുതുമറിച്ച കേരളത്തിന്റെ മണ്ണിൽ ഇന്നും ജാതിപരമായ ഉച്ചനീചത്വങ്ങളെക്കുറിച്ചും ... അത് വെറും മാലകെട്ടുക്കാരനാണ്.. ക്ഷേത്രത്തിലെ പൂജാരിയെവരെ നിയമിച്ച നാടാണ് ഈ നാട്. 36-ഓളം അബ്രാഹ്മണരെ കേരളത്തിൽ നിയമിച്ച് അവർ പൂജയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്ന നാടാണ് ഈ നാട്. അപ്പോൾ ഈ നാട്ടിൽ നാം മനസ്സിലാക്കേണ്ടത് ഇന്നും അയിത്തത്തിന്റെയും അതുപോലെതന്നെ അനാചാരത്തിന്റെയും രൂപം നിൽക്കുന്നു. ഇന്നത്തെ ദിവസത്തിന് മറ്റൊരു പ്രാധാന്യം കൂടിയുണ്ട്. അതുകൂടി സൂചിപ്പിക്കാം. ഇന്ന് സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടി ഇന്ത്യൻ സാമൂഹ്യനീതിയുടെ ചരിത്രത്തിലെ ജ്വലിക്കുന്ന അധ്യായമായ വൈക്കം സത്യാഗ്രഹം നടന്ന സ്ഥലത്ത് ഗാന്ധിജി സന്ദർശിച്ച ദിവസമാണ് 1925 മാർച്ച്

10. അന്ന് ഗാന്ധിജിയെ ഇണ്ടംതുരുത്തി മനയിൽ പ്രവേശിപ്പിക്കാതെ വെളിയിലിരുത്തി കിളിവാതിൽകൂടി മാത്രം സംസാരിച്ചൊരു കാലഘട്ടം ഉണ്ടായിരുന്നു. നമുക്കറിയാം ജാതി മേധാവിത്വത്തിന്റെയും ജന്മിത്തവാഴ്ചയുടെയും ഉള്ളടക്കങ്ങൾ. ഇന്ന് ഗാന്ധിജിയുടെ കൊച്ചുമകൻ വൈക്കത്ത് ആ ഇണ്ടംതുരുത്തി മനയിലെ ചെത്തുതൊഴിലാളി യൂണിയൻ ഓഫീസിൽവന്ന് അവാർഡ് വാങ്ങിക്കുന്ന രൂപത്തിലേക്കെത്തിയ കാലത്തിന്റെ കാവ്യനീതി നാം നോക്കികാണുന്ന, അനുഭവം നിൽക്കുന്ന ദിവസമാണ് ഈ വാർത്ത വരുന്നത്. അതുകൊണ്ട് ഈ കാലഘട്ടത്തിന് ഒരിക്കലും യോജിച്ച സമീപനമല്ല അവർ സ്വീകരിച്ചതെന്ന് പറയേണ്ടിവരുന്നു. അതുകൊണ്ട് അങ്ങേയറ്റം അപലപനീയമാണ് ആ സംഭവമെന്ന കാര്യം സൂചിപ്പിക്കട്ടെ. ആ കൂട്ടത്തിൽ ശബരിമലയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾകൂടി സൂചിപ്പിക്കാനുണ്ട്. അവിടുത്തെ വികസനവുമായി ബന്ധപ്പെട്ട് നമ്മുടെ തിരുവനന്തപുരം എഞ്ചിനീയറിങ് കോളേജ് തയാറാക്കിയ മാസ്റ്റർ പ്ലാൻ മന്ത്രിസഭാ യോഗം അംഗീകരിച്ചിട്ടുണ്ട്. ആയിരത്തി മൂന്ന് കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കാൻവേണ്ടി

ലക്ഷ്യം വയ്ക്കുന്നത്. ആ തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് ഭാവിയിൽ രൂപവും ഭാവവും നൽകുന്നു. ആ കൂട്ടത്തിൽ റോപ്‌വെയുടെ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും നിർമ്മാണ പ്രവർത്തനങ്ങൾക്കും സഹായകരമായി വനംവകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും സഹായങ്ങൾ ലഭിച്ച് ഭൂമി കൈമാറി കഴിഞ്ഞിരിക്കുന്നു. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുവേണ്ടി അവസാന ഘട്ടത്തിലേക്ക് കടന്നിരിക്കുന്നുയെന്ന കാര്യവും സൂചിപ്പിക്കുകയാണ്. ഇത്തരത്തിൽ ദേവസ്വവുമായി ബന്ധപ്പെട്ട എല്ലാ സ്ഥലത്തേയും പ്രവർത്തനം... തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേർന്നു. പതിന്നാലാം തീയതി തൃശ്ശൂരിൽ വീണ്ടും യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. ആ പ്രവർത്തനങ്ങളും ഏറ്റെടുത്ത് മുന്നോട്ടുപോകുകയാണ്. പൊതുവിൽ ഇക്കാര്യത്തെ സംബന്ധിച്ച് ക്ഷേത്രവുമായി ബന്ധപ്പെട്ട് വന്ന ചർച്ചകളിൽ ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിച്ച കാര്യങ്ങൾ ഇതാണ്. ആ കൂട്ടത്തിൽ ഒരുകാര്യം കൂടി പറയാതെ പോകാൻ വയ്യ. ഇവിടെ നമ്മുടെ ഡിമാന്റ് ഡിസ്കഷനിൽ രാഷ്ട്രീയമായി ഉയർത്തികൊണ്ടുവന്ന പ്രധാനപ്പെട്ട വിഷയം സി.പി.ഐ.(എം)-ന്റെ കൊല്ലം

സമ്മേളനവും അത് ഉയർത്തിയ വലിയ സന്ദേശം രാഷ്ട്രീയ എതിരാളികളിൽ ഉണ്ടാക്കിയത് വിഷമങ്ങളുമാണ്. ആ സമ്മേളനം ഞങ്ങൾ ആഗ്രഹിച്ച രൂപത്തിൽ വിജയം കണ്ടുയെന്നതാണ് ആ സമ്മേളനത്തെ സംബന്ധിച്ച ഒരു കാര്യം. കാരണം ഞങ്ങൾ ബ്രാഞ്ച് മുതൽ ലോക്കൽ, ഏരിയ, ജില്ല, സംസ്ഥാന തലത്തിൽ സമ്മേളനങ്ങളും തിരഞ്ഞെടുപ്പുകളും നടത്തി ലക്ഷകണക്കിന് ആളുകൾ പങ്കെടുത്ത് ഒരുചെങ്കടൽ കൊല്ലത്ത് ഇരമ്പികയറുന്നതിന്റെ പ്രതീതി ജനിപ്പിച്ചുകൊണ്ട് സമ്മേളനം പര്യവസാനിച്ചപ്പോൾ ഇപ്പോൾ അസ്വസ്ഥകൾ ഉയർത്തിയിട്ട് ഫാസിസത്തെക്കുറിച്ചും നവഫാസിസത്തെക്കുറിച്ചുമൊക്കെ ചർച്ച ചെയ്യുന്നത് കേട്ട് കൗതുകം തോന്നി. ആദ്യം എന്താണ് ഫാസിസമെന്ന് മനസ്സിലാക്കണം. എങ്കിലേ നവഫാസിസമെന്താണെന്ന് മനസ്സിലാകുകയുള്ളൂ. ഒരു കാലഘട്ടത്തിൽ ഫാസിസമല്ലെങ്കിൽ അർധഫാസിസം ബംഗാളിൽ അരങ്ങേറിയപ്പോൾ ഞങ്ങൾ മുൻകൂട്ടി ചിന്തിച്ച് ചൂണ്ടികാണിച്ച് അനുഭവിച്ചവരാണ്. ഫാസിസത്തെക്കുറിച്ച് മനസ്സിലാക്കാൻ ഹിറ്റ്ലറുടെ നടപടികളും ഭീകര ഭരണങ്ങളും ഫാസിസ്റ്റ് ഭരണങ്ങളും മുസോളിനിയും പഠിച്ചാൽ മതി. ഇത് ഒന്നുമല്ലാതെ ഇന്ന് അതിനെക്കുറിച്ച് വാചാലമായി

സംസാരിക്കുന്നവർ ഫാസിസമാണെങ്കിൽ കൊല്ലത്ത് ഒരു സമ്മേളനം നടക്കുമോ. ...(ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്... അങ്ങ് conclude ചെയ്യണം.

ശ്രീ. വി. എൻ. വാസവൻ: നിങ്ങൾ പറഞ്ഞത് ഞാൻ പറഞ്ഞില്ലല്ലോ. ...(ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: മിനിസ്റ്റർ conclude ചെയ്യുകയാണ്. അദ്ദേഹം അവസാനിപ്പിക്കുകയാണ്. നിങ്ങൾ ഇരിക്കണം. നിങ്ങൾ ബഹളം വച്ച് അവസാനിപ്പിക്കാതെ. conclude ചെയ്യുകയാണ്, മിനിസ്റ്റർ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. നിങ്ങൾ ബഹളമുണ്ടാക്കരുത്. നിങ്ങൾ ഇങ്ങനെ അക്ഷമരാകരുത്. മിനിസ്റ്റർ conclude ചെയ്യുകയാണ്. നിങ്ങൾ സീറ്റിൽ പോയി ഇരിക്കൂ. ...(ബഹളം)... ഇത് ശരിയല്ല. ഇത് ശരിയായ നടപടിയല്ല. ബഹുമാനപ്പെട്ട മന്ത്രിമാർ പറയുന്ന മറുപടി കേൾക്കണം നിങ്ങൾ. അല്ലെങ്കിൽ ബഹിഷ്കരിച്ച് പോകാം. മന്ത്രിക്ക് പറയാനുള്ളത് നിങ്ങൾ കേൾക്കണം. നിങ്ങൾ സീറ്റിൽ പോയി ഇരിക്കണം. സീറ്റിൽ പോയി ഇരിക്കൂ. മന്ത്രി conclude ചെയ്യുകയാണ്. നിങ്ങൾ ബഹിഷ്കരിച്ചോളൂ. അങ്ങ് തുടരൂ...

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ഞാനിവിടെ ദീർഘമായി പ്രസംഗിക്കാനല്ല അവർ ഇങ്ങോട്ട് സംസാരിച്ചപ്പോൾ പറഞ്ഞ കാര്യം ഞങ്ങൾ ആരും തടസ്സപ്പെടുത്തിയില്ല. യഥാർഥത്തിൽ ഇതാണ് ഫാസിസം. അതാണ് മനസ്സിലാക്കേണ്ടത്..... സംസാരിക്കാൻ അനുവദിക്കാത്ത രൂപത്തിൽ ജനങ്ങൾക്ക് സംഘടിക്കാനും സഞ്ചരിക്കാനും സംസാരിക്കാനുമുള്ള സ്വാതന്ത്ര്യം നിഷേധിച്ച് അമിതാധികാര ശക്തികൊണ്ടുവന്നവരാണ് ഇവർ. അവർ സംസാരിക്കാൻ അനുവദിക്കില്ല. സംസാരിക്കാൻ അനുവദിക്കാത്തതാണ് ഫാസിസം. ഫാസിസമാണെങ്കിൽ കൊല്ലത്ത് സമ്മേളനം നടക്കുമോ. ഫാസിസമല്ല ഞങ്ങൾ ശരിയായ രേഖ വച്ച് അക്കാര്യത്തെക്കുറിച്ച് ചോദിച്ചപ്പോൾ അവർക്ക് ഒന്നിച്ചിരുന്ന് പത്രസമ്മേളനം നടത്താൻ കഴിയാത്തവർ ഇങ്ങനെയൊരു സമ്മേളനത്തെക്കുറിച്ച് അവർക്ക് ചിന്തിക്കാൻ കഴിയില്ല, അതല്ലേ പ്രശ്നം. ഇക്കാര്യത്തിൽ നിങ്ങളോട് ഞങ്ങൾ പറയുന്നു പൊൻമാൻ പറക്കുന്നത് കണ്ട് കുളക്കോഴി നെഞ്ചുരുകിയിട്ട് ഒരുകാര്യവുമില്ല അതുകൊണ്ട് ഈ കാലഘട്ടത്തിൽ ഞങ്ങൾ തത്വാധിഷ്ഠിതമായ നിലപാട് ഉയർത്തി ഈ രംഗത്ത് ഭാവി കേരളത്തിന്റെ ....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. വി. എൻ. വാസവൻ: സർ, സത്യസന്ധമായ പ്രവർത്തനങ്ങൾക്ക് രൂപവും ഭാവവും നൽകി സമ്മേളനം അതിമഹത്തായ വിജയം കൈവരിച്ച് അവസാനിപ്പിച്ചതാണ് ഇവർക്ക് വിഷമമുണ്ടാക്കിയത്. ഞങ്ങളുടെ ഡിമാന്റ് അംഗീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

(ധനാഭ്യർത്ഥന ചർച്ചയിൽ പ്രതിപക്ഷാംഗങ്ങളുടെ അവകാശം ഹനിക്കുന്നതായും വിവേചനം കാണിക്കുന്നതായും ആരോപിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുസമീപം വന്നുനിന്ന് ബഹളം വയ്ക്കുകയും തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിക്കുകയും ചെയ്തു.)

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞങ്ങൾ ചില കാര്യങ്ങൾ പ്രത്യേകിച്ച് പറഞ്ഞില്ലെങ്കിലും ജനം പറഞ്ഞുകൊള്ളുമെന്ന് ചൂണ്ടികാട്ടാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിർമ്മാണ മേഖലയിൽ നൂതന സാങ്കേതിക വിദ്യ വ്യാപകമാക്കി. കളർഫുൾ അല്ലാത്തതുകൊണ്ട് ചുരുക്കിപ്പറയാം. നിലവിലുള്ള റോഡിലെ അസംസ്കൃത വസ്തുക്കൾ full depth reclamation method സംസ്ഥാന വ്യാപകമാക്കി. ജിയോ

സെൽ, ജിയോ ഗ്രീഡ്, കയർ ഭൂവസ്ത്രം തുടങ്ങിയവ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു. White topping, Soil stabilization technology, PQC(pavement quality concrete) എന്നിവ ഉപയോഗപ്പെടുത്തി. അങ്ങനെ പുതിയ സങ്കേതിക വിദ്യയെ പരമാവധി ഉപയോഗപ്പെടുത്തിയാണ് പൊതുമരാമത്ത് വകുപ്പ് മുന്നോട്ടുപോകുന്നത്. Stone Matrix Asphalt (SMA) എന്ന സങ്കേതിക വിദ്യ കേരളത്തിലെ നിർമ്മാണ രീതികളിൽ നടപ്പാക്കി വരുന്നു.

പാലങ്ങളുടെ കാര്യത്തിൽ extradosed/cable stay പാലം, central span cable stay പാലം, segmental box girder നിർമ്മാണം, network tied arch and steel composite bridge, ultra high performance fibre reinforcement concrete തുടങ്ങിയ സങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തുന്നു. അങ്ങനെ പുതിയ സങ്കേതികവിദ്യ പരമാവധി പൊതുമരാമത്ത് വകുപ്പ് ഉപയോഗപ്പെടുത്തുന്നുണ്ട്. PWD4U ആപ്പ് വഴി വകുപ്പുമായി ബന്ധപ്പെട്ട പരാതികളും നിർദേശങ്ങളും ജനങ്ങൾക്ക് വിരൽത്തുമ്പിൽ നൽകുന്ന നിലയിൽ സോഷ്യൽ മീഡിയ ഉൾപ്പെടെ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകുന്നു. നല്ല

നിലയിലാണ് പോകുന്നത്. പരാതികളുടെ എണ്ണം പൊതുവെ കുറയുന്നുണ്ടെങ്കിലും ജനങ്ങൾ അതിനെ വളരെ പോസിറ്റീവായാണ് സ്വീകരിക്കുന്നത്. അതിന്റെ വിശദമായ കാര്യം മേശപ്പുറത്ത് വയ്ക്കുന്നു.+

കെട്ടിട നിർമ്മാണത്തിലെ രണ്ട് ടെണ്ടർ നടപടികൾ എന്നത് ദീർഘകാലമായി ചർച്ച ചെയ്ത് പരിഹാരം കാണണമെന്ന് ആഗ്രഹിച്ച വിഷയമാണ്. സിവിൽ, ഇലക്ട്രിക്കൽ ജോലികളുടെ ടെണ്ടർ എടുക്കുന്നത് രണ്ട് പേർ ആകുമ്പോൾ നിർമ്മിച്ച കെട്ടിടം ഇലക്ട്രിക്കൽ ടെണ്ടർ എടുത്ത ആൾ കുത്തിപ്പൊളിക്കുന്ന സാഹചര്യമുണ്ടാകുന്നു, പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ composite tender എന്ന ദീർഘകാലത്തെ സ്വപ്നം യാഥാർഥ്യമായ കാലമാണെന്ന് വളരെ സന്തോഷത്തോടുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മണ്ഡലത്തിലെ പ്രവൃത്തി പരിശോധിക്കാനുള്ള സംവിധാനം വേണമെന്ന് ഭരണകക്ഷിയുടെയും പ്രതിപക്ഷത്തിന്റെയും എം.എൽ.എ.-മാർ ചൂണ്ടികാട്ടിയിരുന്നു. ഒരു നോഡൽ ഓഫീസറെ 140 നിയോജക മണ്ഡലങ്ങളിലും നിശ്ചയിച്ച് എല്ലാ മാസവും യോഗമെന്ന നിലയിൽ Constituency Monitoring Team (C.M.P) അതിന്റെ പ്രവർത്തനം

+ അനുബന്ധമായി ചേർത്തിരിക്കുന്നു.

നടത്തുന്നുണ്ട്. അത് വെറുതെ യോഗം ചേരുകയല്ല. ഓരോ യോഗം കഴിയുമ്പോഴും ഒരു സോഫ്റ്റ്‌വെയറിൽ ഡെവലപ്പ്മെന്റും അതിന്റെ സ്റ്റാറ്റസും അപ്ഡേറ്റ് ചെയ്യുന്നുണ്ട്. അത് അപ്ഡേഷന്റെ ഭാഗമായി പിന്നീട് എവിടെ എങ്ങനെ ഇടപെടണമെന്ന് ഏഴ് ജില്ലകൾക്ക് ഒരു ഉദ്യോഗസ്ഥനെന്ന നിലയിൽ വേർതിരിച്ച് പരിശോധിച്ച് മുന്നോട്ടുപോകുന്നുണ്ട്. കേരളത്തിലെ 13 ജില്ലകളിൽക്കൂടി കടന്നുപോകുന്ന മലയോര ഹൈവേ കാർഷിക/ടൂറിസം മേഖലയുടെ ഉണർവിന് വലിയ കാരണമായി മാറും. 1200 കിലോമീറ്ററോളം വരുന്ന മലയോര ഹൈവേയുടെ പ്രവൃത്തി നല്ല രീതിയിൽ മുന്നോട്ടുപോകുന്നു. പല റീച്ചുകളും അതിന്റെ പ്രവൃത്തി പൂർത്തീകരിച്ച സ്ഥിതിയാണ്. പ്രതിപക്ഷ എം.എൽ.എ.-മാർ ഇവിടെ ഇല്ലാതെ പോയത് ഒരു പ്രയാസമായി. അവർ മലയോര ജാഥ വലിയ നിലയിൽ നടത്തിയിരുന്നു. മലയോര ഹൈവേയുടെ സൗകര്യം നേരിട്ട് അനുഭവിക്കാൻ അവർക്ക് സാധിച്ചു എന്നുള്ളതാണ് അതിന്റെ പ്രത്യേകത. പ്രതിപക്ഷമുണ്ടായിരുന്നെങ്കിൽ അതിനെക്കുറിച്ച് കുറച്ചുകൂടി പറയാമായിരുന്നു. തീരദേശ ഹൈവേ 9 ജില്ലകളിലൂടെ കടന്നുപോകുന്നതാണ്. ഒമ്പത് ജില്ലകളിൽക്കൂടി കടന്നുപോകുന്ന തീരദേശ ഹൈവേ കേരളത്തിന്റെ

ടൂറിസം മേഖലയ്ക്ക് വലിയ കുതിപ്പാണ് നൽകുന്നത്. ഓരോ 50 കിലോമീറ്റർ ഇടവിട്ട് ഡെസ്റ്റിനേഷൻ ആണ്. തീരദേശ ഹൈവേയുടെ പ്രവൃത്തി നല്ല രീതിയിൽ നടക്കുന്നുണ്ട്. തീരദേശ ഹൈവേ നടത്താൻ അനുവദിക്കില്ലെന്ന് പ്രതിപക്ഷ നേതാവ് പ്രഖ്യാപിച്ചിരുന്നു. പ്രത്യേകിച്ച് അനുവദിക്കണമെന്നില്ല താനൂർ റീച്ചിന്റെ ഉദ്ഘാടനം കഴിഞ്ഞു. അത് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. മുനമ്പം-ആഴീക്കൽ പാലം ദീർഘകാലത്തെ ആഗ്രഹമാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ ചൂണ്ടികാട്ടിയ അതിന്റെ പ്രവൃത്തി 50 ശതമാനത്തിലധികമായി പൂർത്തീകരിച്ചു കഴിഞ്ഞു. ബി.എം. ആൻഡ് ബി.സി. എന്നത് ഇന്ന് രാജ്യത്ത് ഏറ്റവും ഉയർന്ന ഗുണനിലവാരം ഉറപ്പുവരുത്താവുന്ന റോഡ് നിർമ്മാണ രീതിയാണ്. എട്ട് വർഷം മുതൽ പത്ത് വർഷം വരെ ബി.എം. ആൻഡ് ബി.സി. റോഡിന് പ്രശ്നമുണ്ടാകില്ല. ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 50 ശതമാനം ബി.എം. ആൻഡ് ബി.സി. ആക്കണമെന്നാണ് ഉദ്ദേശിച്ചത്. അതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിരുന്നു. അഞ്ച് വർഷം കൊണ്ട് 15000 കിലോമീറ്റർ അതായത് 50 ശതമാനം റോഡ് ബി.എം. ആൻഡ് ബി.സി. ആക്കണമെന്നത് മൂന്നേകാൽ

വർഷം കൊണ്ട് പൂർത്തീകരിക്കാൻ സാധിച്ചു എന്നത് സന്തോഷപൂർവ്വം സഭയെ അറിയിക്കുകയാണ്. അപ്പോൾ 60 ശതമാനം പൂർത്തീകരിക്കാൻ സാധിച്ചു.

അഞ്ച് വർഷം കൊണ്ട് 100 പാലങ്ങൾ എന്നത് മൂന്ന് വർഷവും രണ്ട് മാസവും കൊണ്ട് പാലങ്ങളുടെ കാര്യത്തിൽ സെഞ്ചുറി അടിക്കാൻ സാധിച്ചു. നിലവിൽ 135 പാലങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്ന് സഭയെ അറിയിക്കുകയാണ്. 'ലെവൽ ക്രോസ്സില്ലാത്ത കേരളം' പദ്ധതിയുടെ ഭാഗമായി എട്ട് റെയിൽവേ മേൽപ്പാലങ്ങൾ പൂർത്തിയായി കഴിഞ്ഞു. പാലങ്ങൾക്കുവേണ്ടി 120 കോടിയിലധികം രൂപയാണ് ചെലവഴിച്ചത്. 13 റെയിൽവേ മേൽപ്പാലങ്ങളുടെ പ്രവൃത്തി നടന്നുവരികയാണ്. കിഫ്ബി പദ്ധതി വഴി നടപ്പാക്കുന്ന ഏഴ് പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. റെയിൽവെയുടെ ഭാഗം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചാൽ നമുക്ക് വേഗത്തിൽ തന്നെ തുറന്ന് നൽകാൻ സാധിക്കും. കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടിട്ടുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി Roads and Bridges Development Corporation of Kerala (RBDCK) വഴി 72 റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം നടത്തിവരികയാണ്. അതിൽ 6 റെയിൽവേ മേൽപ്പാലങ്ങളുടെ ടെണ്ടർ

നടപടികളാണ് പുരോഗമിക്കുന്നത്. സമയബന്ധിതമായി കാര്യങ്ങൾ ചെയ്യുന്നതിനുള്ള എല്ലാ ശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകും.

പീപ്പിൾസ് റസ്റ്റ് ഹൗസ്-ന്റെ ഓൺലൈൻ ബുക്കിങ് കാര്യം സഭയിൽ നിരവധി തവണ പറഞ്ഞതാണ്. 2021 നവംബർ ഒന്നിനാണ് ഓൺലൈൻ ബുക്കിങ് ആരംഭിച്ചത്. നല്ല നിലയിൽ മുന്നോട്ടുപോകുന്നുണ്ട്. അതിന്റെ ഭാഗമായി 22,79,56,160/- രൂപയുടെ അധിക വരുമാനം ലഭിച്ചിട്ടുണ്ട്. 375979 പേർ ഓൺലൈൻ ബുക്കിങിലൂടെ മുറികൾ ബുക്ക് ചെയ്തു. ഇതിൽ വലിയൊരു ശതമാനവും സഞ്ചാരികളാണെന്ന് അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സുതാര്യത ഉറപ്പുവരുത്താൻ വേണ്ടി ഡി.എൽ.പി. റണ്ണിങ് കോൺട്രക്ട് ഏർപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ പച്ച, നീല ബോർഡുകൾ വയ്ക്കുന്നു. പുതിയ റോഡ് നിർമ്മിച്ച് കഴിഞ്ഞാൽ നിശ്ചിത കാലവധി/മൂന്ന് കൊല്ലം പരിപാലന കാലാവധിയാണ്. റോഡിന് ഒരു കുഴപ്പവുമുണ്ടാകില്ല. എന്നാൽ പ്രശ്നങ്ങളുണ്ടെങ്കിൽ അത് ജനങ്ങൾക്ക് ചൂണ്ടിക്കാട്ടുന്നതിന് സാധിക്കും. അത് ജനങ്ങളെ ബോധ്യപ്പെടുത്താൻ ഒരു പ്രചാരണം നടത്തുകയും അതിന്റെ ഭാഗമായി ഡി.എൽ.പി. റോഡുകളുടെ രണ്ട് അറ്റത്തും സ്ഥാപിച്ച പച്ച

ബോർഡിൽ ഡി.എൽ.പി. കാലവധി, കാരാറുകാരന്റെ പേര്, ഫോൺ നമ്പർ, ഉദ്യോഗസ്ഥന്റെ ഫോൺ നമ്പർ, ഒരു ടോൾ ഫ്രീ നമ്പർ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഡി.എൽ.പി. കാലാവധി കഴിഞ്ഞ റോഡുകൾ അതത് സമയത്ത് പാച്ച് വർക്കും മറ്റും ചെയ്യുന്നതിന് പകരം നേരത്തെതന്നെ ഒരു വർഷത്തേയ്ക്കുള്ള കോൺട്രക്ട് സംവിധാനം കൊണ്ടുവന്നു. അതിന്റെ ഭാഗമായി റണ്ണിങ് കോൺട്രക്ട് എന്ന സംവിധാനം നമ്മുടെ രാജ്യത്ത് ആദ്യമായി നടപ്പാക്കാൻ ആരംഭിച്ചു. പൊതുമരാമത്ത് വകുപ്പിന്റെ 30000 കിലോമീറ്റർ റോഡുകളിൽ 19500 കിലോമീറ്റർ റോഡും റണ്ണിങ് കോൺട്രക്ട് റോഡുകളാണ്. നീല ബോർഡുകളിൽ ഇതുപോലെ ജനം കാഴ്ചക്കാരല്ല കാവൽക്കാർ എന്ന നിലയിൽ കരാറുകാരന്റെ പേര്, ഫോൺ നമ്പർ, ഉദ്യോഗസ്ഥന്റെ ഫോൺ നമ്പർ എന്നിവ നൽകിയിട്ടുണ്ട്. പൊതുവെ നിർമ്മാണം നടക്കുന്ന ഘട്ടത്തിൽ ശ്രദ്ധിക്കാനും പരിപാലനം നടത്താനും ഇത് ഏറെ സഹായകാരമാകുന്ന സ്ഥിതിയാണ്. മലയോര ഹൈവേയും തീരദേശ ഹൈവേയും പോലെയാണ് ദേശീയ പാത വികസനവും എന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവുകൂടി ഇവിടെ ഉണ്ടാകണമെന്ന് ഞാൻ ആഗ്രഹിച്ചിരുന്നു. അദ്ദേഹം രണ്ട് ദിവസം മുമ്പ് ഒരു

പ്രസംഗം നടത്തി. എറണാകുളത്ത് വച്ചാണ് നടത്തിയത്. ദേശീയ പാതയുടെ അണ്ടർ പാസും മറ്റുമായി ബന്ധപ്പെട്ട സമരമാണ്. ഇന്നത്തെ സബ്മിഷനിൽ ബഹുമാനപ്പെട്ട അമ്പലപ്പുഴ അംഗം ശ്രീ. എച്ച്. സലാം ഇതുമായി ബന്ധപ്പെട്ട് ഒരു കാര്യം കൊണ്ടുവന്നു. ഏതാനും ദിവസങ്ങൾക്ക് മുമ്പ് പ്രതിപക്ഷ നേതാവ് ഒരു സബ്മിഷൻ കൊണ്ടുവന്നിരുന്നു. അതിൽ അനുഭാവപൂർണ്ണമായ നിലപാടാണ് സർക്കാരിനുള്ളത്. പരിഹരിക്കാനുള്ള ശ്രമമാണ് ഓവർപാസും അണ്ടർപാസും ഉൾപ്പെടുന്ന എല്ലാ കാര്യത്തിലും സർക്കാർ ശ്രമിക്കുന്നത്. ദേശീയപാത അതോറിറ്റിയുമായി ചേർന്ന് ചെയ്യുന്നു. എല്ലാ രണ്ടാഴ്ചയിൽ നടക്കുന്ന യോഗത്തിൽ എം.എൽ.എ.-മാർ ഉൾപ്പെടെ ശ്രദ്ധയിൽപ്പെടുത്തുന്ന കാര്യങ്ങളും കത്തും അജണ്ടയിൽ വച്ച് ചർച്ച ചെയ്യുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടുന്നുണ്ട്. അതിൽ ഒന്നും വ്യത്യസ്ത നിലപാട് സ്വീകരിച്ചിട്ടില്ല. പ്രതിപക്ഷ നേതാവ് പറഞ്ഞ കാര്യത്തിലും അത്തരം നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അദ്ദേഹം രണ്ട് ദിവസം മുമ്പ് എറണാകുളത്ത് നടന്ന സമ്മേളനത്തിൽ സർക്കാർ 2025 ഡിസംബർ ആകുമ്പോൾ പൂർത്തീകരിക്കാനുള്ള വ്യഗ്രതയിലാണെന്നും നിയമസഭാ തെരഞ്ഞെടുപ്പുമായി

ബന്ധപ്പെട്ട ചില ശ്രമങ്ങളാണെന്നും ഇതിന്റെ പ്രവൃത്തി തടയാൻ നിർബന്ധിതരാക്കരുതെന്നും പറഞ്ഞതായി ശ്രദ്ധിച്ചു. പ്രതിപക്ഷ നേതാവ് ഇവിടെ ഇല്ലെങ്കിലും ഭാവിയിൽ കേൾക്കുമെന്ന് ഉറപ്പുള്ളതുകൊണ്ട് പറയുന്നു - രാഷ്ട്രീയ ആത്മഹത്യയ്ക്ക് തയ്യാറാകരുതെന്ന് വിനയത്തോടെ പറയാൻ ആഗ്രഹിക്കുകയാണ്. ലോകത്തിന്റെ എവിടെയും ഉള്ള മലയാളിയുടെ സ്വപ്ന പദ്ധതി മുടക്കാൻ ഞങ്ങൾ രംഗത്തിറങ്ങുമെന്ന് പ്രതിപക്ഷ നേതാവ് പറയുന്ന രീതി യോജിക്കുന്നതല്ല എന്ന് സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. എന്ത് പ്രതിസന്ധി വന്നാലും 2025 ഡിസംബറോടെ ഞങ്ങൾ നിശ്ചയിച്ച പദ്ധതിയുടെ പൂർത്തീകരണത്തിന് എല്ലാ ഇടപെടലും നടത്തി മുന്നോട്ടുപോകുമെന്ന് സഭയെ അറിയിക്കുകയാണ്. അതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. എല്ലാം അറിയുന്നതാണ്. ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ദേശീയപാതവികസനത്തിന് ഒരു സംസ്ഥാനസർക്കാർ പണം ചെലവഴിച്ചത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരാണ്. 2014-ൽ സ്വാതന്ത്ര്യദിനത്തിന്റെ തലേദിവസമായ ആഗസ്റ്റ് മാസം 14-ന് ഈ പദ്ധതിക്ക് റീത്തുവച്ചതാണ്. അന്ന് കേരളം ഭരിച്ചിരുന്ന

യു.ഡി.എഫ്. സർക്കാരിന്റെ കെടുകാര്യസ്ഥതമൂലം കേന്ദ്രസർക്കാരും ദേശീയപാത അതോറിറ്റിയും ഈ പദ്ധതി ഇനിയില്ലെന്നുപറഞ്ഞ് പോയതാണ്. മരണപ്പെട്ട പദ്ധതിക്ക് അത്ഭുതകരമാംവിധം ജീവൻ വയ്പിച്ചുമുന്നോട്ടുവന്ന കേരളത്തിലെ സർക്കാരിനെ നയിക്കുന്ന മുഖ്യമന്ത്രിയുടെ പേര് ശ്രീ. പിണറായി വിജയൻ എന്നാണ്. 8 വർഷമായി ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ വേഗത്തിൽ മുന്നോട്ടുപോകുകയാണ്. മറ്റ് കടപരിധിയുടെ ഭാഗമായി ഇതിനെ വച്ചതിനാൽ 5550 കോടി രൂപയുടെ ബാധ്യത 12000 കോടി രൂപയായി മാറിയിരിക്കുകയാണ്. നമ്മൾ പ്രസംഗത്തിൽ 6000 കോടി രൂപയെന്നാണ് പറയുന്നത്, എന്നാൽ കേന്ദ്രസർക്കാരിന്റെ നിലപാടിൽ ഇതിനെ മറ്റ് കടപരിധിയിൽ ഉൾപ്പെടുത്തിയതിന്റെ ഭാഗമായി ഇരട്ടി തുക സംസ്ഥാന സർക്കാരിന് ചെലവഴിക്കേണ്ടിവന്നു. ടൂറിസം മേഖലയെടുത്ത് പരിശോധിച്ചാൽ മലബാറിനെ പ്രത്യേകിച്ച് ഫോക്കസ് ചെയ്യാൻ നിശ്ചയിച്ചത് എന്തെങ്കിലുമൊരു പ്രാദേശിക വികാരത്തിന്റെ ഭാഗമായല്ല, മലബാറിന്റെ സാധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തണമെന്ന് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ പ്രകടനപത്രികയിൽ രേഖപ്പെടുത്തിയിരുന്നതിനാലാണ്. 2024

വർഷം മലബാറിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ആഭ്യന്തര സഞ്ചാരികൾ എത്തിയെന്നതിന്റെ കണക്കുകൾ മുമ്പ് സഭയിൽ പറഞ്ഞിട്ടുള്ളതിനാൽ ആവർത്തിക്കുന്നില്ല. പൊതുവിൽ ആഭ്യന്തര സഞ്ചാരികളുടെ എണ്ണം വർധിക്കുകയും വിദേശ സഞ്ചാരികളുടെ എണ്ണം സർവകാല റെക്കോർഡിലേക്ക് കുതിക്കുകയുമാണ്. മൂന്നാറിൽ വിദേശ സഞ്ചാരികളുടെ എണ്ണം സർവകാല റെക്കോർഡിലെത്തിയെന്ന പുതിയ റിപ്പോർട്ടും ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. ടൂറിസം മേഖലയിൽ നൂതനമായ പദ്ധതികൾ പരമാവധി ആവിഷ്കരിച്ച് നടപ്പാക്കി മുന്നോട്ടുപോകുകയാണ്, അവ ഓരോന്നോരോന്നായി എടുത്തുപറയാൻ ആഗ്രഹിക്കുന്നില്ല. ഗ്രാമങ്ങളിലെ ടൂറിസം വളർത്തുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്നുനടത്തുന്ന ഡെസ്റ്റിനേഷൻ ചലഞ്ചിലൂടെ 41 പദ്ധതികൾ യാഥാർഥ്യമായിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ മുന്നോട്ടുവച്ച ക്രിയാത്മകമായ നിർദേശങ്ങളെ എല്ലാ നിലയിലും സ്വാഗതം ചെയ്യുകയാണ്, ചില കാര്യങ്ങൾ അവർ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വിമർശനങ്ങൾ കൊണ്ടുവന്ന ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇപ്പോൾ സഭയിലില്ലെന്നത്

ദൗർഭാഗ്യകരമാണ്. അതിൽ പിറവം നിയോജകമണ്ഡലത്തിലെ കുമരകം-നെടുമ്പാശ്ശേരി KSTP (Kerala State Transport Project) പ്രവൃത്തിയുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ വന്നിട്ടുണ്ട്. 2020-ൽ ഭരണാനുമതി ലഭിച്ച 107 കോടി 64 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ നടത്തിപ്പിൽ കരാറുകാരൻ വീഴ്ച വരുത്തിയതിനെത്തുടർന്ന് 07-05-2024-ൽ റിസ്ക് ആൻഡ് കോസ്റ്റ് വ്യവസ്ഥയിൽ ടെർമിനേറ്റ് ചെയ്യുകയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ യോഗം ചേരുകയും കേന്ദ്രസർക്കാരിന് കത്ത് നൽകി തൃപ്പൂണിത്തുറ ബൈപ്പാസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഇടപെടൽ നടത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ജില്ലയിലെ മന്ത്രിയായ ശ്രീ. പി. രാജീവും തൃപ്പൂണിത്തുറ ബൈപ്പാസ് ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വിഷയം ഉന്നയിച്ച പിറവം അംഗം സഭയിലില്ലാത്തതിനാൽ അക്കാര്യം വളരെ വിശദമായി പറയുന്നില്ല.

പാലാ ബൈപ്പാസിനെക്കുറിച്ച് തെറ്റിദ്ധാരണാജനകമായ പ്രസ്താവനയാണ് ബഹുമാനപ്പെട്ട പാലാ അംഗം ഇവിടെ ഉന്നയിച്ചിട്ടുള്ളത്. 2020-ൽ

ഭരണാനുമതി ലഭിച്ച പാലാ ബൈപ്പാസിന്റെ 90 ശതമാനം പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കോടതി വ്യവഹാരം നിലനിൽക്കുന്നതിനാലാണ് ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാത്തത്. കോടതിവിധിക്കനുസൃതമായി പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതാണ്. പാലായിൽ ഇതുമായി ബന്ധപ്പെട്ട് ഏതോ ഒരു ഫോൺ കോൾ വന്നുവെന്നും അതിന്റെ ഭാഗമായി മറ്റ് കാര്യങ്ങളിൽ ഇടപെടൽ നടത്തുന്നില്ലെന്നുപറഞ്ഞതിൽ ഒരു വസ്തുതയുമില്ല. ഈ വിഷയത്തിൽ കോടതിയുടെ ഭാഗമായി ചില പരാമർശങ്ങൾ വന്നതാണ് പ്രശ്നം. പാലാ നിയോജകമണ്ഡലത്തിലെ ടൂറിസവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് സർക്കാർ ഇടപെടൽ നടത്തിയിട്ടുണ്ട്, ആ നിലയിൽത്തന്നെ മുന്നോട്ടുപോകുന്നുമുണ്ട്. ഭരണകക്ഷി/പ്രതിപക്ഷ എം.എൽ.എ.-മാരുടെ കാര്യത്തിൽ വളരെ ബോധപൂർവമായ ഒരു വിവേചനം പൊതുമരാമത്ത് വകുപ്പ് എടുക്കുന്നുണ്ടെന്ന് പറയുന്നത് കനഗോലു സിദ്ധാന്തമാണ്. 2026-ൽ നിയമസഭ തിരഞ്ഞെടുപ്പ് വരുമ്പോൾ ഇത്തരത്തിൽ രാഷ്ട്രീയവിവേചനത്തോടെ നിയോജകമണ്ഡലങ്ങളെ കണ്ടുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നതെന്ന്

വരുത്താനുള്ള ബോധപൂർവമായ ശ്രമം ആരംഭിച്ചതിന്റെ ഭാഗമായാണ് ഇത്തരത്തിലുള്ള നിലപാട് സ്വീകരിച്ചിരിക്കുന്നത്. രാഷ്ട്രീയം നമുക്കെല്ലാവർക്കുമുണ്ട്. മന്ത്രിമാർ എന്നുപറഞ്ഞാൽ ഒരു സ്വതന്ത്ര പദവിയല്ല, അതൊക്കെ അതത് മന്ത്രിമാരെ അതത് പ്രസ്ഥാനം ചുമതലപ്പെടുത്തിയതിന്റെ ഭാഗമായി കുറച്ചുകാലത്തേക്ക് മാത്രമുള്ളതാണ്. അതല്ലാതെ സ്ഥായിയായി എല്ലാവരും ആ പദവിയിലിരിക്കുന്നതല്ല. ഭരണപരമായ കാര്യങ്ങളിൽ 140 എം.എൽ.എ.-മാരെയും ഒരുപോലെയാണ് ഞങ്ങൾ കാണുന്നത്. അത് ഞാൻ വ്യക്തിപരമായി കാണുന്നതല്ല, അതിലും ഒരു രാഷ്ട്രീയമുണ്ട്, അത് ഇടതുപക്ഷത്തിന്റെ രാഷ്ട്രീയമാണ്. എല്ലാ എം.എൽ.എ.-മാരെയും അത്തരത്തിൽ കാണുന്നതിനുള്ള ഒരു നിലപാടാണ് പ്രത്യേക നിർദേശമായി ഇടതുപക്ഷം നൽകിയിട്ടുള്ളത്. ഞങ്ങൾ ഓരോരുത്തർക്കും ഞങ്ങളുടെ ചലനത്തിലും നിലപാടിലും രാഷ്ട്രീയമുണ്ട്, അതാണ് ഇടതുപക്ഷത്തിന്റെ രാഷ്ട്രീയം. അത് എല്ലാ നിലയിലും ഇനിയും ഉയർത്തിപ്പിടിക്കുകയും അത് മന്ത്രിയാണെങ്കിലും അല്ലെങ്കിലും അത് പറഞ്ഞുകൊണ്ടുതന്നെ മുന്നോട്ടുപോകുന്ന സ്ഥിതിയായിരിക്കും ഞങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകുക.

ബഹുമാനപ്പെട്ട കൊണ്ടോട്ടി എം.എൽ.എ. ഇവിടെ തെറ്റിദ്ധരിപ്പിക്കുന്ന നിലയിൽ 17 കോടി രൂപയെന്ന് പറയുകയും അദ്ദേഹം അത് പറഞ്ഞപ്പോൾത്തന്നെ അതിലും കുറവുകിട്ടിയ രണ്ട് ബഞ്ചിലുമുള്ള പല എം.എൽ.എ.-മാരും പ്രയാസം പറയുന്ന സ്ഥിതിയുമുണ്ടായി. എന്നാൽ 17 കോടി രൂപയല്ല, 21 കോടി 44 ലക്ഷം രൂപയുടെ പ്രവൃത്തികളാണ് കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ നടന്നത്. കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള 211 കി.മീ. റോഡിൽ 120 കി.മീ. റോഡ് ബി.എം.ആൻഡ് ബി.സി. നിലവാരത്തിലായി. ഇതിൽ 36 കി.മീ. റോഡ് നിലവിൽ DLP (Defects Liability Period)-ൽ കരാറുകാർതന്നെ പരിപാലിക്കുകയാണ്. റണ്ണിങ് കോൺട്രാക്ട് മുഖേന 147 കി.മീ. റോഡുകൾ പരിപാലിച്ചുവരുന്നു. റണ്ണിങ് കോൺട്രാക്ട് നടപ്പിലായതോടുകൂടി സമയബന്ധിതമായി റോഡുകളുടെ മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കാൻ സാധിക്കുന്നു. ഇതിൽ നിലവിൽ 11 കോടി 28 ലക്ഷം രൂപയുടെ റോഡ് പ്രവൃത്തികളും 10 കോടി 16 ലക്ഷം രൂപയുടെ കെട്ടിട പ്രവൃത്തികളും ഉൾപ്പെടെ 21 കോടി 44 ലക്ഷം രൂപയുടെ പ്രവൃത്തികൾ കൊണ്ടോട്ടി

നിയോജകമണ്ഡലത്തിൽ നടന്നുവരുന്നുണ്ട്. കൂടാതെ, 2025 ജനുവരി മാസത്തിൽ മൂന്ന് റോഡുകളുടെ നവീകരണത്തിനായി 6 കോടി രൂപ അനുവദിച്ചിട്ടുണ്ട്. റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികൾക്കായി അനുവദിച്ചിട്ടുള്ള 4 കോടി 95 ലക്ഷം രൂപയുൾപ്പെടെ 32 കോടി 39 ലക്ഷം രൂപയുടെ പ്രവൃത്തികൾ കൊണ്ടോട്ടി നിയമസഭാമണ്ഡലത്തിൽ നടന്നുവരുന്ന സാഹചര്യത്തിലാണ് ഒരു തുകയും അനുവദിച്ചിട്ടില്ലെന്നു പറഞ്ഞത്. ഇക്കാര്യം രേഖയിൽ വരണമെന്നുള്ളതുകൊണ്ടാണ് ഞാൻ വിശദീകരിച്ചുപറയാൻ ആഗ്രഹിച്ചത്. അദ്ദേഹം എന്തുകൊണ്ട് ഇതുപറഞ്ഞുവെന്ന് എനിക്കറിയില്ല, റോഡുകളുടെ കാര്യത്തിൽ അങ്ങനെ ഫണ്ട് കുറച്ചുപറയേണ്ട കാര്യമില്ല. എന്നാൽ പാലങ്ങളുടെ കാര്യത്തിൽ, അദ്ദേഹത്തിന്റെ പാർട്ടി ഈ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ പാലം ഒന്നുപൊള്ളിയതുകൊണ്ട് പാലത്തിന്റെ ഫണ്ട് ചിലപ്പോൾ കണ്ടിട്ടില്ലെന്ന് നടിക്കാം. എന്നാൽ റോഡിന്റെ കാര്യത്തിൽ എന്തുകൊണ്ട് അദ്ദേഹം അങ്ങനെ പറഞ്ഞുവെന്നറിയില്ല. പല നിയോജകമണ്ഡലങ്ങളെയും എടുത്തുപരിശോധിച്ചാൽ അതിൽ നല്ല നിലയിൽ ഫണ്ട് ലഭിച്ച ഒരു മണ്ഡലമാണ് കൊണ്ടോട്ടി നിയോജകമണ്ഡലം. ഇതൊരു

ഒറ്റപ്പെട്ട ആരോപണമല്ല, ബഹുമാനപ്പെട്ട മഞ്ചേരി എം.എൽ.എ.-യും ഇതിന് സമാനമായ ആരോപണം ഉന്നയിച്ചു, അദ്ദേഹം ഇപ്പോൾ സഭയിലില്ല. മഞ്ചേരി തേർഡ് ബൈപ്പാസിനായി 5 കോടി രൂപ അനുവദിച്ചുവെന്ന് കാണിച്ചുകൊണ്ട് രണ്ട് ദിവസം മുമ്പ് അദ്ദേഹത്തിന്റെ ഫോട്ടോ വച്ച ഒരു ഫേസ്ബുക്ക് പോസ്റ്റാണ് ഇത്. ഇവിടെ ആരോ പറയുകയുണ്ടായി, ഗവൺമെന്റ് നൽകുന്ന ഫണ്ട് ഏതെങ്കിലും മന്ത്രിയുടെ വീട്ടിൽനിന്നല്ലെന്ന്. അത് യഥാർത്ഥത്തിൽ ബാധകമാകേണ്ടത് ഈ പോസ്റ്റിനാണോയെന്ന് എനിക്ക് സംശയമുണ്ട്. രണ്ട് ദിവസം മുമ്പ് ഇറങ്ങിയ ഉത്തരവിൽ മഞ്ചേരി തേർഡ് ബൈപ്പാസിന് 5 കോടി രൂപയാണ് അനുവദിച്ചത്. കഴിഞ്ഞ വർഷം നോൺ പ്ലാനിൽ മുള്ളിയാക്കുർശി പാണ്ടിക്കാട് റോഡിനും 5 കോടി രൂപ അനുവദിച്ചു. ഇതൊക്കെയുണ്ടായിട്ടും ഇത്തരത്തിലുള്ള ഒരു പ്രസ്താവന ഇറക്കിയെന്നതാണ്.

ബഹുമാനപ്പെട്ട ഇരിക്കൂർ എം.എൽ.എ.-യും സമാനമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇരിക്കൂർ നിയോജകമണ്ഡലത്തിൽ നടത്തിയ വികസനപ്രവർത്തനങ്ങൾ എടുത്തുപരിശോധിച്ചാൽ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ 19 കോടി 89 ലക്ഷം രൂപയുടെ 5 പ്രവൃത്തികൾ

നടന്നുവെന്ന് കാണാൻ സാധിക്കും. KRFB (Kerala Road Fund Board) PMU-ന്റെ കീഴിൽ 78 കോടി 71 ലക്ഷം രൂപയുടെ 2 റോഡ് പ്രവൃത്തികളുടെ വിശദവിവരങ്ങൾ ഓരോന്നായി പറയുന്നില്ല. ഇരിക്കൂർ, മഞ്ചേരി, കൊണ്ടോട്ടി എന്നീ നിയോജകമണ്ഡലങ്ങൾ കൂടാതെ ഏറ്റവും അവസാനമായി ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗം ശ്രീ. റോജി. എം. ജോണിന്റെ അങ്കമാലി നിയോജകമണ്ഡലത്തിൽ 116 കോടി രൂപയുടെ KSTP പ്രവൃത്തികളും 48 കോടി 9 ലക്ഷം രൂപയുടെ പാലം പ്രവൃത്തികളും 54 കോടി 22 ലക്ഷം രൂപയുടെ KRFB പ്രവൃത്തികളുമുൾപ്പെടെ 225,57,30,000/- രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികളാണ് നടന്നിട്ടുള്ളത്. ഇക്കാര്യം മറുപടിയായി വരുമെന്നുള്ള ഭയത്താലാണ് അദ്ദേഹം ഓടിയൊളിച്ചതെന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ഈ പ്രവൃത്തികൾ കൂടാതെ 275 കോടി 52 ലക്ഷം രൂപയുടെ അങ്കമാലി ബൈപ്പാസ് നിർമ്മാണത്തിന്റെ സ്ഥലമേറ്റെടുക്കൽ പ്രവൃത്തികളും നടന്നുവരുന്നു. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ 8 വർഷത്തിൽ ഏറ്റവുമധികം പദ്ധതികൾ ലഭിച്ച മണ്ഡലം അങ്കമാലി നിയോജകമണ്ഡലമാണ്. അവിടെ അന്നും ഇന്നും

എം.എൽ.എ. ആയുള്ള വ്യക്തിതന്നെ ഇത്തരത്തിലൊരു ആരോപണം ഉന്നയിച്ചതിന്റെ പിന്നിലുള്ള രാഷ്ട്രീയതാൽപര്യം കനഗോലുവിന്റെ നിർദേശത്തിന്റെ ഭാഗമായുള്ളതാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നോൺ പ്ലാൻ ഭാഗമായി 2024-ൽ അങ്കമാലി മണ്ഡലത്തിൽ കറുകുറ്റി-മൂഴിക്കുളം റോഡ് നവീകരണത്തിനായി 1.60 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. അപ്പോൾ വളരെ ബോധപൂർവം സഭയെ തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമം ഇതിന്റെ ഭാഗമായി നടന്നിട്ടുണ്ട്. റിസ്ക് ആൻഡ് കോസ്റ്റ് ടെർമിനേഷന്റെ കാര്യത്തിൽ മുഖം നോക്കാത്ത നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. 2021 മെയ് മാസത്തിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 164 പ്രവൃത്തികൾ കരാറുകാരുടെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്. ഓരോ വിഭാഗത്തിനുംകീഴിൽ ടെർമിനേറ്റ് ചെയ്യപ്പെട്ട പ്രവൃത്തികളുടെ എണ്ണം റോഡ്സ്-98 പ്രവൃത്തികൾ, കെ.എസ്.ടി.പി.-4 പ്രവൃത്തികൾ, പി.ഡബ്ല്യൂ.ഡി.-എൻ.എച്ച്.-2 പ്രവൃത്തികൾ, കെ.ആർ.എഫ്.ബി.-25 പ്രവൃത്തികൾ, കെട്ടിടവിഭാഗം-23 പ്രവൃത്തികൾ, പാലങ്ങൾ വിഭാഗം-12 പ്രവൃത്തികൾ

എന്നിങ്ങനെയാണ്. ഇത്തരത്തിൽ റിസ്ക് ആൻഡ് കോസ്റ്റ് വ്യവസ്ഥയിൽ ടെർമിനേറ്റ് ചെയ്യപ്പെട്ട 164 പ്രവൃത്തികൾ സമയബന്ധിതമായി റീ-അറേഞ്ച് ചെയ്യാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം 95 കരാറുകാരുടെ ലൈസൻസ് തെറ്റായ നിലപാട് സ്വീകരിച്ചതിന്റെ പേരിൽ റദ്ദാക്കുകയും 22 കരാറുകാരെ ബ്ലാക്ക് ലിസ്റ്റിലുൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആകെ 117 കരാറുകാർക്കെതിരെ കർശന നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തികളുടെ നടത്തിപ്പിലും മേൽനോട്ടത്തിലും വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെയും കർശന വകുപ്പുതല അച്ചടക്കനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കരാറുകാരിലും ഉദ്യോഗസ്ഥരിലും മഹാഭൂരിപക്ഷവും നല്ലനിലയിൽ ജോലി ചെയ്യുന്നവരാണ്. ഈ കാലയളവിൽ ഒന്നിച്ചുനിന്ന് കഠിനാധ്വാനം ചെയ്തതിന് അവരെയൊക്കെ പ്രത്യേകം അഭിനന്ദിക്കുകയാണ്. എന്നാൽ ഒരു ചെറുന്യൂനപക്ഷം (മൈക്രോ മൈനോരിറ്റി) തെറ്റായ പ്രവണതകളുടെ ഭാഗമായി മുന്നോട്ടുപോകുന്നുണ്ട്. അവരോട് സന്ധിചെയ്യുന്നതല്ല എൽ.ഡി.എഫ്. സർക്കാരിന്റെ നിലപാടെന്നുള്ളത് ജനങ്ങൾക്ക് വളരെ കൃത്യമായി അറിയുന്നതാണ്. പഴയ കാര്യം അഥവാ യു.ഡി.എഫ്.

ഭരണകാലത്തെ കാര്യങ്ങൾ തന്നെ മന്ത്രിമാർ പറഞ്ഞുകൊണ്ടിരിക്കുന്നുവെന്ന് പ്രതിപക്ഷത്തെ രണ്ട് അംഗങ്ങൾ ചർച്ചയിൽ പറഞ്ഞു. അവർ ഇവിടെയില്ലാത്തതിൽ പ്രയാസമുണ്ട്. അത് തെറ്റാണ്. ഒരു തരത്തിലും പഴയ യു.ഡി.എഫ്. ഭരണകാലത്തെ കാര്യങ്ങൾ പറയാൻ ഞങ്ങളാഗ്രഹിക്കുന്നില്ല. കാരണം അശ്ലീലം പറയാനാഗ്രഹിക്കാത്തവരാണ് ഞങ്ങളെന്ന് വളരെ വിനയത്തോടുകൂടി ചൂണ്ടിക്കാട്ടാൻ ആഗ്രഹിക്കുകയാണ്. അതിനെക്കുറിച്ച് കുറച്ചുകൂടി കാര്യങ്ങൾ പറയാനുണ്ടായിരുന്നെങ്കിലും പ്രതിപക്ഷാംഗങ്ങൾ ഇല്ലാത്തതിനാൽ കൂടുതൽ പറയാനുദ്ദേശിക്കുന്നില്ല. പൊതുവിൽ പരിശോധിച്ചാൽ, സാധ്യമാകുന്ന എല്ലാ കാര്യങ്ങളും എല്ലാവരെയും യോജിപ്പിച്ചുകൊണ്ടാണ് പരമാവധി പൊതുമരാമത്ത്-ടൂറിസം വകുപ്പ് മുന്നോട്ടുപോകുന്നത്. അത് എൽ.ഡി.എഫ്.-ന്റെ കാഴ്ചപ്പാടിന്റെ ഭാഗമാണ്. രാഷ്ട്രീയ നിലപാടുകളെടുക്കേണ്ട ഘട്ടത്തിൽ അത് എടുക്കുകയും എന്നാൽ ഭരണതരത്തിൽ 140 നിയോജകമണ്ഡലങ്ങളെയും ഒരുപോലെ കണ്ടുകൊണ്ടുള്ള നിലപാടാണ് പൊതുവിൽ സ്വീകരിച്ചുവരുന്നത്. അതിനിയും തുടർന്നുകൊണ്ടുപോകുന്നതാണ്. സി.പി.ഐ.(എം)-ന്റെ 24-ാം പാർട്ടി

കോൺഗ്രസിന്റെ ഭാഗമായുള്ള സംസ്ഥാന സമ്മേളനം കൊല്ലം ജില്ലയിൽ വിജയകരമായി പൂർത്തീകരിച്ചത് എന്തോ ഒരു അപരാധമായി തോന്നുന്ന നിലയിലാണ് പലരും ചർച്ചയിൽ പങ്കെടുത്തുപറഞ്ഞതെന്ന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. വി. എൻ. വാസവൻ ചൂണ്ടിക്കാണിച്ചു. പല രാഷ്ട്രീയ പാർട്ടികളും സമയബന്ധിതമായി സമ്മേളനങ്ങൾ നടത്തുന്നുണ്ട്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലുള്ള പല രാഷ്ട്രീയ പാർട്ടികളും അങ്ങനെ നടത്തുന്നവരാണ്. അത് ഏതൊരു ജനാധിപത്യ പ്രസ്ഥാനത്തിനും മാതൃകയാക്കാവുന്ന കാര്യമാണ്. എന്നാൽ സ്വന്തം രാഷ്ട്രീയ പാർട്ടിക്കകത്തുപോലും ജനാധിപത്യമില്ലാത്തവരാണ് ജനാധിപത്യത്തെക്കുറിച്ച് സംസാരിക്കുന്നത്. നോമിനേഷനിലൂടെയും സ്വന്തക്കാരെ തിരുകിക്കയറ്റിയും പല തെറ്റായ പ്രവണതകളോട് സന്ധിചെയ്തും പോകുന്ന ജനാധിപത്യമില്ലാത്ത പ്രസ്ഥാനങ്ങൾ. സ്വന്തം രാഷ്ട്രീയ പാർട്ടിയിൽപ്പോലും ജനാധിപത്യം ലവലേശമില്ലാത്ത പ്രസ്ഥാനങ്ങളാണ് സമയബന്ധിതമായി സമ്മേളനം നടത്തി ഏതൊരു ജനാധിപത്യ പ്രസ്ഥാനത്തിനും മാതൃകയാകാവുന്ന നിലയിൽ സി.പി.ഐ.(എം) മുന്നോട്ടുപോയതിനെ പരിഹസിക്കാനും

അപഹസിക്കാനുമൊക്കെ ശ്രമിക്കുന്നത്. ഇവിടെ 23-ാം പാർട്ടി കോൺഗ്രസിന്റെ ഭാഗമായി എറണാകുളം ജില്ലയിലായിരുന്നു ഞങ്ങളുടെ സംസ്ഥാന സമ്മേളനം നടന്നത്. അന്നത്തെ പ്രത്യേകത സി.പി.ഐ.(എം) എന്ന രാഷ്ട്രീയ പ്രസ്ഥാനം നയിക്കുന്ന ഒരു മുന്നണി സർക്കാരിന്റെ ചരിത്രത്തിലാദ്യമായി തുടർഭരണം ലഭിച്ച സമയമായിരുന്നു. അതിന്റെ ഭാഗമായി അതേ അർത്ഥത്തിൽത്തന്നെ ആ സമ്മേളനം പല കാര്യങ്ങളും കണ്ടു. 24-ാം പാർട്ടി കോൺഗ്രസിന്റെ ഭാഗമായുള്ള സമ്മേളനം കൊല്ലം ജില്ലയിലായിരുന്നു നടന്നത്. അതിന്റെ പ്രത്യേകത സി.പി.ഐ.(എം) എന്ന രാഷ്ട്രീയ പ്രസ്ഥാനം നയിക്കുന്ന ഒരു മുന്നണി സർക്കാർ ചരിത്രത്തിലാദ്യമായി എട്ടുവർഷം തുടർച്ചയായി ഭരിക്കുന്ന ഒരു ഘട്ടത്തിലാണ് എന്നുള്ളതാണ്. മൂന്നുവർഷം കഴിഞ്ഞ് 25-ാം പാർട്ടി കോൺഗ്രസിന്റെ ഭാഗമായുള്ള സംസ്ഥാന സമ്മേളനം കേരളത്തിൽ എവിടെയാണ് നടക്കുകയെന്നറിയില്ല. എവിടെ നടന്നാലും അന്ന് പറയാൻ സാധിക്കുന്ന ഒരു കാര്യം സി.പി.ഐ.(എം) എന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ചരിത്രത്തിലാദ്യമായി പതിനൊന്ന്

വർഷം തുടർച്ചയായി ഒരു സർക്കാർ ഭരിക്കുന്ന ഘട്ടത്തിലാണ് ഈ സമ്മേളനം എന്നുള്ളതാണ്. ഇത് അഹങ്കാരത്തിന്റെ ഭാഗമായോ അമിത ആത്മവിശ്വാസത്തിന്റെ ഭാഗമായോ മറ്റെന്തെങ്കിലും നിലപാടിന്റെ ഭാഗമായോ പറയുന്നതല്ല. ജനങ്ങൾക്കിടയിൽ നിൽക്കുമ്പോൾ അവരിൽനിന്നും ലഭിക്കുന്ന ആത്മവിശ്വാസവും അനുഭവവുമാണ് ഇങ്ങനെ പറയാനുള്ള കാരണമായി മാറുന്നത്. ഇത്തരം കാര്യങ്ങൾ തുറന്നുപറയുമ്പോൾ രാഷ്ട്രീയ നിലപാടുകൾ മാന്യമായി പറയുന്നവരെ അധിക്ഷേപിക്കുകയും ഒറ്റതിരിച്ച് വേർപ്പെടുത്തുകയും പരിഹസിക്കുകയും ചെയ്തുകൊണ്ട് അടിച്ചുകളയാമെന്ന് ആരെങ്കിലും കരുതിയാൽ അങ്ങനെ ഒറ്റപ്പെടുത്തുന്നവരെ കൂടെനിന്ന് തടുത്ത് ചെറുത്ത് മുന്നോട്ടുപോകുന്ന നിലപാടാണ് ഞങ്ങൾ സ്വീകരിക്കുന്നത്. അങ്ങനെ ആരെയെങ്കിലും ഒറ്റപ്പെടുത്തി വളഞ്ഞിട്ടടിച്ച് ചിലർ ശരി ചിലർ മോശം എന്നുള്ള ഏതെങ്കിലും പ്രചരണം നടത്തി ഈ സംഘശക്തിയെ, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ശക്തിയെ ദുർബലപ്പെടുത്താമെന്ന് ഏത് കനഗോലു വിചാരിച്ചാലും അത് നടക്കില്ലെന്ന് വളരെ വിനയത്തോടെ ഈ സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുകയാണ്. മറ്റ് ചില കാര്യങ്ങൾ കൂടി

പറയണമെന്ന് ആഗ്രഹിച്ചിരുന്നെങ്കിലും എന്റെ സുഹൃത്തുക്കളായ പ്രതിപക്ഷ എം.എൽ.എ.-മാർ ഇല്ലാത്തതിനാൽ അതിലേക്ക് ഞാൻ കടക്കുന്നില്ല. അതുകൊണ്ട് ഇതുവരെ ലഭിച്ച സഹകരണവും ഭരണകക്ഷി-പ്രതിപക്ഷ എം.എൽ.എ.-മാർ, ഉദ്യോഗസ്ഥർ, സഭ എല്ലാവരും നൽകിയ പിന്തുണയും തുടർന്നും പ്രതീക്ഷിക്കുന്നു. ധനാഭ്യർത്ഥനയുടെ ഭാഗമായിട്ടുള്ള ഈ ചർച്ചയിൽ പങ്കെടുത്ത് ക്രിയാത്മകമായ നിർദേശങ്ങൾ നൽകിയ എല്ലാ എം.എൽ.എ.-മാരെയും അഭിവാദ്യം ചെയ്തുകൊണ്ട് നിർത്തുകയാണ്.

## ധനാഭ്യർത്ഥന നമ്പർ V

## ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും

ചെയർപേഴ്സൺ: സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, എൻ. എ. നെല്ലിക്കുന്ന്, കുറുക്കോളി മൊയ്തീൻ, യു. എ. ലത്തീഫ്, നജീബ് കാന്തപുരം, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സണ്ണി ജോസഫ്, പി. സി. വിഷ്ണുനാഥ്, ചാണ്ടി ഉമ്മൻ, എം. വിൻസെന്റ്, അൻവർ സാദത്ത്, ടി. ജെ. വിനോദ്, റോജി എം. ജോൺ, എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. സിദ്ദിഖ്, സജീവ് ജോസഫ് എന്നീ

അംഗങ്ങൾ V-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്യപ്പെട്ടില്ല)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ചരക്കുസേവന നികുതിയും കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

<u>ധനാഭ്യർഥന നമ്പർ VI</u>

ഭൂനികുതി

ചെയർപേഴ്സൺ: സർവ്വശ്രീ പി. കെ. ബഷീർ, പി. അബ്ദുൽ ഹമീദ്, കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, നജീബ് കാന്തപുരം, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, റോജി എം. ജോൺ, ടി. സിദ്ദിഖ്, ടി. ജെ. വിനോദ്, എൽദോസ് പി. കുന്നപ്പിള്ളിൽ, എം. വിൻസെന്റ്, ചാണ്ടി ഉമ്മൻ, പി. സി. വിഷ്ണുനാഥ്, സണ്ണി ജോസഫ്, സജീവ് ജോസഫ് എന്നീ അംഗങ്ങൾ VI-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്യപ്പെട്ടില്ല)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക

വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർഥന നമ്പർ XI

ജില്ലാഭരണവും പലവകയും

ചെയർപേഴ്സൺ: സർവ്വശ്രീ പി. കെ. ബഷീർ, പി. അബ്ദുൽ ഹമീദ്, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, കുറുക്കോളി മൊയ്തീൻ, യു. എ. ലത്തീഫ്, നജീബ് കാന്തപുരം, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സജീവ് ജോസഫ്, എം. വിൻസെന്റ്, റോജി എം. ജോൺ, അൻവർ സാദത്ത്, ടി. ജെ. വിനോദ്, സണ്ണി ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, പി. സി. വിഷ്ണുനാഥ്, ടി. സിദ്ദിഖ്, ചാണ്ടി ഉമ്മൻ എന്നീ അംഗങ്ങൾ XI-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്യപ്പെട്ടില്ല)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XV

## പൊതുമരാമത്ത്

ചെയർപേഴ്സൺ: സർവ്വശ്രീ പി. കെ. ബഷീർ, പി. അബ്ദുൽ ഹമീദ്, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, നജീബ് കാന്തപുരം,

കുറുക്കോളി മൊയ്തീൻ, എൻ. ഷംസുദ്ദീൻ, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, പി. ഉബൈദുള്ള, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, റോജി എം. ജോൺ, പി. സി. വിഷ്ണുനാഥ്, അൻവർ സാദത്ത്, സണ്ണി ജോസഫ്, സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, ടി. ജി. വിനോദ്, ടി. സിദ്ദിഖ്, എം. വിൻസെന്റ്, ചാണ്ടി ഉമ്മൻ എന്നീ അംഗങ്ങൾ XV-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്യപ്പെട്ടില്ല)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXI

ഭവനനിർമ്മാണം

ചെയർപേഴ്സൺ: സർവ്വശ്രീ പി. കെ. ബഷീർ, പി. അബ്ദുൽ ഹമീദ്, എൻ. എ. നെല്ലിക്കുന്ന്, യു. എ. ലത്തീഫ്, കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ചാണ്ടി ഉമ്മൻ, അൻവർ സാദത്ത്, സണ്ണി ജോസഫ്, റോജി എം. ജോൺ, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, എം. വിൻസെന്റ്, പി. സി. വിഷ്ണുനാഥ്, ടി. ജെ. വിനോദ്, ടി. സിദ്ദിഖ്, സനീഷ്കുമാർ ജോസഫ്, എന്നീ അംഗങ്ങൾ XXI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്യപ്പെട്ടില്ല)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർഥന നമ്പർ XXVIII

## പലവക സാമ്പത്തിക സർവ്വീസുകൾ

ചെയർപേഴ്സൺ: സർവ്വശ്രീ പി. കെ. ബഷീർ, പി. അബ്ദുൽ ഹമീദ്, കെ. പി. എ. മജീദ്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, മഞ്ഞളാംകുഴി അലി, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ടി. ജെ. വിനോദ്, എൽദോസ് പി. കുന്നപ്പിള്ളിൽ, സജീവ് ജോസഫ്, സനീഷ്കുമാർ ജോസഫ്, ടി. സിദ്ദിഖ്, ടി. വി. ഇബ്രാഹിം,

അൻവർ സാദത്ത്, പി. സി. വിഷ്ണുനാഥ്, സണ്ണി ജോസഫ്, ചാണ്ടി ഉമ്മൻ, ഐ. സി. ബാലകൃഷ്ണൻ, റോജി എം. ജോൺ, എം. വിൻസെന്റ് എന്നീ അംഗങ്ങൾ XXVIII-ാം നമ്പർ ധനാഭ്യർഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്യപ്പെട്ടില്ല)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവ്വീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XLII

## വിനോദസഞ്ചാരം

ചെയർപേഴ്സൺ: സർവ്വശ്രീ പി. കെ. ബഷീർ, പി. അബ്ദുൽ ഹമീദ്, യു. എ. ലത്തീഫ്, കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, കുറുക്കോളി മൊയ്തീൻ, നജീബ് കാന്തപുരം, അനൂപ് ജേക്കബ്, മഞ്ഞളാംകുഴി അലി, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സണ്ണി ജോസഫ്, ടി. സിദ്ദിഖ്, ടി. വി. ഇബ്രാഹിം, ഐ. സി. ബാലകൃഷ്ണൻ, അൻവർ സാദത്ത്, റോജി എം. ജോൺ, ടി. ജ. വിനോദ്, സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, ചാണ്ടി ഉമ്മൻ, പി. സി. വിഷ്ണുനാഥ്, എം. വിൻസെന്റ്, എൽദോസ് പി. കുന്നപ്പിള്ളിൽ എന്നീ അംഗങ്ങൾ XLII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ച അംഗങ്ങൾ സീറ്റിലില്ലാത്തതിനാൽ പ്രസ് ചെയ്യപ്പെട്ടില്ല.)

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർഥനയ്ക്ക് നേരെ 5-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2025-26 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ..........

ഉപക്ഷേപം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും 11-ാംതീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 മാർച്ച് മാസം 11-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് സമ്മേളിക്കുന്നതിലേക്കായി സഭ വൈകുന്നേരം 5.19-ന് പിരിഞ്ഞു.)

*******